# സത്യവിശ്വാസികൾ ഭാഗ്യവാൻമാർ

by: മൻസൂർ ബിൻ കാസിം

## വിഷയ വിവരം

അദ്ധ്യായങ്ങൾ


- ദൈവം എന്ന ശക്തിയുണ്ടോ?
- ശരിയായ ദൈവവിശ്വാസം
- മതത്തിന്റെ ആവശ്യകത
- ദൈവത്തിന്റെ യഥാർത്ഥമതം ഏത്?
- ഇസ്‌ലാം, ഏക ദൈവവിശ്വാസത്തിലൂന്നിയ മതം
- ഖുർആൻ എന്ന അത്ഭുതം
- ഖുർആനും ആധുനിക ശാസ്ത്രവും
- നബിചര്യയും ചില ശാസ്ത്രീയ സത്യങ്ങളും
- മരണാനന്തര ജീവിതം: സത്യമോ അതോ മിഥ്യയോ?
- ഇഹലോകജീവിതം ഒരു പരീക്ഷണം
- നമസ്ക്കാരം എന്തിന്?
- നമസ്ക്കാരം ഒരു പണിയുമില്ലാത്തവരുടെ മാത്രം ബാധ്യതയോ?
- പ്രാർത്ഥനയുടെ പ്രാധാന്യം
- സക്കാത്ത് ഒരു നിർബന്ധ ബാധ്യതയോ?
- സ്ത്രീകളുടെ അവകാശങ്ങൾ
- പലിശ, ലോട്ടറി, മദ്യം
- സത്യവിശ്വാസികൾ ഭാഗ്യവാൻമാർ


## ബിസ്മില്ലാഹി റഹ്മാനി റഹീം

### 1. ദൈവം എന്ന ശക്തിയുണ്ടോ?

ശാസ്ത്രത്തിന് ലഭ്യമായ വിവരങ്ങളനുസരിച്ച്, ഏതാണ്ട് 1370 കോടി വർഷം മുമ്പാണത്രെ, ഈ പ്രപഞ്ചത്തിന്റെ ജനനം! നാം അധിവസിക്കുന്ന ഭൂമിയുൾപ്പെടെ ഒൻപത് ഗ്രഹങ്ങളും, അവ വലംവെയ്ക്കുന്ന

സൂര്യനും അടങ്ങുന്ന ‘സൗരയൂഥം’ എന്ന കുടുംബം, ‘ആകാശഗംഗ’ എന്ന ഗ്യാലക്സിയിലെ ചെറിയൊരു കുടുംബം മാത്രം. സൂര്യനെപ്പോലെയുള്ള ഇരുപതിനായിരം കോടിയിലേറെ നക്ഷത്രങ്ങളുണ്ട് നമ്മുടെ ഗ്യാലക്സിയിൽ! ഇതു പോലുള്ള പതിനായിരം കോടിയിലേറെ ഗ്യാലക്സികളുണ്ട് നമ്മുടെ പ്രപഞ്ചത്തിൽ.

തീരെ ചെറിയ നക്ഷത്രങ്ങൾക്കു തന്നെ ഭൂമിയുടെ പത്ത് ലക്ഷം ഇരട്ടി വലുപ്പമുണ്ടത്രേ!. പ്രപഞ്ചത്തിന്റെ വിസ്തീർണ്ണത്തെപ്പററി നമുക്കൊന്നാലോചിക്കാം. ഭൂമിയുടെ തൊട്ടടുത്തുള്ള ചന്ദ്രനിലേക്കുള്ള ദൂരം നാല് ലക്ഷം കിലോമീററർ. ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദൂരം പതിനഞ്ച് കോടി കിലോമീററർ. സെക്കൻഡിൽ മൂന്ന് ലക്ഷംകിലോമീററർ ദൂരം സഞ്ചരിക്കുന്ന ഒരു പ്രകാശരശ്മി ഒരു വർഷം കൊണ്ട് സഞ്ചരിക്കുന്ന ദൂരമാണ് ഒരു പ്രകാശവർഷം. (അതായത് 94,60,80,00,00,000 കിലോമീററർ) ഭൂമിയിൽ നിന്നും പ്രപഞ്ചത്തിന്റെ ഒരു കോണിലേയ്ക്കുള്ള ദൂരം 1370 കോടി പ്രകാശവർഷമാണത്രെ! പ്രപഞ്ചത്തിന്റെ ഉൽഭവസമയത്ത് രൂപപ്പെട്ടതെന്നു കരുതുന്ന ഏററവും പുതിയ ഗ്യാലക്സി കണ്ടെത്തിയിരിക്കുന്നത് ഇത്രയും ദൂരെയാണ്. പ്രപഞ്ചത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ശാസ്ത്രം അത്ഭുതത്തോടെ സമ്മതിക്കുന്നു. അത്യന്തം വിശാലമായ ഈ പ്രപഞ്ചത്തെപ്പററി ഒന്നു ചിന്തിക്കുക.

പ്രപഞ്ചത്തിന്റെ ഒരു കോണിൽ സ്ഥിതിചെയ്യുന്നു, സുന്ദരമായ ഭൂമി എന്ന ഗ്രഹം. ജീവൻ നിലനിൽക്കാനാവശ്യമായ വായു, വെള്ളം, വെളിച്ചം ഇവയെല്ലാം ഇവിടെ തയ്യാർ ചെയ്യപ്പെട്ടിരിക്കുന്നു. മൂന്നു ലക്ഷത്തിലേറെ വരുന്ന വൈവിധ്യമാർന്ന ജീവജാലങ്ങളുണ്ട് ഇവിടെ. മനുഷ്യൻ എന്ന ജീവി ഇതിൽ ഒന്നു മാത്രം. മനുഷ്യർ തന്നെയുണ്ട് 600 കോടിയിലേറെ. മനുഷ്യരുടെ അനേകമിരട്ടി വരുന്ന എത്രയോ ജീവിവർഗ്ഗങ്ങൾ. കരയിലുള്ളതിനേക്കാൾ കൂടുതൽ ജീവജാലങ്ങളുണ്ട് കടലിൽ. ഇവയുടെയെല്ലാം നിലനിൽപ്പിനാവശ്യമായ ഭക്ഷണവും മററു സംവിധാനങ്ങുമെല്ലാം ഒരുക്കപ്പെട്ടിട്ടുണ്ട് ഇവിടെ. ഒരു മില്ലിമീററിന്റെ നൂറിലൊന്ന് വലുപ്പം മാത്രമുള്ള ‘കോശ’ങ്ങളാലാണ് ഓരോ ജൈവവസ്തുവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. താളക്രമത്തോടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആയിരക്കണക്കിന് സൂക്ഷ്മ വസ്തുക്കളുണ്ട് ഒരു കോശത്തിൽ. ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പവർസ്റ്റേഷനുകളും, ജീവന്റെ നിലനിൽപ്പിനാവശ്യമായ എൻസൈമുകളും ഹോർമോണുകളും മററും ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ, കോശപ്രവർത്തനങ്ങളെയും ഉൽപ്പന്നങ്ങളെയും പററി പൂർണ്ണ വിവരങ്ങൾ ശേഖരിക്കപ്പെട്ടിരിക്കുന്ന ഡാററാബേങ്ക്, സങ്കീർണ്ണമായ ഗതാഗത മാർഗ്ഗങ്ങൾ, സംഭരണശാലകൾ, ഉന്നതമായ പരീക്ഷണശാലകൾ, ശുദ്ധീകരണ ശാലകൾ, ഉള്ളിലേയ്ക്ക് പോകുന്നവരെയും പുറത്തേയ്ക്കു പോകുന്നവരെയും സ്വയം നിയന്ത്രിക്കുന്ന മതിൽകെട്ട് ഇവയെല്ലാമുള്ള ഒരു പട്ടണത്തോട്, ഒരു കോശത്തെ ഉപമിക്കാം. ഇത്തരത്തിലുള്ളഏകദേശം 100 ലക്ഷം കോടി കോശങ്ങളുണ്ടത്രെ, ഒരു മനുഷ്യശരീരത്തിൽ.

എല്ലാ ജീവകോശത്തിന്റെയും ന്യൂക്ലിയസ്സിലുള്ള ഭീമൻ തന്മാത്രയാണ് DNA. ഓരോ ജൈവ വസ്തുവിന്റെയും ഭൗതികവും ശരീര ശാസ്ത്രപരവുമായ മുഴുവൻ വിവരങ്ങളും ഈ ചുററുഗോവണിയുടെ ആകൃതിയിലുള്ള തന്മാത്രയിൽ രോഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഒരു DNA യ്ക്കകത്തെ വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തണമെങ്കിൽ സർവ്വവിജ്ഞാനകോശത്തിലെ പത്ത് ലക്ഷം പേജുകൾ അതിനായി വേണ്ടിവരും. ഒരു ടീസ്പൂണിൽ കൊള്ളുന്ന DNA തന്മാത്രകളിൽ ലോകത്ത് ഇന്നേവരെ എഴുതപ്പെട്ട പുസ്തകങ്ങളിലെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താനാകും.

അനേകം വൻകിട ഫാക്ടറികളിൽ നടക്കുന്നത്ര സങ്കീർണ്ണ പ്രവർത്തനങ്ങളാണ് നമ്മുടെ ഈ കൊച്ചു ശരീരത്തിനുള്ളിൽ നടക്കുന്നത്. മിനിട്ടിൽ 72 പ്രാവശ്യം മിടിച്ചു കൊണ്ടിരിക്കുന്ന ഹൃദയം ശരീരത്തിന്റെ എല്ലാ ഭാഗത്തുമുള്ള കോശങ്ങളിലേക്കും ഓക്സിജനും മററു പോഷകങ്ങളും രക്തമെത്തിക്കുന്നു. വൃക്കയിലെ ഒന്നരലക്ഷത്തിലധികം വരുന്ന അരിപ്പകൾ, രക്തത്തിൽ നിന്നും മാലിന്യങ്ങൾഅരിച്ചു മാററി മൂത്രത്തിലൂടെ പുറന്തള്ളുകയെന്ന ശ്രമകരമായ ജോലിയിലേർപ്പെട്ടിരിക്കുന്നു. കണ്ണിന് നനവും വിശ്രമവും കൊടുക്കാനായി ഓരോ അഞ്ചു സെക്കന്റിലും കൺപോളകൾ അടഞ്ഞു കൊണ്ടിരിക്കുന്നു. നമ്മൾ ഒന്നു ചിരിക്കുമ്പോൾ മുഖത്തെ മുപ്പത്തിരണ്ട് പേശികളാണ് പണിയെടുക്കുന്നത്. അപ്പോൾ നടക്കുമ്പോഴും ഓടുമ്പോഴും സംഭവിക്കുന്നതെന്താണ്? ഇങ്ങനെ, നമ്മുടെ ദൈനംദിന സുഗമ ജീവിതത്തിനാവശ്യമായ എത്രയോ സങ്കീർണ പ്രവർത്തനങ്ങളാണ് നാമറിയാതെ ഓരോ നിമിഷവും നടക്കുന്നത്.

അതെ, നമ്മുടെ ശരീരത്തിനുള്ളിലും നമുക്കു ചുററും ഈ പ്രപഞ്ചത്തിൽ മുഴുവനും അത്ഭുതങ്ങളാണ്. നമ്മെയോരോരുത്തരെയും അതിശയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന അത്ഭുതങ്ങൾ. യഥാർത്ഥത്തിൽ, ഇതിന്റെയെല്ലാം പിന്നിൽ എല്ലാത്തിന്റെയും സാഷ്ട്രാവും പരിപാലകനുമായ ഒരു ശക്തിയുണ്ടോ? ഉണ്ട്. ‘ദൈവം’ എന്ന ഒരു ശക്തിയാണതെന്ന് നമ്മളോരോരുത്തരുടെയും മനസ്സ് മന്ത്രിക്കുന്നു. മനുഷ്യകുലത്തിന് നന്മതിന്മകളെക്കുറിച്ച് അറിവ് നൽകുവാനും അവന്റെ ജീവിതലക്ഷ്യത്തെക്കുറിച്ച് പഠിപ്പിക്കാനും മനുഷ്യരിലേക്ക് ആഗതരായ ഒന്നേകാൽ ലക്ഷത്തോളം വരുന്ന പ്രവാചകരാണ് നമുക്ക് ‘ദൈവം’ എന്ന ശക്തിയുടെ ഗുണവിശേഷങ്ങളെക്കുറിച്ച് അറിവ് തന്നത്. അന്ത്യപ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: ‘പ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കുന്നവന് ദൈവത്തെ കണ്ടെത്താം. സ്വന്തം ശരീരത്തെക്കുറിച്ച് ചിന്തിക്കുന്നവന് പോലും ദൈവത്തെ കണ്ടെത്താം’. പക്ഷെ, തങ്ങൾക്ക് തോന്നും പോലെ ജീവിക്കാൻ കഴിയില്ല എന്നതു കൊണ്ട് ദൈവം എന്ന ശക്തിയെ നിഷേധിക്കാൻ ചിലർക്ക് എന്നും താൽപ്പര്യമായിരുന്നു.

1859 ൽ രൂപം കൊണ്ട ചാൾസ് ഡാർവിന്റെ ‘പരിണാമ’ സിദ്ധാന്തം പ്രപഞ്ചസൃഷ്ടാവിനെ പൂർണ്ണമായും നിഷേധിക്കുന്നു. ഭൂമിയിലെ വ്യത്യസ്ത ജീവവർഗ്ഗങ്ങളെല്ലാം ഒരു പൊതു പൂർവ്വീകനിൽ നിന്ന് ആകസ്മികമായി പരിണമിച്ചുണ്ടായതാണ് എന്നാണ് ഈ സിദ്ധാന്തം സമർത്ഥിക്കുന്നത്. ഏകകോശ ജീവികളിൽ നിന്ന് മത്സ്യങ്ങളും, മത്സ്യങ്ങളിൽ നിന്ന് ഇഴജന്തുക്കളും, ഇഴജന്തുക്കളിൽ നിന്ന് പക്ഷികളും, പക്ഷികളിൽ നിന്ന് മനുഷ്യനുൾപ്പെടെയുള്ള സസ്തനികളുമുണ്ടായി എന്നാണ് ഇവരുടെ വാദം. ആൾക്കുരങ്ങിന്റെയും മനുഷ്യന്റെയും തലയോട്ടികൾ തമ്മിൽ ചില സാമ്യങ്ങൾ കണ്ടു എന്നതല്ലാതെ ഈ സിദ്ധാന്തം തെളിയിക്കാനാവശ്യമായ തെളിവുകളൊന്നും തന്നെ ഇവർക്ക് കിട്ടിയിട്ടില്ല. ഉദാഹരണത്തിന് ആയിരക്കണക്കിന് വർഷങ്ങൾ നീണ്ട പരിണാമ പ്രക്രിയയിലൂടെ ഇഴജന്തുക്കൾ പക്ഷികളായിത്തീർന്നെങ്കിൽ, ഇഴജന്തുവിന്റെ കുറെ ഭാഗങ്ങളും പക്ഷികളുടെ കുറെ ഭാഗങ്ങളുമുള്ള നിരവധി ജീവികൾ വ്യത്യസ്തകാലങ്ങളിൽ ജീവിച്ചിരുന്നിരിക്കണം.

ഇത്തരം മധ്യവർഗ്ഗങ്ങൾക്ക് അപൂർണ്ണമായ അവയവങ്ങളാണുണ്ടായിരിക്കേത്. (ഉദാ: പകുതി ചിറകുള്ള പക്ഷികൾ). ഇത്തരം മധ്യമരൂപങ്ങളുടെ ഫോസിലുകൾ കണ്ടെത്തിയാലേ തന്റെ സിദ്ധാന്തം സ്ഥാപിക്കപ്പെടുകയുള്ളൂവെന്ന് ഡാർവിൻ തന്റെ പുസ്തകത്തിലെഴുതിയിരുന്നു. ഭൂമിയുടെവിവിധ ഭാഗങ്ങളിൽ ഇന്നോളം കുഴിച്ചുനോക്കിയിട്ടും ഇത്തരം ഫോസിലുകളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല. കിട്ടിയതെല്ലാം സമ്പൂർണ്ണമായ അവയവങ്ങളോടു കൂടിയ ജീവികളുടേതായിരുന്നു. ജീവശാസ്ത്രവും ജനിതക ശാസ്ത്രവും രസതന്ത്രവുമൊന്നും വികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു കാലത്ത് നിലവിൽ വന്ന ഈസിദ്ധാന്തം, തെളിവുകളില്ലാത്തതിനാൽ ശാസ്ജ്ഞന്മാർ തന്നെ തള്ളിക്കളയുകയാണ്. ‘ഒരു ചവറുകൂമ്പാരത്തിലൂടെ കൊടുങ്കാററടിച്ചപ്പോൾ അതിലെ വസ്തുക്കളെല്ലാം കൂടിച്ചേർന്ന് ഒരു ബോയിംഗ് 747 വിമാനമുണ്ടായി എന്നു പറയുന്നതു പോലെയാണ് ജീവൻ ഭൂമിയിൽ യാദൃശ്ചികമായി ഉണ്ടായി എന്ന് അഭിപ്രായപ്പെടുന്നത്’ എന്നാണ് പ്രശസ്ത ഇംഗ്ലീഷ് ഗണിതജ്ഞനും ഖഗോള ശാസ്ത്രജ്ഞനുമായ പ്രഫ. ഫ്രെഡ്ഹോയിലിന്റെ അഭിപ്രായം.

ഇന്നും തെളിയിക്കപ്പെടാത്ത ഈ സിദ്ധാന്തം പക്ഷെ, കുട്ടികൾക്കുള്ള പാഠപുസ്തകങ്ങളിലെല്ലാം സ്ഥാനം പിടിച്ചിട്ടുണ്ട്. ഇത് പഠിക്കുന്ന തലമുറ മനുഷ്യന്റെ ആദ്യപിതാവ് ആദം നബി(അ) യാണോ അതോ കുരങ്ങനാണോ എന്ന സംശയത്തിൽ ജീവിക്കുന്നു. ഏതാണ്ട് 1370 കോടി വർഷം മുമ്പ് ഒരു ആദിമ അണു പൊട്ടിത്തെറിച്ചാണ് പ്രപഞ്ചം ഉൽഭവിച്ചതെന്ന് ‘മഹാവിസ്ഫോടന’ സിദ്ധാന്തം (Big Bang Theory) പറയുന്നു. തുടർന്നുണ്ടായ പുകപടലങ്ങൾ ഘനീഭവിച്ചാണ് നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം ഉണ്ടായതെന്നും പ്രപഞ്ചം ഇന്നും വികസിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ സിദ്ധാന്തം അഭിപ്രായപ്പെടുന്നു. എന്നാൽ, ആദിമ അണു എങ്ങനെ ഉണ്ടായി? അതിനുമുമ്പുള്ള പ്രപഞ്ചത്തിന്റെ അവസ്ഥ എന്ത്? പൊട്ടിത്തെറിയ്ക്കുകാരണമായ ഊർജ്ജം എവിടെ നിന്നു ലഭിച്ചു? പ്രപഞ്ച ഗോളങ്ങളിലെല്ലാം തികച്ചും അന്യൂനമായ ഭ്രമണ വ്യവസ്ഥകൾ സ്ഥപാപിക്കപ്പെട്ടതെങ്ങനെ? മുതലായ ചോദ്യങ്ങൾക്കെല്ലാം കേവലം ‘യാദൃശ്ചികം’ എന്ന മറുപടിയാണ് ശാസ്ത്രത്തിന് പറയുവാനുള്ളത്. ഏതാനും വർഷങ്ങൾക്കു മുമ്പ് മാത്രം നിലവിൽ വന്ന ഈ സിദ്ധാന്തം പലകാര്യങ്ങളും വിശദീകരിക്കാനാവാതെ പ്രയാസപ്പെടുമ്പോൾ, പതിനാല് നൂററാണ്ടുകൾക്കു മുമ്പ് അവതീർണമായ ‘ഖുർആൻ’ എന്ന ഗ്രന്ഥം പ്രപഞ്ചോൽപ്പത്തിയെക്കുറിച്ച് സംശയങ്ങൾക്കിടയില്ലാത്തവിധം വിശദീകരിക്കുന്നുണ്ട്. ‘ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?’ (ഖുർആൻ 21:30) ‘ആകാശമാകട്ടെ നാം അതിനെ ശക്തികൊണ്ട് നിർമ്മിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു’. (ഖുർആൻ 51:47) വസ്തുതകൾ ഇതായിരിക്കെ, ‘ദൈവം’ എന്നൊന്ന് ഇല്ലെന്നു വാദിക്കാൻ ആരും ശാസ്ത്രത്തിനെ കൂട്ടുപിടിക്കേണ്ടതില്ല. അമേരിക്കയിലെ ജോർജിയ യൂണിവേഴ്സിററിയിലെ ലാർസൻ, ശാസ്ത്രജ്ഞർക്കിടയിൽ നടത്തിയ ഒരു സർവ്വേയുടെ റിപ്പോർട്ട്, 1997 ഏപ്രിൽ രണ്ടിന് ‘ന്യൂയോർക്ക് ടൈംസ്’ എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ചു. ‘നാൽപ്പതു ശതമാനം ശാസ്ത്രജ്ഞന്മാരും ദൈവം എന്ന ശക്തിയിൽ വിശ്വസിക്കുന്നുണ്ട്. കൂടാതെ, അവരെല്ലാം മനുഷ്യന്റെ അമരത്വത്തിലും വിശ്വസിക്കുന്നുണ്ട്’ എന്നായിരുന്നു ആ റിപ്പോർട്ട്.

## 2. ശരിയായ ദൈവ വിശ്വാസം

‘ദൈവം’ എന്ന ശക്തിയിൽ മനുഷ്യരിൽ ഭൂരിഭാഗം പേരും വിശ്വസിക്കുന്നുണ്ട്. പക്ഷെ ‘കലർപ്പില്ലാത്ത ദൈവ വിശ്വാസം’ വെച്ചുപുലർത്തുന്നവർ വളരെ കുറവാണ്. പ്രവാചകൻമാർ അവതരിപ്പിച്ച ഒറിജിനൽ ദൈവ വിശ്വാസത്തിൽ എങ്ങനെയാണ് പാകപ്പിഴകൾ സംഭവിച്ചത്? വ്യത്യസ്ത കാലങ്ങളിലായി പുരോഹിതന്മാരും പണ്ഡിതന്മാരും വേദങ്ങളിലും വിശ്വാസങ്ങളിലും അവരുടേതായ സംഭാവനകൾ കൂട്ടിച്ചേർത്തു. അൽപ്പജ്ഞാനിയായ മനുഷ്യൻ അവനു തോന്നിയപോലെ ദൈവത്തിന്റെ സൃഷ്ടികളിലെല്ലാം ദിവ്യത്വം ആരോപിച്ച് ദൈവത്തിനെ പങ്കുചേർക്കാൻ തുടങ്ങി. യഥാർത്ഥ ദൈവവിശ്വാസത്തിൽ നിന്നും വ്യതിചലിച്ച വിശ്വാസാചാരങ്ങളെല്ലാം പ്രത്യേകം മതങ്ങൾ ആയി നിലവിൽ വന്നു. മതങ്ങൾക്കുള്ളിൽ ഭിന്നത വന്നപ്പോൾ പ്രത്യേകം ജാതികൾ നിലവിൽ വന്നു. കലർപ്പില്ലാത്ത ദൈവ വിശ്വാസം എന്താണ്?

പ്രപഞ്ചത്തിന്റെയും അതിലെ വസ്തുക്കളുടേയും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെയെല്ലാം സൃഷ്ടാവ്. അവയെയെല്ലാം പരിപാലിക്കുന്നവൻ. ദൈവത്തിന് ജനനവും മരണവുമില്ല. എന്നും നിലനിൽക്കുന്നവൻ. പ്രപഞ്ചത്തിന്റെ ഓരോ മുക്കിലും മൂലയിലും സംഭവിക്കുന്നതെല്ലാംകാണുവാനും നിയന്ത്രിക്കുവാനും അവനു കഴിയും. അവന് പിതാവോ, മാതാവോ, ഭാര്യയോ മക്കളോ ഒന്നുമില്ല. അവൻ ഏകനാണ്. മനുഷ്യന്റെ പോലെയുള്ള കണ്ണുകളും കാതുകളും അവയവങ്ങളുമായി ജീവിക്കുന്നവനല്ല ദൈവം. മനുഷ്യനുണ്ടാക്കുന്ന വിഗ്രഹങ്ങളിലും, ചിത്രങ്ങളിലും, രൂപങ്ങളിലും ആവാഹിച്ചു കുടിയിരുത്തി നമ്മൾ പറയുന്നതെല്ലാം കേൾപ്പിക്കാൻ കഴിയുന്ന ഒരു വസ്തുവല്ല ദൈവം. ദൈവം ഒരു 'ശക്തി' യാണ്. അൽപ്പമാത്രമായ ബുദ്ധിവെച്ച് ദൈവത്തെ പൂർണ്ണമായി നിർവ്വചിക്കാൻ മനുഷ്യന് കഴിയില്ല. ദൈവത്തിനെ മനുഷ്യന്റെ ഗുണവിശേഷങ്ങളോടുകൂടിയ ഒരു ജീവിയായോ, ഭാര്യയും മക്കളുമായി ജീവിക്കുന്ന ഒരു കുടുംബ നാഥനായിട്ടോ മറ്റോ സങ്കൽപ്പിക്കുന്നതെല്ലാം മനുഷ്യന്റെ 'വിവരമില്ലായ്മ' മാത്രം. ഖുർആൻ പറയുന്നു. 'അല്ലാഹു, അവനല്ലാതെ ദൈവമില്ല, എന്നെന്നും ജീവിച്ചിരിക്കുന്നവൻ, സ്വയംനിലനിൽക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമിയിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് അറിയാൻ കഴിയുകയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ'. (ഖുർആൻ 2:225)

## 3. മതത്തിന്റെ ആവശ്യകത

ഇതര ജീവിവർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തമായി 'മനുഷ്യൻ' എന്ന ജീവിയെ ദൈവം സൃഷ്ടിച്ചു. ജീവിവർഗ്ഗങ്ങളിൽ വിശേഷബുദ്ധി നൽകപ്പെട്ടത് മനുഷ്യനു മാത്രമാണ്. അവന് 'സ്വതന്ത്ര കൈകാര്യ കർത്തൃത്വം' നൽകപ്പെട്ടിരിക്കുന്നു. സമൂഹജീവിയായി ജീവിക്കേണ്ട മനുഷ്യന് തന്റെ സമൂഹത്തിന്റെയും മററു വ്യക്തികളുടേയും പുരോഗതിയ്ക്കുതകുന്ന നന്മകൾ ചെയ്യാൻ കഴിയും. നല്ല വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും മററുള്ളവർക്ക് സന്തോഷവും സമാധാനവും കൊടുക്കാൻ അവന് കഴിയും. തന്റെ സഹജമായ ദേഹേച്ഛകളെയും വികാരങ്ങളെയും നിയന്ത്രിച്ചുകൊണ്ട് മററുള്ളവരെ സ്നേഹിച്ചും സഹായം ചെയ്തും ഒരു 'നല്ല' മനുഷ്യനായി ജീവിക്കാൻ അവന് സാധിക്കും. മനുഷ്യന് ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി തിന്മകൾ ചെയ്യാനും അവന് കഴിയും. തന്റെ സുഖത്തിനും സ്വാർത്ഥമായ താല്പ്പര്യങ്ങൾക്കും വേണ്ടി മാത്രം ജീവിക്കാനും ഇതര മനുഷ്യരെയെല്ലാം ആ അർത്ഥത്തിൽ ഉപയോഗപ്പെടുത്തുവാനും അന്യന്റെ ധനത്തിലും ശരീരത്തിലും കൈയേറുവാനും ദേഷ്യം, കോപം, കാമം ഇത്യാദി വികാരങ്ങളെയൊന്നും നിയന്ത്രിക്കാതെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും തന്റെ സഹജീവികളുടെ മനസ്സിനെ മുറിപ്പെടുത്താനും, ഒരു 'ചീത്ത' മനുഷ്യനായി മൃഗങ്ങളേക്കാൾ അധഃപതിക്കാനും അവന് കഴിയും.

നിയതമായ ഒരു ചട്ടക്കൂട്ടിൽ ജീവിക്കുന്ന പക്ഷിമൃഗാദികളുടെ ജീവിതം പോലെയല്ല മനുഷ്യന്റേത്. ഉത്കൃഷ്ടനായ മനുഷ്യന് ഈ ലോക ജീവിതം കൊണ്ട് പല കാര്യങ്ങളും സാധിക്കേണ്ടതുണ്ട്. അവന്റെ ജീവിതം എങ്ങനെയായിരിക്കണമെന്നും, ജീവിതത്തിന്റെ ഉദ്ദേശ്യമെന്തെന്നും സൃഷ്ടാവായ ദൈവത്തിന് മാത്രമാണ് അറിവുള്ളത്. മനുഷ്യന്റെ ദേഹേച്ഛകളെയും വികാരങ്ങളെയും വേണ്ടപോലെ നിയന്ത്രിക്കുന്നതിന് യാതൊന്നുമില്ലെങ്കിൽ കടിഞ്ഞാണില്ലാത്ത കുതിരകളെപ്പൊലെയോ ഡ്രൈവറില്ലാത്ത മോട്ടോർ കാറിനെപ്പോലെയോ അവ അവനെ പല അപകടങ്ങളിലും കൊണ്ടുചെന്ന് ചാടിക്കുകയും അവൻ അത്യുൽകൃഷ്ടമായ മനുഷ്യപദത്തിൽ നിന്ന് അധമമായ മൃഗപദത്തിൽ പതിക്കുകയും ചെയ്യും. അതുകൊണ്ട് മനുഷ്യന്റെ ജീവിതത്തിൽ ധാർമ്മികമായ നിയമങ്ങളും നിർദ്ദേശങ്ങളും ആവശ്യമാണ്. ആത്മാവിനെ നേർവഴിക്കു നയിച്ചു കൊണ്ട്, മനുഷ്യന്റെ ജീവിതം കൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളതെന്തോ, ആ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള നിയമങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന ജീവിത പദ്ധതിയ്ക്കാകുന്നു 'മതം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

## 4. ദൈവത്തിന്റെ യഥാർത്ഥമതം ഏത്?

മനുഷ്യരധികവും സങ്കുചിത മനോഭാവമുള്ളവരാണ്. തന്റേതു മാത്രമാണ് യഥാർത്ഥ വിശ്വാസം എന്നാണ് എല്ലാവരുടെയും ധാരണ. ഈ ധാരണ വെച്ചു കൊണ്ടിരുന്നാൽ മാത്രം വിശ്വാസം ശരിയാകണമെന്നുണ്ടോ? ബുദ്ധിയുള്ള ഒരു മനുഷ്യൻ എല്ലാ കാര്യങ്ങളും പഠിക്കേണ്ടതുണ്ട്. തന്റെ വിശ്വാസം ശരിയല്ലെങ്കിൽ മാററുവാൻ ശ്രമിക്കേണ്ടതുണ്ട്. ഇന്ന് മുസ്ലീങ്ങളുടെ മത വിശ്വാസം പൊതുവേ ദുർബലമാണ്. നമുക്കു ചുററും ഒരുപാട് മതങ്ങളും ദൈവങ്ങളും നമ്മൾ കാണുന്നു. ഹിന്ദുമതം, ക്രിസ്തുമതം, ജൂതമതം, ബുദ്ധമതം, അതുപോലൊരു മതം ഇസ്ലാം മതം എന്നാണ് മററു മതസ്ഥരുടെയെല്ലാം ധാരണ. ഖുർആൻ പഠിക്കാത്ത മുസ്ലീങ്ങളും ഈ ധാരണയുള്ളവരാണ്. ഒന്നാലോചിച്ചു നോക്കുക. മുസ്ലീങ്ങൾക്ക് ഒരു ദൈവം, ക്രിസ്ത്യാനികൾക്ക് വേറൊരു ദൈവം, ജൂതൻമാർക്ക് മറെറാരു ദൈവം, ഹിന്ദുക്കൾക്ക് വേറെ ദൈവം!എന്താണിത്?

ദൈവം, ഈശ്വരൻ, അല്ലാഹു എന്നെല്ലാം പേരുകളുള്ള 'ശക്തി' ഏകനാണെന്ന് എല്ലാവരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവം ഏകനും നീതിമാനുമാണെങ്കിൽ, ഓരോ വിഭാഗം ജനങ്ങൾക്ക്, ഓരോ മതങ്ങളെ സൃഷ്ടിക്കുമോ? ഇല്ല. പിന്നെയോ? ദൈവം ഒരു മതം മാത്രമാണ്, അവൻ അയച്ച ഒന്നേകാൽ ലക്ഷത്തോളം വരുന്ന പ്രവാചകന്മാർ മുഖേന പഠിപ്പിച്ചത്. ആ മതം നമ്മൾ കാണുന്ന ഈ മതങ്ങളിൽ ഏതോ ഒന്നു മാത്രമാണ്. പക്ഷേ, അതു ഞങ്ങളുടേതു തന്നെയാണ്, മററുള്ളവരുടെ വിശ്വാസം തെററാണ് എന്നായിരിക്കും എല്ലാ മതവിശ്വാസികളും പറയുക. മുൻധാരണകൾ മാററി വെച്ചുകൊണ്ട്, മനസ്സ് വിശാലമാക്കി, ഹിന്ദുക്കളുടെ വേദങ്ങൾ, ഉപനിഷത്തുക്കൾ, കൃസ്ത്യാനികളുടെ ബൈബിൾ, ജൂതരുടെതോറാ, ഗൗതമ ബുദ്ധന്റെ ത്രിപിടകങ്ങൾ, മുസ്ലീങ്ങളുടെ ഖുർആൻ മുതലായ എല്ലാ വേദഗ്രന്ഥങ്ങളെക്കുറിച്ചും നമ്മൾ പഠിച്ചു വിലയിരുത്തേണ്ടതുണ്ട്. സ്വതന്ത്രമായി ചിന്തിക്കേണ്ടതുണ്ട്. അപ്പോൾ നമുക്ക് മനസ്സിലാകും, ദൈവത്തിന്റെ മതമേതാണെന്ന്. സംശയമില്ല, അത് ഇസ്ലാം മതം തന്നെയാണ്.

പിന്നെ, എങ്ങനെയാണ് മററു മതങ്ങളെല്ലാം ആവിർഭവിച്ചത്? അവയെല്ലാം മനുഷ്യൻ തന്നെ സൃഷ്ടിച്ച മതങ്ങളായിരുന്നു. ഇതര ജീവി വർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. വിശേഷബുദ്ധിയും സ്വതന്ത്രകൈകാര്യകർത്തൃത്വവും നൽകപ്പെട്ട മനുഷ്യന് അവന് ലഭിച്ച സ്വാതന്ത്ര്യം ശരിയായ മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തുവാൻ നന്മതിന്മകളെക്കുറിച്ച് അറിവ് ആവശ്യമായിരുന്നു. മനുഷ്യരിൽ നിന്നു തന്നെ ഉത്തമസ്വഭാവഗുണങ്ങളോടു കൂടിയവരെ പ്രവാചകൻമാരായി തെരെഞ്ഞെടുത്തു കൊണ്ട്, ജിബ്രീൽ(അ) എന്ന മലക്ക് (ഗബ്രിയേൽ മാലാഖ) മുഖേന ദൈവം പ്രവാചകൻമാർക്ക് ബോധനം (വഹ്യ്) നൽകി. ആദ്യ മനുഷ്യനായി സൃഷ്ടിച്ച ആദം(അ) തന്നെയായിരുന്നു ദൈവത്തിന്റെ ആദ്യത്തെ പ്രവാചകൻ. തുടർന്ന്, മനുഷ്യൻ പെററുപെരുകിയതോടെ, എവിടെയെല്ലാം മനുഷ്യസമൂഹങ്ങളുണ്ടായിരുന്നോ, അവിടേയ്ക്കെല്ലാം അവരിൽ നിന്നു തന്നെയുള്ള ഒരു പ്രവാചകനെ ദൈവം നിയോഗിച്ചു. 'ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമില്ലാതെ ഒരു സമുദായവും കഴിഞ്ഞുപോയിട്ടില്ല'. (ഖുർആൻ 35:24)

മനുഷ്യൻ രക്ഷിതാവായ ദൈവത്തെ ഭയപ്പെട്ടുകൊണ്ട് ജീവിച്ചാൽ മാത്രമേ, അവൻ തിന്മകളിൽ നിന്ന് പൂർണ്ണമായും മുക്തനാകുകയുള്ളൂ. ഏതാനും വർഷത്തെ അവന്റെ ജീവിതത്തിൽ കുറേയേറെ കടമകളും ഉത്തരവാദിത്തങ്ങളും അവൻ നിർവ്വഹിക്കേണ്ടതുണ്ട്. കുടുംബപരമായും സാമൂഹ്യപരമായും. ഉത്തരവാദിത്തങ്ങളുടെ പൂർത്തീകരണത്തിൽ ദൈവഭയം ആയിരിക്കണം അവനെ നയിക്കേണ്ടത്. ഉദാഹരണത്തിന്, വൃദ്ധരായ മാതാപിതാക്കളെക്കൊണ്ട് തനിക്കൊരു മെച്ചവുമില്ലെന്നു വരുമ്പോൾ സ്വാർത്ഥനായ ഒരു വ്യക്തി, അവരെ പടിയടച്ച് പുറംതള്ളുന്നു. ഭൗതികമായ ലാഭം പ്രതീക്ഷിച്ചുകൊണ്ടാണ് സ്വാർത്ഥന്മാർ ഒരോ കാര്യത്തിലും തീരുമാനമെടുക്കുക. എന്നാൽ, ദൈവഭയമുള്ള ഒരു വ്യക്തി, വൃദ്ധരായ മാതാപിതാക്കളുടെ പരിചരണം തന്റെ ബാധ്യതയായി ഏററെടുക്കുന്നു. നാളെ ദൈവത്തോട് സമാധാനം പറയേണ്ടി വരുമെന്ന ചിന്തയിലാണ്, ഇത്തരക്കാരനായ ഒരു വ്യക്തി ഓരോ കാര്യത്തിലും തീരുമാനമെടുക്കുക. ഉത്തരവാദിത്തങ്ങൾക്കു പുറമേ, ധാർമ്മികമായ ഒട്ടനവധി മൂല്യങ്ങൾ അവൻ പാലിക്കേണ്ടതുണ്ട്. കൂടാതെ, വെറും ഒരു പരീക്ഷണം മാത്രമായ മനുഷ്യന്റെ ഭൗതിക ജീവിതത്തിൽവളരെയേറെ പ്രതിസന്ധികൾ അവന് തരണം ചെയ്യേണ്ടതുണ്ട്. അവന്റെ ജീവിതത്തിലുടനീളം സഹനവും ക്ഷമയും അവൻ ശീലമാക്കേണ്ടതുണ്ട്. ദൈവത്തിൽ നിന്നും പരലോകത്ത് ലഭിക്കുവാനുള്ള പ്രതിഫലം ലക്ഷ്യമാക്കിയാകണം അവന്റെഓരോ വാക്കും പ്രവൃത്തിയും. ഇങ്ങനെ, ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സൃഷ്ടാവായ ദൈവത്തെ ഭയപ്പെട്ടു കൊണ്ട് ജീവിച്ചാൽ മാത്രമേ മനുഷ്യന്റെ സൃഷ്ടിപരമായ ഉദ്ദേശ്യം നിറവേറുകയുള്ളൂ. പൂർണ്ണമായും ദൈവത്തിന് കീഴ്പ്പെട്ടുകൊണ്ടുള്ള ഒരു ജീവിതം.

മനുഷ്യൻ പൂർണ്ണമായും ദൈവത്തിന് കീഴ്പ്പെടണമെങ്കിൽ ദൈവത്തെ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കി, ഏകനായ ദൈവത്തെ മാത്രം ആരാധിക്കണം. ദൈവത്തിന്റെ സൃഷ്ടികൾക്ക് ആരാധനകളർപ്പിച്ച് ദൈവത്തെ പങ്കുചേർക്കരുത്. എല്ലാം കാണുന്നവനും കേൾക്കുന്നവനുമായ ദൈവത്തെ അതിന്റെ യഥാർത്ഥ നാമഗുണ വിശേഷങ്ങളോടുകൂടി മനസ്സിലാക്കി ഏക ആരാധ്യനായി അംഗീകരിച്ചാൽ മാത്രമേ പൂർണ്ണമായും ദൈവത്തിന് കീഴ്പ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കപ്പെടുന്നുള്ളൂ. എന്നാൽ മാത്രമേ സൂക്ഷ്മതയും ദൈവത്തോടുള്ള ഭയഭക്തിയും (തഖ്വ) മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കുകയുള്ളൂ. സ്വന്തത്തെ പൂർണ്ണമായും ദൈവത്തിന് സമർപ്പിച്ചുകൊണ്ടുള്ള ഈ ജീവിതപദ്ധതിയ്ക്ക് 'ഇസ്ലാം' എന്ന പേർ ദൈവം നൽകി. ഇസ്ലാമിനെ മനുഷ്യർക്ക് മതമായി നിശ്ചയിച്ചു. 'ഇസ്ലാം' എന്ന പദത്തിന് സമർപ്പണം, സമാധാനം എന്നൊക്കെയാണർത്ഥം. ദൈവത്തിന് പൂർണ്ണമായും കീഴൊതുങ്ങിയവൻ അഥവാ അനുസരണമുള്ളവൻ എന്നർത്ഥം വരുന്ന പദമാണ് 'മുസ്ലിം'. ഇതര ജീവിവർഗ്ഗങ്ങളായ പക്ഷികൾ, മൃഗങ്ങൾ, സസ്യങ്ങൾ, നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം ഉൾപ്പെടുന്ന പ്രപഞ്ചഗോളങ്ങൾ മുതലായവയെല്ലാം ഏകദൈവത്തിന്റെ നിയമവ്യവസ്ഥകളനുസരിച്ചു കൊണ്ട് പൂർണ്ണമായും ദൈവത്തിന് കീഴ്പ്പെട്ടു ജീവിക്കുന്നവയായതു കൊണ്ട് ഇവയെല്ലാം മുസ്ലീങ്ങളാണ്.

പ്രകാശം കൊണ്ട് സൃഷ്ടിക്കപ്പെട്ട, ദൈവത്തിന്റെ കൽപനകൾ അംഗീകരിച്ചു കൊണ്ട് മാത്രം പ്രവർത്തിക്കുന്ന മലക്കുകൾ എല്ലാം മുസ്ലീങ്ങളാണ്. ചുരുക്കത്തിൽ, മനുഷ്യരും ജിന്നുകളുമൊഴിച്ചുള്ള സൃഷ്ടികളെല്ലാം മുസ്ലീങ്ങളാണ്. പ്രവർത്തനസ്വാതന്ത്ര്യം നൽകപ്പെട്ട മനുഷ്യന്, അവന് ഇഷ്ടമെങ്കിൽ ദൈവത്തിന് കീഴൊതുങ്ങി ജീവിച്ച് 'മുസ്ലിം' ആകാം. അതിനായി, ഇസ്ലാം മതത്തെ ജീവിതവ്യവസ്ഥയായി

അംഗീകരിക്കാം. ജീവിതത്തിന് മോക്ഷം നേടിക്കൊണ്ട് സ്വർഗ്ഗം സ്വന്തമാക്കാം. മനുഷ്യനെ ദൈവമതം പഠിപ്പിക്കുവാൻ, ആദ്യപ്രവാചകനായി ആദ്യ മനുഷ്യനായ ആദം നബി(അ) നിയുക്തനായി. തുടർന്ന് വ്യത്യസ്ത കാലങ്ങളിലും വ്യത്യസ്ത ദേശങ്ങളിലുമായി ഒന്നേകാൽ ലക്ഷത്തോളം പ്രവാചകന്മാർ ആഗതരായി. ആദമിനെക്കൂടാതെ നൂഹ്(അ) (നോഹ), ഇബ്രാഹിം(അ) (അബ്രഹാം), മൂസാ(അ) (മോശെ) മുതലായ പ്രസിദ്ധ പ്രവാചകന്മാരെയെല്ലാം മുസ്‌ലീങ്ങളും ക്രിസ്ത്യാനികളും ജൂതന്മാരും ഒരുപോലെ അംഗീകരിക്കുന്നുണ്ട്. ഈ മൂന്നു മതങ്ങളുടേയും പിതാവായി, ഏകദേശം നാലായിരം വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന അബ്രഹാം എന്ന പ്രവാചകൻ അറിയപ്പെടുന്നു. ഇവരെല്ലാം പഠിപ്പിച്ചത് ഏകനായ ദൈവത്തെ ആരാധിക്കുവാനായിരുന്നെന്ന് ഖുർആനും, ബൈബിൾ പഴയനിയമവും, ജൂതരുടെതോറായും (ബൈബിൾ പഴയനിയമത്തിലെ ആദ്യ അഞ്ച് പുസ്തകങ്ങൾ, ഒരുപോലെ അഭിപ്രായപ്പെടുന്നു. ഇവരെല്ലാം ഏകദൈവത്തെ ആരാധിക്കുവാനായി യാഗപീഠങ്ങൾ പണിതതായും, ഏകദൈവത്തെ നമസ്ക്കരിച്ചിരുന്നതായും, പന്നിമാംസം ഉപയോഗിച്ചിരുന്നില്ലെന്നും, അറുക്കപ്പെട്ട മൃഗങ്ങളെ മാത്രമേ ഭക്ഷിച്ചിരുന്നുള്ളൂവെന്നും മററും ബൈബിൾ പഴയനിയമത്തിൽ പറയുന്നു. കൂടാതെ, അബ്രഹാം മുതൽ യേശുക്രിസ്തു വരെയുള്ള തലമുറകളിലെ പുരുഷന്മാരെല്ലാം പരിച്ഛേദനകർമ്മം (സുന്നത്ത് കർമ്മം) നടത്തിയിരുന്നതായും ബൈബിൾ പഴയനിയമം പ്രസ്ഥാവിക്കുന്നുണ്ട്. പരിച്ഛേദന കർമ്മം ജൂതന്മാരും കോപ്ററിക് ക്രിസ്ത്യാനികളും ഇന്നും പിൻതുടരുന്നുണ്ട്.

മോശെ പ്രവാചകന്റെ കാലത്ത് ഏകദൈവത്തെയല്ലാതെ മററു വല്ല ദൈവങ്ങളെയും ആരാധിക്കുന്നവരെ കല്ലെറിഞ്ഞു കൊന്നതായി വരെ ബൈബിൾ പഴയനിയമം വ്യക്തമാക്കുന്നുണ്ട്. മോശെ പ്രവാചകന് ദൈവത്തിങ്കൽ നിന്നും കിട്ടിയ പത്ത് കല്പനകളിൽ ഒന്നാമത്തെ കൽപ്പന ഏകനായ കർത്താവിനെ മാത്രം ആരാധിക്കുക എന്നതായിരുന്നു. പ്രവാചക പരമ്പരയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് A.D. 571-ൽ അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) മക്കയിൽ ഭൂജാതനായി. മുൻകഴിഞ്ഞ പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത് ആവർത്തിച്ചു പഠിപ്പിക്കുകയും ഇസ്‌ലാം മതത്തെ പൂർണ്ണമാക്കുകയും ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. അല്ലാതെ, പുതിയൊരു മതം സ്ഥാപിക്കലായിരുന്നില്ല. പുതിയൊരു മതമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെങ്കിൽ മുഹമ്മദ് നബി(സ) ദൈവമായി ഒരു 'മുഹമ്മദു' മതം സ്ഥാപിക്കപ്പെടുമായിരുന്നു. പ്രവാചകന്മാർ വന്ന സമുദായങ്ങളിലെല്ലാം ബഹുദൈവാരാധന നിലനിന്നിരുന്നു. ജനങ്ങളിൽ ഭൂരിഭാഗവും ബിംബങ്ങൾ, ചിത്രങ്ങൾ, രൂപങ്ങൾ, മരണപ്പെട്ടുപോയമനുഷ്യർ മുതലായവയോടായിരുന്നു പ്രാർത്ഥിച്ചിരുന്നത്. അവർക്കായിരുന്നു ആരാധനകളർപ്പിച്ചിരുന്നത്. ദൈവം അയച്ച പ്രവാചകന്മാർ, എല്ലാത്തിന്റെയും സൃഷ്ടാവായ ഏകദൈവത്തിൽ വിശ്വസിക്കാനും, അവനെ മാത്രം ആരാധിക്കാനുമാണ് കൽപ്പിച്ചത്. സ്വാഭാവികമായും എതിർപ്പുകളുണ്ടായി. ഈ കടുത്ത എതിർപ്പുകളെ അവഗണിച്ച്, പ്രവാചകന്മാർ കുറെ അനുയായികളെ സമ്പാദിച്ചു. സത്യമതം സ്ഥാപിച്ചു. ദൈവത്തെ ധിക്കരിച്ച, ബഹുദൈവാരാധന തുടർന്ന ചില സമൂഹങ്ങളെ, അവയിലെ പ്രവാചകനെയും അദ്ദേഹത്തെ പിൻപററിയവരേയും രക്ഷപ്പെടുത്തിയതിനു ശേഷം ഭൂകമ്പം, കൊടുങ്കാററ്, ഘോരശബ്ദം മുതലായ കഠിനശിക്ഷകൾ നൽകി നശിപ്പിച്ചതായി ഖുർആനിൽ അല്ലാഹു അനേകം സന്ദർഭങ്ങളിൽ വിവരിക്കുന്നുണ്ട്.

നൂഹ്നബി(അ)യുടെ ജനത, ഹൂദ് നബി(അ)യുടെ ജനത, സ്വാലിഹ് നബി(അ)യുടെ ഥമൂദ് ജനത, ശുഐബ് നബി(അ)യുടെ മദ്‌യൻ ജനത, ലൂഥ് നബി(അ)യുടെ ജനത ഇവരെയെല്ലാം നശിപ്പിച്ചതിന്റെ ചരിത്രം വിശദമായിത്തന്നെ അല്ലാഹു ഖുർആനിലൂടെ പറയുന്നു. ദൈവത്തെ ധിക്കരിക്കുന്നവർക്കൊരു പാഠമായി ഈ പ്രദേശങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ചില പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും കാലശേഷം, മനുഷ്യരിൽ ചിലർ, അവരിൽ ദിവ്യത്വം ആരോപിച്ചുകൊണ്ട് ആരാധനകളിൽ അവരെ ദൈവത്തോട് പങ്കുചേർക്കാൻ തുടങ്ങി. ഇബ്രാഹിം നബി(അ)യുടെ മകൻ ഇസ്ഹാഖ്നബി(അ)യുടെ മകനായ യഅ്ഖൂബ് നബി(അ), ഇസ്രായീൽ നബി(അ) എന്നും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽപ്പെട്ടവർ ഇസ്രായീല്യർ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. (ഫലസ്തീനിലായിരുന്നു അവർ ജീവിച്ചിരുന്നത്. ഇവർക്ക് ഇന്നത്തെ ഇസ്രയേൽ എന്ന രാജ്യവുമായി ബന്ധമൊന്നുമില്ല.

കേവലം 50 വർഷങ്ങൾക്കു മുമ്പ് ലോകത്ത് പലയിടങ്ങളിലായി ചിതറിക്കിടന്ന ജൂതന്മാർക്ക് ഒരു രാജ്യമുണ്ടാക്കാൻ വേണ്ടി അമേരിക്കയും ബ്രിട്ടനും ചേർന്ന് ഫലസ്തീനിന്റെ ഒരു ഭാഗം കൈയേറി ഉണ്ടാക്കിയ രാജ്യമാണ് ഇന്നത്തെ ഇസ്രയേൽ. ഏകദേശം മൂവായിരം വർഷങ്ങൾക്കു മുമ്പ് ഇസ്രായീല്യരിലേക്ക് നിയുക്തനായ പ്രവാചകനായിരുന്നു മൂസാനബി(അ) (മോശെ). മോശെ പ്രവാചകന്റെ മരണശേഷമാണ് അന്നുവരെ നിലവിലില്ലാതിരുന്ന ജൂതമതം ആവിർഭവിച്ചത്. ഇവർ ഉസൈർ എന്ന പുരോഹിതൻ ദൈവപുത്രനാണെന്നു വാദിക്കുന്നു. മോശെ, തനിക്കുശേഷം വരുമെന്ന് പ്രവചിച്ചിരുന്ന പ്രവാചകനെ ജൂതന്മാർ ഇപ്പോഴും കാത്തിരിക്കുകയാണ്. അതിനുശേഷം യേശുക്രിസ്തു നിയോഗിതനായപ്പോൾ, പിതാവില്ലാത്തതിനാൽ അദ്ദേഹത്തെ ജൂതൻമാർ ജാരസന്തതിയായി മുദ്രകുത്തി. പിന്നീടുവന്ന അന്ത്യ പ്രവാചകനായ മുഹമ്മദ് നബി(സ) യെയും അവർ വിശ്വസിച്ചില്ല. തങ്ങളിലേക്ക് വരുന്ന പ്രവാചകനെ കാത്ത് ഇപ്പോഴും സ്വതന്ത്രമായി അവർ നിലകൊള്ളുന്നു. ആ പ്രവാചകനെക്കുറിച്ചുള്ള പ്രവചനങ്ങളാകട്ടെ, അക്ഷരം പ്രതിമുഹമ്മദ് നബി(സ) യിൽ സമ്മേളിക്കുന്നു.

ഇസ്രായീല്യരിൽ നിന്നും കാണാതായ കുഞ്ഞാടുകളെ (ഏകദൈവ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചവർ) കണ്ടെത്തി പ്രബോധനം സമർപ്പിക്കാൻ അവരിലേക്ക് നിയുക്തനായ പ്രവാചകനായിരുന്നു ഈസാനബി(അ) (യേശുക്രിസ്തു). താൻ ദൈവത്തിന്റെ പ്രവാചകനാണെന്ന് തെളിയിക്കാൻ അന്ധൻമാരെയും, വെള്ളപ്പാണ്ഡുരോഗികളേയും, കുഷ്ടരോഗികളേയും സുഖപ്പെടുത്തുക, മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കുക തുടങ്ങി പല അമാനുഷിക കൃത്യങ്ങളും ദൈവത്തിന്റെ സഹായത്താൽ അദ്ദേഹം ചെയ്തിരുന്നു. അദ്ദേഹത്തിന് അവതരിച്ച ദൈവിക ഗ്രന്ഥമാണ് ഇൻജീൽ. തന്റെ ജീവിതത്തിലുടനീളം താൻ ദൈവമാണെന്നോ, ദൈവപുത്രനാണെന്നോ യേശുക്രിസ്തു അവകാശപ്പെട്ടതായി ബൈബിളിൽ എവിടെയുമില്ല. ക്രൈസ്തവരുടെ വിശ്വാസമായ ത്രിയേകത്വം (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് രൂപങ്ങളിൽ ആണ് ദൈവം സ്ഥിതി ചെയ്യുന്നത്) എന്നത് ബൈബിളിൽ എവിടെയും കാണാൻ സാധിക്കില്ല. യേശുക്രിസ്തു പ്രാർത്ഥിച്ചിരുന്നത് സാക്ഷാൽ കർത്താവിനോടായിരുന്നു. 'യേശു പറയുന്നു; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ' (മത്തായി 4:10). ഇത്തരത്തിലുള്ള അനേകം വചനങ്ങൾ ബൈബിളിൽ സുലഭമാണുതാനും. യേശു തന്റെ ശിഷ്യന്മാരെ സമീപിക്കുമ്പോൾ 'നിങ്ങൾക്കു സമാധാനം' എന്നാണ് ആശംസിച്ചിരുന്നത്. (ലൂക്കോസ് 24:36,10:56, യോഹന്നാൻ 20:21, 20:26). നിങ്ങൾക്കു സമാധാനം എന്നതിന്റെ ഹിബ്രു പദമാണ് 'ശാലോം അലൈക്കും'. അതിന്റെ അറബിപദമാണ് 'അസ്സലാമു അലൈക്കും'. യേശുക്രിസ്തു ഭൂമിയിൽ നിന്നും വിടവാങ്ങിയ ശേഷം, ക്രിസ്തു ദൈവപുത്രനാണെന്നും, ദൈവത്തിന്റെ മൂന്ന് രൂപങ്ങളിൽ ഒന്നാണെന്നും, മനുഷ്യന്റെ പാപങ്ങൾ ഏററെടുക്കാൻ ദൈവം ഭൂമിയിലവതരിച്ചതായിരുന്നു എന്നുമുള്ള വിശ്വാസങ്ങളിൽ, അദ്ദേഹത്തിന്റെ അനുയായികൾ രൂപപ്പെടുത്തിയതാണ് ക്രിസ്തുമതം.

ബൈബിൾ പുതിയ നിയമത്തിലെ പുസ്തകങ്ങളുടെ രചന ആരംഭിക്കുന്നത് ക്രിസ്തുവിനു ശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞാണ്. ലോകത്തിലെ പ്രബല മതവിഭാഗങ്ങളായ ജൂതർ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ ഇവരുടെയെല്ലാം അടിത്തറ ഒന്നാണെന്നതിന് ഇതാണ് കാരണം. ഇവരെല്ലാം തന്നെ തങ്ങളുടെ പിതാവായി അബ്രഹാമിനെ (ഇബ്രാഹിം നബി(അ))യാണ് കണക്കാക്കുന്നത്. പിന്നെ, ആർക്കൊക്കെയാണ് വിശ്വാസം പിഴച്ചത്? ഹിന്ദുമതം എന്നത് ഭാരതത്തിൽ ഉൽഭവിച്ച ഒരു മതമാണ്. ഇതുപോലെ തന്നെ, ശ്രീബുദ്ധന്റെ പേരിൽ രൂപം കൊണ്ടതാണ് ബുദ്ധമതം. ഈ പ്രബലമതങ്ങളെക്കൂടാതെ, ലോകത്ത് അനേകം മതങ്ങൾ വേറെയുമുണ്ട്. ഓരോ മതവും, ചില വ്യക്തികളെ കേന്ദ്രമാക്കി, അവർ ദൈവമാണെന്ന് അവകാശപ്പെട്ട്, ജനങ്ങൾ രൂപപ്പെടുത്തിയതാണ്. ക്രിസ്തുവിന്റെ പേരിൽ ക്രിസ്തുമതം, ബുദ്ധന്റെ പേരിൽ ബുദ്ധമതം, മുപ്പത്തിമുക്കോടി ദൈവങ്ങളെ ആരാധിക്കുന്ന ഹിന്ദുമതം. പക്ഷെ, ഇസ്ലാം മതം ഒരു വ്യക്തിയെ ചുററിപ്പററി രൂപപ്പെട്ട മതമല്ല. ആദംനബി(അ) മുതൽ മുഹമ്മദ് നബി(സ) വരെയുള്ള പ്രവാചകന്മാരിലൂടെ, ദൈവം അവതരിപ്പിച്ച മതമാണ് ഇസ്ലാം. സാക്ഷാൽ ഏകദൈവത്തിന്റെ അടിമയായി അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതാണ് ഇസ്ലാം മതം പഠിപ്പിക്കുന്നത്. മുഹമ്മദ്നബി(സ) യോട് പ്രാർത്ഥിച്ചാൽ അവൻ ഇസ്ലാം മതത്തിൽ നിന്നും പുറത്താണ്.

മുഹമ്മദ് നബി(സ) യെ വരച്ച ചിത്രങ്ങളും മററും രൂപപ്പെടാതിരിക്കാൻ മനപ്പൂർവ്വം ശ്രദ്ധിച്ചതു കൊണ്ടാണ് അങ്ങനെയൊരു മതം ആവിർഭവിക്കാതിരുന്നത്. വരാനിരിക്കുന്ന, അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) യെപ്പററി മുൻപുള്ള പ്രവാചകർ നടത്തിയ പ്രവചനങ്ങൾ ഹിന്ദുക്കളുടെ വേദഗ്രന്ഥങ്ങളിലും, ക്രിസ്ത്യാനികളുടെ ബൈബിളിലും, ജൂതരുടെ തോറായിലുമെല്ലാം നമുക്ക് കണ്ടെത്താം. ഏതാനും വചനങ്ങൾ ശ്രദ്ധിക്കുക. വ്യാസമുനിയുടെ പതിനെട്ട് പുരാണങ്ങളിൽ ഒന്നായ ഭവിഷ്യൽ പുരാണത്തിൽപറയുന്നു. 'ആ സന്ദർഭത്തിൽ 'മഹാമദ' എന്നുപേരുള്ള ഒരു ആചാര്യൻ വിദേശത്ത് തന്റെ ശിഷ്യന്മാരോടൊത്ത് പ്രത്യക്ഷപ്പെടും. മരുഭൂമിയിലായിരിക്കും അദ്ദേഹത്തിന്റെ ആഗമനം' (iii:3,5,8) 'അദ്ദേഹം ചേലാകർമ്മം ചെയ്തവനായിരിക്കും. കുടുമ വെയ്ക്കുകയില്ല. താടിവളർത്തും. മാംസം ഭക്ഷിക്കും. വളരെ ശക്തിയായ രീതിയിൽ പ്രബോധനം സമർപ്പിക്കും. തന്റെ പ്രബോധനം സ്വീകരിക്കുന്നവരെ 'മുസലെ' എന്നു വിളിക്കും' (ഭവിഷ്യൽ പുരാണം iii: 25,28) അഥർവ്വവേദം ഇരുപതാം അധ്യായത്തിൽ പറയുന്നു. 'അല്ലയോ ഭക്തരേ! ശ്രദ്ധിച്ചുകേൾക്കുക. പ്രശംസാർഹനായവൻ വാഴ്ത്തപ്പെടും. അറുപതിനായിരത്തി തൊണ്ണൂറു ശത്രുക്കളുടെ മധ്യത്തിൽ നിന്നും നാം അവനെ സ്വീകരിക്കും'. മുഹമ്മദ് എന്ന വാക്കിന്റെ അർത്ഥം വാഴ്ത്തപ്പെടുന്നവൻ, പ്രശംസിക്കപ്പെടുന്നവൻ എന്നെല്ലാമാണ്. അദ്ദേഹം ജനിക്കുമ്പോൾ മക്കയിലെ ജനസംഖ്യ ഏകദേശം അറുപതിനായിരം ആയിരുന്നു. 'അനുഗ്രഹി എന്നപേർ സിദ്ധിക്കുന്നവൻ വാഴ്ത്തപ്പെടുന്ന പതിനായിരം അനുയായികളോടൊപ്പം ആഗതനാവും'. (ഋഗ്വേദ തന്ത്രം:15, സൂത്രം:26) അലഹബാദ് യൂണിവേഴ്സിററിയിലെ പ്രശസ്ത വേദപണ്ഡിതൻ പ്രഫ. പണ്ഡിററ് ബെന്ദപ്രകാശ് ഉപാധ്യായ്, കൽക്കി അവതാരത്തെക്കുറിച്ച് സമീപകാലത്ത് എഴുതിയ ഒരു ഗ്രന്ഥം വിവാദമായി. ഇദ്ദേഹത്തിന്റെ വാദഗതികൾ ശരിയാണെന്ന് മററ് എട്ട്പ്രശസ്ത വേദപണ്ഡിതന്മാർ കൂടി സാക്ഷ്യപ്പെടുത്തി.

ഹിന്ദുപുരാണങ്ങളിൽ കലിയുഗത്തിൽ അവതരിക്കുന്ന കൽക്കി അവതാരത്തെക്കുറിച്ച് സൂചനകളുണ്ട്. കൽക്കി അവസാന അവതാരമായിരിക്കുമെന്നും എല്ലാ മനുഷ്യർക്കും എല്ലാ ലോകത്തിനുമുള്ളതായിരിക്കുമെന്നും പുരാണങ്ങൾ പറയുന്നു. കൽക്കി അവതാരത്തെക്കുറിച്ചുള്ള സൂചനകൾ അവിശ്വസനീയമാം വിധം മുഹമ്മദ്നബി(സ) യുമായി ഒത്തുപോകുന്നുവെന്നാണ് ബംഗാളി ബ്രാഹ്മണനായ പണ്ഡിററ്പ്രകാശിന്റെ വെളിപ്പെടുത്തൽ. കൽക്കിയുടെ പിതാവ് വിഷ്ണു ഭഗതും മാതാവ്

സുമാനിയുമായിരിക്കും. വിഷ്ണുദൈവവും ഭഗത് എന്നാൽ അടിമയും. അറബിയിൽ ഇത് അബ്ദുല്ലയാണ്. (മുഹമ്മദ്നബി(സ)യുടെ പിതാവ്). സുമാനിക്ക് സമാധാനം, ശാന്തത എന്നൊക്കെയാണർത്ഥം. നബി(സ) യുടെ മാതാവായ ആമിനയുടെ അർത്ഥവും ഇതാണ്. കൽക്കിയുടെ മുഖ്യാഹാരം ഈത്തപ്പഴവും ഒലീവുമായിരിക്കുമെന്നും, അദ്ദേഹം സത്യസന്ധനും വിശ്വസ്തനുമായിരിക്കുമെന്നും അദ്ദേഹത്തിന്റെ ജനനം ഒരു മാസത്തിലെ 12-ാം തീയതിഒരു ദ്വീപിലെ പ്രശസ്ത കുടുംബത്തിലായിരിക്കുമെന്നും പ്രവചനങ്ങളുണ്ട്. മുഹമ്മദ് നബി(അ) അറേബ്യൻ ഉപദ്വീപിലെ പ്രശസ്തകുടുംബമായ ഖുറൈശി കുടുംബത്തിൽ റബീഉൽഅവ്വൽ 12-ാം തീയതിയാണ് ജനിച്ചത്. മുഖ്യാഹാരം ഈത്തപ്പഴവും ഒലീവുമായിരുന്നു. ദൈവം തന്റെ ദൂതൻ മുഖേന ഒരു ഗുഹയിൽ വെച്ചായിരിക്കും ദൈവികവിദ്യാഭ്യാസം ചെയ്യിപ്പിക്കുക. അല്ലാഹു മുഹമ്മദി(സ)ന് ഹിറാഗുഹയിൽ വെച്ചാണ് ജിബ്രീൽ(അ) മുഖേന സന്ദേശങ്ങൾ കൈമാറിയത്. കൂടാതെ, കൽക്കി കുതിരപ്പുറത്ത് വാളുമായി യുദ്ധത്തിനുപോകുന്ന ഒന്നാന്തരം ഒരു യോദ്ധാവായിരിക്കും. അവസാനത്തെ പ്രവാചകനായ മുഹമ്മദ് നബി(സ) യിൽ ഈ പ്രവചനങ്ങളെല്ലാം ഒത്തുവരുന്നതായി പണ്ഡിററ് പ്രകാശ് തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു.

ബൈബിൾ പഴയനിയമത്തിലെ ആവർത്തന പുസ്തകത്തിൽ, വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പററി മൊശെ ഇങ്ങനെ പ്രസ്താവിക്കുന്നു. ‘എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ സ്വന്തം ജനങ്ങളിൽ നിന്ന് ദൈവം നിങ്ങൾക്കായി അയയ്ക്കും. അവനെ അനുസരിക്കണം. പറയേണ്ട കാര്യങ്ങൾ എന്തെന്ന് ദൈവം അവനെ അറിയിക്കുകയും ദൈവം കൽപ്പിക്കുന്ന കാര്യങ്ങളെല്ലാംഅവൻ ജനങ്ങളോടു പറയുകയും ചെയ്യും. ദൈവനാമത്തിൽ സംസാരിക്കുന്ന അവന് ചെവികൊടുക്കാത്ത ആരേയും ദൈവം കണക്കു പറയിക്കും’. (ആവർത്തന പുസ്തകം 18: 15-19). പുതിയ നിയമത്തിലെ അപ്പോസ്തല പ്രവൃത്തികളിൽ സൈമൺ പത്രോസും ക്രൈസ്തവരുടെ ആദ്യത്തെ രക്തസാക്ഷിയായ സ്റ്റീഫനും, ഈ പ്രവചനം യേശുവിനെപ്പററിയാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. (അപ്പോസ്തല പ്രവൃത്തികൾ 3:22, 7:37) എന്നാൽ ഇവർ ഇതു രേഖപ്പെടുത്തുമ്പോൾ മുഹമ്മദ് നബി(സ) ജനിച്ചിട്ടില്ല. ഈ പ്രവചനം മുഹമ്മദ് നബി(സ) യെപ്പററിയാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

തനിക്കുശേഷം വരുന്ന പ്രവാചകനെപ്പററി യേശു ക്രിസ്തു നടത്തിയ പ്രവചനങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു കാണുക. ‘എനിക്ക് ഇനിയും പല കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. എന്നാൽ, ഇപ്പോൾ അത് താങ്ങാൻ നിങ്ങൾക്ക് കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കും. ആ സത്യാത്മാവ് വരുമ്പോൾ നീതിയേയും ന്യായവിധിയേയും സംബന്ധിച്ച് ലേകത്തെ പഠിപ്പിക്കും. ദൈവത്തെപ്പററിയുള്ള സത്യംവെളിപ്പെടുത്തുകയും സത്യത്തിലേക്ക് നിങ്ങളെ നയിക്കുകയും ചെയ്യും. സ്വന്തം അധികാരത്തിലായിരിക്കുകയില്ല അദ്ദേഹം സംസാരിക്കുന്നത്. പ്രത്യുത, (ദൈവത്തിൽ നിന്നും) താൻ കേൾക്കുന്നതായിരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ (പരലോകത്തെപ്പററി) അവൻ വെളിപ്പെടുത്തും. ഞാൻ പറയുന്ന കാര്യങ്ങൾ അവനും പറയും. എന്നെപ്പററി സംസാരിക്കും. എന്നെ മഹത്വപ്പെടുത്തും’. (യോഹന്നാൻ 16:7-15, 15:26, 14:26)

യേശു അവസാനമായി ആചരിച്ച പെസഹാതിരുന്നാളിന്റെ അമ്പതു ദിവസത്തിനുശേഷം യഹൂദന്മാരുടെ ഒരാഘോഷമായ പെന്തക്കോസ്താ ദിനത്തിൽ ഒരു വീട്ടിൽ കൂടിയിരിക്കുകയായിരുന്ന വിശ്വാസികളെ തീനാളങ്ങൾ പോലുള്ള നാവുകൾ സ്പർശിച്ചതായും അവർ അന്യഭാഷകൾ സംസാരിച്ചതായും, അത് പരിശുദ്ധാത്മാവാണെന്ന് പത്രോസ് അവിടെ വെച്ച് പ്രസംഗിച്ചതായും അപ്പോസ്തല പ്രവൃത്തികൾ 2:1-41ൽ രേഖപ്പെടുത്തിയിരിക്കുന്നത്, യേശു പറഞ്ഞ സത്യാത്മാവിന്റെ രംഗപ്രവേശമായിരുന്നുവെന്ന് ക്രൈസ്തവസഭകൾ വ്യാഖ്യാനിക്കുകയായിരുന്നു. പക്ഷേ, യേശു പറഞ്ഞത് പച്ചയായ ഒരു മനുഷ്യനെപ്പററിയായിരുന്നു. എന്നാൽ, ഈ സംഭവങ്ങൾ കഴിഞ്ഞ് അഞ്ചു നൂററാണ്ടുകൾക്കു ശേഷമാണ് യേശുക്രിസ്തുവും മോശെയും ഉൾപ്പെടെയുള്ള മുൻകഴിഞ്ഞ പ്രവചകന്മാരെല്ലാം പ്രവചിച്ച, ആ പ്രവാചകൻ താനാണെന്നും, അവരെല്ലാം പഠിപ്പിച്ചത് ആവർത്തിച്ചു പഠിപ്പിക്കലാണ് തന്റെ ഉദ്ദേശ്യമെന്നും അവകാശപ്പെട്ടു കൊണ്ട് മുഹമ്മദ് നബി(സ) മക്കയിൽ ജനിക്കുന്നത്. തനിക്കുശേഷം വരുന്ന ‘അഹ്മദ്’ (മുഹമ്മദ് നബി(സ) യുടെ അപരനാമം) എന്ന പ്രവാചകനെ, യേശു പേരെടുത്ത് പറഞ്ഞിട്ടുണ്ടെന്നാണ് പണ്ഡിതരുടെ അഭിപ്രായം.

അഹ്മദ് അഥവാ സ്തുതിക്കപ്പെട്ടവൻ എന്നർത്ഥം വരുന്ന Periklytos എന്നഗ്രീക്ക് പദമാണ് ബർണബാസിന്റെ സുവിശേഷത്തിലും ആദ്യകാലത്തെ ചില സുവിശേഷ ഗ്രന്ഥങ്ങളിലും റിപ്പോർട്ട് ചെയ്തതെന്ന് പറയപ്പെടുന്നു. എന്നാൽ, ഇന്നുള്ള ബൈബിളിന്റെ മൂലകൃതികളിൽ ഈ പദം എങ്ങനെയോ Parakletos എന്ന് എഴുതാനിടയായെന്നാണ് പണ്ഡിതാഭിപ്രായം. ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥമായ ആശ്വാസദായകൻ, സഹായകൻ മുതലായ പദങ്ങളാണ് ഇന്നുള്ള ബൈബിളിൽ കാണപ്പെടുന്നത്. ‘എനിക്കു മുമ്പുള്ള യഹൂദ മതഗ്രന്ഥങ്ങൾ സ്ഥിരീകരിച്ചുകൊണ്ടും എനിക്കുശേഷം വരാനുള്ള ‘അഹ്മദ്’ എന്ന പ്രവാചകനെപ്പററി സദ്വാർത്ത തരുന്നതിനും വേണ്ടി ഇസ്രയേൽ സന്തതികളിലേക്ക് ദൈവം അയച്ച പ്രവാചകനാണ് ഞാൻ’ എന്ന് യേശുക്രിസ്തു മുഹമ്മദ് നബി(സ) യെപ്പററി പേരെടുത്ത് പറഞ്ഞതായി ഖുർആനും പറയുന്നു. (ഖുർആൻ 61:6) യാഥാർത്ഥ്യങ്ങൾ വസ്തുനിഷ്ഠമായും നിഷ്പക്ഷമായും വിലയിരുത്തിയാൽ, ഇസ്ലാം മതമാണ് ദൈവത്തിന്റെ യഥാർത്ഥമതമെന്നും മററു മതങ്ങളെല്ലാം മനുഷ്യരുടെ സൃഷ്ടിയാണെന്നും നമുക്കു

മനസ്സിലാക്കാം. മുഹമ്മദ് നബി(സ), യേശുക്രിസ്തു, മോശെ മുതലായ മനുഷ്യരേയോ, മനുഷ്യരുടെ സൃഷ്ടികളായ വിഗ്രഹങ്ങളെയോ, ചിത്രങ്ങളേയോ, രൂപങ്ങളേയോ ആരാധിക്കുന്ന മതമല്ല ഇസ്ലാംമതം. പ്രപഞ്ചനാഥനായ സാക്ഷാൽ ദൈവത്തെ മാത്രം ആരാധിക്കുന്ന മതമാണത്.

ഖുർആനിലൂടെ അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക. 'നൂഹിനെയും, ഇബ്രാഹിമിനേയും, മൂസായേയും, ഈസായേയും ഉപദേശിച്ചിരുന്നതും നിനക്ക് നാം വെളിപാട് നൽകിയിട്ടുള്ളതുമായ അതേ മതമാണ് നിങ്ങൾക്കു നിശ്ചയിച്ചു തന്നിട്ടുള്ളത്. ആ മതം നിലനിർത്തുക'. (ഖുർആൻ 42:13) ചിന്തിക്കൂ, യഥാർത്ഥമതം ഏതാണെന്ന്? ഇങ്ങനെയൊരു തിരിച്ചറിവ് കിട്ടിയതുകൊണ്ട് അന്യമതസ്ഥരുടെ വിശ്വാസങ്ങളെയോ, ആചാരങ്ങളെയോ നിന്ദിക്കലോ, കളിയാക്കലോ ഒരു മുസ്ലിം ഒരിക്കലും ചെയ്യരുതാത്തതാകുന്നു. തന്നെ കാണാൻ വന്ന നജ്റാനിലെ ക്രൈസ്തവർക്ക്, അവരുടെ ആരാധനയ്ക്കുള്ള സമയം ചോദിച്ചറിഞ്ഞ് പള്ളിയുടെ ഒരു ഭാഗത്ത് അവർക്ക് പ്രാർത്ഥനയ്ക്കുള്ള സൗകര്യംഒരുക്കിക്കൊടുത്ത പ്രവാചകൻ(സ) യുടെ അനുയായികളാണ് നാം. നിർബന്ധിത മതപരിവർത്തനം പോലും ഇസ്ലാമിൽ പാടില്ല. അറിവ് എത്തിച്ചുകൊടുക്കുക എന്ന ഒരു ബാധ്യത മാത്രമേ ഒരു മുസ്ലിമിനുള്ളൂ. മാത്രമല്ല, നമ്മൾ തന്നെ ഒരു യഥാർത്ഥ മുസ്ലിം അല്ല എന്നിരിക്കേ, ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കി, നമ്മുടെ മതവിശ്വാസം ശക്തിപ്പെടുത്തുകയാണ് നമ്മൾ ആദ്യം ചെയ്യേണ്ടത്.

## 5. ഇസ്ലാം, ഏക ദൈവവിശ്വാസത്തിലൂന്നിയ മതം

പ്രപഞ്ച സൃഷ്ടാവായ സാക്ഷാൽ ദൈവം ഏകനാണെന്നു തന്നെയാണ് ഹിന്ദു, ക്രിസ്തു, ജൂത മതവിശ്വാസികളെല്ലാം പറയുന്നത്. പക്ഷെ, ദൈവത്തിന് മററു രൂപങ്ങളുണ്ടെന്ന് അവർ വിശ്വസിക്കുന്നു. മരണപ്പെട്ട പുണ്യാത്മാക്കളായ മനുഷ്യർക്ക് ദിവ്യത്വമുണ്ടെന്നും അവരോട് പ്രാർത്ഥിച്ചാൽ അവർ നമുക്കുവേണ്ടി ദൈവത്തോട് ശുപാർശ ചെയ്യുമെന്നും ചിലർ കരുതുന്നു. മാദ്ധ്യസ്ഥ പ്രാർത്ഥന കൃസ്ത്യാനികളിൽ ഒരു വിഭാഗത്തിന്റെ പ്രധാന വിശ്വാസമാണ്. ഇന്ത്യയിൽ മാത്രം, ജീവിച്ചിരിക്കുന്ന അഞ്ഞൂറോളം ആൾ ദൈവങ്ങളുണ്ടത്രേ. വലിയൊരു വിഭാഗം ജനങ്ങൾ ഇവരിൽ ദിവ്യത്വം ദർശിക്കുന്നു. ഉത്തരേന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ പശുക്കളെ ആരാധിക്കുന്നവരാണ്. കൂടാതെ വിഗ്രഹങ്ങൾ, രൂപങ്ങൾ, ചിത്രങ്ങൾ, പാമ്പ്, സൂര്യൻ, ചന്ദ്രൻ, ഇടിമിന്നൽ, കല്ല്, മരം, മരണപ്പെട്ടവരുടെ ഖബറുകൾ മുതലായവയെയെല്ലാംആരാധിക്കുന്നവരുണ്ട്.

ലോകത്തിലെ നൂറുകണക്കിന് മതങ്ങൾക്കിടയിൽ ഇസ്ലാം മതം മാത്രം കലർപ്പില്ലാത്ത, കണിശമായ ഏക ദൈവത്വം വിളംബരം ചെയ്യുന്നു. ആരാധനയുടെ, പ്രാർത്ഥനയുടെ, പരമമായ കീഴ്വണക്കത്തിന്റെ ഒരംശം പോലും ലോകരക്ഷിതാവിന്നല്ലാതെ സമർപ്പിച്ചുകൂടെന്നും, അവന്റെ അസ്തിത്വം പോലെ സ്വയംഭൂവായ മററൊരു അസ്തിത്വമില്ലെന്നും, അവന്റെ ഗുണങ്ങൾക്ക് തുല്ല്യമായ ഗുണങ്ങളുള്ളവരോ അവന്റെ പ്രവർത്തനങ്ങൾക്ക് തുല്യമായ പ്രവർത്തനങ്ങൾ നടത്തുന്നവരോ ആയി ആരുമില്ലെന്നും, യാതൊരു മനുഷ്യനും യാതൊരു സൃഷ്ടിക്കും ദിവ്യത്വം കല്പിക്കരുതെന്നുമാണ് പ്രവാചകന്മാരെല്ലാം പഠിപ്പിച്ച പരമപ്രധാനമായ കാര്യം. എന്നാൽ കാലാകാലങ്ങളിൽ ജനങ്ങളിൽ ചിലർ ശരിയായ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് വ്യത്യസ്ത മതങ്ങളുണ്ടായപ്പോൾ, ഇസ്ലാം മതം മാത്രം അതിന്റെ അന്തഃസ്സത്തയോടെ ഇന്നും നിലനിൽക്കുന്നു.

ഏക ദൈവ വിശ്വാസമാണ് (തൗഹീദ്) ഇസ്ലാമിന്റെ അടിത്തറ. അതിന് സാക്ഷ്യംവഹിക്കുക എന്നതാണ് ഒരാൾക്ക് മുസ്ലീമാവാൻ വേണ്ട പ്രഥമ യോഗ്യത. 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്നാണ് 'ശഹാദത്ത് കലിമ' എന്നറിയപ്പെടുന്ന, ഇസ്ലാമിന്റെ അഞ്ച് കാര്യങ്ങളിൽ ഒന്നാമത്തേതായ സാക്ഷ്യവചനം. 'അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനായി മററാരുമില്ലെന്നും, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നാണ് ഇതിന്റെ അർത്ഥം. ഇതു ചൊല്ലിയതുകൊണ്ട് മാത്രം കാര്യമില്ല. തന്റെ ജീവിതം കൊണ്ട് ഒരു മുസ്ലീം ഇതിനെ സാക്ഷ്യപ്പെടുത്തണം. മനസാ, വാചാ, കർമ്മണാ ഇതിനു വിരുദ്ധമായി ഒന്നും ഒരു മുസ്ലീമിന്റെ ജീവിതത്തിൽ വന്നു പോകരുത്. അഞ്ചുനേരത്തെ നമസ്കാരം, സക്കാത്ത്, റമദാൻ മാസം മുഴുവൻ നോമ്പനുഷ്ഠിക്കുക, കഴിവുള്ളവർ ഹജ്ജ് ചെയ്യുക എന്നിവയാണ് ഇസ്ലാമിന്റെ മററുള്ള നാല് അനുഷ്ഠാന കാര്യങ്ങൾ. ഇവയെല്ലാം പൂർത്തിയാക്കാതെ ഒരുവൻ മുസ്ലിം അഥവാ ദൈവത്തെ അനുസരിക്കുന്നവൻ ആകുന്നില്ല. കേവലം മുസ്ലിം കുടുംബത്തിൽ ജനിച്ചതു കൊണ്ട് മാത്രം യാതൊരു കാര്യവുമില്ലെന്നർത്ഥം.

ഒരു മുസ്ലിം ഈമാൻ കാര്യങ്ങൾ എന്നറിയപ്പെടുന്ന ആറ് കാര്യങ്ങൾ അചഞ്ചലമായി വിശ്വസിക്കേതുണ്ട്. അല്ലാഹുവിൽ വിശ്വസിക്കൽ, അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കൽ, അല്ലാഹുവിന്റെ പ്രവാചകൻമാരിൽ വിശ്വസിക്കൽ, അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കൽ, അന്ത്യനാളിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കൽ, നന്മയും തിന്മയും അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കൽ എന്നിവയാണവ.

ഇസ്ലാമിന്റെ ദൃഷ്ടിയിൽ ഏററവും വലിയ പാപം 'ശിർക്ക്' അഥവാ ആരാധനയിൽ ദൈവത്തെ പങ്കു ചേർക്കൽ ആണ്. ഖുർആനിൽ അല്ലാഹു പറയുന്നു. 'തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല. തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നതാണ്. ആര്

അല്ലാഹുവിനോട് പങ്കു ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ച് പോയിരിക്കുന്നു'. (ഖുർആൻ 4:116). 'തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ. അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകും. തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും'. (ഖുർആൻ 29:65).

ഏററവും വലിയ പാപമായ ശിർക്ക് ചെയ്തവന് നരകത്തിൽ നിന്നും ഒരിക്കലും മോചനമുണ്ടാകില്ലെന്ന് ഖുർആൻ തറപ്പിച്ചുപറയുന്നു. അതൊഴികെയുള്ള തെററുകൾക്കെല്ലാം അല്ലാഹു ഉദ്ദേശിച്ചാൽ നമ്മുടെ പശ്ചാത്താപത്തിന്റെ തോതനുസരിച്ച് പൊറുത്തുതരും. നരകശിക്ഷ വിധിക്കപ്പെട്ടാൽ തന്നെ ഒരു നിശ്ചിത കാലത്തെ ശിക്ഷകഴിഞ്ഞ് നരകത്തിൽ നിന്നും മോചിപ്പിച്ച് സ്വർഗ്ഗപ്രവേശനം നൽകും. എന്നാൽ ഗുരുതരമായ തെററായ ശിർക്ക് ചെയ്തവന്റെ യാതൊരു വിധ സൽക്കർമ്മങ്ങളും സ്വീകരിക്കപ്പെടുകയില്ല. ശാശ്വതമായ നരകശിക്ഷ അവന് അനുഭവിക്കേണ്ടിവരും. ഒരു യഥാർത്ഥ ഏകദൈവവിശ്വാസിക്ക് ഒരുനാൾ സ്വർഗ്ഗം സുനിശ്ചിതമാണെന്ന് വ്യക്തമാക്കുന്ന അനേകം ഹദീസുകളുണ്ട്.

ഒരു നബിവചനം വിശദീകരിക്കുന്നു. ഇസ്ലാം എന്നത് അഞ്ചു തൂണുകളുള്ള ഒരു കൂടാരമാണ്. ഏകദൈവ വിശ്വാസമാണ് ആ കൂടാരത്തിന്റെ നടുക്കുള്ള ഏററവും വലിയ തൂൺ. ആ തൂണിന് എന്തെങ്കിലും സംഭവിച്ചാൽ കൂടാരം മൊത്തം നിലംപൊത്തും. മറിച്ച്, നാലു മൂലകളിലുള്ള നമസ്ക്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് മുതലായ മറേറതെങ്കിലും തൂണിന് എന്തെങ്കിലും സംഭവിച്ചാലാകട്ടെ, കൂടാരത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിനു മാത്രമേ കേടുപററുകയുള്ളു.

അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും തുടച്ചുനീക്കിയ ഇസ്ലാം, ശിർക്കിലേക്ക് വഴിവെക്കുന്നതെല്ലാം നിരോധിച്ചിട്ടുണ്ട്. നബി(സ) പറഞ്ഞു. 'ആരെങ്കിലും ഒരു പ്രശ്നക്കാരനെ സമീപിച്ചു എന്നിട്ട് അവനോട് വല്ലതിനെ സംബന്ധിച്ചും ചോദിച്ചു. അങ്ങനെ അവൻ പറഞ്ഞത് വിശ്വസിക്കുകയും ചെയ്തു. എന്നാൽ അവന്റെ ഒരു നമസ്കാരവും സ്വീകരിക്കപ്പെടുകയില്ല, നാൽപ്പത് ദിവസവും'. (മുസ്ലിം). നബി(സ) പറഞ്ഞു: 'പ്രാർത്ഥന തന്നെയാണ് ആരാധന' (തിർമിദി). പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്ന് മറെറാരു നബിവചനവും ഉണ്ട്.

ആരാധനയ്ക്കർഹൻ അല്ലാഹു മാത്രമാണെന്ന് ആണയിടുന്ന നമ്മുടെ പ്രാർത്ഥനകൾ അല്ലാഹുവിനോടു മാത്രമായിരിക്കണം. നിർഭാഗ്യവശാൽ, ഇസ്ലാം മതത്തിലും ശിർക്കിൽ ഉൾപ്പെടാവുന്ന ഗുരുതരമായ പിഴവുകൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. മതത്തിലെ ഒരു വിഭാഗമായ ഷിയാ മുസ്ലീംകൾ ഖബ്റാരാധനയ്ക്ക് പേരുകേട്ടവരാണ്. ഖബ്റുകളിൽ കിടക്കുന്ന മരണപ്പെട്ടുപോയ മഹാന്മാരോടുള്ള പ്രാർത്ഥന ഷിയാക്കളുടെ പ്രധാന ആചാരമാണ്. ഇവരുടെ പാത പിന്തുടർന്ന് നമ്മുടെ സമുദായത്തിലും, വെറും അന്ധവിശ്വാസങ്ങളുടെ പേരിൽ മരണപ്പെട്ടുപോയ മഹാന്മാരുടെ ഖബ്റുകൾ കെട്ടിപ്പൊക്കുന്നു. സ്വന്തം മാതാപിതാക്കളുടെ ഖബ്ർ പോലും സിയാറത്ത് ചെയ്യാൻ സമയമില്ലാത്തവർ കാശുചെലവാക്കി ദൂരസ്ഥലങ്ങളിൽ സിയാറത്ത് എന്നപേരിൽ ഇത്തരം മഖ്ബറകൾ സന്ദർശിക്കുന്നു. അറിവില്ലാത്ത, സാധാരണ ജനങ്ങൾക്ക് ഇത്തരം സ്ഥലങ്ങളിൽ ചെല്ലുമ്പോൾ ഖബ്റിലുള്ളവരോട് ഭക്തി തോന്നുകയും അവരോട് നേരിട്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇത്തരം സ്ഥലങ്ങളിൽ പോകുന്നവരിൽ ഭൂരിഭാഗവും, ശിർക്കിലേക്ക് എളുപ്പം വഴിതെററിപ്പോകുന്ന ദുർബലമനസ്കരായ സ്ത്രീകളാണു താനും. പള്ളികളിൽ ജുമുഅയ്ക്കു പോലും പ്രവേശനമില്ലാത്ത സ്ത്രീകൾക്ക് ജാറങ്ങളിൽ ഔറത്ത് പോലും മറയ്ക്കാതെ യഥേഷ്ടം പ്രവേശിക്കാം. പ്രത്യേക പുണ്യം പ്രതീക്ഷിച്ചു കൊണ്ടുള്ള ഇത്തരത്തിലുള്ള യാത്രകൾ 'അല്ലാഹുവല്ലാത്തവർക്കുള്ള ഹജ്ജ്' ആയി മാറുമെന്ന് പ്രശസ്ത പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള സ്ഥലങ്ങളിലേയ്ക്ക് പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നേർച്ച നേരുക എന്നൊരു കർമ്മവും ചിലർക്കുണ്ട്. ഒരു മുസ്ലിം അല്ലാഹുവിന് മാത്രമായിരിക്കണം നേർച്ച നേരേണ്ടത്.

മരണപ്പെട്ടുപോയ മഹാത്മാക്കൾക്ക് കേൾക്കാനുള്ള കഴിവുണ്ടെന്നും അവർ നമുക്കുവേണ്ടി ശുപാർശചെയ്യുമെന്നും അവരിലൂടെ അല്ലാഹുവിലേയക്ക് അടുക്കാമെന്നുമാണ് ചിലരുടെ വിശ്വാസം. എല്ലാം കേൾക്കുന്നവൻ എന്ന വിശേഷണം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. നിഷ്കളങ്കരായ ജനങ്ങുടെ പ്രാർത്ഥന അവൻ പെട്ടന്നു തന്നെ സ്വീകരിക്കുന്നു. 'നിങ്ങളുടെ കഴുത്തിലെ കണ്ഠനാഡിയേക്കാൾ അടുത്തവനാണ് അവൻ' എന്നാണ് ഖുർആൻ അല്ലാഹുവിനെ വിശേഷിപ്പിക്കുന്നത്. കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിനെ സമീപിക്കുവാനും അവനോട് പ്രാർത്ഥിക്കുവാനും ആരും മടിച്ചുനിൽക്കേണ്ടതില്ല. അവനോട് പ്രാർത്ഥിക്കാൻ ഒരുമദ്ധ്യസ്ഥന്റെ (ഇടയാളന്റെ) ആവശ്യമില്ല. നബി(സ) പറഞ്ഞു. 'നിങ്ങൾ അല്ലാഹുവിന്റെ അടുത്തേയ്ക്ക് നടന്നു ചെല്ലുകയാണെങ്കിൽ അല്ലാഹു ഇങ്ങോട്ട് ഓടിവരും. നിങ്ങൾ അവന്റെയടുത്തേയ്ക്ക് ഒരു ചാൺ അടുത്താൽ അവനിങ്ങോട്ട് ഒരു മുഴം അടുക്കും'. അല്ലാഹു നമ്മുടെ ഏററവും അടുത്ത ആളാണ്. നമുക്ക് എന്തും അവനോട് ചോദിക്കാം. തെററ് ചെയ്താൽ മാപ്പിന് വേണ്ടി അപേക്ഷിക്കാം. അവനോട് ബന്ധപ്പെടാൻ ഒരു ശുപാർശകന്റേയോ, മദ്ധ്യസ്ഥന്റേയോ, ഒരു പ്രത്യേക ഭാഷയുടേയോ ആവശ്യമില്ല.

മരണപ്പെട്ട മഹാന്മാരോടുള്ള പ്രാർത്ഥന ആരാധനയിൽപ്പെടുന്നില്ലെന്നും അവരോടുള്ള സഹായാഭ്യർത്ഥന മാത്രമാണെന്നും ചില പണ്ഡിതന്മാർ ന്യായീകരിക്കുന്നു. നമസ്കാരവേളയിലും മററു സന്ദർഭങ്ങളിലുമായി ഒരു ദിവസം ഏററവും ചുരുങ്ങിയത് പതിനേഴ് തവണ നമ്മൾ ഓതുന്ന ഫാതിഹ സൂറത്തിൽ,

'ഇയ്യാക്കനഅ്ബുദു വഇയ്യാക്ക നസ്തഈൻ' എന്ന് നാം ആണയിട്ടു പറയുന്നു. അതായത് 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടു മാത്രം ഞങ്ങൾ സഹായമഭ്യർത്ഥിക്കുന്നു' എന്നജീവിതത്തിൽ പാലിക്കേണ്ട വചനം.

ഹിജ്റ ഏഴാം നൂററാണ്ടിലാണത്രേ, മൗലീദ്, റാത്തീബ്, മാല മുതലായവയുടെആരംഭം. നബി(സ) യുടെയും, അമ്പിയാക്കളുടെയും, ഔലിയാക്കളുടെയും മററും പേരിലുള്ള ഈ കീർത്തന കാവ്യങ്ങൾ രചിച്ചതാരാണെന്നു പോലും ആർക്കും നിശ്ചയമില്ല. ദാരിദ്ര്യത്തിൽ നിന്നും, വസൂരി, കോളറ, പ്ലേഗ് മുതലായ മാരകരോഗങ്ങളിൽ നിന്നും രക്ഷനേടാനായി ഇവകൾ ചൊല്ലിയാൽ മതിയെന്നായിരുന്നു നമ്മുടെ പൂർവ്വികരുടെ വിശ്വാസം. ഉദാഹരണത്തിന്, പൊന്നാനി പ്രദേശത്ത് കോളറ പടർന്നു പിടിച്ചപ്പോൾ നിലവിൽ വന്നതാണ് 'മങ്കൂസ് മൗലീദ്'. ആശുപത്രികളും ചികിത്സാ സൗകര്യങ്ങളും ഒന്നുമില്ലാതിരുന്ന അക്കാലത്ത്, മാരകരോഗങ്ങളിൽ നിന്നും രക്ഷപ്പെട്ട അപൂർവ്വം ചിലർ, മൗലീദിന്റെ ശക്തികൊണ്ടാണ് രക്ഷപ്പെട്ടതെന്ന് അടിയുറച്ച് വിശ്വസിച്ചു.

ഇങ്ങനെ തലമുറകളിലൂടെ കൈമാററം ചെയ്യപ്പെട്ട ഇവകൾ, ഇന്നും ചിലർ വാശിയോടുകൂടി പിന്തുടരുന്നു. ഖുർആൻ പാരായണം ചെയ്യുന്നതുപോലെ വളരെയധികം ഭക്തിയോടുകൂടി ഇവകൾ പാരായണം ചെയ്യുന്ന സാധാരണ ജനങ്ങൾ ഇതിൽ അടങ്ങിയിട്ടുള്ള അറബിവാചകങ്ങളുടെ അർത്ഥം അറിയുന്നില്ല. അല്ലാഹുവും നബി(സ) യും പറഞ്ഞു എന്ന് പറഞ്ഞ് ഇവകളിൽ പറയുന്ന കാര്യങ്ങൾ പലതും, ഖുർആനിലോ സുന്നത്തിലോ തെളിവുകളില്ലാത്ത ശുദ്ധ അസ്സംബന്ധങ്ങളാണ്. അല്ലാഹു ഈ പ്രപഞ്ചത്തിൽ ആദ്യമായി സൃഷ്ടിച്ചത് നബി(സ) യുടെ പ്രകാശം (നൂർ) ആയിരുന്നുവെന്നും, ആ പ്രകാശം സമുദ്രങ്ങളിൽ (പ്രപഞ്ചം സൃഷ്ടിക്കപ്പെടാത്ത അക്കാലത്ത് സമുദ്രങ്ങളുണ്ടായിരുന്നുവത്രെ) അനേകം വർഷങ്ങൾ നീന്തിത്തുടിച്ചപ്പോഴുണ്ടായ വിയർപ്പുകണങ്ങളിൽ നിന്നാണ് അമ്പിയാക്കളെയും, ഔലിയാക്കളെയും, ഭൂമിയിലെ മറെറല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചതെന്നും, ആ പ്രകാശം കളിമണ്ണുമായി കൂട്ടിച്ചേർത്താണ് ആദം നബി(സ) യെ സൃഷ്ടിച്ചതെന്നും മററുമാണ് നബി(സ) യെ പ്രകീർത്തിക്കുന്ന മൗലീദുകളിലെ ചില പ്രധാന ഭാഗങ്ങൾ. പ്രപഞ്ചത്തിന്റെ ആത്മാവെന്നു തോന്നിപ്പോകുന്ന നബിപ്രകാശത്തെപ്പററി ഒരു സൂചന പോലും അല്ലാഹു ഖുർആനിൽ പറയുന്നില്ല. താൻ ഇത്തരത്തിലുള്ള ഒരു പ്രകാശമായിരുന്നെന്ന് നബി(സ) പറഞ്ഞതായി ലക്ഷക്കണക്കായ ഹദീസുകളിൽ ഒന്നിൽ പോലും ഇല്ല. അന്ധവിശ്വാസങ്ങളിൽ മെനഞ്ഞെടുത്ത ഇത്തരം കാര്യങ്ങൾ അല്ലാഹുവും നബി(സ)യും പറഞ്ഞു എന്ന തലക്കെട്ടോടെ പറയുന്നത് ഗുരുതരമായ തെററാണ്. അതിനേക്കാൾ ഗുരുതരമായ മറെറാരു കാര്യമുണ്ട്. മരണപ്പെട്ടുപോയ നബി(സ) യോടും മററു മഹാന്മാരോടുമുള്ള പ്രാർത്ഥനകൾ ഇവകളിൽ ധാരാളമായി അടങ്ങിയിരിക്കുന്നു എന്നതാണത്.

ഖുർആൻ അവതരിക്കുന്ന കാലത്ത് മക്കയിലെ മുശ്രിക്കുകൾ (ശിർക്ക് ചെയ്യുന്നവർ) അല്ലാഹു ഉണ്ടെന്നും അവൻ എല്ലാത്തിന്റേയും സൃഷ്ടാവാണെന്നും വിശ്വസിച്ചവരായിരുന്നു. അല്ലാഹുവിനോട് ശുപാർശചെയ്യാനായി ഇബ്രാഹീം നബി(അ), ഇസ്മാ ഈൽ നബി(അ) മുതലായ അസംഖ്യം മഹാൻമാരോടായിരുന്നു വിഗ്രഹങ്ങളുണ്ടാക്കി അവർ പ്രാർത്ഥിച്ചിരുന്നത്.

'മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അതു ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമേ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല, അതിനായി അവരെല്ലാം ഒത്തു ചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്നും വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയുകയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ'. (ഖുർആൻ 22:73). പരമകാരുണികനായ അല്ലാഹു നമ്മുടെ തൊട്ടടുത്തു തന്നെയുണ്ടെന്നിരിക്കെ, നമ്മളെന്തിന് ശുപാർശക്കാരുടെയും മദ്ധ്യസ്ഥൻമാരുടെയും പിറകെ പോകുന്നു?.

ഖുർആൻ ചോദിക്കുന്നു. 'അല്ലാഹുവിന്റെ അടിമക്ക് അല്ലാഹു പോരേ?'(39:36). നബി(സ) പറഞ്ഞു. 'നിങ്ങളിലൊരാൾ തന്റെ ഏതൊരാവശ്യവും തന്റെ നാഥനോടായിരിക്കട്ടെ ചോദിക്കുന്നത്'. (തിർമിദി)

## 6. ഖുർആൻ എന്ന അത്ഭുതം

'ലോകാത്ഭുതങ്ങൾ' എന്ന് പേരിട്ടു വിളിക്കുന്ന ഏഴ് അത്ഭുതങ്ങളെക്കുറിച്ച് നമുക്കെല്ലാമറിയാം. നൂററാണ്ടുകൾക്കു മുമ്പ് ആയിരക്കണക്കിന് മനുഷ്യരുടെ ഇച്ഛാശക്തിയുടേയും, കഠിനാധ്വാനത്തിന്റെയും ഫലമായി ഉയർന്നുവന്ന വസ്മയങ്ങളാണവ. എന്നാൽ, ലോകത്തിൽ ഇന്ന് നിലനിൽക്കുന്ന ഏററവും വലിയ അത്ഭുതമേതാണെന്ന് ചോദിച്ചാൽ, അത് പരിശുദ്ധ ഖുർആൻ എന്ന ഒരു ഗ്രന്ഥമാണെന്ന് നിസ്സംശയം പറയാം.

അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്രമഹിമയുടെ പേരിൽ തമ്മിലടിച്ച് ചോരചിന്തുന്നതിൽ യാതൊരുവിധ വൈമനസ്യവുമില്ലാതിരുന്ന, അറിവിന്റെ രംഗത്ത് വട്ടപ്പൂജ്യം മാത്രമായിരുന്ന, ചികിത്സാരംഗത്ത് ഒന്നുമല്ലാതിരുന്ന, കാർഷികമായി പിന്നോക്കം നിന്നിരുന്ന, രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന ഒരു ജനതയെ, വെറും ഇരുപത്തിമൂന്ന് വർഷങ്ങൾകൊണ്ട് മാനവികതയുടെ പരമശീർഷത്തിൽ എത്തിക്കുവാൻ കഴിഞ്ഞ ഗ്രന്ഥമാണ് ഖുർആൻ. ഇങ്ങനെയൊരു വിപ്ലവത്തിന് നേതൃത്വം കൊടുത്ത മുഹമ്മദ് നബി(സ) യോളം പോന്ന ഒരു വിപ്ലവകാരി ലോകചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല.

അതുകൊണ്ടാണല്ലോ, ലോകചരിത്രത്തെ ഏററവുമധികം സ്വാധീനിച്ച വ്യക്തികളിൽ ഒന്നാമൻ മുഹമ്മദ് നബി(സ) ആണെന്ന്, പ്രശസ്ത ചരിത്രപണ്ഡിതനായ മൈക്കൾ. എച്ച്. ആർട്ട്, 1978 ൽ ന്യൂയോർക്കിൽ പ്രസിദ്ധീകരിച്ച തന്റെ ഗ്രന്ഥമായ "The 100 A Rankingthe mostinfluential persons in History' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നത്. ഇദ്ദേഹം ഒരു മുസ്ലീമല്ല. സത്യസന്ധമായി ചരിത്രം പഠിച്ച ഒരു പണ്ഡിതൻ മാത്രം.

ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും മാർഗ്ഗദർശനമായി അവതരിച്ച ഈ ഗ്രന്ഥം, ഇന്ന് നൂററിഇരുപത് കോടിയോളം വരുന്ന മുസ്ലീങ്ങൾക്ക് വഴികാട്ടിയാണ്. ഖുർആനെപ്പററി, നല്ല അഭിപ്രായങ്ങൾ പറയുന്നത് മുസ്ലീങ്ങൾ മാത്രമാണോ? അല്ല, പരിശുദ്ധ ഖുർആൻ ശരിയായി പഠിക്കാൻ ശ്രമിച്ച അമുസ്ലീങ്ങളെല്ലാം തന്നെ ഈ വിസ്മയത്തിന് മുന്നിൽ പകച്ചു നിൽക്കുകയും അവരുടെ വിലയേറിയ അഭിപ്രായങ്ങളിലൂടെ ഈ ഗ്രന്ഥത്തെ വാനോളം പുകഴ്ത്തുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയെപ്പോലെയുള്ള സാമൂഹ്യരംഗത്തെ പ്രമുഖർ, അണ്ണാദുരൈപ്പോലുള്ള രാഷ്ട്രീയരംഗത്തെ പ്രമുഖർ, നെപ്പോളിയനെപ്പോലുള്ള പ്രമുഖ ഭരണാധികാരികൾ, ഗിബ്ബണെപ്പോലെയുള്ള പ്രശസ്ത ചരിത്ര പണ്ഡിതന്മാർ, ജർമൻ നാടകകൃത്തായ ഗോയ്ഥെയെപ്പോലെയുള്ള കലാ, സാംസ്കാരിക രംഗത്തെ പ്രമുഖർ, വാണിദാസ് എളയാവൂരിനെപ്പോലെയുള്ള സാഹിത്യരംഗത്തെ പ്രമുഖർ തുടങ്ങിയ സമൂഹത്തിലെ വിവിധ തുറകളിൽപ്പെട്ട, അമുസ്ലീങ്ങളായ എത്രയെത്ര പ്രശസ്തവ്യക്തികളാണ് ഖുർആൻ പഠിച്ച് സാക്ഷ്യപത്രങ്ങളെഴുതിയിട്ടുള്ളത്. പരിശുദ്ധ ഖുർആന്റെ സവിശേഷമായ ഘടനയും ആവിഷ്കാരചാരുതയും അതിനെ എന്നെന്നും അതുല്യവും അനുപമവുമാക്കുന്നുവെന്നും, ഖുർആനിലെ നിയമങ്ങൾ ബുദ്ധിക്കും പ്രകൃതിക്കും യോജിച്ചതാണെന്നും 'പോപ്പുലർ എൻസൈക്ലോപീഡിയ' രേഖപ്പെടുത്തിയിരിക്കുന്നു.

'ഖുർആൻ' എന്ന പദത്തിന് 'വായിക്കപ്പെടേണ്ടത്', 'വായിക്കപ്പെടുന്നത്', എന്നൊക്കെയാണർത്ഥം. ഇന്ന് ലോകത്തിൽ ഏററവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥം ഖുർആൻ ആണെന്ന് 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക' പറയുന്നു.

പരിശുദ്ധ ഖുർആനെപ്പററി മുസ്ലീങ്ങൾക്കിടയിൽത്തന്നെ സംശയങ്ങളുണ്ട്. ഖുർആൻ എന്താണെന്നോ, എന്തിനാണെന്നോ നമുക്കറിയില്ല. എന്തുകൊണ്ടാണ്, ഖുർആൻ മനസ്സിലാക്കിയവർ അത് ഒരു അത്ഭുതഗ്രന്ഥമാണെന്ന് പറയുന്നത്? അത് പൂർണ്ണമായും ദൈവിക വചനങ്ങളുൾക്കൊള്ളുന്നു എന്നതു തന്നെ കാരണം.

'വായിക്കാനറിയാത്ത ഒരു വ്യക്തി വായിച്ചു പറഞ്ഞ ഒരു ദർശന വിസ്മയം' എന്ന് ഖുർആനെപ്പററി പറയാം. കാരണം, മുഹമ്മദ് നബി(സ) യ്ക്ക് എഴുതാനും വായിക്കാനും അറിയില്ലായിരുന്നു. അറിവുള്ള വ്യക്തികളുമായി അദ്ദേഹത്തിന് ബന്ധങ്ങളില്ലായിരുന്നു. ജനനം മുതൽ തന്നെ ദുരിതവും ദുഃഖവും നിറഞ്ഞ, സ്വസ്ഥത കുറഞ്ഞ ഒരു ജീവിതമായിരുന്നു അനാഥനായ അദ്ദേഹത്തിന്റേത്. സാഹിത്യം, ചരിത്രം, നരവംശശാസ്ത്രം, മതദർശനങ്ങൾ തുടങ്ങിയ വിഷയങ്ങളിലെല്ലാം അദ്ദേഹം പൂർണ നിരക്ഷരനായിരുന്നു. കച്ചവടക്കാര്യത്തിൽ മുഴുകിക്കഴിഞ്ഞ അദ്ദേഹം, 'സത്യസന്ധൻ' എന്ന് സർവ്വരും (പിന്നീട്, അദ്ദേഹത്തിന്റെ ശത്രുക്കളായവരുൾപ്പെടെ) അംഗീകരിച്ച ഒരു വ്യക്തിയായിരുന്നു.

നാല്പ്പതാം വയസ്സിൽ അദ്ദേഹത്തിന് അല്ലാഹു 'പ്രവാചകത്വം' നൽകി. തുടർന്ന്, നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങളിലായി, വ്യത്യസ്ത സന്ദർഭങ്ങളിലായി, അദ്ദേഹത്തിലൂടെ അവതീർണമായ സൂക്തങ്ങളുടെ സമാഹാരമാണ് പരിശുദ്ധ ഖുർആൻ. ജിബ്രീൽ(അ) എന്ന മലക്ക് മുഖേന ദൈവത്തിൽ നിന്നും കിട്ടുന്ന വെളിപാടുകൾ (വഹ്യ്) മുഹമ്മദ് നബി(സ) പറയുകയായിരുന്നു. നബി(സ) ആഗ്രഹിക്കുന്നതിനനുസരിച്ചായിരുന്നില്ല വെളിപാട് കിട്ടിയിരുന്നത്. പ്രത്യുത, ദൈവത്തിന്റെ ആഗ്രഹത്തിനനുസരിച്ചായിരുന്നു. സ്വയം ദൈവികഗ്രന്ഥമാണെന്ന് പ്രഖ്യാപിക്കുന്ന, കിടയററസാന്മാർഗിക ക്രമം പ്രദാനം ചെയ്യുന്ന, ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പ്രായോഗികമായ നിയമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന, കളങ്കരഹിതവും സത്യസന്ധവുമായ ചരിത്രം പഠിപ്പിക്കുന്ന, സത്യസന്ധമായി പുലർന്നിട്ടുള്ള പ്രവചനങ്ങൾ നടത്തിയ, പ്രാപഞ്ചിക പ്രതിഭാസങ്ങളെപ്പററി യഥാർത്ഥമായ പരാമർശങ്ങൾ നടത്തിയഒരു നിസ്തുല സാഹിത്യ സൃഷ്ടിയായ പരിശുദ്ധ ഖുർആനുമായി താദാത്മ്യം പ്രാപിക്കാൻ ലോകത്ത് നിലവിലുള്ള ഒരു ഗ്രന്ഥത്തിനും കഴിയില്ല. അശാസ്ത്രീയമായതോ, വൈരുദ്ധ്യം പുലർത്തുന്നതോ ആയ യാതൊരു പരാമർശങ്ങളും ഖുർആനിലില്ല.

മുഹമ്മദ് നബി(സ) യുടെ ചില നടപടികളെ വിമർശിക്കുന്നതും, അദ്ദേഹത്തിനെ ശക്തമായി താക്കീത് ചെയ്യുന്നതുമായ വചനങ്ങൾ ഖുർആനിലുണ്ട്. മുഹമ്മദ് നബി(സ) കെട്ടിച്ചമക്കുന്ന രചനയല്ല ഖുർആൻ എന്നറിയിക്കാൻ അത് പറയുന്നു. 'അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, തനിക്ക് യാതൊരു ബോധനവും നൽകപ്പെടാതെ 'എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു' എന്നുപറയുകയോ ചെയ്തവനേക്കാളും, അല്ലാഹു അവതരിപ്പിച്ചത് പോലെയുള്ളത് ഞാനും അവതരിപ്പിക്കാമെന്ന് പറഞ്ഞവനേക്കാളും വലിയ അക്രമി ആരുണ്ട്?' (ഖുർആൻ 6: 93).

ഇങ്ങനെയൊക്കെയായിരുന്നിട്ടും, എഴുതാനും വായിക്കാനുമറിയാത്ത മുഹമ്മദ്നബി(സ) എഴുതിയുണ്ടാക്കിയതാണ് ഖുർആൻ എന്ന് അതിൽ വിശ്വസിക്കാത്തവരും, സംശയമുള്ളവരും ഇന്നും പറയുന്നു. അവരെ നോക്കി ഖുർആൻ വെല്ലുവിളിക്കുന്നു. 'നമ്മുടെ ദാസന് നാം അവതരിപ്പിച്ചു

കൊടുത്തതിനെപ്പററി നിങ്ങൾ സംശയാലുക്കളാണെങ്കിൽ, അതിന്റേതുപോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമേ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചു കൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ. നിങ്ങൾക്ക് ചെയ്യാനായില്ലെങ്കിൽ - നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല - മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കപ്പെട്ടതാകുന്നു അത്' (ഖുർആൻ 2:23, 24).

അറബി സാഹിത്യകാരൻമാരും, ജൂതൻമാരും, ഇസ്ലാമിന്റെ ശത്രുക്കളുമെല്ലാം അന്നുമുതൽ ഇന്നോളം കിണഞ്ഞു പരിശ്രമിച്ചിട്ടും, ഖുർആൻ നടത്തിയ ഈ വെല്ലുവിളിക്ക് ഉത്തരം നൽകാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല.

ഖുർആൻ വിശദീകരിക്കുന്ന ചരിത്രസംഭവങ്ങൾ പരിശോധിക്കുക. അല്ലാഹുവിനെയും അവന്റെ പ്രവാചകരേയും വിശ്വസിക്കാത്തതിന്റെ പേരിൽ, വിശ്വസിച്ചവരൊഴികെയുള്ള നാട്ടുകാരെ മുഴുവനും ഘോരമായ ശിക്ഷകൾ കൊടുത്ത് അല്ലാഹു നശിപ്പിച്ച സംഭവങ്ങൾ ഖുർആനിലുടനീളം കാണാം.

ഇറാഖ് പ്രദേശത്ത് താമസിച്ചിരുന്ന, നൂഹ് നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട, രൂക്ഷമായ വെള്ളപ്പൊക്കം കൊണ്ട് അല്ലാഹു നശിപ്പിച്ച നൂഹ് നബി(അ)യുടെ ജനത. ഒമാനിലെ, സലാലയ്ക്കടുത്ത് ജീവിച്ചിരുന്ന, ഹൂദ് നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട ആദ് ജനത. മദീനയിൽ നിന്നും 400 കിലോമീററർ അകലെയുള്ള മദായ്ൻ സ്വാലിഹ് എന്ന പ്രദേശത്ത് ഏകദേശം 5000 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന സ്വാലിഹ് നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട ഥമൂദ് ജനത. ജോർദ്ദാനിലെ മദ്യനിൽ താമസിച്ചിരുന്ന ശുഐബ് നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട മദ്യൻ ജനത. ബി. സി. 19-ാം നൂററാണ്ടിൽ (ഏകദേശം 3800 വർഷങ്ങൾക്കു മുമ്പ്) ഇസ്രായേലിനും ജോർദ്ദാനും മദ്ധ്യേ ഇന്ന് ചാവുതടാകം സ്ഥിതിചെയ്യുന്ന പ്രദേശത്ത താമസിച്ചിരുന്ന ലൂഥ് നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട സൊദോം ജനത (ചാവുതടാകം രൂപപ്പെട്ടത് അല്ലാഹു ആ ജനങ്ങളെ ശിക്ഷിക്കാൻ രാസമഴ ഇറക്കിയതു മൂലമായിരുന്നു). ബി. സി. 13-ാം നൂററാണ്ടിൽ, ഏകദേശം 3200 വർഷങ്ങൾക്കു മുമ്പ്) ഈജിപ്തിൽ താമസിച്ചിരുന്ന, മൂസാനബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ട ഫിർഔനും ജനതയും.

ഇങ്ങനെ, അല്ലാഹു ശിക്ഷിച്ച, വിവിധ നൂററാണ്ടുകളിൽ ജീവിച്ച ജനങ്ങളുടെ ജീവിത കഥകൾ ഖുർആനിൽ പറയുന്നു. കൂടാതെ, 4000 വർഷങ്ങൾക്കു മുമ്പ് ഇറാഖിലെ ബാബിലോണിയയിൽ ജനിച്ച്, മക്കയിൽ വന്ന് കഅ്ബാലയം പണിത്, ദൂരെ ഫലസ്തീനിൽ പോയി ഇസ്ലാം മതപ്രബോധനം നടത്തിയ ഇബ്രാഹിം നബി(അ)യുടെ ചരിത്രം, ഈജിപ്തിൽ ജീവിച്ചിരുന്ന യൂസഫ് നബി(അ)യുടെ ചരിത്രം, 3000 വർഷങ്ങൾക്കു മുമ്പ് ഈജിപ്തിലും, ജോർദ്ദാനിലും ഫലസ്തീനിലുമായി ജീവിച്ചിരുന്ന മൂസാനബി(അ)യുടെ ചരിത്രം, ജോർജിയായിൽ ഇരുമ്പുമതിൽ നിർമ്മിച്ച ദുൽഖർനൈന്റെ ചരിത്രം.

ഇങ്ങനെ, വിവിധ നൂററാണ്ടുകളിലായി, വിവിധ രാജ്യങ്ങളിൽ സംഭവിച്ച ചരിത്രങ്ങൾ വെളിപ്പെടുത്തുവാൻ, എ. ഡി. 571 ൽ ജനിച്ച് മക്കയിലും മദീനയിലുമായി ജീവിച്ച, നിരക്ഷരനായ മുഹമ്മദ് നബി(സ) യ്ക്ക് എങ്ങനെ കഴിഞ്ഞു? തീർച്ചയായും അല്ലാഹുവിങ്കൽ നിന്ന് മുഹമ്മദ് നബി(സ) യ്ക്ക് അവതരിച്ചതാണ് പരിശുദ്ധ ഖുർആൻ എന്ന് അല്പമെങ്കിലും ബുദ്ധിയുള്ളവന് മനസ്സിലാക്കാം. മാത്രമല്ല, ഖുർആന്റെ അമാനുഷികതയ്ക്ക് ഒട്ടനവധി തെളിവുകൾ നമുക്ക് കണ്ടെത്താം. കേവലം, രണ്ടെണ്ണം മാത്രം നമുക്ക് പരിശോധിക്കാം.

നൂററാണ്ടുകൾക്കു മുമ്പ്, ഇറാഖ് പ്രദേശത്ത് ജീവിച്ചിരുന്ന ഒരു ജനതയിലേക്ക്, നൂഹ് നബി(അ) യെ അല്ലാഹു പ്രവാചകനായി നിയോഗിച്ചു. അനേകം വർഷങ്ങൾ ഇസ്ലാം മത പ്രോബോധനം നടത്തിയിട്ടും, അപൂർവ്വം ചിലരൊഴികെ നൂഹ് നബി(അ) യെ വിശ്വസിച്ചില്ല. തന്നെ ധിക്കരിച്ച ആ ജനതയ്ക്ക് ശിക്ഷയിറക്കാൻ അല്ലാഹു തീരുമാനിച്ചു. ഒരു കപ്പൽ നിർമ്മിക്കാൻ അല്ലാഹു നൂഹ് നബി(അ) യോട് കൽപ്പിച്ചു. നൂഹ് നബി(അ) യെ പിൻപററിയവരേയും, ഓരോ ജന്തുക്കളിൽ നിന്നുമുള്ള ഇണകളേയും കൊണ്ട് ആ കപ്പലിൽ കയറാൻ അല്ലാഹു നിർദ്ദേശിച്ചു. തുടർന്ന്, ആജനങ്ങളെ നശിപ്പിക്കാൻ ദിവസങ്ങൾ നീണ്ടു നിന്ന ഒരു വെള്ളപ്പൊക്കം അല്ലാഹു സൃഷ്ടിച്ചു. ഈ സംഭവം ഖുർആൻ വിശദീകരിക്കുന്നതു ശ്രദ്ധിക്കൂ!

'പലകകൾ ആണിയടിച്ചുണ്ടാക്കിയ കപ്പലിൽ നാമവനെ വഹിച്ചുകൊണ്ടുപോയി. നമ്മുടെ കൺവെട്ടത്തിലായിരുന്നു അതിന്റെ സഞ്ചാരം. അവർ തിരസ്കരിച്ചവമനു വേണ്ടിയുള്ള നമ്മുടെ പ്രതികാരം! തീർച്ചയായും ആ സംഭവം ഒരു അടയാളമാക്കി നാം നിലനിർത്തിയിട്ടുണ്ട്. ചിന്തിക്കാൻ ആരെങ്കിലും തയ്യാറുണ്ടോ? (ഖുർആൻ 54:13-16).

ചിന്തിക്കുന്നവർക്കു വേണ്ടി ആ സംഭവം അടയാളമാക്കി നിലനിർത്തിയിട്ടുണ്ടെന്ന് അല്ലാഹു ഖുർആനിൽ പറയുന്നു. കിഴക്കൻ തുർക്കിയിലെ മഞ്ഞുമൂടിയ മലനിരകളിൽനിന്ന് ഈ കപ്പലിന്റെ അവശിഷ്ടങ്ങൾ ഇപ്പോൾ ശാസ്ത്രം കണ്ടെടുത്തു കൊണ്ടിരിക്കുകയാണ്. കിട്ടിയ അവശിഷ്ടങ്ങളുടെ കാലപ്പഴക്കം നിർണ്ണയിച്ചപ്പോൾ, നൂഹ് നബി(അ) ജീവിച്ചിരുന്ന കാലത്തോളം അവക്ക് പഴക്കമുണ്ടെന്ന് ശാസ്ത്രം കണ്ടെത്തി.

മറെറാരു സംഭവം ശ്രദ്ധിക്കുക. ബി. സി. 1301 മുതൽ 1235 വരെ ഈജിപ്തിൽ ഭരിച്ചിരുന്ന ചക്രവർത്തിയാണ് രാംസെസ്സ് രണ്ടാമൻ എന്ന ഫിർഔൻ. അതിക്രൂരമായ മർദ്ദന മുറകളിലൂടെയായിരുന്നു അദ്ദേഹം ഭരണം നടത്തിയിരുന്നത്. ഏകദൈവമായ അല്ലാഹുവിൽ വിശ്വസിക്കാനും, അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിക്കാനും ഉപദേശിക്കാനായി, പ്രവാചകനായ മൂസാനബി(അ) യെ, അല്ലാഹു ഫിർഔന്റെ അടുക്കലേക്കയച്ചു. ഫിർഔൻ വിശ്വസിച്ചില്ല. താനല്ലാതെ, തന്റെ ജനങ്ങൾക്ക് വേറെ ഒരു രക്ഷിതാവില്ല എന്ന് അഹങ്കരിച്ച ഫിർഔൻ മൂസാനബി(അ)യേയും അനുയായികളേയും വധിക്കാനായി പരിവാരങ്ങളുമായി പുറപ്പെട്ടു. മൂസാനബി(അ) യ്ക്കും അനുയായികൾക്കും രക്ഷപ്പെടാനായി ചെങ്കടൽ പിളർത്തി അതിനു നടുവിലൂടെ അല്ലാഹു വഴിയൊരുക്കി. അവർ മറുകരയിലെത്തിയപ്പോൾ, അവരെ പിന്തുടർന്നുവന്ന ഫിർഔനേയും പരിവാരങ്ങളേയും ശിക്ഷിക്കാൻ, ചെങ്കടലിനെ അല്ലാഹു പൂർവ്വസ്ഥിതിയിലാക്കി. താൻ മരിക്കാൻ പോകുന്നു എന്നറിഞ്ഞ ഫിർഔൻ അപ്പോൾ അല്ലാഹുവിനെ അംഗീകരിക്കുകയും, തന്നെ രക്ഷപ്പെടുത്താൻ അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു. അപ്പോൾ ഫിർഔനോട് പറഞ്ഞവാചകങ്ങൾ അല്ലാഹു ഖുർആനിലൂടെ വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കൂ. 'ഇന്ന് നിന്റെ ശവം മാത്രമേ നാം രക്ഷപ്പെടുത്തൂ. പിന്നാലെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമാകണം. ജനങ്ങളധികവും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണല്ലോ'. (ഖുർആർ 10:91-92).

നമുക്കൊക്കെ ദൃഷ്ടാന്തമാകാൻ വേണ്ടി അല്ലാഹു കാത്തുസൂക്ഷിച്ച ഫിർഔന്റെജഡം 1898-ൽ ചെങ്കടലിൽനിന്ന് കണ്ടെടുത്തു. 3116 വർഷങ്ങൾ കടലിൽ കിടന്നിട്ടും ചീഞ്ഞുപോവുകയോ മത്സ്യം തിന്നുകയോ ചെയ്യാതിരുന്ന ഈ ജഡം ഇന്ന് ഈജിപ്ഷ്യൻ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇപ്പോഴും യാതൊരു കേടും കൂടാതെ അല്ലാഹു അതിനെ കാത്തുസൂക്ഷിക്കുന്നു. അല്ലാഹുവിന്റെ കഴിവും ഖുർആന്റെ അമാനുഷികതയും ബോധ്യപ്പെടാൻ ഇതിൽപരം ഒരുദാഹരണം ആവശ്യമുണ്ടോ? ഫിർഔന്റെ ജഡവും, അല്ലാഹു നശിപ്പിച്ച നാടുകളുടെ അവശിഷ്ടങ്ങളും മററും കാണിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന 'ഖുർആനിന്റെ ചരിത്രഭൂമികളിലൂടെ' എന്ന വീഡിയോ കാസററും സി. ഡി. കളും ഇപ്പോൾ പലയിടങ്ങളിലും ലഭ്യമാണ്.

ഇങ്ങനെയുള്ള സത്യങ്ങൾ മനസ്സിലാക്കുമ്പോൾ, അല്പമെങ്കിലും ചിന്തിക്കാൻകഴിയുന്ന ഒരാൾക്ക് താഴെപറയുന്ന ഖുർആൻ വചനങ്ങൾ ബോധ്യപ്പെടും. 'ഈ ഖുർആൻ അല്ലാഹു അല്ലാതെ ഒരാൾക്കും സൃഷ്ടിക്കാൻ കഴിയില്ല. ഇത് മുൻപുള്ളതിനെ ശരിവെക്കുകയും ദൈവികനിയമം വിശദീകരിക്കുകയും ചെയ്യുന്നു. ലോകരക്ഷിതാവിൽ നിന്നുള്ളതാണ് ഇതെന്നതിൽ ഒരു സംശയവും വേണ്ട'. (ഖുർആൻ 10:37)

യാഥാർത്ഥ്യങ്ങൾ ഇങ്ങനെയായിരിക്കേ, പരിശുദ്ധ ഖുർആൻ അംഗീകരിക്കാനും, അത് മനസ്സിലാക്കി അത് നിർദ്ദേശിക്കുന്ന രീതിയിലുള്ള ഒരു ജീവിതം നയിക്കാനും നമ്മൾ വൈകേണ്ടതുണ്ടോ? മരണാനന്തരം നമുക്ക് ഒരു ജീവിതമുണ്ടെന്ന് പറഞ്ഞാൽ, അത് അവിശ്വസിക്കേതുണ്ടോ? അതോ, നരകത്തിലെത്തിപ്പെട്ടതിനു ശേഷം മാത്രം നമ്മൾ ചിന്തിച്ചാൽമതിയോ?

മുസ്ലീങ്ങൾക്കു മാത്രമായല്ല, അന്ത്യനാളുവരെയുള്ള ലോകത്തിലെ സകല മനുഷ്യർക്കും വേണ്ടിയാണ് അല്ലാഹു ഖുർആൻ അവതരിപ്പിച്ചത്. ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കുകയും അവന് വായുവും, വെള്ളവും, വെളിച്ചവും, ഭക്ഷണവുമെല്ലാം നൽകിഅവനെ പരിപാലിക്കുകയും ചെയ്യുന്ന പടച്ചതമ്പുരാന്, മനുഷ്യൻ എങ്ങനെയാണ് ഭൂമിയിൽ ജീവിക്കേണ്ടതെന്ന് അവനെ പഠിപ്പിച്ചുകൊടുക്കാനുള്ള ബാധ്യത കൂടിയുണ്ട്. സമൂഹജീവിയായ മനുഷ്യൻ, അവനും കുടുംബത്തിനും സമൂഹത്തിനും, പുരോഗതിയും നന്മയും ഉണ്ടാകുന്ന രീതിയിലായിരിക്കണം ജീവിക്കേണ്ടത്. ഇതിനായി, ഓരോ മനുഷ്യനും ചില സന്മാർഗിക നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. ഇങ്ങനെ ഓരോ മനുഷ്യനും എങ്ങനെയാണ് ഒരു ജീവിതം നയിക്കേണ്ടതെന്നും, അവന്റെ ജീവിതത്തിന്റെ അർത്ഥമെന്താണെന്നും, പരമമായ ലക്ഷ്യമെന്താണെന്നുംഅവനെ അറിയിക്കേണ്ട ചുമതലയുള്ള അവന്റെ സൃഷ്ടാവായ ദൈവം, മനുഷ്യരിൽനിന്നു തന്നെ ചിലരെ തിരഞ്ഞെടുക്കുകയും, അവരെ പ്രവാചകൻമാരായി നിയോഗിക്കുകയും ചെയ്തു. അവർക്ക് വെളിപാടുകളും ഗ്രന്ഥങ്ങളും നൽകി. അങ്ങനെയുള്ള ഗ്രന്ഥങ്ങളിൽ ചിലതാണ് ദാവൂദ് നബിനബി(സ)ക്ക് ലഭിച്ച സബൂർ, മൂസാനബിനബി(സ)ക്ക് ലഭിച്ച തൗറാത്ത്, ഈസാനബിനബി(സ)ക്ക് ലഭിച്ച ഇൻജീൽ മുതലായവ. ഈ മുൻകഴിഞ്ഞ ഗ്രന്ഥങ്ങളെയെല്ലാം ശരിവെയ്ക്കുന്നതായിക്കൊണ്ടും, അതിലുള്ള ഉപദേശങ്ങളെല്ലാം ഉൾപ്പെട്ടതായിക്കൊണ്ടും, ലോകാവസാനം വരെയുള്ളമുഴുവൻ ജനങ്ങൾക്കും മാർഗ്ഗദർശകമായിക്കൊണ്ട്, അല്ലാഹു അവന്റെ അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിച്ച ഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. താൻ അവതരിപ്പിച്ച മററു ഗ്രന്ഥങ്ങളെല്ലാം മനുഷ്യരുടെ കൈകടത്തൽ മൂലം വികൃതമാക്കപ്പെട്ടെന്നും, എന്നാൽ ഈ ഗ്രന്ഥത്തിൽ ആരെയും കൈകടത്താൻ താൻ അനുവദിക്കില്ലെന്നും അന്ത്യനാളുവരേയ്ക്കും നിലനിൽക്കേണ്ട ഈ ഗ്രന്ഥത്തിന്റെ സംരക്ഷണം തന്റെ ബാധ്യതയാണെന്നും അല്ലാഹു പരിശുദ്ധ ഖുർആനിലൂടെ വ്യക്തമാക്കുന്നുണ്ട്.

അല്ലാഹു തന്നെ സംരക്ഷണ ബാധ്യത ഏറെറടുത്തതുകൊണ്ട്, അവതരിക്കപ്പെട്ട അതേ രൂപത്തിൽ തന്നെ, വള്ളിപുള്ളി വ്യത്യാസമില്ലാതെ ഇന്നും നിലനിൽക്കുന്നുണ്ട് സർവാതിശായിയായ ഈ ഗ്രന്ഥം. ഇന്ന്, ലോകത്തിൽ നിലവിലുള്ളതിൽ മാനുഷികവചനങ്ങൾ ഉൾപ്പെടാത്ത ഒരേയൊരു ഗ്രന്ഥം എന്ന വിശേഷണം അതുകൊണ്ട് ഖുർആന് ലഭിക്കുന്നു.

മനുഷ്യന്റെ വിജയമാണ് ഖുർആനിന്റെ പ്രമേയം. മനുഷ്യരോടാണ് ഖുർആൻ സംസാരിക്കുന്നത്. അവന്റെ വിജയത്തിലേക്കാണ് അത് മനുഷ്യനെ ക്ഷണിക്കുന്നത്. പ്രകൃതിയിലെ വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, പടച്ചതമ്പുരാന്റെ അസ്തിത്വത്തെക്കുറിച്ച് അത് മനുഷ്യരെ ബോധ്യപ്പെടുത്തുന്നു. ഇഹലോകജീവിതത്തിന്റെ നശ്വരതയെയും, ഇവിടുത്തെ സുഖഭോഗങ്ങൾക്കു പിന്നിൽ പാഞ്ഞ് ജീവിതം തുലക്കുന്നതിന്റെ അർത്ഥമില്ലായ്മയെയും കുറിച്ച് അത് അവനോട് സംസാരിക്കുന്നു. പരലോകത്ത് സ്വർഗ്ഗപ്രവേശനത്തിന് അർഹരാവുകയും, നരകയാതനകളിൽ നിന്ന് രക്ഷപ്രാപിക്കുകയും ചെയ്യുന്ന അനുഗ്രഹീതരിൽ ഉൾപ്പെടുവാൻ എന്തുമാർഗ്ഗം സ്വീകരിക്കണമെന്ന് അത് അവന് വ്യക്തമാക്കിക്കൊടുക്കുന്നു. ഭൗതീകജീവിതത്തിലെ സുഖ സൗകര്യങ്ങൾക്കു വേണ്ടി നരകം വിലയ്ക്കെടുത്തവരുടെ ചരിത്രത്തിലേക്ക് അവന്റെ ശ്രദ്ധക്ഷണിക്കുന്നു. വിശുദ്ധമായ ജീവിതം നയിച്ച് സ്വർഗ്ഗപ്രവേശത്തിന് അനുമതി നൽകപ്പെട്ടവരെക്കുറിച്ച് അവന് പറഞ്ഞുകൊടുക്കുന്നു.

മനുഷ്യ ജീവിതത്തിൽ പാലിക്കേണ്ട നിയമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഖുർആൻ, നിയമങ്ങൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷകളും പ്രതിപാദിക്കുന്നുണ്ട്. മനുഷ്യർ ചേർന്ന് എഴുതിയതല്ലാത്ത അല്ലാഹുവിന്റെ ഈ നിയമനിർദ്ദേശങ്ങളാണ്, ശരീഅത്ത് നിയമങ്ങൾ എന്ന് അറിയപ്പെടുന്നത്. ഇസ്‌ലാമിക ഭരണഘടന നടപ്പാക്കിയരാജ്യങ്ങളിലെല്ലാം, മററുള്ള രാജ്യങ്ങളെ അപേക്ഷിച്ച് കുററകൃത്യങ്ങൾ വളരെ കുറവാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഉദാഹരണത്തിന്, മോഷണത്തിന് കൈ വെട്ടുക എന്ന ശിക്ഷ നിലവിലുള്ള സൗദി അറേബ്യയിൽ, പരേതനായ അബ്ദുൽ അസീസ് രാജാവിന്റെ കാലത്ത്, നീണ്ട 25 വർഷക്കാലത്തിനുള്ളിൽ 16 മോഷണങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്ന് പറയപ്പെടുന്നു. ഒരു വൻ മോഷണക്കുററത്തിന് പിടിക്കപ്പെട്ട്, അത് തെളിയിക്കപ്പെട്ടാൽ വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനുശേഷം, ഒരു വൻ ജനാവലിയുടെ മുൻപിൽ വെച്ചാണ് അവന്റെ കൈവെട്ടുന്നത്. പിന്നീട് അത് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ആ ശിക്ഷ നേരിൽ കാണുകയും അതിനെപ്പററി അറിയുകയുംചെയ്യുന്ന ഏതെങ്കിലും ഒരു വ്യക്തി പിന്നീട് മോഷണത്തിന് ശ്രമിക്കുമോ?

നമ്മുടെ നാട്ടിലേക്ക് നോക്കൂ, നമ്മളെല്ലാം ഭരിക്കുന്ന മന്ത്രിമാർ തന്നെ കോടികളുടെ അഴിമതി നടത്തുകയും കണ്ണിൽ കണ്ടിടത്തെല്ലാം കൈയിട്ടു വാരുകയും ചെയ്ത് മോഷണത്തിന് നേതൃത്വം നൽകുന്നു. നമ്മുടെ രാജ്യത്ത് ഖുർആനിക ശിക്ഷാനിയമം നടപ്പിലാക്കിയാൽ നമ്മുടെ നാട് മുടിപ്പിക്കുന്ന ‘അഴിമതി’ എന്ന സമ്പ്രദായവും മററ് ‘ചെറിയ’ കള്ളൻമാരുടെ മോഷണശ്രമങ്ങളും നടക്കുമോ? എന്നിട്ടും, ഖുർആനിക ശിക്ഷാനിയമങ്ങളെ ചിലർ കുററപ്പെടുത്തുന്നു. കാരണം, അത് നടപ്പാക്കിയാൽ തോന്നിയ പോലെ ജീവിക്കാൻ കഴിയില്ലല്ലോ? ചുരുക്കത്തിൽ, ദൈവിക വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് ഇഹപരവിജയം കരസ്ഥമാക്കുവാൻ മനുഷ്യരെ സജ്ജമാക്കുകയാണ് ഖുർആൻ ചെയ്യുന്നത്. എന്നാൽ, പരിശുദ്ധഖുർആൻ പിൻപററാൻ ബാധ്യസ്ഥരായ നമ്മൾക്ക് എന്താണ് ഖുർആൻ എന്നറിയില്ല. എന്താണ് അതിലുള്ളത് എന്നറിയില്ല. അറിയാനും പഠിക്കാനും നമ്മൾ ശ്രമിക്കുന്നില്ല. പരിശുദ്ധ ഖുർആന്റെ മലയാള പരിഭാഷകളും വ്യാഖാനങ്ങളും നമ്മുടെ നാട്ടിൽധാരാളം ലഭ്യമാണ്. സ്വന്തമായി വാങ്ങുവാൻ കഴിവില്ലെങ്കിൽ അത് എവിടെ നിന്നെങ്കിലും സംഘടിപ്പിച്ച് വായിക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. ഖുർആൻ നിർദ്ദേശിച്ചതരത്തിലുള്ള ഒരു ജീവിതം നയിച്ചെങ്കിൽ മാത്രമേ, നമുക്ക് പരലോകത്ത് വിജയം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ.

അല്ലാഹു ലൗഹുൽമഹ്ഫൂളിൽ (സുരക്ഷിതഫലകം) വെച്ചിട്ടുള്ള, ആദരണീയമായ മഹദ് ഗ്രന്ഥമായ പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും, അത് കേൾക്കുന്നതും അതിനെപ്പററി പഠിക്കാൻ ശ്രമിക്കുന്നതുമെല്ലാം വളരെ പുണ്യകരമായ അല്ലാഹുവിൽ നിന്ന് കനത്ത പ്രതിഫലം ലഭിക്കുന്ന സൽക്കർമ്മങ്ങളാണ്.

സൽക്കർമ്മങ്ങൾ ചെയ്ത് നമ്മുടെ നന്മകൾ വർദ്ധിപ്പിക്കലാണല്ലോ നമ്മുടെ ജീവിതലക്ഷ്യം. ഈ ചെറിയ ജീവിതത്തിൽ, കഴിയാവുന്നത്ര നന്മകൾ ചെയ്താലേ, നമ്മുടെ നന്മയുടെ തട്ട് കനം തൂങ്ങുകയും, നമ്മൾ സ്വർഗ്ഗാവകാശികളാകുകയും ചെയ്യുകയുള്ളൂ. നമസ്കാരവും, നോമ്പും, സക്കാത്തുമെല്ലാം സൽക്കർമ്മങ്ങളാണെന്ന് നമുക്കറിയാമല്ലോ? കൂടാതെ, നമ്മൾ ഒരു സ്നേഹിതനെ കാണുമ്പോൾ പുഞ്ചിരിക്കുന്നതു പോലും അവൻ ചെയ്യുന്ന ദാനമാണെന്നാണ് നബി(സ) പഠിപ്പിച്ചിരിക്കുന്നത്. ഇതുപോലെ പരിശുദ്ധ ഖുർആനിലെ ഓരോ അക്ഷരവും ഉച്ചരിക്കുന്നത് അനേകം നന്മകൾക്ക് തുല്ല്യമാണ്. ഖുർആന്റെ ഓരോ അക്ഷരത്തിനും പത്ത് നന്മവീതം എഴുതപ്പെടുമെന്നാണ് നബി(സ) യുടെ അധ്യാപനം. ഖുർആനിൽ ആകെ 3,23,760 അക്ഷരങ്ങളാണുള്ളത്.

ഖുർആൻ ഒരാവർത്തി വായിക്കുമ്പോൾ 32 ലക്ഷത്തിൽപരം നന്മകൾ നമുക്കുവേണ്ടി എഴുതപ്പെടുന്നു. റംസാൻ മാസത്തിലാകുമ്പോൾ ഇതിന്റെ എഴുപത് മുതൽ എഴുപതിനായിരം ഇരട്ടിവരെ പ്രതിഫലം കൂടുന്നു. ഖുർആൻ ഓതാൻ ബുദ്ധിമുട്ടുന്നവർ പേടിക്കേണ്ടതില്ല. ഖുർആൻ തപ്പിത്തടഞ്ഞ് വായിക്കുന്നവർക്ക്, അത് ശരിയായി ഓതുന്നവരേക്കാൾ ഇരട്ടി പ്രതിഫലമുണ്ടെന്നാണ് നബി(സ) യുടെ വാക്കുകൾ. ഒന്ന് അവൻ പാരായണം ചെയ്തതിന്റേയും, മറെറാന്ന് അവൻ പാരായണം ചെയ്യാൻ ശ്രമിച്ചതിന്റേയും.

പ്രഭാതസമയത്തുള്ള (സുബ്ഹിയുടെ സമയത്ത്) ഖുർആൻ പാരായണമാണ് ഏററവും ശ്രേഷ്ഠമായതെന്ന് ഖുർആനിൽ തന്നെ പറയുന്നുണ്ട്. സൽക്കർമ്മങ്ങൾ സമ്പാദിച്ചുകൂട്ടാൻ പററിയ വലിയൊരു ഇബാദത്താണ് ഖുർആൻ പാരായണം എന്നു മനസ്സിലായല്ലോ? പക്ഷേ, ഈ വമ്പിച്ച പ്രതിഫലം കിട്ടാൻ, ‘അല്ലാഹുവിന്റെ’ പ്രീതി മാത്രം ഉദ്ദേശിച്ചുകൊണ്ട്, അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കണം നമ്മൾ ഖുർആൻ പാരായണം

ചെയ്യേണ്ടത്. മരിച്ചവർക്കോ മററുള്ളവർക്കോ വേണ്ടിയാകരുത്. നമസ്കാരം നിലനിലനിർത്തുകയും സക്കാത്ത് നൽകുകയും‌ചെയ്ത്, ഒരു യഥാർത്ഥ മുസ്ലിമായി ജീവിക്കുന്നവന്റെ സൽക്കർമ്മങ്ങൾ മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളു. നമസ്കരിക്കാതെ, വെറുതെ ദിവസവും ഖുർആൻ ഓതിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നർത്ഥം.

ഖുർആൻ പാരായണത്തിന്, ഈ വമ്പിച്ച പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നത്, നമ്മൾ ഖുർആൻ പഠിച്ച് അതിനനുസരിച്ചുള്ള ഒരു ജീവിതം നയിക്കുന്നതിനുവേണ്ടിയാണ്. അല്ലാതെ, നമസ്കരിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും‌ചെയ്യുന്ന ഒരുവൻ, ഖുർആനു വിരുദ്ധമായ ഒരു ജീവിതമാണ് നയിക്കുന്നതെങ്കിൽ, ഖുർആൻ കൊണ്ട് അവനെന്താണ് നേട്ടം? അറബിഭാഷയുടെ അർത്ഥം നന്നായി അറിയുന്നവർക്ക്, ഖുർആൻ പാരായണം‌ചെയ്യുമ്പോൾ തന്നെ അതിന്റെ ഉള്ളടക്കം മനസ്സിലാകും. പക്ഷേ, പാരായണം ചെയ്തതുകൊണ്ട് മാത്രം മലയാളികളായ നമുക്ക് ഖുർആന്റെ ഉള്ളടക്കം മനസ്സിലാകുകയില്ല. ഖുർആൻ മനസ്സിലാക്കാനും പഠിക്കാനുമായി, നമ്മൾ നടത്തുന്ന ഓരോ ശ്രമവും മേൽപ്പറഞ്ഞതുപോലെ അല്ലാഹുവിൽനിന്ന് കനത്ത പ്രതിഫലം ലഭിക്കുന്ന പ്രവർത്തിയാണ്. ആയതിനാൽ പരിശുദ്ധ ഖുർആന്റെ മലയാളപരിഭാഷകളും വ്യാഖ്യാനങ്ങളുമെല്ലാം വായിച്ച് മനസ്സിലാക്കി, ഖുർആനു യോജിച്ച ഒരു ജീവിതം നയിക്കുവാൻ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവയെല്ലാം നമ്മുടെ നാട്ടിൽ ധാരാളം ലഭ്യമാണ്. ഒഴിവുസമയങ്ങളിൽ, വീട്ടിൽ വെച്ചു തന്നെ ഇവ നമുക്ക് വായിക്കാവുന്നതാണല്ലോ.

## 7. ഖുർആനും ആധുനിക ശാസ്ത്രവും

1400 വർഷങ്ങൾക്കു മുമ്പ് ഖുർആൻ അവതരിക്കുന്ന കാലഘട്ടത്തിൽ ശാസ്ത്രം‌ഒട്ടും വികസിച്ചിട്ടില്ലായിരുന്നു. അന്ധകാരം നിറഞ്ഞ ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പഴങ്കഥകളും അന്ധവിശ്വാസങ്ങളുമൊന്നും പക്ഷേ, ഖുർആനിൽസ്ഥാനം പിടിച്ചിട്ടില്ല. മാത്രമല്ല, ഖുർആനിൽ പറയപ്പെട്ട ശാസ്ത്രീയ വിവരങ്ങൾപലതും ശാസ്ത്രം കണ്ടുപിടിച്ചത് ഇക്കഴിഞ്ഞ നൂററാിൽ മാത്രം. ഭൂമി പരന്നതാണെന്ന് വിശ്വസിച്ചിരുന്ന ഒരു കാലഘട്ടം. ആ കാലഘട്ടത്തിൽരചിക്കപ്പെട്ട ബൈബിൾ പുസ്തകങ്ങളിലെല്ലാം എഴുതിയിരുന്നത് അങ്ങനെയായിരുന്നു. അതിനു വിപരീതമായി കേവലം മൂന്നു നൂററാണ്ടു മുമ്പ് ഭൂമി ഉരുണ്ടതാണെന്ന് ആദ്യമായി വിളിച്ചുപറഞ്ഞ ശാസ്ത്രജ്ഞനെ തീയിലെറിഞ്ഞു കൊല്ലാനായിരുന്നു മതപുരോഹിതന്മാരുടെ കല്പന. അപ്പോൾ, പതിനാലു നൂററാണ്ടു മുമ്പ് അവതരിച്ച ഖുർആനിൽ എന്തുമാത്രം അബദ്ധങ്ങളും വൈരുധ്യങ്ങളും ഉണ്ടാവേണ്ടതായിരുന്നു, അത് ദൈവികമല്ലെങ്കിൽ! പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയേയും വികാസത്തേയും സൂചിപ്പിക്കുന്ന വചനങ്ങൾ മുമ്പ് പ്രസ്ഥാവിച്ചുവല്ലോ. വാനശാസ്ത്രവുമായി (Astronomy) ബന്ധപ്പെട്ട നിരവധിവചനങ്ങൾ ഖുർആനിൽ കാണാം. പരന്നുകിടക്കുന്ന ഭൂമി നിശ്ചലമാണെന്നും‌സൂര്യനും ചന്ദ്രനും ഭൂമിയെ ചുററി കറങ്ങുകയാണെന്നും വിശ്വസിച്ചിരുന്ന കാലഘട്ടത്തിൽ ഖുർആൻ പറഞ്ഞു.

‘രാപ്പകലുകളേയും സൂര്യ ചന്ദ്രൻമാരെയും പടച്ചത് അല്ലാഹുവാണ്. ഓരോന്നും അവയുടെ ഭ്രമണ മണ്ഡലത്തിലൂടെ സ്വയം ചലിച്ചുകൊണ്ടിരിക്കുന്നു’. (21:33). ചന്ദ്രനെ നോക്കി എന്നും അത്ഭുതം കൂറിയിരുന്ന മനുഷ്യൻ കേവലം 35 വർഷം മുമ്പ് ചന്ദ്രനിൽ കാലുകുത്തി. ഇപ്പോൾ ചൊവ്വയിലേക്കും വ്യാഴത്തിലേക്കുമാണവന്റെ നോട്ടം. ചിന്തിക്കാനും അറിവ് നേടാനും മനുഷ്യനെ നിരവധി തവണ ഉദ്ബോധിപ്പിക്കുന്ന ഖുർആൻ, ശൂന്യാകാശം കീഴടക്കാൻ മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നതു കാണുക. ‘മനുഷ്യരുടേയും ജിന്നുകളുടെയും കൂട്ടമേ, ആകാശഭൂമികളുടെ അതിർത്തികൾ ഭേദിക്കാൻ നിങ്ങൾക്ക് സാധിക്കുമെങ്കിൽ നിങ്ങൾ ഭേദിച്ചുകൊള്ളുക. (നമ്മുടെ) ശക്തികൊണ്ട് മാത്രമേ നിങ്ങൾക്കതിന് സാധിക്കുകയുള്ളൂ’. (55:33) പത്തൊൻപതാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ ഭൂമിശാസ്ത്രം പർവ്വതങ്ങളെക്കുറിച്ച് വിലപ്പെട്ട അറിവുകൾ നേടി. പർവ്വതങ്ങൾക്ക് അവയുടെ ഉയരത്തേക്കാളും‌പതിന്മടങ്ങ് ആഴത്തിൽ ഭൂമിക്കടിയിലേക്ക് വേരുകൾ ഉള്ളതായി ശാസ്ത്രം കണ്ടെത്തി. ഇത്തരത്തിൽ പർവ്വതത്തെ ഒരു ആണിയോട് ഉപമിക്കാം. ‘നാം ഭൂമിയെ പരവതാനിയാക്കുകയും പർവ്വതങ്ങളെ ആണികളാക്കുകയും ചെയ്തില്ലേ?’ (ഖുർആൻ 78:6-7) കൂടാതെ മണിക്കൂറിൽ 30,000 കിലോമീററർ വേഗത്തിൽ സഞ്ചരിക്കുകയും സ്വന്തം‌അച്ചുതണ്ടിൽ കറങ്ങുകയും ചെയ്യുന്ന ഭൂമിയെ കുലുങ്ങാതെ സൂക്ഷിക്കുന്നതിൽ അതിലെ പർവ്വതങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് ശാസ്ത്രം പറയുന്നു. ‘ഭൂമി നിങ്ങളേയും കൊണ്ട് ഇളകാതിരിക്കാനായി അതിൽ ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ അവൻ സ്ഥാപിച്ചിരിക്കുന്നു. നിങ്ങൾക്ക് വഴികണ്ടെത്തുവാൻ വേണ്ടി നദികളും പാതകളും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു’. (ഖുർആൻ 16:15)

രണ്ടു സമുദ്രങ്ങൾ തമ്മിലോ നദിയും സമുദ്രവും തമ്മിലോ കൂടിച്ചേരുമ്പോൾ അവയിലെ ജലം തമ്മിൽ കൂടിക്കലരുന്നില്ലെന്ന് ആധുനികശാസ്ത്രം കണ്ടെത്തി. ഉദാഹരണത്തിന് മെഡിററേനിയൻ സമുദ്രവും അററ്ലാന്റിക് സമുദ്രവും കൂടിച്ചേരുന്നിടത്ത് മെഡിററേനിയൻ ജലം അററ്ലാന്റിക്ക് സമുദ്രത്തിനുള്ളിലേക്ക് നൂറുകണക്കിന് കിലോമീററോളം ദൂരത്തിൽ ആയിരത്തോളം മീററർ ആഴത്തിൽ കൂടിക്കലരാതെ അവയുടേതായ ചൂട്, ഡെൻസിററി മുതലായവ സൂക്ഷിക്കുന്നുവത്രേ. ഒരു പ്രത്യേക തടസം ഇവ തമ്മിൽ കൂടിക്കലരാതെ വേർതിരിക്കുന്നു. ‘രണ്ടു കടലുകളെ (ജലാശയങ്ങളെ) തമ്മിൽ കൂടിച്ചേരത്തക്ക വിധം അവൻ അയച്ചുവിട്ടിരിക്കുന്നു. അവ രണ്ടിനുമിടക്ക് അവ അന്യോന്യം അതിക്രമിച്ചു കടക്കാതിരിക്കത്തക്കവിധം ഒരു തടസമുണ്ട്’. (ഖുർആൻ 55:19-20) സമുദ്രത്തിൽ ഏതാണ്ട് 200 മീററോളം ആഴത്തിൽ മാത്രമേ

വെളിച്ചമുള്ളു. 1000 മീററിനേക്കാൾ ആഴത്തിൽ കുററാക്കുററിരുട്ടാണ്. ചൂട്, ഡെൻസിററി മുതലായവ കണക്കിലെടുത്ത് സമുദ്രജലത്തെ വ്യത്യസ്ത പാളികളായി ശാസ്ത്രം തരംതിരിച്ചു. ഓരോ പാളികൾക്കിടയിലും തിരമാലകൾ രൂപപ്പെടുന്നുണ്ടെന്ന് ആധുനിക ശാസ്ത്രംകണ്ടെത്തി. 'അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ) തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനു മീതെവീണ്ടും തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനുമീതെ മറെറാന്നായിഅനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതു പോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരുപ്രകാശവുമില്ല'. (ഖുർആൻ 24:40)

കാററ് മേഘങ്ങളെ തെളിച്ചുകൊണ്ടുപോകുകയും ചെറിയ മേഘങ്ങൾ കൂടിച്ചേർന്ന് വലിയ മേഘങ്ങളാകുകയും അവയ്ക്കുള്ളിലെ മർദ്ദം അവ വലുതാകുന്നതിനു കാരണമാകുകയും അന്തരീക്ഷത്തിന്റെ തണുത്ത ഭാഗത്തെത്തുമ്പോൾ അവയ്ക്കുള്ളിൽ മഴത്തുള്ളികളും മഞ്ഞുകട്ടകളും രൂപപ്പെടുകയും ചെയ്യുന്നതായി ആധുനിക ശാസ്ത്രംകണ്ടെത്തി. 'അല്ലാഹു കാർമേഘത്തെ തെളിച്ചുകൊണ്ട് വരികയും എന്നിട്ട് അത് തമ്മിൽ സംയോജിപ്പിക്കുകയും എന്നിട്ടതിനെ അവൻ അട്ടിയാക്കുകയും ചെയ്യുന്നു എന്ന് നീകണ്ടില്ലേ? അപ്പോൾ അതിനിടയിലൂടെ മഴ പുറത്തുവരുന്നതായി നിനക്ക് കാണാം. ആകാശത്ത് നിന്ന് അവിടെ മലകൾ പോലുള്ള മേഘക്കൂമ്പാരങ്ങളിൽ നിന്ന് അവൻ ആലിപ്പഴം ഇറക്കുകയും, എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരിൽനിന്ന് തിരിച്ചുവിടുകയും ചെയ്യുന്നു. അതിന്റെമിന്നൽ വെളിച്ചം കാഴ്ച്ചകൾ റാഞ്ചിക്കളയുമാറാകുന്നു'. (ഖുർആൻ 24:43) സസ്യശാസ്ത്രം (Botany) പുരോഗതി പ്രാപിച്ചതും സസ്യങ്ങളിൽ ആൺ പെൺ വിഭാഗങ്ങളുണ്ടെന്ന് കണ്ടെത്തിയതും ഈയടുത്ത കാലത്ത് മാത്രമാണ്. എന്നാൽ ഖുർആൻ പറയുന്നു. 'മാനത്തുനിന്ന് മഴ വർഷിപ്പിച്ചവൻ. അങ്ങനെ അതിലൂടെ നാം വിവിധങ്ങളായ സസ്യങ്ങളെ ഇണകളായി സൃഷ്ടിച്ചു'. (20:53)

ശരീര ശാസ്ത്ര (Anatomy) രംഗത്ത് ഒരു സൂക്തം പ്രധാനമാണ്. രക്തചംക്രമണം (Blood circulation) കണ്ടുപിടിക്കുന്നതിന് ആയിരം കൊല്ലം മുമ്പ് ദഹനത്തിലൂടെ ആഗിരണപ്രക്രിയ നിമിത്തമാണ് ആന്തരികാവയവങ്ങൾക്ക് പോഷണംനൽകപ്പെടുന്നതെന്ന് ഉറപ്പുവരുത്താൻ കുടലിൽ എന്താണ് നടക്കുന്നതെന്ന് അറിയപ്പെടുന്നതിനു മുമ്പ്, പാലിന്റെ ഘടകങ്ങളുടെ ഉറവിടം ഖുർആൻ വിവരിക്കുന്നതുകാണുക. 'തീർച്ചയായും കാലികളിലുണ്ട് നിങ്ങൾക്കൊരു പാഠം. അവയുടെ ദേഹാന്തർഭാഗത്തുള്ളത് നിങ്ങൾക്ക് നാം പാനം ചെയ്യാൻ നൽകുന്നു. ആമാശയം ഉൾക്കൊള്ളുന്നതിനും രക്തത്തിനുമിടയിൽ നിന്നത്രെ അത് ഉത്ഭൂതമാകുന്നത്. പരിശുദ്ധമായ പാൽ! പാനം ചെയ്യുന്നവർക്ക് സന്തോഷം പകരുന്ന പാൽ!' (16:16)

മനുഷ്യന്റെ സൃഷ്ടിപ്പിനെപ്പററി നിരവധി വാക്യങ്ങളുണ്ട് ഖുർആനിൽ. 'ഒട്ടിപ്പിടിക്കുന്ന യാതൊന്നിൽ നിന്ന് ദൈവം മനുഷ്യനെ സൃഷ്ടിച്ചു'. (96:2) മാതാവിന്റെ ഗർഭാശയത്തിൽ വെച്ചുനടക്കുന്ന ഭ്രൂണത്തിന്റെ പരിണാമം 1945-ൽമാത്രമാണ് ഭ്രൂണശാസ്ത്രം (Ebryology) വിശദീകരിച്ചത്. ഭ്രൂണശാസ്ത്രജ്ഞന്മാരെ അതിശയിപ്പിക്കുന്ന ഒരു വാക്യം ഖുർആനിലുണ്ട്. 'ഒട്ടിപ്പിടിക്കുന്നതിനെ നാം ചവച്ചരച്ച മാംസപിണ്ഡമാക്കി മാററി. ചവച്ചരച്ച മാംസപിണ്ഡത്തെ അസ്ഥികളാക്കുകയും അസ്ഥികളെ ഊനം തട്ടാത്ത മാംസം കൊണ്ട് ഉടുപ്പണിയിക്കുകയും ചെയ്തു'. (23:14) ഭ്രൂണം അതിന്റെ വളർച്ചയിലെ ഒരു നിശ്ചിത ഘട്ടത്തിലെത്തുമ്പോഴുള്ള രൂപഭാവത്തെ കൃത്യമായും പ്രതിനിധീകരിക്കുന്നുണ്ട് ചവച്ചരച്ച മാംസപിണ്ഡം എന്നപദം. ഈ മാംസപിണ്ഡത്തിനുള്ളിൽ അസ്ഥികൾ വികാസം പ്രാപിക്കുന്നതായുംപിന്നീട് പേശികൾ കൊണ്ട് ആവരണം ചെയ്യപ്പെടുന്നതായും ഭ്രൂണശാസ്ത്രം പറയുന്നു പേശികൾ എന്നാണ് ഊനം തട്ടാത്ത മാംസം എന്ന പദം കൊണ്ടുള്ള വിവക്ഷ. കഴിഞ്ഞ നൂററാണ്ടുകളിൽ ജീവിച്ച ജനങ്ങൾക്ക് ഖുർആനിലെ ശാസ്ത്രീയ സത്യങ്ങൾ വേണ്ടരീതിയിൽ മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. ശാസ്ത്രം പുരോഗതിപ്രാപിച്ച ഈ കാലഘട്ടത്തിലാണ് ഖുർആനിലെ ശാസ്ത്രീയമായ അത്ഭുതങ്ങൾ വെളിവാക്കപ്പെടുന്നത്. ഏഴാം നൂററാണ്ടിൽ ജീവിച്ചുമരിച്ച നിരക്ഷരനായ ഒരു മനുഷ്യന് ആധുനിക ശാസ്ത്രത്തെ പോലും അമ്പരപ്പിക്കുന്ന വിവരങ്ങൾ എങ്ങനെ ലഭിച്ചു?. തീർച്ചയായും ദൈവത്തിൽ നിന്നാണെന്ന് മനസ്സിലാക്കാം. ഇനിയും മനസ്സിലാക്കപ്പെടാത്ത പല ശാസ്ത്രീയ സത്യങ്ങളും ഖുർആനിലുണ്ടത്രേ.

## 8. നബിചര്യയും ചില ശാസ്ത്രീയ സത്യങ്ങളും

മനുഷ്യരുടെ ജീവിതലക്ഷ്യം എന്താണെന്നും, എങ്ങനെയാണ് അവർ ജീവിക്കേണ്ടതെന്നും പഠിപ്പിക്കുന്ന, ഒരു മനുഷ്യനു വേണ്ട 'സമഗ്ര ജീവിത വ്യവസ്ഥ' പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് പരിശുദ്ധഖുർആൻ. ഖുർആൻ നമുക്ക് വിവരിച്ചു തന്നതുംമനസ്സിലാക്കിത്തന്നതും മുഹമ്മദ് നബി(സ) യാണ്. നബി(സ) യുടെ ജീവിതം ഖുർആൻ ആയിരുന്നു. ഖുർആൻ വായിച്ചാൽ നമുക്ക് എല്ലാകാര്യങ്ങളും ശരിയായ രീതിയിൽ മനസ്സിലായിക്കൊള്ളണമെന്നില്ല. അതിന് ഖുർആന്റെ 'ജീവിത മാതൃക' യായ മുഹമ്മദ്നബി(സ) യുടെ ജീവിതവും മനസ്സിലാക്കണം പരിശുദ്ധ ഖുർആന്റെ ഈ 'പ്രായോഗിക ജീവിത മാതൃക'യെ ആണ് നമ്മൾ 'സുന്നത്ത്' അഥവാ നബിചര്യ എന്നു പറയുന്നത്. നബി(സ) യുടെ വാക്കുകളും പ്രവൃത്തികളും അദ്ദേഹത്തിന്റെ പ്രശംസയ്ക്കും അംഗീകാരത്തിനും വിധേയമായ മററ് അനുഭവങ്ങളും ചേർന്നതാണ്

സുന്നത്ത്. നബിചര്യയെത്തന്നെയാണ് നമ്മൾ ഹദീസ് എന്ന പദം കൊണ്ടും അർത്ഥമാക്കുന്നത്. 'നാം താങ്കൾക്ക് ഖുർആൻ അവതരിപ്പിച്ചത്, ജനങ്ങൾക്ക് ഇറക്കപ്പെട്ടത് അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയാണ്'. (ഖുർആൻ 16:44) ഖുർആൻ അനുസരിച്ചുള്ള ഒരു ജീവിതം നയിക്കണമെങ്കിൽ, അതിന്റെ പ്രായോഗിക മാതൃകയായ നബിചര്യയും മനസ്സിലാക്കി നാം അത് ജീവിതത്തിൽ പകർത്തേണ്ടതുണ്ട്. അതുകൊണ്ടാണ് നബിചര്യ പിന്തുടരാൻ ഇസ്ലാം ആവശ്യപ്പെടുന്നത് 'പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻതുടരുക. എങ്കിൽ അല്ലാഹു നിങ്ങളേയും സ്നേഹിക്കും'. (ഖുർആൻ 3:30)

പരിശുദ്ധഖുർആനും തിരുസുന്നത്തും ചേർന്നതാണ് ഇസ്ലാം മതം. മനുഷ്യ ചരിത്രത്തിൽ മുഹമ്മദ്നബി(സ) യെപ്പോലെ സമ്പൂർണ്ണനായ ഒരുവ്യക്തിയെ കാണുവാൻ സാധിക്കുകയില്ല. ഭരണാധികാരി, ന്യായാധിപൻ, മതനേതാവ്, സേനാനായകൻ, കുടുംബനാഥൻ, കച്ചവടക്കാരൻ മുതലായ എല്ലാ രംഗങ്ങളിലും ശോഭിച്ചിരുന്ന ഒരു വ്യക്തി ലോക ചരിത്രത്തിലുണ്ടായിട്ടില്ല. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഒരു വ്യക്തി അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിവരിച്ചുതന്നിട്ടുണ്ട്. ഒരു കാര്യവും സ്പർശിക്കാതെ വിട്ടിട്ടില്ലെന്നു പറയാം. സഹാബികൾ എല്ലാകാര്യങ്ങളിലും അദ്ദേഹത്തോട് സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കുമായിരുന്നു. എന്തിനധികം, ലൈംഗിക കാര്യങ്ങളിൽ വരെ, സഹാബികൾക്ക് അദ്ദേഹം നിർദ്ദേശങ്ങൾ നൽകിയിരുന്നതായി ഹദീസുകളിൽ നിന്ന് നമുക്കു മനസ്സിലാക്കാം. എഴുത്തും വായനയും അറിയാത്ത നബി(സ)ക്ക് ഇങ്ങനെയുള്ള എല്ലാ വിഷയങ്ങളിലും അറിവുകൾ കിട്ടിയത് അല്ലാഹുവിൽ നിന്നായിരുന്നു. പ്രപഞ്ചത്തെയും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളേയും സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിന് അറിയാത്തതായി ഒന്നുമില്ലല്ലോ. അതുകൊണ്ട്, നബി(സ) യുടെ വാക്കുകളിൽ 'തെററ്' എന്നു പറയാവുന്ന ഒന്നും നമുക്ക് കണ്ടെത്താനാവില്ല. നബിചര്യയിൽ പലതും, ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

അപൂർവ്വം ചില ഉദാഹരണങ്ങൾ നമുക്കു പരിശോധിക്കാം. ഒരു ഹദീസ് കാണുക. അത്തിയ്യബ്നീൻ ഉർവ്വത്തുസ്സഅ്ദീ (റ) പറയുന്നു: നബി(സ) അരുൾ ചെയ്തു: 'കോപം പിശാചിൽ നിന്നുള്ളതാണ്. പിശാചാകട്ടെ, തീയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. തീ വെള്ളം കൊണ്ടാണ് അണയ്ക്കപ്പെടുക. ആയതിനാൽ, നിങ്ങളിൽ, ആരെങ്കിലും കോപിഷ്ഠനായാൽ അവൻ വുളൂഅ് എടുത്ത്കൊള്ളട്ടെ' (അബൂദാവൂദ്) അമേരിക്കയിലെ ഡ്യൂക്ക് സർവ്വകലാശാലയിലെ, ഡോ. റെഡ്ഫോർഡ് വില്ല്യം കോപത്തെക്കുറിച്ച് ആധികാരികമായി റിസർച്ച് നടത്തിയ വ്യക്തിയാണ്. 1400 വർഷങ്ങൾക്കപ്പുറത്തുനിന്നുള്ള പ്രവാചകന്റെ ഈ വാക്കുകൾ കേട്ട് അയാൾ അത്ഭുതപരതന്ത്രനാവുകയാണ്. ഒരു മനുഷ്യന് സ്വന്തം ബുദ്ധി ഉപയോഗിച്ച് ഇങ്ങനെ ഒരു പ്രസ്താവം നടത്തുക സാധ്യമല്ല എന്നാണ് ഡോക്ടറുടെ നിഗമനം. പ്രകൃതിക്കതീതമായ ഒരു ശക്തിയുടെ അരുളപ്പാടനുസരിച്ച് മാത്രമേ ഇങ്ങനെ പറയാനാവൂ എന്ന്അദ്ദേഹം സമർത്ഥിക്കുന്നു. കാരണമെന്താണെന്നല്ലേ? ഒരാൾ ദേഷ്യം പിടിക്കുമ്പോൾ, അഡ്രിനാലിൻ എന്ന ഹോർമോൺ ശരീരത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്നു. അതിന്റെ ഫലമായി. ശരീരോഷ്മാവ് കൂടുന്നു. ശരീരത്തിലെ ഓരോ കോശവും ചൂടാകുന്നു. ഹൃദയമിടിപ്പ് കൂടുന്നു. ഹൃദയത്തിന്റെ പേശികൾ വിറകൊള്ളുന്നു. ഇങ്ങനെയുള്ള ഒരു മനുഷ്യന്റെ ചൂട് അകററി, അയാളെ പൂർവ്വസ്ഥിതിയിലാക്കാൻ പകരം മരുന്നു കുത്തിവെയ്ക്കാനല്ല ശാസ്ത്രം പഠിപ്പിക്കുന്നത്. പ്രത്യുത, അയാളുടെ മുഖത്തും ദേഹത്തും കുറച്ച് തണുത്ത വെള്ളംകോരി ഒഴിക്കാനാണ്. ത്വക്കിൽ ഏററവുമധികം രക്തപ്രവാഹമുള്ള 'വുളൂഇന്റെ' അവയവങ്ങളിൽ വെള്ളമൊഴിച്ച് കോപത്തെ ഇല്ലാതാക്കുവാൻ കൽപ്പിച്ച പ്രവാചകന്റെ വാക്ക് എത്ര യുക്തി നിറഞ്ഞതാണ്!. കോപം പിശാചിൽ നിന്നാണെന്നും പിശാച് തീയിൽ നിന്നാണെന്നുമുള്ളനബി(സ) യുടെ വാക്കുകൾ വെറും ഭാവനയോ കടങ്കഥയോ അല്ലെന്നും നൂറുശതമാനം ശാസ്ത്രീയ ചിന്തയാണെന്നും ഇതിൽ നിന്ന് മനസ്സിലാകുന്നു. മറെറാരു കാര്യം കൂടി ചിന്തിച്ചുനോക്കുക. അഞ്ചുനേരവും മുടങ്ങാതെ, വുളൂഅ് എടുത്ത് നമസ്കരിക്കുന്ന ഒരു വ്യക്തിയുടെ മനസ്സിന് 'കോപം' പോലുള്ള മനുഷ്യനെ നശിപ്പിക്കുന്ന വികാരങ്ങളെ പ്രകൃതാ തന്നെ അൽപ്പമെങ്കിലും ചെറുക്കാനുള്ള കഴിവ് കിട്ടുകയില്ലേ?

ശവം, രക്തം, പന്നിമാംസം, ദൈവത്തിന്റെ പേരിലല്ലാതെ അറുക്കപ്പെട്ടത് ഇവയൊന്നും കഴിക്കരുതെന്ന് ഖുർആനിൽ പറയുന്നു. മൃഗങ്ങളെയും, പക്ഷികളേയുമെല്ലാം 'ബിസ്മി' ചൊല്ലി അറുക്കണമെന്നും, അവയുടെ രക്തം പുറത്തുകളഞ്ഞുമാത്രം അവയെ ഭക്ഷിക്കണമെന്നുമാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്. ഈയടുത്ത കാലത്ത് ലണ്ടനിൽ പുറത്തിറങ്ങിയ ഒരു റിസർച്ച് റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. ജന്തുക്കളെ കൊല്ലുന്ന സമയത്ത്, അവ അത്യധികമായി പേടിക്കുന്നതുമൂലം 'അഡ്രിനാലിൻ' എന്ന ഹോർമോൺ വളരെയധികം അവയുടെ രക്തത്തിൽ കലരുന്നു. ജന്തുക്കളെ അറുക്കാതെ ഭക്ഷിച്ചാൽ അവയുടെ രക്തവും രക്തത്തിലടങ്ങിയ പല തരത്തിലുള്ള ഹോർമോണുകളും പദാർത്ഥങ്ങളുമെല്ലാം നമ്മുടെ ശരീരത്തിലെത്തുന്നു. ഇങ്ങനെ, കുറച്ചുനാൾ ഭക്ഷിക്കുമ്പോൾ ഈ വിഷപദാർത്ഥങ്ങൾ നമ്മുടെ ശരീരത്തിൽ കെട്ടിക്കിടക്കുന്നതു മൂലം പലവിധ അസുഖങ്ങൾക്കും അത് നിമിത്തമാകുന്നു. അതുകൊണ്ട്, ജന്തുക്കളെ അറുത്ത് അവയുടെ രക്തം പുറത്തുകളഞ്ഞ് മാത്രം ഭക്ഷിക്കുക. നമ്മുടെ ഖുർആനിന്റെയും സുന്നത്തിന്റെയുമെല്ലാം ശാസ്ത്രീയത നോക്കുക. യൂറോപ്യൻ രാജ്യങ്ങളിൽ പന്നിമാംസം ഭക്ഷിക്കുന്നതിനോടൊപ്പം അതിലടങ്ങിയിട്ടുള്ള വിരകളേയും അണുക്കളേയുമെല്ലാം നിർവീര്യമാക്കുന്നതിനായി ശക്തിയേറിയ ഗുളികകളും അതോടൊപ്പം കഴിക്കുമത്രേ. ജന്തുക്കളെ അറുക്കാതെയും, പന്നിമാംസവും മററും ഭക്ഷിക്കുന്ന ഇതര സമുദായങ്ങളിൽ,

ഹൃദ്രോഗവും, ക്യാൻസർ പോലുള്ള മററ് അസുഖങ്ങളുമെല്ലാം മുസ്ലീങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് നമുക്ക് കാണാം.

നബി(സ) യുടെ മറെറാരു നിർദ്ദേശം കാണുക. പട്ടി കിടന്ന സ്ഥലം വൃത്തിയാക്കുന്നതിന് ഏഴ് പ്രാവശ്യം വെള്ളം കൊണ്ടും ഒരു പ്രാവശ്യം മണ്ണുകൊണ്ടും കഴുകാൻ നബി(സ) പറയുകയുണ്ടായി. ഈ നബി വചനമൊന്നും അറിഞ്ഞിട്ടില്ലാത്ത ഒരു ശാസ്ത്രജ്ഞൻ, പട്ടിയുടെ ശരീരത്തിൽ ധാരാളമായി കാണുന്ന ഒരു പ്രത്യേകതരം ചെള്ളിനെ നശിപ്പിക്കുവാനായി ഗവേഷണത്തിൽ ഏർപ്പെട്ടു. ഒരുപാട് കെമിക്കലുകൾ അദ്ദേഹം ഉപയോഗിച്ചു നോക്കി. പക്ഷേ, 'ചെള്ള്' ചത്തില്ല. ഒടുവിൽ വളരെയാദൃശ്ചികമായിട്ടാണ്, നിസ്സാരമായ മണ്ണ് ഉപയോഗിക്കുമ്പോൾ ഈ ചെള്ള് ചാകുന്നതായി അദ്ദേഹം കണ്ടെത്തിയത്. മുസ്ലീം പുരുഷൻമാരെല്ലാം ചെയ്യുന്ന സുന്നത്ത് കർമ്മം (ചേലാകർമ്മം) നോക്കുക. അബ്രഹാം, ദാവീദ്, മോശെ, യേശുക്രിസ്തു മുതലായ പ്രവാചകൻമാരും ഇവരുടെ സന്തതിപരമ്പരകളുമെല്ലാം സുന്നത്ത് കർമ്മം ചെയ്തിരുന്നതായി ബൈബിൾ പഴയനിയമത്തിൽ പറയുന്നു. അതുകൊണ്ടാണ്, ഇവരുടെയെല്ലാം പിൻഗാമികളായ നമ്മളും നിർബ്ബന്ധമായി സുന്നത്ത് കർമ്മം ചെയ്യുന്നത്. എന്താണിതിന്റെ ശാസ്ത്രീയത? പുരുഷൻമാരിൽ ലിംഗപരമായും മൂത്രസംബന്ധമായുമുള്ള ഏകദേശം പതിനഞ്ചോളം അസുഖങ്ങൾക്ക് ഇതുമാത്രമാണ് പ്രതിവിധിയെന്ന് ഡോക്ടർമാർ പറയുന്നു. പലവിധപ്രശ്നങ്ങളാലും സുന്നത്ത് കർമ്മം ചെയ്ത അമുസ്ലീങ്ങളായ ധാരാളം പേർ നമുക്കിടയിൽത്തന്നെയുണ്ട്.

നമ്മുടെ 'നോമ്പി'ന്റെ കാര്യമെടുക്കുക. നമ്മുടെ ആരോഗ്യം കാത്തുസൂക്ഷിക്കാൻ ഒരുവർഷത്തിൽ, മിനിമം 20 ദിവസമെങ്കിലും ഉപവസിച്ചിരിക്കണം എന്ന് ആധുനിക വൈദ്യശാസ്ത്രം നിർദ്ദേശിക്കുന്നു. ഒരുനേരം മാത്രം ധാന്യാഹാരവും, രണ്ടുനേരം പഴങ്ങൾ മാത്രവും, ആഴ്ചയിൽ ഒരു ദിവസം ഉപവാസവും അനുഷ്ടിച്ചാൽ യാതൊരുവിധ രോഗങ്ങളും നമ്മെ ബാധിക്കുകയില്ലെന്നാണ് പ്രകൃതി ചികിത്സകർ പറയുന്നത്. ഫാക്ടറികൾ, യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നിലനിർത്തുവാനും പെട്ടെന്ന് കേടുവരാതിരിക്കാനുമായി, ഇടക്കിടെ കുറച്ചുദിവസം അവയ്ക്ക് വിശ്രമം കൊടുത്ത്, അററകുററപ്പണികൾ നടത്താനായി 'ലേ ഓഫ്' ചെയ്യുന്നതു കാണാം. ഇതുപോലെയാണ് മനുഷ്യന്റെ കാര്യവും. ഇടതടവില്ലാതെ പ്രവർത്തിക്കുന്ന നമ്മുടെ ദഹനേന്ദ്രിയങ്ങളുടെ പ്രവർത്തനക്ഷമത നിലനിർത്തുവാനും അവയുടെ അററകുററപ്പണികൾ നടത്തുവാനുമുള്ള ഒരു പ്രക്രിയയാണ് ഉപവാസം. നമ്മെ ബാധിക്കുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ദഹനേന്ദ്രിയങ്ങളെ കേന്ദ്രീകരിച്ചുള്ളതാണെന്നാണ് വൈദ്യശാസ്ത്രത്തിന്റെ നിഗമനം. അതുകൊണ്ടാണ്, ശരീരത്തിന്റെ ആരോഗ്യം നിലനിർത്താൻ ഉപവാസം അത്യന്താപേക്ഷിതമാണെന്ന് ഡോക്ടർമാർ പറയുന്നത്.

ഇവരെല്ലാം നിർദ്ദേശിക്കുന്ന ഉപവാസം, മുസ്ലീങ്ങളുടെ 'നോമ്പ്' പോലുള്ളതാണ്. അതായത്, ദഹനപ്രക്രിയകൾ കൂടുതൽ നടക്കുന്ന പകൽ സമയത്ത് അന്നപാനീയങ്ങൾ പൂർണ്ണമായുംഉപേക്ഷിക്കുക എന്ന രീതിയിലുള്ള ഉപവാസം. നമ്മുടെ 'നോമ്പി'ന്റെ ശാസ്ത്രീയത നോക്കൂ. വിവരമുള്ളവരെല്ലാം വളരെ ബഹുമാനത്തോടു കൂടിയാണ് മുസ്ലീങ്ങളുടെ നോമ്പിനെപ്പററി പറയുക. മാത്രമല്ല, റംസാൻമാസം മുഴുവനും (ഒന്നു പോലും ഉപേക്ഷിക്കാതെ) തുടർച്ചയായി നോമ്പെടുത്താൽകിട്ടുന്ന ശരീരസുഖവും, മനസുഖവും, അത് അനുഭവിച്ചവർക്ക് മാത്രമാണ് അറിയാൻ കഴിയുക. നമ്മുടെ ശരീരവും മനസ്സും അഴുക്കുകളെല്ലാം കളഞ്ഞ് ശുദ്ധീകരിക്കുവാനും, അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കാനുള്ള പരിശീലനം കിട്ടുവാനുമാണ് നമുക്ക് റംസാനിലെ നോമ്പ് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നത്. അല്ലാതെ നമ്മളെ പട്ടിണിക്കിട്ട് കൊല്ലാനൊന്നുമല്ല. ആരോഗ്യം കാത്തുസൂക്ഷിക്കാൻ നാം ശരിയായ ഭക്ഷണശീലം കാത്തുസൂക്ഷിക്കണമെന്ന് ആയുർവേദം നിർദ്ദേശിക്കുന്നു. ഒരു മനുഷ്യന്റെ കൈക്കുമ്പിളിലൊതുങ്ങുന്ന ഭക്ഷണമേ അവന് ഒരു നേരം ആവശ്യമുള്ളു എന്ന് അവർ പറയുന്നു. കൂടാതെ വയറിന്റെ അരഭാഗം മാത്രം ഭക്ഷണവും കാൽഭാഗം മാത്രം വെള്ളവും കഴിച്ച് ബാക്കി കാൽഭാഗം ഒഴിച്ചിടണമെന്നാണ് ആയുർവേദവും പ്രകൃതി ശാസ്ത്രവും എല്ലാം നിർദ്ദേശിക്കുന്നത്. എന്നാൽ, പതിനാല് നൂററാണ്ട് മുമ്പ് ജീവിച്ച നബി(സ) യുടെ ഒരു വചനം ശ്രദ്ധിക്കൂ. 'വയറിനേക്കാൾ മോശമായ ഒരു പാത്രം ഒരു മനുഷ്യനും നിറക്കുവാനില്ല. മനുഷ്യന് അവന്റെ നട്ടെല്ല് നിവർത്താൻ സഹായകമായ ഏതാനും പിടി ഭക്ഷണം മതി. കൂടാതെ കഴിയില്ലെങ്കിൽ മൂന്നിലൊരു ഭാഗം ഭക്ഷണം കൊണ്ടും മൂന്നിലൊരു ഭാഗം വെള്ളം കൊണ്ടും പൂരിപ്പിക്കട്ടെ. ശേഷിച്ച മൂന്നിലൊന്ന് ശ്വാസം കഴിക്കാൻ വിട്ടുകൊടുക്കട്ടെ'. (തിർമിദി, ഇബ്നുമാജ)

കിടക്കുമ്പോൾ വലതുവശം ചെരിഞ്ഞ് കിടക്കുന്നതാണ് നബിചര്യ. ശാസ്ത്രം നിർദ്ദേശിക്കുന്നതും അങ്ങനെ തന്നെ. നമ്മുടെ ആമാശയം ഇടതുഭാഗത്തായതിനാൽ ദഹനം നടക്കുമ്പോൾ ആമാശയത്തിൽ നിന്നും ചെറുകുടലിലൂടെ ഭക്ഷണത്തിന്റെനീക്കം സുഗമമാക്കുവാൻ വലതുവശം ചെരിഞ്ഞുകിടക്കുന്നതാണ് നല്ലതെന്നാണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ നിർദ്ദേശം. കൂടാതെ വലതുവശം ചെരിഞ്ഞു കിടക്കുമ്പോൾ ഒരു കുപ്പിയിൽ നിന്നും വെള്ളം ഒഴുകിയാലെന്ന പോലെയാണ് ഹൃദയത്തിൽ നിന്നും രക്തം ഒഴുകുന്നതെന്നും, ഹൃദയത്തിന് ഏററവും ജോലിഭാരം കുറഞ്ഞ പൊസിഷനാണിതെന്നും ആധുനിക വൈദ്യശാസ്ത്രം പറയുന്നു. ഒരു ഗ്ലാസ് വെള്ളം കുടിക്കുമ്പോൾ ബിസ്മി ചൊല്ലി മൂന്ന് മടക്കായി കുടിക്കുന്നതാണ് നബിചര്യ. ശാസ്ത്രത്തിന്റെ നിർദ്ദേശം അങ്ങനെ തന്നെ. ഒററയടിക്ക് വെള്ളംവലിച്ചു കുടിക്കുന്നത് നല്ലതല്ലെന്ന് ശാസ്ത്രം പറയുന്നു. ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ധാരാളം നബിവചനങ്ങളിൽ അപൂർവ്വം ചിലതുമാത്രമാണിവ. ഖുർആനിലും നബിവചനങ്ങളിലും തെററ് അല്ലെങ്കിൽ വിഡ്ഢിത്തം എന്ന്

ശാസ്ത്രം പറഞ്ഞ ഒന്നും തന്നെയില്ല. കൂടാതെ 1400 വർഷങ്ങൾക്കു മുമ്പ്നബി(സ) നടത്തിയ പ്രവചനങ്ങളെല്ലാം സത്യസന്ധമായി പുലർന്നിട്ടുണ്ട്.

അന്ത്യനാളിനെ സംബന്ധിച്ച പ്രവചനങ്ങളാണ് ഇനി പുലരാൻ ബാക്കിയുള്ളത്. ഖുർആനിനും മുഹമ്മദ് നബി(സ) എന്ന മനുഷ്യന്റെ വാക്കുകൾക്കും മുന്നിൽ പകച്ചുനിൽക്കുകയാണ് ശാസ്ത്രം. ജീവിതത്തിലെ എല്ലാ മേഖലകളിലും പിൻതുടരേണ്ട തികച്ചും അനുയോജ്യവും ശാസ്ത്രീയവുമായ കാര്യങ്ങളാണ് നബി(സ) നമ്മെ പഠിപ്പിച്ചിരിക്കുന്നത്. നൂററാണ്ടുകൾക്ക് മുമ്പ്, അന്ധകാരത്തിലാണ്ടു കിടന്നിരുന്ന ഒരു സമൂഹത്തിൽ ജനിച്ച, നിരക്ഷരനായ നബി(സ) യ്ക്ക് ഇത്തരം അറിവുകൾ എവിടെ നിന്നുകിട്ടി? ഖുർആൻ സൂക്തങ്ങൾ എവിടെനിന്നു കിട്ടി? അത് അല്ലാഹുവിങ്കൽ നിന്നാണെന്ന്, ദൈവവിശ്വാസമില്ലാത്ത ഒരുവനു പോലും ഒരുനിമിഷം ആലോചിച്ചാൽ മനസ്സിലാകും. മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിന്, മനുഷ്യൻ അനുവർത്തിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിക്കേണ്ട ബാധ്യതയില്ലേ? എത്ര ചെറിയ കാര്യമായാലും നമുക്ക് മഹാനായ നബി(സ)യിൽ മാതൃകയുണ്ട്. മലമൂത്ര വിസർജ്ജനത്തിനുശേഷം ശൗച്യം ചെയ്യുന്നതെങ്ങനെയെന്നു പോലും നബി(സ) നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ, യഥാർത്ഥമായ നബിചര്യ മനസ്സിലാക്കി അത് നമ്മുടെ ചര്യയാക്കി മാററാനാണ് നാം ശ്രദ്ധിക്കേണ്ടത്.

അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക. 'തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്'. (ഖുർആൻ 33:21) മരണാനന്തരം നമുക്കൊരു ജീവിതമുണ്ടെന്നും, അതിലേയ്ക്കുള്ള പരീക്ഷണഘട്ടം മാത്രമാണ് ഇഹലോകത്തെ ജീവിതമെന്നും ഇവിടെ അല്ലാഹുവിനെ ഭയപ്പെട്ടുമാത്രം ജീവിക്കുക എന്നു ഖുർആനും സുന്നത്തും നമ്മോടു പറയുന്നെങ്കിൽ, നമ്മൾ എന്തിന് അത് വിശ്വസിക്കാതിരിക്കണം? എന്തു തന്നെ കേട്ടാലും ആലോചിക്കാതെ ധനസമ്പാദനം എന്ന ഒരൊററ ലക്ഷ്യത്തിൽ മാത്രം മുഴുകി അല്ലാഹുവിനെ ഓർക്കാതെ, അലസരായി ജീവിക്കുന്ന നമുക്ക് ഖുർആൻ പറയുന്നതുപോലെ വിവരമില്ല എന്നേ പറയേണ്ടതുള്ളു. നരകത്തിലെത്തിപ്പെട്ടതിനു ശേഷമാണോ നമ്മൾ വാസ്തവം മനസ്സിലാക്കാൻ പോകുന്നത്!. മഹത്തായ നബി(സ) യുടെ ജീവിതമാതൃക നമ്മുടെ ജീവിതത്തിൽ പകർത്താൻ പരമാവധി ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ, നമുക്ക് ഇഹലോകത്തും പരലോകത്തും വിജയം നേടാൻ സാധിക്കുകയുള്ളു. പക്ഷേ നമ്മൾ ഇന്നുകാണുന്ന ചിലകാര്യങ്ങൾ, നബിചര്യയ്ക്കു വിരുദ്ധമായതും നബിചര്യയിലില്ലാത്തതുമാണ്. നമ്മുടെ കാരണവൻമാരും, പണ്ഡിതൻമാരും, നേതാക്കൻമാരുമെല്ലാം കാണിച്ചുതരുന്ന ചര്യകൾ, യഥാർത്ഥ നബിചര്യ ആയിക്കൊള്ളണമെന്നില്ല. അവർക്കു ശരിയെന്നു തോന്നുന്നതാണ് അവർ ചെയ്യുന്നത്. പല കാര്യങ്ങളിലും പണ്ഡിതൻമാർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അവർ ചെയ്യുന്ന കാര്യങ്ങളെല്ലാം അവർ ന്യായീകരിക്കുന്നു. ഒരു കാര്യം മാത്രം നമ്മൾ മനസ്സിലാക്കിയാൽ മതി. നമ്മുടെ നേതാവ് മഹാനായ മുഹമ്മദ് നബി(സ) മാത്രമാണ്. അദ്ദേഹത്തെ മാത്രമാണ് നമ്മൾ പിൻപററേണ്ടത്. ഹദീസ് ഗ്രന്ഥങ്ങൾ വായിച്ച് യഥാർത്ഥ നബിചര്യ മനസ്സിലാക്കി, അത് പിൻ പററുകയാണ് നമ്മൾ ചെയ്യേണ്ടത്. ഹദീസുകൾ ലക്ഷക്കണക്കിനുണ്ട്. വിശ്വസനീയമായ ഹദീസുകൾ ക്രോഡീകരിച്ചിരിക്കുന്ന ചില പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളാണ് സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്ലീം, അബുദാവൂദ്, തിർമിദി, നസാഈ, ഇബ്നുമാജ മുതലായ ഗ്രന്ഥങ്ങൾ. ഇവയുടെ പരിഭാഷകൾ ലഭ്യമാണ്. ഇവയെല്ലാം വായിച്ചാൽ, ജീവിതത്തിന്റെ എല്ലാമേഖലകളിലേക്കും നമുക്ക് ആവശ്യമായ അറിവുകൾ കിട്ടും. നബിചര്യകൾ പ്രതിപാദിക്കുന്ന സ്വഹീഹായ ഗ്രന്ഥങ്ങളാണിവ. ഇവകൂടാതെയും, ഹദീസുകൾ അടങ്ങിയ അനേകം ഗ്രന്ഥങ്ങളുണ്ട്. മുകളിൽ പറഞ്ഞ ഖുർആൻ വചനം വ്യക്തമാക്കിയതുപോലെ, അല്ലാഹു നമ്മളെ സ്നേഹിക്കാൻ നമ്മൾ അല്ലാഹുവിനെ സ്നേഹിക്കേണ്ടതുണ്ട്. അല്ലാഹുവിനെ സ്നേഹിക്കാൻ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നബിചര്യ പിന്തുടരുകയാണ് നമ്മൾ ചെയ്യേണ്ടത്. അതിന് സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ)

## 9. മരണാനന്തര ജീവിതം: സത്യമോ അതോ മിഥ്യയോ?

ഇസ്ലാം മതത്തിന്റെ വിശ്വാസപ്രമാണങ്ങളിൽ അഞ്ചാമത്തെ കാര്യമാണ് മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം. ഇഹലോക ജീവിതം വെറും ഒരു പരീക്ഷണഘട്ടമാണെന്നും മരണാനന്തരമാണ് യഥാർത്ഥജീവിതം ആരംഭിക്കുന്നതെന്നും, അന്ത്യനാളിനുശേഷം വരുന്ന വിധിദിനത്തിൽ ഇഹലോക ജീവിതത്തിലെ കർമ്മങ്ങൾക്കനുസരിച്ച് പ്രതിഫലം കിട്ടുമെന്നുള്ള ദൃഢമായ വിശ്വാസം ഒരു സത്യവിശ്വാസിക്ക് നിർബന്ധമാണ്. എന്നാൽ, മരണാനന്തരം ഒരു ജീവിതമുണ്ട് എന്ന് കേൾക്കുമ്പോൾ ചിലർക്ക് തമാശയായി തോന്നുന്നു. വിവരമില്ലാത്തവരുടെ പഴംപുരാണങ്ങൾ, എന്ന് പറഞ്ഞ് അവരത് തള്ളിക്കളയുന്നു. മററുചിലർക്ക് സംശയത്തോടെയുള്ള ദുർബലമായ ഒരുവിശ്വാസമാണുള്ളത്. ഇങ്ങനെയുള്ളവരെല്ലാം ഇഹലോക ജീവിതമാണ് എല്ലാം എന്ന വിശ്വാസത്തിൽ അല്ലാഹുവിനെ മറന്ന് ജീവിക്കുന്നു. 'മരണാനന്തര ജീവിതം' എന്ന വിശ്വാസത്തിൽ എന്തുമാത്രം സത്യമുണ്ട് എന്ന് നമുക്കൊന്ന് പരിശോധിക്കാം. 'മരണം' എന്ന പ്രതിഭാസത്തിൽ ആർക്കും സംശയമില്ല. എന്താണ് മരണം? മരണപ്പെടുമ്പോൾ എന്താണ് സംഭവിക്കുന്നത്? ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളിലും, 'ആത്മാവ്' എന്ന ഒരു വസ്തു കുടികൊള്ളുന്നുണ്ടെന്ന് എല്ലാവർക്കുമറിയാം. ഒരു ജീവിയുടെ ശരീരത്തിൽ നിന്നും അതിന്റെ ആത്മാവ് വേർപെടുന്ന അവസ്ഥയ്ക്കാണ് 'മരണം' എന്നു പറയുന്നത്. മരണത്തോടെ, ശരീരം മാത്രമാണ് നശിക്കുന്നത്. ആത്മാവ് ശരീരത്തോടൊപ്പം മരിക്കുന്നില്ല. ആത്മാവിന് ഒരിക്കലും മരണമില്ല. എങ്കിൽപ്പിന്നെ, നാം മരണപ്പെടുമ്പോൾ,

നമ്മുടെ ശരീരത്തിൽ നിന്നും വേർപെടുന്ന ആത്മാവ് എങ്ങോട്ടു പോകുന്നു? 'ശരീര'ത്തെക്കുറിച്ച് നമുക്ക് ഒരുപാട് അറിവുകൾ നേടിത്തന്ന ശാസ്ത്രത്തിന് 'ആത്മാവ്' എന്ന പ്രതിഭാസത്തെക്കുറിച്ച് ഒന്നും തന്നെ അറിയാൻ കഴിഞ്ഞിട്ടില്ല.

ഈയവസരത്തിൽ, താഴെപറയുന്ന ഖുർആൻ വാക്യം ശ്രദ്ധിക്കുക. 'ആത്മാവ് ഒരു ദൈവിക പ്രതിഭാസമാണ്. (അതിനെക്കുറിച്ച്) ജ്ഞാനം വളരെക്കുറച്ചേ നിങ്ങൾക്കു ലഭിച്ചിട്ടുള്ളൂ'. (ഖുർആൻ 17:85) മാതാവിന്റെ ഗർഭാശയത്തിൽവെച്ച് എങ്ങനെയാണ് നമുക്ക് ജീവൻ ലഭിക്കുന്നത്? തീർച്ചയായും ദൈവം തരുന്നതാണതെന്ന് നിഷ്പ്രയാസം പറയാം. നമ്മൾ മരിക്കുമ്പോൾ നമ്മുടെ ശരീരത്തിൽ നിന്നും വേർപ്പെടുന്ന ആത്മാവ് എവിടെ പോകുന്നുവെന്ന് നമുക്ക് അറിയില്ല. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് അതിനെ കൊണ്ടുപോകാനും നമുക്ക് കഴിയില്ല. അത് നൽകിയത് അല്ലാഹുവായതു കൊണ്ട് അത് ഏറ്റെടുക്കുന്നതും അവൻ തന്നെയാണെന്ന് നിഷ്പ്രയാസം പറയാൻ സാധിക്കും. 'ആത്മാവുകളെ അവയുടെ മരണവേളകളിൽ ഏറ്റെടുക്കുന്നത് അല്ലാഹുവാണ്'. (ഖുർആൻ 39:42) ശരീരവും ആത്മാവും കൂടിച്ചേർന്ന ജീവിയാണല്ലോ മനുഷ്യൻ. മനുഷ്യജീവിതം മൂന്നുഘട്ടമാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. ഐഹികം, ബർസഖ്, ഖിയാമത്ത് എന്നിവയാണ് ആ ഘട്ടങ്ങൾ. ജനനം മുതൽ മരണംവരെയുള്ള ഈ ലോകത്തെ ജീവിതഘട്ടമാണ് ഐഹികം. ഈ ഘട്ടം ശരീരപ്രധാനമാണ്. ആത്മാവ് അദൃശ്യമാണിവിടെ. അതായത്, ആത്മാവിനെ അപേക്ഷിച്ച് ശരീരം മാത്രമാണിവിടെ പ്രകടമാവുന്നത്. ഈ ഘട്ടത്തിൽ സുഖദു:ഖങ്ങളനുഭവിക്കുന്നത് ശരീരത്തിന്റെ മാധ്യമത്തിലൂടെയാണ്.

മരണം മുതൽ, അഥവാ മനുഷ്യന്റെ ശരീരവും ആത്മാവും വേർപ്പെട്ടതു മുതൽ രണ്ടാമതും മനുഷ്യൻ പുനരുജ്ജീവിക്കപ്പെടുന്നതു വരെയുള്ള ഘട്ടമാണ് ബർസഖ്. ഈ ഘട്ടം, ആത്മപ്രധാനമാണ്. ആത്മാവ് മാത്രമാണ് ഇവിടെ പ്രകടമാവുന്നത്. ശരീരം മണ്ണോടു ചേർന്ന് നാശമടയുന്നു. ആത്മാവ് അതിന്റെ പൂർണ്ണവ്യക്തിത്വത്തോടെ നിലനിൽക്കുന്നു. ശരീരത്തിന്റെ മാധ്യമം കൂടാതെ ആത്മാവ് നേരിട്ടു തന്നെ ഇവിടെ സുഖദുഃഖങ്ങളനുഭവിക്കുന്നു. ഈ ഘട്ടം അന്ത്യനാൾ അഥവാ ലോകാവസാനം വരെ നീളുന്നു. അന്ത്യനാളിനുശേഷം, മനുഷ്യൻ രണ്ടാമതും പുനരുജ്ജീവിക്കപ്പെടുന്നതു മുതൽ അനന്തതയിലേക്കു നീണ്ടു പോകുന്ന ഘട്ടമാണ് ഖിയാമത്ത് എന്ന മൂന്നാം ഘട്ടം. ഈ ഘട്ടത്തിൽ ശരീരം പുന:സൃഷ്ടിക്കപ്പെട്ട്, അത് ആത്മാവിനോടു ചേരുന്നു. ഇവിടെ എല്ലാവരും പുതിയ സംവിധാനത്തിലുള്ള ശരീരങ്ങളുമായിട്ടാണ് ഉയിർത്തെഴുന്നേൽക്കുന്നത്. ഈ ഘട്ടത്തിൽ ആത്മാവിനും ശരീരത്തിനും തുല്ല്യ പ്രാധാന്യമാണുള്ളത്. മുൻപുള്ള രണ്ടുഘട്ടങ്ങളിലും ഏതെങ്കിലും ഒരു മാധ്യമമാണ് പ്രകടമായിരുന്നത്. എന്നാൽ, മൂന്നാം ഘട്ടത്തിൽ ശരീരവും ആത്മാവും പ്രകടമാകുന്നു. സുഖദുഃഖങ്ങൾ രണ്ടും നേരിട്ടനുഭവിക്കുന്നു. പരലോകം അഥവാ ആഖിറത്ത്, രണ്ടും മൂന്നും ഘട്ടങ്ങൾ ഉൾക്കൊള്ളുന്ന ദശയാണ്. രണ്ടാം ഘട്ടം ഒന്നാം സ്റ്റേജും, മൂന്നാംഘട്ടം രണ്ടാം സ്റേറജുമാണ്. അതായത്, മരണാനന്തരമുള്ള ജീവിത്തെ പരലോകജീവിതം എന്നും പറയുന്നു.

മരണത്തിനും പുനരുത്ഥാനത്തിനുമിടയ്ക്ക് മനുഷ്യന്റെ ആത്മാവും ശരീരഘടകങ്ങളും എവിടെയെല്ലാമാണോ, അവിടെയെല്ലാം ഉൾപ്പെടുന്ന ഒരർത്ഥമാണ് ബർസഖീജീവിതം എന്നു വിവക്ഷിക്കുന്നത്. ഈ വിശാലമായ അർത്ഥമാണ് 'ഖബ്ർ' എന്നപദത്തിന് ഉദ്ദേശിക്കപ്പെടുന്നത്. ശരീരം നാശമടയുന്ന ഈ ഘട്ടത്തിൽ ആത്മാവ് മാത്രമാണ് പ്രകടമെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ? '(മരിച്ചവർ) പുനരുജ്ജീവിക്കപ്പെടുന്നതുവരെ നീണ്ടു നിൽക്കുന്ന ഒരു ബർസഖുണ്ട്, അവർക്ക് പിന്നിൽ'. (ഖുർആൻ 23:100) ശരീരപ്രധാനമായ ഭൗതികലോകത്ത് ജീവിക്കുന്ന നമുക്ക്, മരണാനന്തരമുള്ള ജീവിതത്തെപ്പററി ഏതാണ്ടൊരു ഭാവന ലഭിക്കുവാൻ അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്ന ഒരു സംവിധാനമാണ് ഉറക്കം. ഉറക്കവും മരണവും തമ്മിൽ സാരമായ സാദൃശ്യമുണ്ട്. ഉറക്കത്തിൽ നമ്മുടെ ആത്മാവിന് ശരീരത്തിൽ നിന്നും നേരിയ മുക്തിലഭിക്കുന്നു. മരണത്തിൽ, ആത്മാവിന് പൂർണ്ണമായ മുക്തി ലഭക്കുന്നു. 'ആത്മാവുകളെ അവയുടെ മരണവേളകളിൽ ഏറ്റെടുക്കുന്നത് അല്ലാഹുവാണ്. മരിക്കാത്ത ആത്മാക്കളെ ഉറക്കത്തിലും അല്ലാഹു ഏറ്റെടുക്കുന്നു. എന്നിട്ടവയിൽ, മരണം നടപ്പാക്കണമെന്ന് തീരുമാനിച്ചവയെ തടഞ്ഞുനിർത്തുന്നു. മററുള്ളവയെ ഒരുനിശ്ചിത സമയം വരെ തിരിച്ചയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്നവർക്ക് മഹത്തായ ദൃഷ്ടാന്തങ്ങളുണ്ടിതിൽ'. (ഖുർആൻ 39:42).

മരണാനന്തരമുള്ള ജീവിതത്തിൽ ആത്മാവിനാണ് പ്രധാന റോൾ എന്ന് പറഞ്ഞുവല്ലോ. ആത്മാവ് എങ്ങനെയാണ് സുഖ ദുഃഖങ്ങളനുഭവിക്കുന്നത്? അതിനുള്ളഒരു ഉദാഹരണമാണ് 'സ്വപ്നം'. സ്വപ്നത്തിൽ കാണുന്ന കാര്യങ്ങൾ വാസ്ഥവത്തിൽ ബാഹ്യലോകത്ത് സംഭവിക്കുകയാണെങ്കിൽ എന്തെല്ലാം അനുഭൂതികളാണോ നമുക്കുണ്ടാവുക, അതെല്ലാംസ്വപ്നത്തിലും നമ്മൾ അനുഭവിക്കുന്നു. ഉറക്കത്തിൽ പരിസരബോധം പൂർണ്ണമായും നഷ്ടപ്പെട്ടതിനുശേഷം, നമ്മുടെ ആത്മാവ് അതിന്റേതായ ഏതോ ലോകത്ത് വിഹരിക്കുന്നു. സുഖം, ദുഃഖം, സന്തോഷം, സങ്കടം മുതലായ എല്ലാ അനുഭൂതികളും അതിനനുഭവപ്പെടുകയും ചെയ്യുന്നു. ആത്മാവിന് ശരീരമാകുന്ന ചട്ടക്കൂടിൽ നിന്ന് ഉറക്കം വഴി നേരിയ മുക്തി ലഭിക്കുമ്പോഴാണ് ഈവിധം അനുഭൂതികളെല്ലാം ഉണ്ടാകുന്നതെങ്കിൽ മരണം വഴി പൂർണമായ മുക്തി ലഭിക്കുമ്പോൾ പൂർണ്ണമായ തോതിൽ അനുഭൂതികളുണ്ടാകുമെന്നത് നമുക്ക് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതേയുള്ളൂ. ആത്മപ്രധാനമായ നമ്മുടെ ബർസഖീ ജീവിതത്തിൽ, നമ്മുടെ ആത്മാക്കൾ സുഖദുഃഖങ്ങളും ശിക്ഷകളും മററും അനുഭവിക്കുമെന്ന് ഇസ്ലാം പഠിപ്പിക്കുന്നുണ്ടെങ്കിൽ, അത് വിശ്വസിക്കാതിരിക്കുന്നതെങ്ങനെ?

പരലോകത്തിന്റെ യുക്തിയും അനിവാര്യതയും നമുക്കൊന്നു പരിശോധിക്കാം. കോടിക്കണക്കിന് മനുഷ്യർ ഈ ഭൂമുഖത്ത് ജീവിച്ചു മരിച്ചു. നമ്മളെല്ലാം ഇപ്പോൾ ജീവിക്കുന്നു. എത്രയോ കോടി മനുഷ്യർ വരാനിരിക്കുന്നു. ഈ മനുഷ്യരിൽ നല്ലമനുഷ്യരുണ്ട്. ചീത്ത മനുഷ്യരുണ്ട്. ഈ മനുഷ്യർക്കു മുഴുവനും തുല്യ നീതി നടപ്പാക്കാൻ പററിയ ഏതു കോടതിയുണ്ട് ഇഹലോകത്ത്? ഇവിടെ സംഭവിക്കുന്നതെന്താണ്? പാവപ്പെട്ടവൻ എന്തെങ്കിലും ചെറിയ തെററ് ചെയ്ത് പിടിക്കപ്പെട്ടാൽ അവനെ പിടിച്ച് ജയിലിലിടുന്നു. കാശില്ലാത്തതിനാൽ അവനെ ജാമ്യത്തിലിറക്കാനോ, മിടുക്കനായ വക്കീലിനെ വെച്ച് വാദിച്ചു ജയിക്കാനോ ആരുമുണ്ടാകില്ല. അതുകൊണ്ട്, അവന് മാസങ്ങളോളം ജയിലിൽ കിടന്ന് ശിക്ഷ അനുഭവിക്കേണ്ടിവരും. എന്നാൽ പണവും പ്രതാപവുമുള്ളവൻ എത്ര വലിയ തെററുചെയ്താലും അവന്റെ പണംകൊണ്ട് ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും. അഥവാ, അവനെ ശിക്ഷിച്ചാലോ, എല്ലാ സൗകര്യങ്ങളോടും കൂടിയ നക്ഷത്ര സൗകര്യങ്ങളുള്ള ജയിലായിരിക്കും അവന് കിട്ടുക. അഴിമതിയിലൂടെ, കോടികൾ മോഷ്ടിക്കുന്ന മന്ത്രിമാരെ ശിക്ഷിക്കാൻ ഈ ലോകത്തെ കോടതികൾക്കു കഴിയുമോ? അധികാരക്കൊതിയൻമാരായ ചില ഭരണാധികാരികളെ നോക്കുക. സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി ഇവർ നടത്തുന്ന യുദ്ധങ്ങളിൽ എത്രയെത്ര നിരപരാധികളാണ് കൊല്ലപ്പെടുന്നത്? ഹിരോഷിമയിലും നാഗസാക്കിയിലും അണു ബോംബിട്ടപ്പോൾ കൊല്ലപ്പെട്ടത് മൂന്നു ലക്ഷത്തോളം ജനങ്ങളാണ്. ഇങ്ങനെയുള്ള കൊടിയ ക്രൂരതകൾക്ക് 'അർഹമായ' ശിക്ഷ ഇവർക്ക് നൽകാൻ ആർക്കെങ്കിലും സാധിക്കുമോ? നൂറുപേരെ കൊന്ന ഒരു മനുഷ്യന് ഒരൊററ മരണശിക്ഷ നൽകിയാൽ ആ നൂറുപേരുടെ വേദനയ്ക്ക് തുല്യമാകുമോ? കൂടാതെ, മദ്യപാനം, വ്യഭിചാരം, മാതാപിതാക്കളെ ഉപദ്രവിക്കൽ, മാരണം, കളവ്പറയൽ, അസൂയ, പരദൂഷണം, കോപം കൊണ്ടും മോശമായ വാക്കുകൾ കൊണ്ടും മററും മററുള്ളവരുടെ സമാധാനം തകർക്കൽ, മുതലായ തെററുകൾക്കെല്ലാം ഇഹലോകത്ത് എന്തെങ്കിലും ശിക്ഷകളുണ്ടോ?

ഇവയെല്ലാം സമൂഹത്തിലെ ഇതര മനുഷ്യരെ ബാധിക്കുന്നവയാണ്. ഭൂമിയിലെ വലിയൊരു വിഭാഗം ജനങ്ങൾ പലവിധ ചൂഷണത്തിനിരയായിട്ടാണ് ജീവിക്കുന്നത്. മുതലാളിത്ത രാജ്യങ്ങൾ ദരിദ്ര രാജ്യങ്ങളെ ചൂഷണം ചെയ്യുന്നു. നമ്മുടെ നാട്ടിൽ തന്നെ സമ്പന്നരായവർ ദരിദ്രരെ ചൂഷണംചെയ്യുന്നു. മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നു. അറിവുള്ളവർ അറിവില്ലാത്തവരെ ചൂഷണം ചെയ്യുന്നു. പുരുഷൻമാർ സ്ത്രീകളെ ചൂഷണം ചെയ്യുന്നു. ചൂഷണം ഒരുപാട് തരത്തിലുണ്ട്. അതിന്റെ ഒരു ബീഭത്സരരൂപമാണ് പലിശ. സ്വാർത്ഥൻമാരായ ചിലരുടെ വിചാരം മററുള്ള മനുഷ്യരെല്ലാം ജനിച്ചിരിക്കുന്നത് തന്റെ സുഖത്തിനു വേണ്ടിയാണ് എന്നാണ്. ലോകത്ത് സാർവ്വത്രികമായി നിലനിന്നിരുന്ന ഒരു പ്രതിഭാസമാണ് അടിമത്തം. ചൂഷണത്തിന്റെ മറെറാരു മുഖം. ഇതിനെല്ലാം കണക്കുബോധിപ്പിക്കുന്നതും ഓരോ മനുഷ്യനും നീതി ലഭിക്കേണ്ടതുമായ ഒരു വേദി നമ്മളെല്ലാം ആഗ്രഹിക്കുന്നില്ലേ?. ദൈവം എന്നൊന്നുണ്ടെങ്കിൽ അങ്ങനെയൊരു വേദി ഇല്ലാതെ വരുമോ? ഇങ്ങനെ ചിന്തിച്ചാൽ പരലോകം ആവശ്യമുള്ള ഒന്നാണെന്ന് നമുക്ക് ബോധ്യപ്പെടും. ഓരോ മനുഷ്യർക്കും അവന്റെ തെററിന് അനുസരിച്ചുള്ള ശിക്ഷ കൊടുക്കുന്നഒരു കോടതിയും ആവശ്യമാണ്. അതാണ് പരമോന്നത നീതിമാനായ അല്ലാഹുവിന്റെ കോടതി. ഇഹലോകത്ത് നമ്മൾ എന്തെങ്കിലും തെററ് ചെയ്താൽ, നമുക്ക് പോലീസിന്റെ കണ്ണിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും. പക്ഷെ എല്ലാം കാണുന്നവനായ അല്ലാഹുവിന്റെ കണ്ണിൽ നിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയില്ല. അങ്ങനെയൊരു അദൃശ്യശക്തിയിൽ എല്ലാ മനുഷ്യരും അചഞ്ചലരായി വിശ്വസിച്ച്, ഖുർആൻ നിർദ്ദേശിക്കുന്ന രീതിയിൽ ജീവിച്ചാൽ ഈ ലോകത്ത് ആരെങ്കിലും എന്തെങ്കിലും തെററുകളും കുററങ്ങളും ചെയ്യുമോ? കാരണം, ഇഹലോകത്തല്ലെങ്കിൽ, പരലോകത്തുവെച്ച് അതിനുള്ള ശിക്ഷ തീർച്ചയായും കിട്ടുമെന്ന് ദൃഢവിശ്വാസമുള്ളവർ എന്തുതെററാണ് ചെയ്യുക? മാത്രമല്ല, മനുഷ്യ സമൂഹത്തിന്റെ സമാധാനപരമായ ജീവിതത്തിന് തടസ്സംവരുത്തുന്ന വലിയ തെററുകൾ ആരെങ്കിലും ചെയ്താൽ, അതിന് അർഹമായ ശിക്ഷ ഇഹലോകത്തുവെച്ച് കൊടുക്കാനും ഖുർആൻ നിർദ്ദേശിക്കുന്നുണ്ട്. പരലോകത്തിന്റെ യുക്തിയും ആവശ്യകതയും പ്രകാശിപ്പിക്കുന്ന ധാരാളം തെളിവുകളുണ്ട് ഖുർആനിൽ.

മനുഷ്യൻ വെറുതെ സൃഷ്ടിക്കപ്പെട്ടതല്ല എന്ന് അല്ലാഹു പറയുന്നു. ഒരു ചെറിയ ജീവിതം ഇഹലോകത്തു നൽകി അവനെ അല്ലാഹു പരീക്ഷിക്കുകയാണ്. രക്ഷാ-ശിക്ഷകളുടെ താക്കീതോടൊപ്പം എങ്ങനെയാണ് ജീവിക്കേണ്ടതെന്നും, പ്രവാചകൻമാരിലൂടെ മനുഷ്യർക്ക് അറിവു നൽകി. ചിലർ അല്ലാഹുവിനെഭയപ്പെട്ട് ജീവിക്കുന്നു. മററുള്ളവർ തോന്നിയപോലെ ജീവിക്കുന്നു. സജ്ജനങ്ങൾ ക്ലേശകരമായ ജീവിതം നയിക്കുന്നു. ദുർജ്ജനങ്ങൾ സുഖസമ്പൂർണ്ണമായജീവിതം നയിക്കുന്നു. അവസാനം, എല്ലാവരെയും ഒരേ പദവിയിൽ തന്നെ തള്ളിവിടുന്നതിലും കടുത്ത അനീതി എന്തുണ്ട്? പരമോന്നത നീതിമാനായ അല്ലാഹു അതുകൊണ്ട്, പരലോകത്ത് ഒരു നീതിന്യായ കോടതി ഏർപ്പെടുത്തിയിരിക്കുന്നു. 'ദൈവം തന്നെ വെറുതെ വിടുമെന്ന് മനുഷ്യൻ വിചാരിക്കുന്നുണ്ടോ? അവൻ (ഗർഭാശയത്തിൽ) തെറിക്കപ്പെട്ട നിസ്സാരമായ ഒരു ശുക്ലകണമായിരുന്നില്ലേ? പിന്നീടവനൊരു രക്തപിണ്ഡമായി. അനന്തരം അല്ലാഹു അവന്റെ ശരീരം സൃഷ്ടിച്ചു, അവയവങ്ങൾ സംവിധാനിച്ചു. എന്നിട്ടതിൽ നിന്ന് സ്ത്രീയുടെയും പുരുഷന്റെയും രണ്ടു വർഗ്ഗങ്ങളുണ്ടാക്കി. അങ്ങനെയുള്ളവന് മരിച്ചവരെ വീണ്ടും ജീവിപ്പിക്കാൻകഴിയില്ലെന്നാണോ?'(ഖുർആൻ 75:6-40).

സ്വന്തം അസ്തിത്വം തന്നെ മറന്നുകൊണ്ട്, മരണാനന്തരജീവിതത്തെപ്പററി സംശയപ്പെടുന്നവരോടുള്ള അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഒരു ബീജത്തിൽനിന്ന് മനുഷ്യനെ നാം സൃഷ്ടിച്ചത് അവൻ കണ്ടിട്ടില്ലേ? എന്നിട്ടും അവൻ വല്ലാത്ത ഒരു താർക്കികനായിരിക്കുന്നു. സ്വന്തം ഉൽപ്പത്തി തന്നെ

മറന്നുകൊണ്ട് നമുക്കെതിരെ അവൻ ന്യായങ്ങളുമായി വന്നിരിക്കുകയാണ്. ജീർണ്ണിച്ചു മണ്ണടിഞ്ഞ എല്ലുകളെ ആരാണ് ജീവിപ്പിക്കുക എന്നാണ് അവന്റെ ചോദ്യം. നീ പറയുക: ആദ്യം അതുണ്ടാക്കിയവൻ തന്നെയാണ് അതിനെ ജീവിപ്പിക്കുക. സൃഷ്ടി ക്രിയയുടെ സകല പണികളും അറിയുന്നവനത്രെ അവൻ. വാനലോകങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ ഇവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ?' (ഖുർആൻ 36:77-81) 'നുരുമ്പിപ്പോയ അസ്ഥികളെയെല്ലാം നാം യോജിപ്പിക്കുകയില്ലെന്നു മനുഷ്യൻകരുതിയോ? എന്നാൽ, വിരലററങ്ങൾ പോലും അതേപോലെ ശരിയാക്കാൻ കഴിവുള്ളവനാണ് നാം' (ഖുർആൻ 75:3-4) ഒരു ദിവസം ഈ ലോകം അവസാനിക്കും എന്ന് ബുദ്ധിയുള്ളവരാരും സംശയിക്കാൻ സാധ്യതയില്ല.

ഈ പ്രപഞ്ചം ഒരിക്കൽ ഉണ്ടായതാണെന്ന് ശാസ്ത്രം പറയുന്നു. 'ദൈവം' എന്ന ശക്തിയെ അംഗീകരിക്കാൻ മടിയായതുകൊണ്ട്, പ്രപഞ്ചംഎങ്ങനെ ഉണ്ടായി എന്നതിലാണ് ശാസ്ത്രത്തിന് അതിശയം. എന്തായാലും രൂപപ്പെട്ട ഒരു വസ്തു എന്ന നിലയിൽ എല്ലാ വസ്തുക്കളേയും പോലെ ഈ പ്രപഞ്ചത്തിനും ഒരു അന്ത്യമുണ്ടെന്നാണ് ശാസ്ത്രത്തിന്റെ കണ്ടെത്തൽ. അത് എന്നാണ്എന്ന കാര്യത്തിലേ അവർക്ക് സംശയമുള്ളൂ. ഉദാഹരണത്തിന് സൂര്യനെ നോക്കുക. നമുക്ക് ഊഹിക്കാൻ പോലും കഴിയാത്തത്ര ഊർജ്ജം ഉൽപ്പാദിപ്പിച്ച് സൗരയൂഥത്തിന് വെളിച്ചവും ചൂടും നൽകുന്ന സൂര്യന്റെ ഭാരം നിമിഷം തോറും കോടിക്കണക്കിന് ടൺ കണ്ട് കുറയുകയാണ്. അതിലുള്ള ഹൈഡ്രജൻ എന്ന വാതകം ഹീലിയമായി മാററുമ്പോൾ ഉണ്ടാകുന്ന ഊർജ്ജമാണ് നമുക്ക് ചൂടും വെളിച്ചവും തരുന്നത്. ഹൈഡ്രജന്റെ അളവു കുറയുന്തോറും സൂര്യന്റെ ആയുസ്സും കുറഞ്ഞുകൊണ്ടിരിക്കുന്നു. അത് ഒരിക്കൽ നശിക്കും എന്ന കാര്യത്തിൽ ശാസ്ത്രത്തിന് സംശയമില്ല. മാത്രമല്ല, കോടിക്കണക്കിന് നക്ഷത്രങ്ങളും ഗ്രഹങ്ങളുമുള്ള ഈ പ്രപഞ്ചത്തിൽ, അവയിലേതിന്റെയെങ്കിലും ആകർഷണശക്തിയിലോ, കറങ്ങുന്ന സ്പീഡിലോ ഉണ്ടാകുന്ന ചെറിയൊരു വ്യത്യാസം, അവ തമ്മിൽ പരസ്പരം കൂട്ടിയിടിച്ച് നശിക്കുന്നതിനിടയാകും. നമ്മുടെ സൗരയൂഥത്തിൽത്തന്നെ അനേകം ഭീമാകാരമായ ഉൽക്കകളും, വാൽനക്ഷത്രങ്ങളുമെല്ലാം പ്രത്യേക നിയന്ത്രണമൊന്നുമില്ലാതെ ചുററിത്തിരിയുന്നുണ്ട്. ഇവ ഏതുസമയത്തും ഭൂമിയെ ഇടിച്ചു നശിപ്പിക്കാം. എന്തിനധികം പറയുന്നു, 20 വർഷങ്ങൾക്കുള്ളിൽ ഭൂമിയെ ഇടിച്ച് തരിപ്പണമാക്കാൻ സാധ്യതയുള്ളഒരു വൻ ഉൽക്ക ശാസ്ത്രം കത്തെിയിട്ടുണ്ടെന്നാണ് ഏതാനും മാസങ്ങൾക്കുമുൻപ് പത്രത്തിൽ വന്ന റിപ്പോർട്ടുകൾ. നമ്മുടെ സമീപ ഗ്രഹമായ വ്യാഴത്തിൽ, ഏതാനും വർഷങ്ങൾക്കു മുമ്പ് ഒന്നിനുപിറകേ ഒന്നായി ഒരു വാൽനക്ഷത്രം ഇടിച്ചുകയറിയ കാഴ്ച അന്നത്തെ ദിവസങ്ങളിലെ പത്രങ്ങളിലും ടെലിവിഷനിലുമൊക്കെ യുണ്ടായിരുന്നു. വഴിവിട്ട് ജീവിക്കുന്ന ആധുനിക മനുഷ്യനെ ഒന്നു ചിന്തിപ്പിക്കാൻ അല്ലാഹു കാണിച്ച ഒരു ദൃഷ്ടാന്തമായിരുന്നു അത്.

നമ്മുടെ സമീപരാജ്യങ്ങളിലേക്കു തന്നെ നോക്കൂ, ലക്ഷങ്ങൾ മരണപ്പെടുന്ന വൻഭൂകമ്പങ്ങൾ, കൊടുങ്കാററ്, വെള്ളപ്പൊക്കം, വരൾച്ച ഇവയിലെല്ലാം നാടുകൾ ഒന്നായിത്തന്നെ നശിച്ചുപോകുന്നു. ഈ വാർത്തകളൊന്നും തന്നെ നമുക്ക് യാതൊരുമാററവും വരുത്തുന്നില്ല. കാരണം നമ്മൾ അനുഭവിക്കുമ്പോൾ മാത്രമാണല്ലോ, നമുക്ക്വാസ്ഥവം മനസ്സിലാകുക. ഖുർആൻ പറയുന്നതു ശ്രദ്ധിക്കൂ. 'ആകാശങ്ങളിലും ഭൂമിയിലുമായി എത്രയെത്ര ദൃഷ്ടാന്തങ്ങളാണുള്ളത്. അശ്രദ്ധരായി അവയ്ക്കു മുൻപിലൂടെ അവർ കടന്നു പോകുന്നു!' (ഖുർആൻ 12:105) ഈ സത്യങ്ങളെല്ലാം നമുക്ക് എന്ത് സൂചനയാണ് നൽകുന്നത്? ഖുർആനിൽഅല്ലാഹു വെളിപ്പെടുത്തുന്നതുപോലെ, ആകാശം പൊട്ടിപ്പിളരുകയും, നക്ഷത്രങ്ങൾ കെട്ടുപോകുകയും, അതിശക്തമായ ഭൂമികുലുക്കമുണ്ടാകുകയും, പർവ്വതങ്ങൾ പൊടിയായി പറക്കുകയും ചെയ്യുന്ന ആ അന്ത്യനാൾ എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്നല്ലേ? അന്ത്യനാളിനു ശേഷമുണ്ടാകുന്ന സംഗതികളെക്കുറിച്ചാണ് നമുക്കു സംശയംഭാവിയിൽ സംഭവിക്കാനിരിക്കുന്ന ആ സംഗതികളെക്കുറിച്ച് ഒരു മനുഷ്യന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ശാസ്ത്രത്തിന് ഒരിക്കലും സാധിക്കുകയില്ല.

അടുത്ത സെക്കൻഡിലെന്താണ് സംഭവിക്കുകയെന്നു പറയാൻ പോലും ദുർബലനായ മനുഷ്യനു കഴിയുമോ? ആയതിനാൽ അന്ത്യനാളിനുശേഷമുണ്ടാകുന്ന സംഗതികളെക്കുറിച്ച് നമുക്ക് അറിവുതരാൻ ഇന്ന് ലോകത്ത് ഒരു ഗ്രന്ഥത്തിനു മാത്രമേ കഴികയുള്ളു. പരിശുദ്ധ ഖുർആൻ ആണത്. ഈ പ്രപഞ്ചം ഒററയടിക്ക് നശിപ്പിക്കാൻ കഴിയുന്ന, അതിന്റെസൃഷ്ടാവായ പടച്ചവൻ അന്ത്യനാളിനുശേഷമുള്ള കാര്യങ്ങൾ ഖുർആനിലൂടെ മനുഷ്യനെ അറിയിക്കുന്നു. അല്ലാഹുവിനെ ഭയപ്പെട്ടു ജീവിക്കാനും അങ്ങനെ അവന്റെ ജീവിതം സംസ്കരിക്കുന്നതിനും വേണ്ടി. ഖുർആൻ പലയിടങ്ങളിലായി വിവരിക്കുന്ന ആ സംഗതികൾ സംക്ഷിപ്തമായി ഇങ്ങനെ പറയാം. അല്ലാഹു തീരുമാനിക്കുമ്പോൾ ഈ പ്രപഞ്ചമൊന്നാകെ അവൻ നശിപ്പിക്കുന്നു, പിന്നീട്, ഈ പ്രപഞ്ചത്തെ മറെറാരു രീതിയിൽ അവൻ പുന:സൃഷ്ടിക്കുന്നു. സ്വർഗ്ഗം, നരകം എന്നീ രണ്ടുവിഭാഗങ്ങളിലായിട്ടായിരിക്കും പ്രപഞ്ചം പുനസൃഷ്ടിക്കപ്പെടുക. നമ്മളെല്ലാം അപ്പോൾ നമ്മുടെ ആത്മപ്രധാനമായ ബർസഖീ ജീവിതത്തിലായിരിക്കും.

അല്ലാഹു നിശ്ചയിക്കുമ്പോൾ, ലോകത്ത് ജീവിച്ചുമരിച്ച മനുഷ്യരുടെ ആത്മാക്കളെയെല്ലാം പുതിയ ശരീരങ്ങളുമായി കൂട്ടിയോജിപ്പിച്ച്, അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുന്നു. ആ ശരീരം ഏതു തരത്തിലായിരിക്കുമെന്ന് അല്ലാഹുവിനല്ലാതെ ആർക്കുമറിയില്ല. അങ്ങനെ എല്ലാവരെയും 'മഹ്ശർ' എന്ന വൻ മൈതാനിയിൽ ഒരുമിച്ചുകൂട്ടുന്നു. (ഹജ്ജ് വേളയിൽ അഫറാമൈതാനിയിൽ എല്ലാവരും ഒത്തുകൂടുന്നത് ഇതിനെ സൂചിപ്പിക്കുന്നു) തുടർന്ന് ഓരോരുത്തരോടുള്ള അല്ലാഹുവിന്റെ വിചാരണ നടക്കും. നമ്മൾ ചെയ്ത

നന്മകളും തിന്മകളുമെല്ലാം രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥംനമ്മുടെ കൈകളിൽ തരുന്നു. അല്ലാഹുവിനെ ഭയപ്പെട്ട് ജീവിച്ച, തിന്മകളേക്കാൾകൂടുതൽ സൽക്കർമ്മങ്ങൾ (നമസ്കാരവും സക്കാത്തും ദാനധർമ്മങ്ങളും ഉൾപ്പെടെയുള്ള എല്ലാ തരത്തിലുള്ള സൽക്കർമ്മങ്ങളും) അനുഷ്ടിച്ച വ്യക്തികൾക്ക് ഗ്രന്ഥംവലതു കയ്യിൽ കിട്ടുന്നു. അല്ലാഹുവിനെ ഭയപ്പെടാതെ, ദേഹേച്ഛകളെ മാത്രം പിൻപററി, ഇഹലോക ജീവിതത്തിൽ മാത്രം മുഴുകി ജീവിച്ച വ്യക്തികൾക്ക് സൽക്കർമ്മങ്ങളേക്കാൾ കൂടുതൽ ദുഷ്ക്കർമ്മങ്ങളായിരിക്കും ഉണ്ടാവുക. അങ്ങനെയുള്ളവർക്ക്, ഗ്രന്ഥം ഇടതുകയ്യിൽ കൊടുക്കുന്നു. എല്ലാവരും ഗ്രന്ഥം മറിച്ചു നോക്കുന്നു.

തങ്ങൾ ചെയ്ത നിസ്സാര കാര്യങ്ങൾ വരെ (ഒരു നോട്ടം കൊണ്ട് ഒരാളെ വേദനിപ്പിച്ചെങ്കിൽഅതു പോലും) അതിൽ രേഖപ്പെടുത്തപ്പെട്ടതായി അവർ മനസ്സിലാക്കുന്നു. ഉടനെ, പാപികൾ അല്ലാഹുവിനോട് കേണപേക്ഷിക്കും. അല്ലാഹുവിനെ ഭയപ്പെടാതെ ജീവിച്ചവരുടെ അപ്പോഴത്തെ അവസ്ഥയെപ്പററിയുള്ള ഖുർആനിന്റെ വിവരണം ശ്രദ്ധിക്കൂ. 'കഷ്ടം! ഈ ധിക്കാരികളെ തങ്ങളുടെ റബ്ബറിന്റെ സമക്ഷം തലകുമ്പിട്ടവരായിനിൽക്കുന്ന സന്ദർഭത്തിൽ കാണുകയാണെങ്കിൽ! (അന്നേരം ഇവർ കേണുകൊണ്ടിരിക്കും) നാഥാ ഞങ്ങൾ നല്ലവണ്ണം കാണുകയും കേൾക്കുകയും ചെയ്തു. ഇനി ഞങ്ങളെ തിരിച്ചയയ്ക്കേണമേ! ഞങ്ങൾ സൽക്കർമ്മങ്ങളനുഷ്ഠിച്ചുകൊള്ളാം. ഇപ്പോൾ ഞങ്ങൾക്കുറപ്പായിരിക്കുന്നു. ! (മറുപടിയരുളും: ) നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നേരത്തേ തന്നെ ഓരോ ആത്മാവിനും അതിന്റെ സന്മാർഗ്ഗം നൽകുമായിരുന്നു. പക്ഷേ, ജിന്നുകളേയും മനുഷ്യരെയും ചേർത്തു തീർച്ചയായും നരകം നാം നിറയ്ക്കും എന്ന നമ്മുടെ വാക്ക് ഇതാ പുലർന്നുകഴിഞ്ഞു. ഇങ്ങനെയൊരു ദിവസത്തെ നേരിൽകാണേണ്ടി വരുമെന്ന കാര്യം മറന്നുപോയതിന്റെ ഭവിഷ്യത്ത് നിങ്ങളിപ്പോൾ അനുഭവിക്കുക. ഇന്ന് നിങ്ങളെ നാമും മറക്കുകയാണ്. സ്വന്തം കർമ്മങ്ങളുടെ ഫലമായി ശാശ്വതശിക്ഷ ആസ്വദിച്ചുകൊള്ളുക!' (ഖുർആൻ 32:12-14).

പരലോകത്തെ വിചാരണാ വേളയിൽ നമ്മുടെ ജീവിതത്തിൽ നാം പ്രവർത്തിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും ചോദിക്കപ്പെടും. നമസ്കാരത്തെക്കുറിച്ചായിരിക്കും ആദ്യമായി ചോദിക്കപ്പെടുക. നമ്മുടെ ധനം എങ്ങനെ സമ്പാദിച്ചു? നമ്മുടെ ധനം എങ്ങനെ ചെലവഴിച്ചു? വിജ്ഞാനം എന്തിനു വിനിയോഗിച്ചു. ? യുവത്വം എങ്ങനെ ചെലവഴിച്ചു? മുതലായ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ ഒരാളുടെയും കാലടികൾ നീങ്ങുന്നതല്ലെന്ന് നബി(സ) പഠിപ്പിച്ചിരിക്കുന്നു. നമ്മൾ ഒരു വ്യക്തിയെ ഒരു വാക്കു കൊണ്ട് വേദനിപ്പിച്ചെങ്കിൽ, ആ വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ ത്തന്നെയായിരിക്കും നമ്മളോട് ചോദിക്കപ്പെടുക. ഇങ്ങനെ, ജീവിതത്തിന്റെ മുഴുവൻ കണക്കും സമർപ്പിക്കാതെ നമുക്ക് ആ വിചാരണയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയില്ല. നമ്മുടെ ഓരോ തെററിന്റെയും കാഠിന്യം നമ്മളെ ബോധ്യപ്പെടുത്തിത്തന്നതിന് ശേഷമായിരിക്കും നമുക്ക് ശിക്ഷ വിധിക്കുക. ഇങ്ങനെ അല്ലാഹുവിനെ ഭയപ്പെട്ട് ജീവിതം സംസ്കരിച്ച തിന്മകളേക്കാൾ കൂടുതൽ നന്മകൾ ചെയ്തു ജീവിച്ച വ്യക്തികളെ സ്വർഗ്ഗത്തിലേക്കും, ശേഷിച്ചവരെ ഭയാനകമായ നരകത്തിലേക്കും പറഞ്ഞയയ്ക്കുന്നു. എന്താണ് സ്വർഗ്ഗം? തന്റെ നിർദ്ദേശമനുസരിച്ച് തന്നെ ഭയപ്പെട്ട് ജീവിച്ച തന്റെപ്രിയ ദാസൻമാർക്ക് അല്ലാഹു ഒരുക്കിയതത്രെ അത്. ഒരു മനുഷ്യന് ഭാവന ചെയ്യാൻ കഴിയുന്നതൊന്നുമല്ല സ്വർഗ്ഗത്തിലെ സുഖസൗകര്യങ്ങൾ.

മനുഷ്യരുടെ വളരെ പരിമിതമായ ഭാവനയും ബുദ്ധിയും ഉപയോഗിച്ച് മനസ്സിലാക്കുവാൻ സ്വർഗ്ഗത്തെപ്പററി വളരെ ചെറിയൊരു രൂപമേ അല്ലാഹു അവതരിപ്പിക്കുന്നുള്ളൂ. നമ്മുടെ ഇഹലോകജീവിതത്തിൽ, നമ്മൾ ഉദ്ദേശിക്കുന്ന ജീവിതം ഏതു തരത്തിലുള്ളതാണ്? അങ്ങനെയൊരു ജീവിതമാണ് സ്വർഗ്ഗത്തിൽ. നമ്മൾ ഒരിക്കലും മരിക്കാത്ത, അനന്തമായ ഒരുജീവിതം. യാതൊരുവിധ പ്രയാസങ്ങളുമില്ലാത്ത ഒരു ജീവിതം. അവിടെ നമുക്ക് രോഗങ്ങളില്ല, വേദനകളില്ല, ടെൻഷനില്ല, ഉത്തരവാദിത്തങ്ങളില്ല, സമാധാനക്കുറവില്ല, മററുള്ളവരിൽനിന്നുള്ള അസൂയയും പരദൂഷണവും കുററപ്പെടുത്തലുകളൊന്നുമില്ല. നമ്മുടെ ആരോഗ്യം ക്ഷയിക്കുന്നില്ല. നമുക്ക് വയസ്സാകുന്നില്ല. നിത്യയൗവനം മാത്രം. പണവും പ്രശസ്തിയും സുഖസൗകര്യങ്ങളും സമ്പാദിക്കുവാൻ നമ്മൾ നെട്ടോട്ടമോടേണ്ടതില്ല. എല്ലാം അവിടെ നമുക്കുണ്ട്. ഒരു ചാൺ വയറു നിറയ്ക്കാൻ നമ്മൾ കഠിനാധ്വാനം ചെയ്യേണ്ടതില്ല. നമ്മൾ ആശിക്കുന്നതെല്ലാം ആ സമയം തന്നെ നമുക്ക് ലഭ്യമാകും. ഭൂമിയിലേതു പോലുള്ള ഭക്ഷണസാധനങ്ങൾക്ക് അവിടെ എഴുപതിനായിരം ഇരട്ടി രുചിയുണ്ടായിരിക്കും. കൂടാതെ ഭൂമിയിലില്ലാത്ത പലതരം ഭക്ഷ്യവസ്തുക്കളുമുണ്ടാകും. സുഖസൗകര്യങ്ങൾ ക്കനുസരിച്ച് പലവിധ തട്ടുകളുണ്ടാകും അവിടെ. ഭൂമിയിലെ കർമ്മങ്ങൾക്കനുസരിച്ച് ഓരോരുത്തർക്കും ഓരോ പദവിയും നൽകപ്പെടും. മുഹമ്മദ് നബി(സ) യ്ക്കായിരിക്കും ഏററവും ഉന്നതമായ പദവിയും ഉന്നത സുഖസൗകര്യങ്ങളും. ഇങ്ങനെ ഇഹലോകത്തിൽ നമ്മൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു ജീവിതം, അതിലുപരി നമുക്ക് ഊഹിക്കാൻ പോലും കഴിയാത്ത സുഖസൗകര്യങ്ങളോടുകൂടിയ ജീവിതം. അതാണ്, സ്വർഗ്ഗത്തിൽ അല്ലാഹു നമുക്ക് വാഗ്ദാനം ചെയ്യുന്നത്. അതിനു വേണ്ടി നശ്വരമായ ഭൗതിക നേട്ടങ്ങൾക്കു പുറകെ പായാതെ, അല്ലാഹുവിനെ ഭയപ്പെട്ട്, അവൻ പരിശുദ്ധഖുർആനിലൂടെ നിർദ്ദേശിച്ച രീതിയിൽ ഇഹലോകത്തിനും പരലോകത്തിനും വേണ്ടി ജീവിക്കാൻ മാത്രമേ, അവൻ നമ്മോട് ആവശ്യപ്പെടുന്നുള്ളൂ.

എന്താണ് നരകം? അല്ലാഹുവിനെ ഭയപ്പെടാതെ ഏതാനും വർഷങ്ങൾ മാത്രമുള്ള ഇഹലോക ജീവിതത്തിൽ മുഴികിയവർക്കായി ഒരുക്കിവെച്ചതാകുന്നു അത്. കഠിനമായ ശിക്ഷകൾ മാത്രമുള്ള ഒരു ലോകം. അവിടുത്തെ യഥാർത്ഥ ശിക്ഷാവിധികളെപ്പററി കേട്ടാൽ നമ്മുടെ ഹൃദയം തന്നെ സ്തംഭിച്ചുപോകും. അല്ലാഹുവിനെ ഭയപ്പെടാത്തവർക്ക്, ശിക്ഷകൊടുക്കുന്നതിൽ അവൻ ഒരു കാരുണ്യവും അവിടെ കാണിക്കുകയില്ല. തിളച്ചവെള്ളവും തീയും ഘോരമൃഗങ്ങളും ജീവികളും ഒക്കെയുള്ള ഒരു ലോകം. അവിടുത്തെ ചൂടേററ്

നമ്മുടെ ശരീരം മുഴുവൻ ഉരുകിപ്പോകും. പക്ഷെ എന്തു തന്നെ സംഭവിച്ചാലും നമ്മൾ മരിക്കുകയില്ല. അനന്തമായ ശിക്ഷകൾ വീണ്ടും ഏററുവാങ്ങാൻ അല്ലാഹു നമ്മുടെ ശരീരം പഴയപടിയിൽത്തന്നെയാക്കും. ദാഹിക്കുമ്പോൾ ഉരുകിയ ലോഹം പോലെയുള്ള ചുട്ടുതിളക്കുന്ന വെള്ളവും, ചലവും ഒക്കെയായിരിക്കും കുടിക്കാൻ കിട്ടുക. കഴിക്കാൻ കിട്ടുന്ന ഫലങ്ങൾ, ചെകുത്താന്റെ തലപോലിരിക്കുന്ന, കണ്ടാൽത്തന്നെ പേടിക്കുന്ന, 'സഖും' എന്ന വൃക്ഷത്തിൽ നിന്നുള്ള ഫലങ്ങളായിരിക്കും. അത് അകത്തുചെന്നാൽ ഉരുകിത്തിളച്ചു കൊണ്ടിരിക്കും. തീജ്വാലകൾ നമ്മളെ സദാസമയവും പൊതിഞ്ഞുകൊണ്ടിരിക്കും. അവിടുത്തെ തീയുണ്ടാക്കാൻ ഉപയോഗിക്കുന്ന ഇന്ധനം തന്നെ മനുഷ്യരും കല്ലുകളുമായിരിക്കും. ഇങ്ങനെയുള്ള ശിക്ഷകൾ അനുഭവിക്കുമ്പോൾ 'എങ്ങനെയെങ്കിലും എന്നെ ഒന്ന് മരിപ്പിക്കേണമേ' എന്ന് നമ്മൾ അല്ലാഹുവിനോട് കേണപേക്ഷിക്കും. അപ്പോൾ അല്ലാഹു പറയും: 'നീ ഒരു തവണ മാത്രം മരിക്കാൻ വേണ്ടി പ്രാർത്ഥിക്കേണ്ടതില്ല. ഒരുപാട് തവണ മരിക്കാൻ വേണ്ടി പ്രാർത്ഥിക്കുക'.നരകത്തിലും പല തട്ടുകളിലായിട്ടായിരിക്കും ഓരോരുത്തരുടെയും ജീവിതം. ഭൂമിയിൽ ഏററവും ദേഷകരമായി ജീവിച്ചവർക്കാണ് ഏററവും കഠിനമായ ശിക്ഷകൾ നൽകപ്പെടുക.

തിന്മകൾ അൽപ്പം മാത്രം കൂടിപ്പോയതുകൊണ്ട് നരകത്തിലെത്തിപ്പെട്ട ഒരു വ്യക്തിയുടെ ശിക്ഷയെപ്പററിയുള്ള നബിവചനം ശ്രദ്ധിക്കുക. 'പുനരുത്ഥാനഘട്ടത്തിൽ നരകവാസികളിൽ ഏററവും ശിക്ഷകുറഞ്ഞ വ്യക്തി, കാലിന്റെ അടിപ്പള്ളയിൽ രണ്ട് തീക്കനൽ വെക്കുകയും തന്മൂലം തലച്ചോറ് പതഞ്ഞു പോകുകയും ചെയ്യുന്ന ഒരാളായിരിക്കും. തന്നേക്കാൾ കടുത്ത ശിക്ഷ മററാരെങ്കിലും അനുഭവിക്കുന്നുണ്ടാകുമെന്ന് അയാൾ വിശ്വസിക്കുകയില്ല. വാസ്ഥവമാകട്ടെ ഏററവും ശിക്ഷ കുറഞ്ഞ ആളായിരിക്കും അയാളെന്നതാണ്'. (ബുഖാരി, മുസ്‌ലിം) മരുഭൂമിയിലെ 50 ഡിഗ്രി ചൂടു പോലും മനുഷ്യന് താങ്ങാൻ കഴിയില്ല. സമീപഗ്രഹമായ ശുക്രനിലെ ചൂട് 462 ഡിഗ്രി സെൽഷ്യസാണ്. ഇങ്ങനെയൊക്കെ പ്രത്യേകതകളുള്ള മറെറാരു ലോകം, നരകം എന്നപേരിൽ സൃഷ്ടിക്കാൻ പ്രപഞ്ച സൃഷ്ടാവിന് കഴിയില്ലെന്നാണോ നമ്മൾ കരുതേണ്ടത്? ഏതാനും വർഷങ്ങളിലെ നമ്മുടെ അലസമായ അശ്രദ്ധയോടുകൂടിയ ജീവിതമാണ്, ഒരിക്കലും അവസാനിക്കാത്ത കഠിനമായ നരകശിക്ഷ നമുക്ക് നേടിത്തരുന്നത്. അങ്ങനെയൊരു അവസ്ഥയിൽ എത്തിപ്പെട്ടതിനുശേഷം മാത്രം നമ്മൾ ചിന്തിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?

ഒരു യഥാർത്ഥ മുസ്‌ലിമായി നമസ്കാരം മുടക്കാതെയും സക്കാത്ത് കൊടുത്തുമൊക്കെ ജീവിക്കാനും സ്വർഗ്ഗം നേടാനുമൊക്കെ ബുദ്ധിമുട്ടാണെന്നു കരുതുന്ന ചിലർ ഇങ്ങനെയോർത്ത് സമാധാനിക്കും. നരകം എന്നു പറയുന്നത് അഥവാ ഉണ്ടെങ്കിൽത്തന്നെ നമ്മുടെയൊക്കെ ബന്ധുക്കളും സുഹൃത്തുക്കളുമുൾപ്പടെ ജനങ്ങളിൽ ഭൂരിഭാഗവും നമ്മോടൊപ്പം അവിടെയുണ്ടാകും. പിന്നെ, നമുക്കെന്താണ് കുഴപ്പം? ഇങ്ങനെ ചിന്തിക്കുന്നവർ ഒരുകാര്യം ഓർമ്മിക്കുക. മററുള്ളവർ അനുഭവിക്കുന്ന ഒരുവിഷമം നമ്മൾ അനുഭവിക്കുമ്പോൾ മാത്രമാണ് അതിന്റെ തീവ്രത നമുക്ക് മനസ്സിലാകുക. ഉദാഹരണത്തിന്, നമ്മുടെ ഏററവും അടുത്ത ഒരു സുഹൃത്തിന്, ഒരു വാഹനാപകടത്തിൽപ്പെട്ട് കാലുകളും വാരിയെല്ലുകളും താടിയെല്ലുമെല്ലാം ഒടിഞ്ഞ് ഭക്ഷണം ഇറക്കാൻ പോലും കഴിയാത്ത ഒരു അവസ്ഥയിൽ അദ്ദേഹം നരകിച്ചു ജീവിക്കുകയാണ് എന്നുകരുതുക. നമ്മുടെ സുഹൃത്ത് അങ്ങനെ നരകിക്കുന്നു. അതുകൊണ്ട്, നമ്മളും അങ്ങനെയൊരു അവസ്ഥയിലായാൽ യാതൊരു കുഴപ്പവുമില്ലഎന്ന് ആത്മാർത്ഥമായി നമുക്ക് പറയാൻ കഴിയുമോ? നമ്മളും അതേ അവസ്ഥ അനുഭവിക്കുമ്പോൾ മാത്രമാണ് അദ്ദേഹത്തിന്റെ ദയനീയമായ ആ അവസ്ഥ നമുക്ക് പൂർണ്ണമായി മനസ്സിലാവുക. ഇതിനേക്കാൾ ലക്ഷക്കണക്കിന് മടങ്ങ് യാതന അനുഭവിക്കേണ്ടി വരുന്ന നരക ജീവിതത്തിന്റെ അവസ്ഥയും അങ്ങനെ തന്നെയാണ്. നമുക്ക് ഒരുപാടുപേർ കൂട്ടിനുണ്ടാകുമെന്ന് കരുതി സമാധാനിക്കേണ്ടതില്ല. എങ്ങനെയെങ്കിലും 'സ്വന്തം തടി' രക്ഷിക്കുവാൻ നോക്കുകയാണ് ആദ്യം ചെയ്യേണ്ടത്. എന്തു തന്നെ കേട്ടാലും ചിന്തിക്കാത്തവരും, മരണാനന്തരം ഒരു ജീവിതമില്ല എന്നു കരുതുന്നവരുമായ ധാരാളം പേരുണ്ട് നമ്മുടെയിടയിൽ. വിരലിലെണ്ണാവുന്ന ഏതാനും വർഷങ്ങൾ കൂടി ഇങ്ങനെയൊക്കെത്തന്നെ ജീവിച്ചിട്ട് ഇവർ മരണപ്പെടും. അതിനുശേഷം മരണാനന്തരവും ജീവിതമുണ്ട് എന്ന് അനുഭവിച്ച് ബോധ്യപ്പെടുമ്പോൾ മാത്രം വിശ്വസിച്ചാൽ മതി എന്നല്ലാതെ ഇവരോട് എന്തുപറയാൻ?

## 10. ഇഹലോകജീവിതം ഒരു പരീക്ഷണം

തിരക്കുപിടിച്ച നമ്മുടെ ജീവിത്തതിനിടയിൽ, എന്താണ് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമെന്നും അർത്ഥമെന്നും, ഒരു നിമിഷം നാം ചിന്തിക്കുന്നുണ്ടോ? അങ്ങനെ ചിന്തിച്ചാൽ ഇഹലോകജീവിതത്തിന്റെ നിസ്സാരത നമുക്കു ബോധ്യപ്പെടും. ഏതാനും വർഷങ്ങൾ മാത്രമുള്ള നമ്മുടെ ജീവിതം എത്ര ക്ഷണികമാണ്! ചിലർ ചെറുപ്രായത്തിൽത്തന്നെ മരിക്കുന്നു. മററു ചിലർ യൗവന പ്രായത്തിലായിരിക്കും മരിക്കുന്നത്. അപൂർവ്വം ചിലർ മാത്രമാണ് വാർദ്ധക്യം പ്രാപിക്കുന്നതും ജീവിതം ഒരുവിധം പൂർത്തിയാക്കിയ ശേഷവും മാത്രം മരണപ്പെടുന്നത്. നമ്മുടെ ജീവതത്തിന്റെ ക്ഷണികതയും നിസ്സാരതയും മനസ്സിലാക്കുവാൻ നമ്മുടെ ചുററുപാടുകളിലേക്കും പത്രവാർത്തകളിലേക്കും ഒന്നു കണ്ണോടിച്ചാൽ മതി. ദിനംപ്രതിയെന്നോണം നടക്കുന്ന അപകടങ്ങളിൽ മരണപ്പെടുന്നവരും പരിക്കുകൾ പററുന്നവരും നമ്മളെപ്പോലുള്ളവർ തന്നെയാണ്. നമ്മളെല്ലാം റോഡിൽക്കൂടിയും വാഹനത്തിലുമൊക്കെ സഞ്ചരിക്കുന്നവരാണ്. ഏതെങ്കിലും ഒരു വണ്ടി നമ്മളെ ഇടിച്ചുതെറിപ്പിക്കാൻ എത്ര സമയം വേണം? അപകടങ്ങൾ മാത്രമോ? ഏതു സമയത്തും നമ്മെ

ആക്രമിക്കുവാൻ തയ്യാറായിനിൽക്കുന്ന രോഗങ്ങൾ എത്രയാണ്? പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം മുതലായഗുരുതര രോഗങ്ങൾ നമ്മിൽ മിക്കവാറും എല്ലാവർക്കും ബാധിക്കുമെന്ന് നിസ്സംശയംപറയാം. കാൻസർ, കിഡ്നി ട്രബിൾ മുതലായ നരകയാതന തരുന്ന അസുഖങ്ങൾ വേറെയും!

ഇന്ന് എണീററു നടക്കുന്ന നമ്മൾ നാളെ ചിലപ്പോൾ തളർന്നു കിടന്നെന്നുവരാം. ഇന്ന് അല്ലാഹുവിന് ഇഷ്ടപ്പെടാത്ത വർത്തമാനങ്ങൾ പറയുന്ന നമ്മുടെ നാവ് നാളെ അനക്കാൻ പററാതെ വരാം. ഇന്ന് നമുക്ക് വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ട് നമ്മൾ അല്ലാഹുവിനെ മറന്ന് ജീവിക്കുന്നു. ഇന്നത്തെ ഈ നിർഭയാവസ്ഥ നമ്മുടെ ജീവിതത്തിലുടനീളം നിലനിൽക്കുമെന്ന് തോന്നുന്നുണ്ടോ? അപകടകരമായ ഒരു അവസ്ഥ എത്തിയതിനുശേഷം മാത്രം അല്ലാഹുവിനോടടുത്താൽ, അവൻ നമ്മളെ പരിഗണിക്കുമോ? നമുക്കു ചുററും, അവശരായ വൃദ്ധന്മാരെ ധാരാളം നമുക്കു കാണാം. ഇന്നലെകളിൽ, ഓടിച്ചാടി നടന്നിരുന്നവരാണ് അവരും. ഇന്ന്, അവർ എങ്ങനെയെങ്കിലും ഒന്നുമരിച്ചുകിട്ടാൻ വേണ്ടി കാത്തിരിക്കുന്നു. അങ്ങനെയൊരു അവസ്ഥയിൽ എത്തുമ്പോഴോ, അല്ലെങ്കിൽ രോഗം ബാധിച്ച് കിടപ്പിലാകുമ്പോഴോ മാത്രമായിരിക്കും, 'ജീവിതം എത്ര വ്യർത്ഥമാണ്!' എന്ന് നമ്മൾ ആലോചിക്കുക. ഇഹലോകജീവിതത്തിന്റെ നിസ്സാരതയെപ്പററി അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക. 'നിങ്ങൾ മനസ്സിലാക്കുക: ഈ ജീവിതം വെറും കളിയും തമാശയും അലങ്കാരവും അന്യോന്യം പെരുമ കാണിക്കലും സമ്പത്തിലും സന്താനങ്ങളിലും പെരുപ്പം നടിക്കലുമാണ്. അതിനെ ഒരു മഴയോട് ഉപമിക്കാം. മഴയിൽ മുളച്ച സസ്യങ്ങൾ കർഷകരെ വിസ്മയിപ്പിക്കുന്നു. പിന്നീടത് ഉണങ്ങി മഞ്ഞളിച്ചു പോകുന്നതും നിനക്കുകാണാം. അങ്ങനെ അത് (ഒന്നിനും കൊള്ളാത്ത) വൈക്കോലായി മാറുന്നു'. (ഖുർആൻ 57:20).

പിന്നെ എന്തിനാണ് നമ്മൾ ജീവിക്കുന്നത്? ആലോചിച്ചുനോക്കൂ, നമ്മൾ നമ്മുടെഇഷ്ടപ്രകാരമൊന്നുമല്ല ഇവിടെ ജനിച്ചത്. മാതാപിതാക്കൾ ഒരു നിമിത്തം മാത്രമാക്കി, അല്ലാഹുവാണ് നമ്മളെ സൃഷ്ടിച്ചത്. അല്ലാഹു എന്തിന് നമ്മെ സൃഷ്ടിച്ചു? 'നിങ്ങളിൽ സൽക്കർമ്മം ചെയ്യുന്നതാര് എന്ന് പരീക്ഷിക്കാൻ, ജീവിതവും മരണവും അവൻ സൃഷ്ടിച്ചു'. (ഖുർആൻ 67:2) അതെ, അല്ലാഹുവിന്റെ വെറുമൊരു പരീക്ഷണമാണ് നമ്മുടെ ജീവിതം. നമ്മൾആശിക്കുന്നതുപോലെ നമ്മുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് ഒരിക്കലും കഴിയില്ല. അല്ലാഹുവിന്റെ പല തരത്തിലുള്ള പരീക്ഷണങ്ങൾ നമുക്ക് നേരിടേണ്ടി വരും. 'തിന്മ കൊണ്ടും നന്മ കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്'. (ഖുർആൻ 21:35). രോഗങ്ങൾ, പ്രയാസങ്ങൾ, കഷ്ടപ്പാടുകൾ, നമ്മൾ സ്നേഹിക്കുന്നവരുടെ വേർപാട്, ദാരിദ്ര്യം ഇങ്ങനെ എല്ലാ തരത്തിലുമുള്ള പരീക്ഷണങ്ങൾ ജീവിതത്തിലുടനീളം നമുക്ക് നേരിടേണ്ടതുണ്ട്. ഇങ്ങനെയുള്ള പരീക്ഷണങ്ങൾ നേരിടുമ്പോൾ നമ്മളെന്താണ് ചെയ്യേണ്ടത്? അത് അല്ലാഹുവിന് തന്നെ സമർപ്പിക്കുകയും പരിഹാരം അവനോട് തന്നെ തേടുകയുമാണ് നമ്മൾ ചെയ്യേണ്ടത്. 'ഭയാശങ്കയും പട്ടിണിയും ജീവ-ധന നഷ്ടങ്ങളും വിളനാശവുമൊക്കെയിറക്കി നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. എന്നാൽ, ഏതാപത്തിനെയും ക്ഷമയോടെ നേരിടുകയും, 'ഞങ്ങൾക്കുടയവൻ അല്ലാഹുവാണ്, ഞങ്ങൾ മടങ്ങേണ്ടതും അവനിലേക്കു തന്നെയാണ്' എന്ന് സമാധാനിക്കുകയും ചെയ്യുന്നവരെ സന്തോഷവാർത്ത അറിയിച്ചുകൊള്ളുക. അവർക്കുമേൽ ദൈവത്തിന്റെ അനുഗ്രഹവും കാരുണ്യവുമുണ്ടായിരിക്കും. അവർ തന്നെ നേർവഴി നേടുന്നവർ'. (ഖുർആൻ 2:155-157) എന്തിനാണ് മനുഷ്യർക്ക് ജീവിതം കൊടുത്ത്, അതിൽ കുറെ പ്രയാസങ്ങളും കൊടുത്ത് അല്ലാഹു പരീക്ഷിക്കുന്നത്? മനുഷ്യരെ കുരങ്ങു കളിപ്പിക്കാനാണോ? അല്ല. അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ വിജയിക്കുന്നവർക്ക്, അവൻ നിർദ്ദേശിച്ച രീതിയിൽ അവനെ ഭയപ്പെട്ട് ജീവിക്കുന്നവർക്ക്, അവർ ആഗ്രഹിക്കുന്നതു പോലെ ഒരു ജീവിതം അവൻ കൊടുക്കും. മരണമില്ലാത്ത ഒരു ജീവിതം. യാതൊരുവിധ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാത്ത, ആഗ്രഹിക്കുന്നതെന്തും കൈയിൽ കിട്ടുന്ന ഒരുജീവിതം. പക്ഷെ, മരണാനന്തരം മാത്രമുള്ള ഈ ജീവിതം, ഇഹലോകത്തെ പരീക്ഷണ ഘട്ടത്തിൽ വിജയിക്കുന്ന വർക്കായുള്ളതാണ്. വിജയിക്കാത്തവരെ അവൻ വെറുതെവിടുകയുമില്ല. അവർക്കായി ശിക്ഷകളുടെ ഒരു ലോകം തന്നെ ഒരുക്കിയിട്ടുണ്ട് അല്ലാഹു. ഇഹലോകവും പരലോകവും താരതമ്യപ്പെടുത്തുന്ന ഒരു നബിവചനം കാണുക. 'പരലോകത്തെ അപേക്ഷിച്ച് ഈ ദുനിയാവ്, നിങ്ങളിൽ ഒരാൾ തന്റെ വിരൽസമുദ്രത്തിൽ മുക്കി എടുക്കുന്നതുപോലെ മാത്രമാണ്. എന്നിട്ടവൻ നോക്കട്ടെ, ആവിരൽ എത്രവെള്ളമാണ് കൊണ്ടുവരുന്നതെന്ത്?' (മുസ്‌ലിം).

പരലോകജീവിതത്തിലെ ഒരു ദിവസം ഭൂമിയിലെ ആയിരം വർഷങ്ങൾക്കു തുല്യമാണെന്ന് ഖുർആനിൽ പറയുന്നു. നമ്മുടെ തൊട്ടടുത്തു കിടക്കുന്ന ചന്ദ്രനിലെ ഒരുദിവസം ഭൂമിയിലെ 28 ദിവസങ്ങളാണ്. ഭൂമിയുടെ ഇരട്ടസഹോദരിയായി അറിയപ്പെടുന്ന ശുക്രൻ എന്ന ഗ്രഹത്തിലെ ഒരു ദിവസം ഭൂമിയിലെ 243 ദിവസങ്ങൾക്കു തുല്യമാണ്. ഇത്തരത്തിലുള്ള ശാസ്ത്രീയ സത്യങ്ങൾ മനസ്സിലാക്കുന്നവർക്ക് മുകളിൽപറഞ്ഞത് ചിന്തിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. പരീക്ഷണഘട്ടമായ ഈ ജീവിതത്തിൽ നമ്മൾ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടാണോ ജീവിക്കുന്നത്? അല്ല. മററുള്ളവർ വല്ലതും കാണിക്കുന്നതു കണ്ട്, അവരെപ്പോലെ തന്നെയുള്ള മണിമാളികകളും ആധുനിക ജീവിതസൗകര്യ ങ്ങളുമൊക്കെ ഒരുക്കലാണ് നമ്മുടെയൊക്കെ ജീവിതലക്ഷ്യം തന്നെ. സമാധാനം നഷ്ടപ്പെടുന്നു എന്നല്ലാതെ നമ്മുടെ ആഗ്രഹങ്ങൾ പൂർത്തിയാകുന്നുണ്ടോ? പണത്തോടുള്ള ഒടുങ്ങാത്ത ആസക്തിയാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്. ഇതുമൂലം നമ്മൾ അല്ലാഹുവിനെ മറന്ന്, പണത്തിനു പുറമേ പരക്കം പായുന്നു. പണം എത്ര കിട്ടിയാലാണ് നമുക്ക് മതിയാവുക? അല്ലാഹുവിന്റെ ചോദ്യം ശ്രദ്ധിക്കൂ. 'പണത്തോടുള്ള ആസക്തി

നിങ്ങളെ വെളിവില്ലാതാക്കിയിരിക്കുന്നു. എത്രത്തോളമെത്തും നിങ്ങളുടെ ഈ വെളിവില്ലായ്മ? കുഴിമാടം കണ്ടെത്തുവോളം!' (ഖുർആൻ 102:1-2).

പണം സമ്പാദിക്കരുതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. സദാസമയവും ഭക്തിയോടുകൂടി നമസ്കാരവും ദിക്റുകളും ചൊല്ലി അടങ്ങിക്കൂടാൻ അല്ലാഹു പറയുന്നില്ല. മാത്രമല്ല, സന്യാസിമാരുടേയും പുരോഹിതൻമാരുടേയും പോലുള്ള, ആത്മീയത മാത്രമുള്ള ഒരു ജീവിതം ഇസ്‌ലാം വെറുക്കുകയും ചെയ്യുന്നു. നമസ്കാര ശേഷവും പള്ളിയിൽ അടങ്ങിക്കൂടിയിരുന്ന സഹാബികളോട് നബി(സ) കൽപ്പിച്ചു: 'നമസ്കാരംകഴിഞ്ഞു. ഇനി പള്ളിയിൽ ചടഞ്ഞുകൂടിയിരിക്കാതെ നിങ്ങൾ പുറത്തുപോയി ജീവിത മാർഗ്ഗങ്ങൾ തേടുക'. നമ്മുടെ നിർബ്ബന്ധ ബാധ്യതയായ അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിച്ച്, അല്ലാഹു നിർദ്ദേശിച്ച മാർഗ്ഗങ്ങളിൽ കൂടി നമുക്ക് പണം സമ്പാദിക്കാം. നമ്മുടെ സമ്പാദ്യത്തിൽ നിന്ന് ഒരോഹരി നിർബ്ബന്ധദാനമായ സക്കാത്ത് കൊടുക്കണം. ഒരുപാട്പണം ഉള്ളവർ അതിനനുസരിച്ചുള്ള ദാനധർമ്മങ്ങൾ ചെയ്യണം. പക്ഷെ, ധനസമ്പാദനം കൊണ്ടുള്ള നമ്മുടെ ലക്ഷ്യം ഇഹലോക ജീവിതം മാത്രമാവരുത്. അല്ലാഹുവിനെ മറന്ന് ജീവിക്കുന്നവർക്കും, അവൻ പണം ഉൾപ്പടെ ധാരാളം അനുഗ്രഹങ്ങൾ കൊടുക്കും. ഒരുപക്ഷെ, അവനെ ഭയപ്പെട്ട് ജീവിക്കുന്നവനേക്കാൾ കൂടുതൽ കൊടുക്കും. കാരണം അവർക്ക് ഇഹലോകത്തെ നൈമിഷിക ജീവിതംമാത്രമേയുള്ളൂ. അതുകൊണ്ട്, കുറച്ചുകാലം പടച്ചവൻ അവരെ പരമാവധി സുഖിപ്പിക്കും. 'ആരെങ്കിലും ഇഹലോകജീവിതം ആഗ്രഹിച്ചാൽ നാം ഉദ്ദേശിക്കുന്നവന്, ഉദ്ദേശിച്ചത്ര വേഗത്തിൽ അതു കൊടുക്കും. പിന്നെ, നാം അവന് നരകവും നല്കും. നിന്ദിതനും തിരസ്കൃതനുമായി അവൻ അതിൽ പ്രവേശിക്കും. ആരെങ്കിലും പരലോകജീവിതം ആഗ്രഹിക്കുകയും നിത്യവിശ്വാസത്തോടെ അതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്താൽ, അവരുടെ പ്രയത്നങ്ങളാണ് സ്വീകാര്യം. ഇക്കൂട്ടർക്കും അക്കൂട്ടർക്കും നാം ഇഹത്തിൽ ജീവിത സൗകര്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു'. (ഖുർആൻ 17:18-20) നമ്മുടെയിടയിലുള്ള പലർക്കും അല്ലാഹു സമ്പത്ത് നൽകി അനുഗ്രഹിക്കുന്നത് ഇതുകൊണ്ടാണ്.

ഇഹലോകജീവിതം മാത്രമായിരിക്കും അവന്റെ ലക്ഷ്യം. ഏതുമനുഷ്യനും അവന്റെ ജീവിതത്തിൽ ചെറിയ നന്മകൾ ചെയ്യുന്നുണ്ടാകും. ആ നന്മകളുടെയെല്ലാം പ്രതിഫലം, അവന് പടച്ചവൻ ഇഹലോകത്തുവച്ചു തന്നെ നല്കും. കാരണം, പരലോകത്ത് അവന് നരകമാണുള്ളത്. അതിനെപ്പററി അവൻ ബോധവാനല്ലല്ലോ. നേരെമറിച്ച്, അല്ലാഹുവിനെ ഭയപ്പെട്ട്, പരലോകത്തിനുവേണ്ടി ജീവിക്കുന്നവർക്ക്, ഇഹലോകത്തും പരലോകത്തും അല്ലാഹു സുഖവും സമാധാനവുംനല്കും. ചിലർക്ക്, ഇഹലോകത്ത് കൂടുതൽ പരീക്ഷണങ്ങൾ നല്കും. അവന്റെ വിശ്വാസത്തിന്റെ ദൃഢത പരിശോധിക്കാൻ. അങ്ങനെയുള്ളവർക്ക്, ഇഹലോകത്തെ ചെറിയ ജീവിതത്തിൽ ധാരാളം സമ്പത്തൊന്നും കിട്ടുകയില്ല. പക്ഷെ, അവർക്ക് പരലോകത്തെ അനന്തമായ ജീവിതത്തിൽ ധാരാളം സുഖസൗകര്യങ്ങളുള്ള സ്വർഗ്ഗമാണ് അല്ലാഹു നൽകുക. നിത്യരോഗം, സന്താനങ്ങളില്ലാതിരിക്കൽ, മററുള്ളവരിൽ നിന്നുള്ള നിരന്തരമായപീഡനങ്ങൾ, സാമ്പത്തിക ക്ലേശം, നന്മ ഉദ്ദേശിച്ച് പ്രവർത്തിക്കുന്നതിന് വിപരീതഫലം ചെയ്യുക തുടങ്ങി നമ്മൾ പ്രയാസപ്പെടുന്ന എല്ലാ സന്ദർഭങ്ങളിലും ക്ഷമകൈക്കൊള്ളുകയും പരീക്ഷണങ്ങൾ ലഘൂകരിക്കാൻ മനമുരുകി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുമാണ് നമ്മൾ ചെയ്യേണ്ടത്. നബി വചനം ശ്രദ്ധിക്കുക. 'മുസ്‌ലീമിനെ ബാധിക്കുന്ന ഏതൊരു ക്ഷീണത്തിനും രോഗത്തിനും വ്യസനത്തിനും ദുഃഖത്തിനും ഉപദ്രവത്തിനും വ്യഥയ്ക്കും പകരമായി അല്ലാഹു അയാളുടെ പാപങ്ങൾ പൊറുത്ത് കൊടുക്കാതിരിക്കില്ല. എത്രത്തോളമെന്നാൽ അയാളുടെ ദേഹത്ത് തറക്കുന്ന മുള്ളിനു പകരമായിപ്പോലും'. (ബുഖാരി, മുസ്‌ലിം).

പരലോകത്ത് വെച്ച്, ഇഹലോകത്ത് നമ്മൾ അനുഭവിച്ച വിഷമങ്ങൾക്ക് പകരം അല്ലാഹു ധാരാളമായി പ്രതിഫലം നൽകുന്നത് കാണുമ്പോൾ ഇഹലോകത്ത് പ്രയാസങ്ങളുണ്ടായത് നമുക്ക് നന്നായി എന്നു നാം പറയും എന്നു നബി(സ) പറഞ്ഞിരിക്കുന്നു. ചുരുക്കം ചില വർഷങ്ങൾ മാത്രമുള്ള ഐഹിക ജീവിതത്തിന്റെ ക്ഷണിക സൗന്ദര്യങ്ങളുടെ പുറകേ പാഞ്ഞ് നമ്മൾ വരാനിരിക്കുന്ന യഥാർത്ഥജീവിതം തുലയ്ക്കുന്നു. അല്ലാഹുവിന്റെ പരീക്ഷണത്തിൽ ദയനീയമായി പരാജയപ്പെടുന്നു. അവസാനം, മരിച്ചു കഴിയുമ്പോൾ മാത്രമായിരിക്കും യാഥാർത്ഥ്യം നമുക്ക് മനസ്സിലാവുക. 'അന്ന് മനുഷ്യന് വെളിവുണ്ടാവും. പക്ഷെ, അന്ന് വെളിവുണ്ടായിട്ട് എന്തുകാര്യം? അവൻ പറഞ്ഞുപോകും: 'അയ്യോ! എന്റെയീ ജീവിതത്തിനായി എന്തെങ്കിലും കാലേകൂട്ടി ഞാൻ നേടിവച്ചിരുന്നെങ്കിൽ!' അന്ന് അല്ലാഹു ശിക്ഷിക്കുന്നതുപോലെ ഒരുത്തനും ശിക്ഷിക്കില്ല'. (ഖുർആൻ 89:23-26).

പരലോകത്തെ ഭയാനകമായ നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും, സ്വർഗത്തിൽ പ്രവേശിക്കുകയുമാണല്ലോ നമ്മുടെ ഇഹലോക ജീവിതത്തിന്റെ പരമമായലക്ഷ്യം. നമ്മുടെ ജീവിതത്തിൽ, നാം ചെയ്യുന്ന ഓരോ നന്മയും, തിന്മയും രേഖപ്പെടുത്തി വയ്ക്കാൻ, ഓരോ മനുഷ്യർക്കും അല്ലാഹു രണ്ടു മലക്കുകളെ വീതം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഓരോ ചെറിയ പ്രവർത്തനങ്ങൾ പോലും ഇവർ രേഖപ്പെടുത്തുന്നു. വഴിയിൽ കിടക്കുന്ന ഒരു മുള്ള് എടുത്തു മാററൽ ഒരു നന്മയാണ്. ഒരു ഭിക്ഷക്കാരന് എന്തെങ്കിലും കൊടുക്കുന്നത് നന്മയാണ്. നമ്മുടെ ദാനധർമ്മങ്ങളെല്ലാം നന്മകളാണ്. ഒരു സ്നേഹിതനെ കാണുമ്പോൾ പുഞ്ചിരിക്കുന്നത് ഒരു ദാനമായതുകൊണ്ട് അത് നന്മയാണ്. അഗതികൾക്കും അനാഥർക്കും ഒരു നേരത്തെ ആഹാരം കൊടുക്കുന്നത് വലിയൊരു നന്മയാണ്. എന്തിനധികം, നമ്മൾ ഒരു മരം നടുന്നതു പോലും വലിയൊരു സൽക്കർമ്മമാണെന്നാണ് ഇസ്‌ലാമികാധ്യാപനം. ആ മരംവളർന്നു വലുതാവുമ്പോൾ ഒരുപാട് മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും തണലേകുന്നു. ആശ്വാസമേകുന്നു. കൂടാതെ, പക്ഷികൾക്കും

മനുഷ്യർക്കുമെല്ലാം അത് ഫലങ്ങൾ നൽകുന്നു. മൃഗങ്ങൾക്ക് ഇലകൾ നൽകുന്നു. ഇതിനെല്ലാം നമ്മൾ ഒരു നിമിത്തമായതുകൊണ്ട്, ആ മരം നൽകുന്ന ഓരോ ചെറിയ നന്മയ്ക്കും അല്ലാഹുവിൽ നിന്ന് നമുക്ക് പ്രതിഫലം ലഭിക്കുമെന്നാണ് നബി(സ) യുടെ അധ്യാപനം.

ഇങ്ങനെ, നമ്മുടെ പുണ്യകരമായ പ്രവൃത്തികളെല്ലാം, നമ്മുടെ നിർബന്ധ കർമ്മങ്ങളായ നമസ്കാരവും, സക്കാത്തും, നോമ്പുമുൾപ്പെടെ എല്ലാം സൽക്കർമ്മങ്ങളാണ്. നന്മകളാണ്. പരലോകത്തെ വിചാരണാ വേളയിൽ, നമ്മുടെ നന്മകളും തിന്മകളും രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങൾ നമ്മുടെ കൈയിൽ തരുമെന്നും, ആരുടെയെല്ലാം നന്മയുടെ തട്ട്, തിന്മയുടെ തട്ടിനേക്കാൾ കനംതൂങ്ങുന്നുവോ, അവരായിരിക്കും സ്വർഗാവകാശികൾ എന്നും അല്ലാഹു ഖുർആനിലൂടെ പറയുന്നു. ഇങ്ങനെ, സൽക്കർമ്മങ്ങൾ ചെയ്തുകൂട്ടലാണ് നമുക്ക് ഈ ജീവിതം കൊണ്ട് ലക്ഷ്യമാക്കാവുന്നത്. ആയതിനാൽ, നമുക്ക് ഇപ്പോൾ തന്നെ നമ്മുടെ ജീവിതം രക്ഷപ്പെടുത്താൻ ആരംഭിക്കാം. നമ്മുടെ സൽക്കർമ്മങ്ങൾ വർദ്ധിപ്പിക്കാം. നമ്മുടെ സൽക്കർമ്മങ്ങൾ അല്ലാഹു സ്വീകരിക്കണമെങ്കിൽ, ആദ്യം ഒരു യഥാർത്ഥ മുസ്ലീമായി ജീവിക്കുകയാണ് നമ്മൾചെയ്യേണ്ടത്. ഈ ലോകത്ത് ജീവിക്കുന്ന ജനങ്ങളെ രണ്ടു വിഭാഗമായിട്ടാണ് അല്ലാഹു തിരിക്കുന്നത്. സത്യവിശ്വാസികൾ (മുഅ്മിനുകൾ), സത്യനിഷേധികൾ (കാഫിറുകൾ) എന്നിവരാണ് ആ വിഭാഗങ്ങൾ. ഇതിൽ, സത്യനിഷേധികൾക്ക് അല്ലാഹു നരകം ഒരുക്കിവെച്ചിരിക്കുന്നു. ബഹുദൈവവിശ്വാസികളും അല്ലാഹു വല്ലാത്തവരോട് പ്രാർത്ഥിക്കുന്നവരുമെല്ലാം സത്യനിഷേധികളുടെ ഗണത്തിൽ വരുന്നു. മുസ്ലിം മാതാപിതാക്കൾക്ക് ജനിച്ചതുകൊണ്ടുമാത്രം ഒരുവൻ സത്യവിശ്വാസി ആവുകയില്ല. അല്ലാഹുവിനെ ഒരേയൊരു ആരാധ്യനായി അംഗീകരിക്കുന്നവരും, നമസ്കാരം, സക്കാത്ത് ഇവ നിർബന്ധമായി അനുഷ്ഠിക്കുന്നവരും മാത്രമേ സത്യവിശ്വാസികൾ എന്ന വിഭാഗത്തിൽപ്പെടുകയുള്ളൂ.

## 11. നമസ്ക്കാരം എന്തിന്?

ഒരു മുസ്ലിമിന് പരമപ്രധാനമായ അനുഷ്ഠാന കർമ്മമാണ് അഞ്ചുനേരത്തെ നമസ്കാരം. അല്ലെങ്കിൽ, അവൻ 'കാഫിർ' ആയിപ്പോകും. തോന്നിയ പോലെ ജീവിക്കാതെ, അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട്, അല്ലാഹുവിന്റെ കണക്കററ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഒരു ജീവിതം നയിക്കാൻ വേണ്ടിയാണ് അല്ലാഹു മനുഷ്യനോട് നമസ്കാരം നിലനിർത്തുവാൻ ആവശ്യപ്പെടുന്നത്. ഒരു സത്യവിശ്വാസി, തന്നെ സൃഷ്ടിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെ മറക്കാൻ പാടില്ല. ഇടയ്ക്കിടെ അല്ലാഹുവിനെ ഓർത്താൽ മാത്രമേ, അവൻ അല്ലാഹുവിനെ ഭയപ്പെട്ട്, പാപങ്ങൾ ചെയ്യാതെ ജീവിക്കുകയുള്ളൂ. മററാരും കാണില്ലെങ്കിലും അല്ലാഹു കാണുന്നുണ്ട് എന്ന വിശ്വാസമുള്ള അവൻ തെററുകൾ ചെയ്യാതെസൂക്ഷിക്കും. 'നമസ്കാരം അനുഷ്ഠിക്കുക. നിഷിദ്ധവൃത്തിയിൽ നിന്നും നീചകൃത്യത്തിൽ നിന്നും നമസ്കാരം നിന്നെ തടയും. ദൈവസ്മരണയാണ് മഹത്തരം. നിങ്ങൾ ചെയ്യുന്നതൊക്കെ അല്ലാഹു അറിയുന്നു'. (ഖുർആൻ 29:45). ഇങ്ങനെ ദൈവസ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ് ഒരു മനുഷ്യൻ ഉണർന്നിരിക്കുന്ന കാലയളവിനെ അഞ്ചായി പകുത്ത്, അഞ്ച് നേരങ്ങളിലുള്ള നമസ്കാരം ഇസ്ലാം നിർബന്ധമാക്കിയിരിക്കുന്നത്. ഇങ്ങനെ നമസ്കാരം നിലനിർത്തുന്ന ഒരു വ്യക്തിയുടെ മനസ്സിൽ നിന്ന് അല്ലാഹു ഒഴിഞ്ഞു നിൽക്കുന്ന നേരമില്ല.

ഏതു സന്ദർഭങ്ങളിലും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന തോന്നൽ അവന് അപാരമായ ആത്മശക്തി നൽകുന്നു. അങ്ങനെ, അവൻ സ്വന്തം ജീവിതത്തെ തന്നെ അല്ലാഹുവിന് സമർപ്പിക്കുന്നു. ദൈവസ്മരണ നിലനിർത്താൻ ഇടയ്ക്കിടെ അല്ലാഹുവിനെ ഓർത്താൽ മാത്രംപോരേ, അതിന് നമസ്ക്കരിക്കണോ എന്ന് ചിലർ ചോദിച്ചേക്കാം. അങ്ങനെ, വെറുതെയൊരോർക്കൽ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അഞ്ചുനേരം നമസ്ക്കരിക്കുന്നവന്റെ ഓർക്കൽ മാത്രമേ അല്ലാഹുവിനിഷ്ടമുള്ളൂ. അവന്റെ പ്രാർത്ഥന മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ. നമസ്കാരം എന്നത് തന്നെ ഒരു മുഴുനീള പ്രാർത്ഥനയാണ്. അതിൽ നമ്മൾ പറയുന്ന അറബി വാചകങ്ങളെല്ലാം, അല്ലാഹുവിനെ സ്തുതിക്കുന്നവയാണ്, അവന്റെ പരിശുദ്ധിയെയും മഹത്വത്തെയും വാഴ്ത്തുന്നവയാണ്, നമുക്ക് അവൻ ചെയ്തു തന്ന അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നവയാണ്, ഇഹലോകത്തും പരലോകത്തുമുള്ള നമ്മുടെ ജീവിതത്തിന് അവന്റെ അനുഗ്രഹങ്ങൾ തേടുന്നവയാണ്, 'നരകത്തെതൊട്ട് നമ്മളെ കാത്തുരക്ഷിക്കണേ' എന്ന പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നതാണ്. മാത്രമോ, സൃഷ്ടാവായ അല്ലാഹുവിന്റെ മുന്നിൽ ഭയഭക്തിയോടെ, അച്ചടക്കത്തോടെ നിന്ന്, അവനെ കുമ്പിട്ട്, തറയിൽ മുഖം ചേർത്തുവെച്ച് അവനെ സാഷ്ടാംഗം പ്രണമിക്കുന്ന മഹത്തായ ഒരു ആരാധനാ രീതിയാണ് നമസ്കാരം. ലോകത്ത്, ഇസ്ലാം മതത്തിൽ മാത്രമേ, ഇത്രയും താഴ്മയോടുകൂടിയ ഒരു ആരാധനാ രീതിയുള്ളൂ.

അതുകൊണ്ടാണ്, ഇബാദത്തുകളിൽ ഏററവും ശ്രേഷ്ഠമായത്നമസ്കാരം ആണെന്നു പറയുന്നത്. നമ്മുടെ അസ്തിത്വം തന്നെ നമ്മളൊന്ന് ആലോചിച്ചുനോക്കുക. നാമെങ്ങനെ ഈ ഭൂമിയിൽ ജനിച്ചു? നാമെന്തിനാണ് ഇവിടെ ജീവിക്കുന്നത്? കേവലം ഒരു പരീക്ഷണത്തിനായി അല്ലാഹു നിശ്ചയിച്ചതാണ് നമ്മുടെ ജീവിതം. അല്ലാഹുവിന് ആരാധന ചെയ്യാനാണ് അവൻ നമ്മെ സൃഷ്ടിച്ചത്. 'പലതും കൂടിച്ചേർന്ന ഒരു ഇന്ദ്രിയത്തുള്ളിയിൽ നിന്നാണ് പരീക്ഷിക്കാൻ മനുഷ്യനെ നാം സൃഷ്ടിച്ചത്. അങ്ങനെ നാം അവനെ കേൾവിയും കാഴ്ചയുമുള്ളവനാക്കി. നാമവന് നേർവഴി കാണിച്ചുകൊടുക്കുകയും ചെയ്തു. ഇനിയവന് വേണമെങ്കിൽ നന്ദിയുള്ളവനാകാം. അല്ലെങ്കിൽ നന്ദികെട്ടവനുമാകാം'. (ഖുർആൻ 76:2-3).

നമുക്ക് ലഭിച്ചിരിക്കുന്ന അളവററ അനുഗ്രഹങ്ങൾ നോക്കുക. നമ്മുടെ രണ്ട് കണ്ണുകൾ കൊണ്ടാണ് സുന്ദരമായ ഈ പ്രപഞ്ചത്തെ നമ്മൾ കാണുന്നത്. പെട്ടൊന്നൊരു ദിവസം കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടാൽ മാത്രമേ, കണ്ണിന്റെ വില നമ്മൾ മനസ്സിലാക്കുകയുള്ളൂ. പൊട്ടൻമാരോടു സംസാരിക്കുമ്പോൾ, നമ്മുടെ കേൾവിശക്തി എത്രവലിയ അനുഗ്രഹമാണ് എന്ന് ബുദ്ധിയുള്ളവന് മനസ്സിലാക്കാം. സ്വന്തം കാര്യങ്ങൾ പോലും ചെയ്യാൻ പ്രാപ്തിയില്ലാത്ത മന്ദബുദ്ധികളെ കാണുമ്പോൾ, നമുക്ക് ബുദ്ധിശക്തി നൽകി അനുഗ്രഹിച്ചവനെ എത്ര സ്തുതിച്ചാലാണ് നമുക്ക് മതിയാവുക. മൂത്രം പോവാതെ, ശരീരത്തിൽ കെട്ടിക്കിടന്ന് വേദനിക്കുമ്പോൾ മാത്രമേ, കിഡ്നിയുടെവില നമുക്ക് മനസ്സിലാകുകയുള്ളൂ. നമ്മുടെ ശരീരത്തിലേയ്ക്ക് ഒന്നു നോക്കൂ, എത്രയെത്ര അവയവങ്ങളാണ് നമ്മുടെ സുഗമമായ ജീവിതത്തിനു വേണ്ടി അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. മിനിററിൽ 72 പ്രാവശ്യം മിടിക്കുന്ന നമ്മുടെ ഹൃദയം ഒരു നിമിഷം ഒന്നു നിലച്ചാൽ മതി, നമ്മുടെ 'അഹങ്കാരങ്ങളൊക്കെ' അവസാനിക്കാൻ! മാർക്കററിൽ ലക്ഷങ്ങൾ കൊടുത്താലുംകിട്ടാനില്ലാത്ത അവയവങ്ങളാണ് കണ്ണ്, കിഡ്നി മുതലായവ.

നൂറുകണക്കിനു പേശികൾ പ്രവർത്തിക്കുന്നതു മൂലമാണ് നമുക്ക് ഒരടി നടക്കാനോ, കൈ ഒന്ന് ഉയർത്താനോ സാധിക്കുന്നത്. നട്ടെല്ല് എന്ന ഒരു സാധനം ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ നമുക്ക് കിടന്നകിടപ്പ് കിടക്കേണ്ടിവരും. ലക്ഷക്കണക്കിന് കമ്പ്യൂട്ടറുകൾ ഒത്തുചേർന്നാലും ഒരു മനുഷ്യന്റെ തലച്ചോറിന് ഒപ്പമാകില്ല. നമ്മുടെ രക്തത്തിലെ കോടിക്കണക്കിന് ചുവന്ന രക്താണുക്കളുടെയും വെളുത്ത രക്താണുക്കളുടെയും പ്രവർത്തനഫലമായാണ് നമുക്ക് രോഗങ്ങളെ ചെറുക്കാനാകുന്നത്. ഇതെല്ലാം ചെറിയ ഉദാഹരണങ്ങൾ മാത്രം. ചുരുക്കിപ്പറഞ്ഞാൽ, അനേകം ഫാക്ടറികൾ ഒന്നിച്ചാൽ പോലും നടക്കാത്തത്ര സങ്കീർണ്ണമായ പ്രവർത്തനങ്ങളാണ് നമ്മുടെ ഈ ചെറിയ ശരീരത്തിനുള്ളിൽ നടക്കുന്നത്. നമ്മുടെ ശരീരത്തിലെ ഇത്രയ്ക്കും സങ്കീർണ്ണമായ പ്രവർത്തനങ്ങൾ നടത്തി നമ്മെ പരിപാലിക്കുന്നത്, 'ആരൊക്കെയോ' ആണെന്ന് കരുതി അഹങ്കരിക്കുന്ന നമ്മളാണോ? ഇതൊന്നും നമ്മുടെ മിടുക്കുകൊണ്ടു കിട്ടിയതല്ല. നമ്മൾ കാശുകൊടുത്ത് വാങ്ങിച്ചതുമല്ല. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളിൽ അപൂർവ്വം ചിലതു മാത്രമാണിത്. നമ്മൾ കഴിക്കുന്ന ഭക്ഷണസാധനങ്ങളെപ്പററി ആലോചിച്ചു നോക്കുക. സസ്യങ്ങളുംമരങ്ങളുമെല്ലാം മുളച്ച് വളർന്ന് നമുക്ക് ധാന്യങ്ങളും ഫലങ്ങളും തരുന്നു. ആകാശത്തു നിന്ന് മഴപെയ്യുന്നതും ഇതെല്ലാം മുളക്കുന്നതും വളരുന്നതുമെല്ലാം ആരുടെ കഴിവുകൊണ്ടാണ്? നമുക്ക് കിട്ടിയിരിക്കുന്ന ആരോഗ്യത്തെപ്പററി ചിന്തിച്ചുനോക്കുക. എത്രയോ വിലപിടിച്ച ഒരു സമ്പത്താണത്. എത്ര തരത്തിലുള്ള രോഗങ്ങളാണ് നമുക്കു ചുററുമുള്ളവർ അനുഭവിക്കുന്നത്. നമുക്ക് ഒന്നോ രണ്ടോ അസുഖങ്ങൾ ഉണ്ടാകാം. പക്ഷെ, മാരകമായ അസുഖങ്ങളെ വെച്ചു നോക്കുമ്പോൾ എത്രയോ നിസ്സാരമാണത്! ഈ മഹത്തായ അനുഗ്രഹങ്ങളെയൊന്നും നമ്മൾ ഓർക്കുന്നില്ല. നമ്മുടെ കണ്ണിൽ ഒരൊററ അനുഗ്രഹമേയുള്ളൂ. 'സമ്പത്ത്'. അത് എത്ര കിട്ടിയാലാണ് നമുക്ക് മതിയാവുക! നൂറു കോടി രൂപയുടെ ആസ്തിയുള്ളവനും, 'ഞാനെത്ര അനുഗൃഹീതനാണ്'എന്ന് പറയുകയില്ല. കാരണം, അവന്റെ കണ്ണിൽ പതിനായിരം കോടി രൂപയിലധികം ആസ്തിയുള്ളവൻ മാത്രമാണ് അനുഗ്രഹീതൻ.

നമ്മുടെ മുകളിലുള്ളവരിലേയ്ക്ക് മാത്രം നോക്കിയാൽ, നമുക്കുള്ള അനുഗ്രഹങ്ങൾ മനസ്സിലാകുകയില്ല. പകരം, താഴെയുള്ളവരിലേയ്ക്ക് നോക്കണം. എന്നാൽമാത്രമേ, ഇങ്ങനെയെങ്കിലും നമ്മളെ വേണ്ട വിധം പരിപാലിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് മനസ്സിലാക്കൂ. ഒരു നബിവചനം ശ്രദ്ധിക്കുക. 'നിങ്ങളേക്കാൾ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക. നിങ്ങളേക്കാൾ മീതെയുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. കാരണം, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ നിങ്ങൾ നിസ്സാരമാക്കാതിരിക്കുവാൻ അത് ഏററവും ഉപകരിക്കുന്നതാണ.'' (ബുഖാരി, മുസ്ലിം). നമുക്കു ചുററും രോഗങ്ങളാലും ദുരിതങ്ങളാലും കഷ്ടപ്പെടുന്ന ഒരുപാട് പേരുണ്ട്. കണ്ണില്ലാത്ത എത്രപേർ നമുക്കു ചുററിലുമുണ്ട്. ബധിരന്മാരായും, മററ് അംഗവൈകല്യങ്ങളോടു കൂടിയും, മാരകരോഗങ്ങളോടു കൂടിയും ജനിക്കുന്ന എത്രയോ പേരുണ്ട് നമ്മുടെയിടയിൽ. ദാരിദ്യം കൊണ്ടും പട്ടിണി കൊണ്ടും കഷ്ടപ്പെടുന്നവരെത്രയാണ്? ഇവരെയൊക്കെ അല്ലാഹു എന്തിനാണിങ്ങനെ പരീക്ഷിക്കുന്നത്? അത് അവരുടെയോ, അവരുടെ മാതാപിതാക്കളുടേയോ തെററിന്റെ ഫലമായുള്ള ശിക്ഷയൊന്നുമല്ല. പിന്നെയോ, ഈ അനുഗ്രഹങ്ങളെല്ലാം കിട്ടിയിട്ടുള്ള നമ്മളെപ്പോലുള്ളവർക്കായുള്ള ദൃഷ്ടാന്തങ്ങളാണത്. ഇങ്ങനെ, ഓരോ നിമിഷവും അല്ലാഹുവിന്റെ എത്രയെത്ര അനുഗ്രഹങ്ങളാണ് നമ്മളറിയാതെ തന്നെ നമ്മളനുഭവിക്കുന്നത്. 'ദൈവാനുഗ്രഹങ്ങൾ നിങ്ങൾ എണ്ണിയാൽ തീരില്ല. തീർച്ചയായും, മനുഷ്യൻവലിയ അക്രമിയും തീരെ നന്ദികെട്ടവനുമാകുന്നു'. (ഖുർആൻ 14:34).

ഈ അനുഗ്രഹങ്ങൾക്കെല്ലാം നമുക്ക് വേണമെങ്കിൽ നന്ദിയുള്ളവരാകാം. അല്ലെങ്കിൽ നന്ദികെട്ടവരാകാം. നന്ദിയുള്ളവരാകണമെങ്കിൽ, തീർച്ചയായും നമ്മൾ അഞ്ചുനേരത്തെ നമസ്കാരം നിലനിർത്തണം. തന്റെ ദാസൻ നമസ്കാരത്തിലൂടെ നന്ദിപ്രകടിപ്പിക്കുന്നത് കാണാനാണ് അല്ലാഹുവിന് ഇഷ്ടം. അതുകൊണ്ടാണ് അഞ്ചു നേരങ്ങളിലുള്ള നമസ്കാരം നിർബന്ധമാക്കിയത്. ഇങ്ങനെയുള്ള അനുഗ്രഹങ്ങളെല്ലാം ആസ്വദിച്ച് നമ്മൾ നന്ദിപ്രകടിപ്പിക്കുന്നില്ലെങ്കിലോ, നമ്മളെ അവൻ വെറുതെ വിടുകയുമില്ല. മറെറാന്ന് പാപമോചനമാണ്. മനുഷ്യരെല്ലാം ദുർബലരാണ്. ദേഹേച്ഛകളെ പിൻപററിയും അല്ലാതെയും, അറിഞ്ഞും അറിയാതെയും നാം ദിനംപ്രതി ഒരുപാട് തെററുകൾ ചെയ്യുന്നുണ്ട്. വലിയ ദോഷങ്ങളും ചെറിയ ദോഷങ്ങളുമെല്ലാം ഇതിൽപ്പെടും. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കൽ, കൊലപാതകം, വ്യഭിചാരം, മദ്യപാനം, പലിശ, മാരണം, മാതാപിതാക്കളെ ഉപദ്രവിക്കൽ മുതലായവയെല്ലാം വൻ പാപങ്ങളിൽപ്പെട്ടതാണ്. ഈ വലിയ തെററുകൾ

അല്ലാഹു ഉദ്ദേശിച്ചാൽ മാത്രമേ നമുക്ക് പൊറുത്തു തരുകയുള്ളൂ. ഇതുകൂടാതെ, ദിനംപ്രതി അനേകം ചെറിയ തെററുകൾ നമ്മൾ ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, നമ്മുടെ മനസ്സിൽ മോശമായ ഒരു ചിന്തവരുന്നതു പോലും തെററാണ്. ഇങ്ങനെ, അറിഞ്ഞും അറിയാതെയും നമ്മൾ ചെയ്യുന്ന അനേകം ചെറിയ പാപങ്ങൾ നമസ്കാരത്തിലൂടെ നമുക്കു പൊറുത്തുകിട്ടും. ഇങ്ങനെ, നമ്മൾ ചെയ്തിട്ടുള്ള തിന്മകൾ ഓരോന്നായി അല്ലാഹു മായ്ച്ചുകളയും. അങ്ങനെ, നമ്മുടെ നന്മയുടെ അളവു കൂടും. ഒരു നബി വചനം ശ്രദ്ധിക്കുക. 'ഒരു മനുഷ്യൻ ദിവസം അഞ്ചുനേരം ഒരു നദിയിൽ മുങ്ങിക്കുളിക്കുന്നുവെന്ന് കരുതുക. അവന്റെ ശരീരത്തിൽ യാതൊരു വിധ മാലിന്യവും അവശേഷിക്കുകയില്ല. ഇതുപോലെയാണ് അഞ്ചുനേരത്തെ നമസ്കാരം. അവ മുഖേന അല്ലാഹു പാപങ്ങൾ മായ്ച്ചുകളയുന്നു'. (ബുഖാരി, മുസ്ലിം).

നമസ്കാരത്തിനായി പള്ളിയിലേക്ക് വെയ്ക്കുന്ന ഓരോ കാലടിയിലും ഓരോപാപങ്ങൾ പൊറുക്കപ്പെടുമെന്ന് മറെറാരു ഹദീസിൽ കാണാം. നമസ്കാരം കഴിവതും ജമാഅത്തായി നിർവ്വഹിക്കാൻ ശ്രമിക്കേണ്ടതുണ്ട്. സംഘടിത നമസ്ക്കാരം, ഒററക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തിയേഴ് മടങ്ങ് പ്രതിഫലമുള്ളതാണെന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഹദീസിൽകാണാം. അതായത്, ഇരുപത്തിയേഴ് നേരം ഒററയ്ക്ക് നമസ്കരിച്ചാലുള്ള പ്രതിഫലം, ഒരൊററ നേരത്തെ ജമാഅത്ത് നമസ്കാരത്തിലൂടെ നേടാം. പ്രത്യേകിച്ചും പള്ളിയിൽവെച്ചുള്ള ആദ്യത്തെ ജമാഅത്ത് നമസ്കാരം. കൂടാതെ, രണ്ട് പേർ ഒന്നിച്ചുണ്ടെങ്കിൽ, അവർക്ക് ജമാഅത്തായി നമസ്കരിക്കാം. നമസ്കാരം നിലനിർത്താത്തവർ മുസ്ലിമാവുകയില്ല. അവൻ ചെയ്യുന്ന സൽക്കർമ്മങ്ങളൊന്നും അല്ലാഹു സ്വീകരിക്കുകയില്ല. അതുകൊണ്ടു തന്നെ, നമസ്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ധാരാളം നബിവചനങ്ങൾ നമുക്കു കണ്ടെത്താം. മനുഷ്യനൊഴികെയുള്ള ജീവജാലങ്ങളെല്ലാം, അല്ലാഹുവിനോട് നന്ദിപ്രകടിപ്പിക്കുന്നവയാണ്. എന്നാൽ, മഹത്തായ അനുഗ്രഹങ്ങൾ ആവോളം ആസ്വദിച്ചിട്ടും, അതിന് അശേഷം നന്ദി പ്രകടപ്പിക്കാത്തവനെ അല്ലാഹു എങ്ങനെയാണ് പരിഗണിക്കുക? അവന് കിട്ടാൻ പോകുന്നത് കത്തിയാളുന്ന നരകമായിരിക്കും. കൂടാതെ, നമസ്കാരം നിലനിർത്താത്തവനെ അല്ലാഹു അനുഗ്രഹിക്കുകയില്ല. അവന് കൊടുത്തിട്ടുള്ള അനുഗ്രഹങ്ങൾ അല്ലാഹു പടിപടിയായി പിൻവലിക്കും. അഞ്ചുനേരം നമസ്കരിക്കുന്ന ഒരുവന്റെ പ്രാർത്ഥനകൾ മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ. നമസ്കരിക്കാത്ത ഒരുവൻ, 'അല്ലാഹുവേ, നീ എന്തിനിങ്ങനെ പരീക്ഷിക്കുന്നു' എന്ന് ഖേദിച്ചിട്ട് കാര്യമില്ല. എന്തെങ്കിലും ആവശ്യങ്ങൾ അവൻ ചോദിച്ചാൽ, അല്ലാഹു അവനെ കൂടുതൽ പരീക്ഷിക്കാനാണ് സാധ്യത. നേരെമറിച്ച്, നമസ്കാരംനിലനിർത്തുന്ന ഒരുവന്റെ ഹൃദയം തട്ടിയുള്ള പ്രാർത്ഥനകളും ആവശ്യങ്ങളും അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്യും. കുറച്ച് വൈകിയായാലും. തനിക്ക് എപ്പോഴും ഇബാദത്ത് ചെയ്യുന്ന തന്റെ പ്രിയപ്പെട്ട ദാസന്റെ ആവശ്യങ്ങൾ അല്ലാഹു നിറവേററും. അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കും. പരമകാരുണികനും ദയാപരനുമാണല്ലോ അവൻ. ഇത്രമാത്രം പ്രാധാന്യമുള്ള നമസ്കാരം നിലനിർത്തൽ, നമുക്കൊരു ഭാരമാണിന്ന്.

അല്ലാഹു പറയുന്നത് ശ്രദ്ധിക്കൂ. 'നമസ്കാരമനുഷ്ഠിച്ചും ക്ഷമയോടെ പരിശ്രമിച്ചും ദൈവത്തിന്റെ തുണ യാചിക്കുവിൻ. ഒടുവിൽ സ്വന്തം രക്ഷിതാവിനെ കണ്ടുമുട്ടേണ്ടിവരുമെന്നും അവനിലേക്കു തന്നെ മടങ്ങേണ്ടതുണ്ടെന്നും ബോധ്യമുള്ള ഭക്തർക്കൊഴികെ, ഇതൊരു ഭാരമാണുതാനും'. (ഖുർആൻ 2:45, 46) നമസ്കാരം ഒരു ഭാരമാക്കാതെ അതൊരു ദിനചര്യയാക്കി മാററാൻ നാം ശ്രമിക്കേണ്ടതുണ്ട്. ദിവസം മൂന്നുനേരം ഭക്ഷണം നിലനിർത്താൻ നമുക്ക് വല്ല ബുദ്ധിമുട്ടുമുണ്ടോ? അതുപോലെ തന്നെ, നമസ്കാരവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാററണം. നമ്മുടെ ശരീരത്തിന്റെ സ്വഭാവമാക്കി മാററണം. അധികം നമസ്കരിച്ചു ശീലമില്ലാത്തവരാണെങ്കിൽ, കുറച്ചുനാൾ മുടങ്ങാതെ നമസ്കരിക്കുവാൻ ശ്രമിച്ചാൽ പിന്നീടത് നമ്മുടെ സ്വഭാവമായി മാറുന്നത് കാണാം. ദിനചര്യയായി മാറുമ്പോൾ, നമസ്കാരത്തിന്റെ സമയമായാൽ ഒരു അസ്വസ്ഥത തോന്നുന്നതായി അനുഭവിക്കാം. ചില മനുഷ്യർക്ക് മദ്യം കഴിക്കുമ്പോഴാണ് മനസ്സിന് ആനന്ദം കണ്ടെത്താൻ കഴിയുക. ചിലർക്ക് കഞ്ചാവ് വലിക്കുമ്പോഴാണ് ആനന്ദം. കുട്ടികൾക്ക് ചില പ്രത്യേക കളികളിലേർപ്പെടുമ്പോഴാണ് ശരിയായ സന്തോഷം അനുഭവിക്കാനാകുക. എന്നാൽ, അല്ലാഹുവിന്റെ ദാസന്മാർ നമസ്കാരത്തിലാണ് ആനന്ദം കണ്ടെത്തുക. 'പ്രവാചകരേ, ജനങ്ങളോടു പറയുക: എന്റെ റബ്ബിന്നു നിങ്ങളെക്കൊണ്ട് എന്താവശ്യം, നിങ്ങൾ അവനെ പ്രാർത്ഥിക്കുന്നില്ലെങ്കിൽ' (ഖുർആൻ 25:7)

## 12. നമസ്ക്കാരം ഒരു പണിയുമില്ലാത്തവരുടെ മാത്രം ബാധ്യതയോ?

നമ്മുടെയിടയിലുള്ള ചിലരുടെ ഒരു പരാതിയാണ് അഞ്ചുനേരം നമസ്കരിക്കാൻ അവർക്ക് 'സമയമില്ല' എന്നത്. വേണമെങ്കിൽ വെള്ളിയാഴ്ച ഒരു ദിവസം ജുമുഅ നമസ്കരിക്കാം എന്നാണവർ പയുന്നത്. അഞ്ചുനേരം നമസ്കരിക്കുക എന്നൊക്കെ പറഞ്ഞാൽ ഒരു പണിയുമില്ലാത്ത കുറച്ചുപേരുടെ, പ്രത്യേകിച്ച് വയസ്സന്മാരുടെ മാത്രം ഒരു ബാധ്യതയാണെന്നാണ് അവരുടെ മനസ്സിലെ ധാരണ. സമയമില്ല എന്ന വാദത്തിൽ എന്തുമാത്രം കഴമ്പുണ്ടെന്ന് നമുക്കൊന്നു പരിശോധിക്കാം. വാസ്തവത്തിൽ, നമസ്കാരം ഒഴിവാക്കാൻ തക്ക തിരക്കുള്ള ഒരു മനുഷ്യൻ ഈ ലോകത്തുണ്ടെന്ന് തോന്നുന്നില്ല. 24 മണിക്കൂറും ജോലിയുള്ള, ഒരഞ്ചു മിനിററു പോലും ഒഴിവില്ലാതെയുള്ള ഒരു മനുഷ്യൻ ലോകത്തുണ്ടോ? അഥവാ, അങ്ങനെയുള്ള ഒരു മനുഷ്യന് എത്രനാൾ ആയുസ്സുണ്ടാകും? ഉറക്കമില്ലാത്ത അവന്റെ ഹൃദയം അധികം താമസിയാതെ നിലച്ചുപോകും. നമ്മുടെ നാട്ടിലെ ഒരാളുടെ സാധാരണ ജോലി സമയം എട്ടു മണിക്കൂറാണ്. കൂടിയാൽ, 12 മണിക്കൂറും. ശേഷിക്കുന്ന സമയത്ത് അവന് നിർബന്ധമായും ഉറങ്ങേണ്ടത് ആറു മണിക്കൂറാണ്. ഇത്രയും

സമയം മാററിവെച്ചാൽ, എത്ര മണിക്കൂറാണ് അവൻ വെറുതെ സമയം കളയുന്നത്! പലരുമായും സംസാരിക്കാനും, ടെലിവിഷൻ പരിപാടികൾ കാണാനും മററും നീക്കിവെയ്ക്കുകയാണ് ഈ സമയം മുഴുവനും.

ഒരു നേരത്തെ നമസ്കാരത്തിന് നമുക്ക് വേണ്ടത് വെറും പത്തു മിനിററാണ്. തിരക്കുണ്ടെങ്കിൽ, വെറും മൂന്നോ നാലോ മിനിററുകൊണ്ട് നമുക്ക് നമസ്കരിക്കാം. ഒരു ദിവസം, അഞ്ചു നേരത്തെ നിർബന്ധ നമസ്കാരത്തിന് നമുക്ക് മൊത്തം മുക്കാൽ മണിക്കൂർ പോലും വേണ്ട. ഉറക്കത്തിൽ നിന്നെണീററ് അതേ നിമിഷത്തിൽത്തന്നെ ജോലിയ്ക്കു പോകുന്നവരാരുമില്ല. ആയതുകൊണ്ട്, അവന് അഞ്ചു മിനിററെടുത്ത് 'സുബ്ഹ്' നമസ്കരിക്കാം. ഉച്ചയ്ക്ക് ഊണ് കഴിക്കാൻ സമയമില്ലാതെ, തുടർച്ചയായി ജോലിയുള്ള ആരെങ്കിലുമുണ്ടോ? അതുകൊണ്ട്, അവന് 'ളുഹർ' നമസ്കരിക്കാം. കൂടാതെ, മിക്കവാറും പേരുടെ ജോലി സമയം 5 മണിക്ക് അവസാനിക്കും. ജോലി കഴിഞ്ഞതിനുശേഷം 6 മണിയ്ക്കുള്ളിൽ അവന് അസർ നമസ്കരിക്കാം. ശേഷിച്ച രണ്ട് നമസ്കാരങ്ങളും 6 മണിയ്ക്കു ശേഷമാണ്. അതിന് തീർച്ചയായും അവന് സമയം കണ്ടെത്താം. ളുഹർ നമസ്കാരത്തിന്റെ സമയം ഏതാണ്ട് ഉച്ചയ്ക്ക് പന്ത്രണ്ടര മണി മുതൽമൂന്നര മണി വരെയാണ്. ഈ മൂന്നു മണിക്കൂറിനുള്ളിൽ ഒരഞ്ചുമിനിററ് സമയം നമുക്ക് കണ്ടെത്താനാവില്ലേ? ഇതുപോലെ തന്നെ ഇശാ നമസ്കാരത്തിന്റെ സമയം മറ്റ് നമസ്കാരസമയങ്ങളെക്കാൾ ദീർഘമാണ്. ഈ ദീർഘമായ ഒമ്പതു മണിക്കൂറിനുള്ളിൽ ഒരു അഞ്ചുമിനിററ് ഇശാ നമസ്കരിക്കാൻ മാററി വെയ്ക്കാൻ പററാത്തവരുണ്ടോ? വേണ്ടത്ര സാഹചര്യങ്ങളില്ലെങ്കിൽ നമസ്കരിക്കാൻ പള്ളിയിൽത്തന്നെ പോകണമെന്നില്ല. എത്ര തിരക്കുള്ള അവസ്ഥയായാലും, ജോലിസ്ഥലത്തോ, റൂമിലോ, കടയിലോ എവിടെയായാലും, അഞ്ചുമിനിററ് സമയം കണ്ടെത്തി, ഒരു പേപ്പർ വിരിച്ച് നമസ്കരിക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഇനി അഥവാ ഏതെങ്കിലും കാരണവശാൽ, നമുക്ക് ഒരു നമസ്കാരത്തിന് സൗകര്യവും സന്ദർഭവും ഒത്തു കിട്ടിയില്ലെങ്കിൽത്തന്നെ, സമയം കിട്ടിയാലുടൻ അത് നമസ്കരിക്കാം.

ഇസ്ലാമിന്റെ നിലനിൽപ്പിനായി നടന്ന, ദിവസങ്ങൾ നീണ്ട ഘോരയുദ്ധങ്ങളിൽ പോലും, നബി(സ) യും സഹാബാക്കളും ഒരു നേരത്തെ നമസ്കാരം പോലും ഖളാഅ് ആക്കിയിട്ടില്ല. യുദ്ധങ്ങൾ നടക്കുമ്പോൾ, കുറച്ച് പേർ പിന്നിലേയ്ക്ക് മാറി നമസ്കരിക്കുമ്പോൾ, മററുള്ളവർ യുദ്ധം ചെയ്യുകയായിരുന്നു. ഇവർ നമസ്കരിച്ചതിനുശേഷം യുദ്ധത്തിൽ ഏർപ്പെടുമ്പോൾ, വേറെ കുറച്ചുപേർ നമസ്കരിക്കാൻ ഓടുകയായിരുന്നു. ഇവരുടെ അനുയായികളായ നമുക്ക് സമയമില്ല പോലും. തിരക്കുള്ള ഒരുവന്റെ നമസ്കാരമാണ് അല്ലാഹുവിനേററവുമിഷ്ടം. ഇത്ര തിരക്കനിടയിലും തന്നെ ഓർക്കാൻ ശ്രമിച്ച, ആ ദാസനെ അല്ലാഹു അനുഗ്രഹിക്കാതിരിക്കുമോ? മാത്രമല്ല, തിരക്കുള്ള സമയങ്ങളിൽ, തിരക്ക് അല്പമൊന്നൊഴിയുമ്പോൾ, അഞ്ചുമിനിററ് കണ്ടെത്തി നമസ്കരിച്ചാൽ, ഒരു ഊർജ്ജപ്രവാഹം കൊണ്ട് ഉന്മേഷവും ഉൽസാഹവും വർദ്ധിക്കുന്നത് നമുക്ക് അനുഭവിച്ചറിയാം.

സ്ത്രീകളുടെ കാര്യം നോക്കൂ. മിക്സി, സ്റ്റൗ തുടങ്ങിയ ധാരാളം ഉപകരണങ്ങളുടെ വരവോടുകൂടി, സ്ത്രീകൾക്ക് അടുക്കളയിൽ ധാരാളം അധ്വാനവും സമയവും ലാഭിക്കാനായിരിക്കുന്നു. രാവിലെ മുതൽ രാത്രിവരെ നീളുന്ന ടെലിവിഷൻ സീരിയലുകൾ കാണലാണ് ഇപ്പോഴവരുടെ പ്രധാന പണി. ഇതുമൂലം അവർക്കും സമയമില്ല എന്ന കാരണം പറയാം. 24 മണിക്കൂറും ടെലിവിഷനിൽ പരിപാടികളുണ്ടല്ലോ! ദിവസവും മൂന്നോ നാലോ നേരം നമ്മൾ ഭക്ഷണം മുടക്കുന്നുണ്ടോ? തിരക്കുമൂലം കുറച്ച് വൈകും എന്നല്ലാതെ ആരെങ്കിലും ഭക്ഷണം ഒഴിവാക്കാറുണ്ടോ? അതുപോലെ തന്നെയാണ്, ഒരു മുസ്ലിമിന് അഞ്ചുനേരത്തെ നമസ്കാരം. നമുക്ക് ഭക്ഷണംകിട്ടാനും അത് കഴിക്കാനും അനുഗ്രഹിച്ച നാഥനെ ഒന്നു സ്തുതിക്കാനും ഒരു സമയംകണ്ടെത്തണം. ഭക്ഷണം പോലെത്തന്നെ, നമസ്കാരവും ഒഴിവാക്കാനാകാത്ത ഒരുചര്യയായി, ജീവിതത്തിന്റെ ഭാഗമായി മാററണം.

നമസ്കാരം നമുക്ക് ഒഴിവാക്കാൻ പററാത്ത ഒരു അനുഷ്ഠാനമാണ്. ബുദ്ധിയുള്ള, പ്രായപൂർത്തിയായ ഒരുവന് അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാണ്. അല്ലെങ്കിൽ, അവനെ ഒരു മുസ്ലിമായി അല്ലാഹു കണക്കിലെടുക്കില്ല. നിന്ന് നമസ്കരിക്കാൻ കഴിയാത്തവർ ഇരുന്ന് നമസ്കരിക്കുക. അതിന് കഴിയാത്തവർ കിടന്ന് നമസ്കരിക്കുക. ഇനി തീരെ തളർന്ന് കിടപ്പിലായ, അൽപ്പം മാത്രം ഓർമ്മയുള്ള ഒരുവ്യക്തി, കണ്ണുകൊണ്ട് ആംഗ്യം കാണിച്ചിട്ടായാലും നമസ്കരിക്കണമെന്ന് ഇസ്ലാം കൽപ്പിക്കുന്നു. നമസ്കാരം ഒരിക്കലും മുടക്കാൻ കഴിയാത്ത ഒരു അനുഷ്ഠാനമാണെന്നറിയാൻ ഇതിൽ കൂടുതലെന്തുവേണം? എന്നിട്ടും, നമ്മൾ തിരക്കാണെന്ന് അവകാശപ്പെടുന്നു. സമയമില്ലെന്ന് പറഞ്ഞ് സ്വയം സമാധാനിക്കുന്നു. ഈ തിരക്കുള്ള ആൾക്കാർ, ഒരു ദിവസം ലീവ് കിട്ടി ഒരുപണിയുമില്ലാതെ വെറുതെ വീട്ടിൽ ഇരുന്നാൽ പോലും ഒരു നേരം നമസ്കരിക്കുകയില്ല. ഈ സമയമില്ലാത്ത ആൾക്കാരും മരിക്കും. നാളെ പരലോകത്ത് വിചാരണ നടക്കുമ്പോൾ ആദ്യമായി ചോദിക്കപ്പെടുക നമസ്കാരത്തെക്കുറിച്ചാണ്. അപ്പോൾ ഇവർ ഞങ്ങൾക്ക് ഭൂമിയിൽ വളരെ തിരക്കായിരുന്നു പടച്ചവനേ, നിനക്കുവേണ്ടി നമസ്കരിച്ചിരുന്നവരെല്ലാം ഒരു പണിയുമില്ലാത്തവരായിരുന്നല്ലോ! എന്നാണോ പറയാൻപോകുന്നത്? സമയമില്ലായ്മയല്ല യഥാർത്ഥ പ്രശ്നം. നമ്മുടെ മടിയാണ് യഥാർത്ഥ കാരണം. ഈ മടി മൂലമുള്ള സമയമില്ലായ്മ നമ്മൾ ഇന്നു തന്നെ മാററണം. കാരണം, ഇത് നമ്മളെക്കൊണ്ടെത്തിക്കുന്നത് കത്തിയാളുന്ന നരകത്തിലായിരിക്കും. അവിടത്തെ ഒരിക്കലും അവസാനിക്കാത്ത ശിക്ഷകൾ നേരിടുമ്പോൾ നമുക്ക് ഒരു തിരക്കും ഉണ്ടാവില്ല.

# 13. പ്രാർത്ഥനയുടെ പ്രാധാന്യം

പ്രാർത്ഥനയ്ക്ക് മനുഷ്യജീവിതത്തിൽ വലിയ സ്ഥാനമാണുള്ളത്. പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്നാണ് നബിവചനം. അല്ലാഹുവിന്റെ ദാസന്മാരായ, യാതൊരു കഴിവുമില്ലാത്ത നമുക്ക് എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ അത് സ്രഷ്ടാവിനോട് തന്നെയല്ലേ ചോദിക്കേണ്ടത്. അല്ലാഹു പറഞ്ഞു. 'എന്നോട് നിങ്ങൾ പ്രാർത്ഥിക്കുക, എന്നാൽ ഞാൻ ഉത്തരം ചെയ്യും'. (ഖുർആൻ 40:60) നമ്മുടെ എന്താവശ്യങ്ങളും അല്ലാഹുവിനോട് ചോദിക്കാം. മനുഷ്യരായ നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അല്ലാഹുവിന് നന്നായറിയാം. പക്ഷെ, നമ്മുടെ ആവശ്യങ്ങൾ വെറും ഭൗതിക നേട്ടങ്ങൾ മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ളതാവരുത്. നമസ്കാരമില്ലാത്ത ഒരുവന്റെ പ്രാർത്ഥന അല്ലാഹു എത്രമാത്രം കണക്കിലെടുക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അഞ്ചുനേരങ്ങളിലുള്ള നമസ്കാരത്തിലൂടെ നന്ദി പ്രകടിപ്പിച്ച് ആദ്യം നമ്മൾ അല്ലാഹുവിനോടടുക്കണം. അങ്ങനെയുള്ള ഒരുവന്റെ പ്രാർത്ഥനയാണ് അല്ലാഹുവിന് സ്വീകാര്യം. ആയതിനാൽ, ആദ്യം നമസ്കാരം നിലനിർത്താനാണ് നാം ശ്രദ്ധിക്കേണ്ടത്. മാത്രമല്ല, നമസ്കാരത്തിലുടനീളം വിവിധ തരത്തിലുള്ള പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന വാചകങ്ങൾ പറയുന്നുണ്ട്.

എന്താണ് പ്രാർത്ഥിക്കുന്നതെന്ന് സ്വയം മനസ്സിലാക്കി മനസ്സാന്നിദ്ധ്യത്തോടും ആത്മാർത്ഥതയോടും കൂടി പ്രാർത്ഥിക്കുമ്പോൾ മാത്രമേ പ്രാർത്ഥന ഫലവത്താവൂ! എന്നാൽ മാത്രമേ, നമുക്ക് സമാധാനവും ശാന്തിയും കൈവരൂ! ഹൃദയം തട്ടിയുള്ള പ്രാർത്ഥനകളാണ് അല്ലാഹു സ്വീകരിക്കുക. അല്ലാഹുവിന് അറിയാത്തതായി ഒരു ഭാഷയുമില്ല. ആയതിനാൽ, ആവശ്യങ്ങൾ, മലയാളത്തിൽ ത്തന്നെ ഹൃദയം തുറന്ന് അല്ലാഹുവിനോട് ചോദിക്കാം. പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്ന സന്ദർഭങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് നമസ്കാരത്തിന് ശേഷമുള്ള സമയം. ഫർള് നമസ്കാരങ്ങൾക്കും, സുന്നത്ത് നമസ്കാരങ്ങൾക്കും ശേഷമുള്ള സമയങ്ങളിൽ എന്താവശ്യങ്ങളും അല്ലാഹുവിന് സമർപ്പിക്കാം. നമ്മുടെ പ്രാർത്ഥനകൾക്ക് പെട്ടെന്നു തന്നെ ഇത്തരം കിട്ടിക്കൊള്ളണമെന്നില്ല. കുറെ തവണ ചോദിയ്ക്കുമ്പോൾ, കുറച്ച് വൈകിയാലും അല്ലാഹു നമ്മുടെ ആവശ്യങ്ങൾ നിറവേററാതിരിക്കില്ല. ഒരു നബിവചനം ശ്രദ്ധിക്കുക. 'മനുഷ്യൻ പ്രാർത്ഥിച്ചാൽ മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ലഭിക്കാതിരിക്കില്ല. ഒന്നുകിൽ, അവന്റെ ആവശ്യം നിറവേറും. അതുമല്ലെങ്കിൽ, അവൻ ആവശ്യപ്പെട്ടതിനേക്കാൾ ഉത്തമമായത് അവനുവേണ്ടി പരലോകത്ത് അല്ലാഹു സൂക്ഷിച്ചുവെയ്ക്കും'.

അല്ലാഹുവിനോട് ആവശ്യങ്ങൾ ചോദിക്കുമ്പോൾ ഒരു ലജ്ജയും തോന്നേണ്ടതില്ല. നമ്മുടെ ജീവനാഡിയേക്കാൾ അടുത്തുള്ള അല്ലാഹു എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട് എന്ന ധാരണയോടെ തന്നെയായിരിക്കണം പ്രാർത്ഥിക്കേണ്ടത്. നമ്മുടെ ചുററുപാടും ദാരിദ്ര്യം കൊണ്ടും രോഗങ്ങൾ കൊണ്ടും മററും കഷ്ടപ്പെടുന്ന ധാരാളം പേരുണ്ട്. തങ്ങളെ അല്ലാഹു ശ്രദ്ധിക്കുന്നില്ല! എന്നായിരിക്കും ഇവർ പറയുക. പക്ഷെ, ഇവർ യഥാർത്ഥത്തിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നുണ്ടോ? ഇല്ലെന്നതാണ് സത്യം. വെറും പ്രാർത്ഥന കൊണ്ട് കാര്യമില്ല. ആദ്യം അഞ്ചുനേരം നമസ്കാരം നിലനിർത്തി ഒരു മുസ്‌ലിമാവുകയാണ് വേണ്ടത്. പിന്നീട്, നമസ്കാര ശേഷവും മററ് സമയങ്ങളിലും ദാരിദ്ര്യത്തിൽ നിന്നും രോഗദുരിതങ്ങളിൽ നിന്നും ഞങ്ങളെ കരകയറേണമേ എന്ന് പ്രാർത്ഥിക്കുകയാണ് ചെയ്യേണ്ടത്. പ്രാർത്ഥിച്ചു കൊണ്ട് ഇരുന്നാൽ അല്ലാഹു ഭക്ഷണവും മററും ഇറക്കിത്തരുമോ എന്ന് ചോദിക്കുന്നവരുണ്ട്. നമ്മുടെ ആവശ്യങ്ങൾ നിറവേററാനുള്ള വഴികൾ കാണിച്ചുതരികയാണ് അല്ലാഹു ചെയ്യുക. ഉദാഹരണത്തിന്, നമ്മൾ കുറച്ചു കാശിന് വളരെയധികം ബുദ്ധിമുട്ടുന്ന സന്ദർഭത്തിലായിരിക്കും, ഏതെങ്കിലും ഒരു സുഹൃത്തോ ബന്ധുവോ നമ്മളെ സന്ദർശിക്കാൻ വരുന്നതും കുറച്ച് പൈസ സ്നേഹത്തോടെ തരുന്നതും. അത് നമുക്കു തരാൻ ആ വ്യക്തിയുടെ മനസ്സിൽ തോന്നലുണ്ടാക്കിയത് അല്ലാഹുവാണ്. അങ്ങനെയാണ്, അല്ലാഹു ഓരോ വഴികൾ കാണിച്ചുതരിക. അല്ലാതെ, കുപ്പിയിൽ നിന്നും ഭൂതം പുറത്തു വരുന്നതു പോലെയല്ല അല്ലാഹു നമുക്ക് ഉത്തരം തരിക. എന്തായാലും, അധ്വാനിക്കാത്ത മടിയനായ ഒരുവന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കാൻ സാധ്യതയില്ല. അഞ്ചുനേരം നമസ്കരിക്കാൻ ഓടുന്ന ഒരു മനുഷ്യൻ അലസനും മടിയനുമാവാൻ സാധ്യതയുണ്ടോ?

ഒരു മുസ്‌ലിമാകുവാൻ വേണ്ട പ്രഥമ യോഗ്യതയുടെ അന്തസ്സത്ത നമ്മൾ മനസ്സിലാക്കണം. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത്ത് കലിമയിലുള്ള അടിയുറച്ച വിശ്വാസമാണത്. ആരാധനയ്ക്കർഹൻ അല്ലാഹു മാത്രം. പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്നതിനാൽ, നമ്മുടെ പ്രാർത്ഥനകൾ അല്ലാഹുവിനോടുമാത്രം. അല്ലാഹു നമ്മുടെ തൊട്ടടുത്തു തന്നെയുണ്ടെന്നിരിക്കേ, നമ്മൾ എന്തിന് മറെറാരാളെ തേടണം. മാത്രമല്ല, പാപികളും നന്ദികെട്ടവരുമായ നമ്മുടെ പ്രാർത്ഥനകൾ കേൾക്കാൻ മാത്രം കരുണാമയനാണവൻ. അതുകൊണ്ട്, നമുക്ക് ഒററയ്ക്ക്, നേരിട്ടു തന്നെ അല്ലാഹുവിനോട് പ്രാർത്ഥിക്കാം. പ്രാർത്ഥനാ വാചകങ്ങൾ ശരിയായി അറിയാത്തവർക്കായി ഏതാനും പ്രാർത്ഥനകൾ താഴെ കൊടുക്കുന്നു. നമസ്കാരശേഷവും മററു സമയങ്ങളിലുമുള്ള നമ്മുടെ പ്രാർത്ഥനകളിൽ ഇവ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

1. അല്ലാഹുവേ, ഞങ്ങൾ ചെയ്തു പോയിട്ടുള്ള ചെറുതും വലതുമായ എല്ലാ പാപങ്ങളും പൊറുത്തു മാപ്പാക്കിത്തരേണമേ. 2. അല്ലാഹുവേ, ഞങ്ങളെയെല്ലാവരെയും ഭയാനകമായ നരകശിക്ഷയെ തൊട്ട് കാത്തു രക്ഷിക്കേണമേ. 3. അല്ലാഹുവേ, നിന്റെ സത്യവിശ്വാസികളായ സജ്ജനങ്ങളുടെ കൂട്ടത്തിൽപ്പെടുത്തി ഞങ്ങളെ അനുഗ്രഹിക്കേണമേ. 4. അല്ലാഹുവേ, ഇഹലോകത്തും പരലോകത്തുമുള്ള നിന്റെ ശിക്ഷകളെത്തൊട്ടും പരീക്ഷണങ്ങളെത്തൊട്ടുമെല്ലാം ഞങ്ങളെ കാത്തുരക്ഷിക്കേണമേ. 5. അല്ലാഹുവേ, ഞങ്ങളെ ഈമാനോട് കൂടി

ജീവിപ്പിച്ച് ഈമാനോടുകൂടി മരിപ്പിക്കേണമേ. 6. അല്ലാഹുവേ, നിന്റെ ജന്നാത്തുൽ ഫിർദൗസ് എന്ന സ്വർഗത്തിൽ ഞങ്ങളെയെല്ലാവരെയും ഒരുമിച്ചുകൂട്ടേണമേ. 7. അല്ലാഹുവേ, ഞങ്ങളുടെ മേലുള്ള നിന്റെ അനുഗ്രഹങ്ങൾ നിലനിർത്തി തരുകയും വർദ്ധിപ്പിച്ചുതരുകയും ചെയ്യേണമേ. 8. അല്ലാഹുവേ, രോഗങ്ങളെ തൊട്ടും പ്രയാസങ്ങളെ തൊട്ടും അപകടങ്ങളെ തൊട്ടുമെല്ലാം ഞങ്ങളെ കാത്തുരക്ഷിക്കേണമേ. 9. അല്ലാഹുവേ, ഞങ്ങൾക്ക് നേർവഴി കാണിച്ചുതരേണമേ. 10. അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിനക്ക് നന്ദികാണിക്കുവാനും നിനക്ക് നന്നായി ഇബാദത്ത് ചെയ്യുവാനും ഞങ്ങളെ നീ സഹായിക്കേണമേ. 11. അല്ലാഹുവേ, ഞങ്ങളുടെ ഹലാലായ ആഗ്രഹങ്ങളെല്ലാം നിറവേററിത്തരേണമേ. പ്രാർത്ഥനകളിലൂടെയും സൽക്കർമ്മങ്ങളിലൂടെയും സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിച്ച് അല്ലാഹുവുമായി അടുക്കുവാനും അവന്റെ കൽപ്പനകൾക്കൊത്ത് ജീവിതം നയിക്കുവാനും അങ്ങനെ ഇഹപരവിജയം നേടാനും നമുക്ക്പരിശ്രമിക്കാം. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

## 14. സക്കാത്ത് ഒരു നിർബന്ധ ബാധ്യതയോ?

ഒരു മുസ്ലിം ആകുന്നതിനുവേണ്ട പ്രധാനമായ അനുഷ്ഠാന കർമ്മങ്ങളാണ് നമസ്കാരവും സക്കാത്തും. നമസ്കാരം നിലനിർത്തൽ അവന്റെ ആദ്യത്തെ ബാധ്യതയാണെങ്കിൽ, സക്കാത്ത് കൊടുക്കൽ രണ്ടാമത്തെ ബാധ്യതയാണ്. സക്കാത്ത് കൊടുക്കാൻ അർഹനായിരുന്നിട്ടും അത് കൊടുക്കാത്ത ഒരു വ്യക്തി, നമസ്കാരമുൾപ്പെടെ എന്തെല്ലാം പുണ്യകർമ്മങ്ങൾ ചെയ്താലും മുസ്ലിം എന്ന പേരിന് അർഹനാവുകയില്ല. പരിശുദ്ധ ഖുർആനിൽ എവിടെയെല്ലാം നമസ്കാരം നിങ്ങൾ നിലനിർത്തുക എന്ന് കൽപ്പിച്ചിട്ടുണ്ടോ, അതിന്നു പിറകേ സക്കാത്ത് കൊടുക്കുകയും ചെയ്യുക എന്ന് പറഞ്ഞിരിക്കുന്നതായി നമുക്കു കാണാം. നമ്മുടെയിടയിൽ സക്കാത്ത് കൊടുത്തുവീട്ടാൻ ബാധ്യസ്ഥരായ ധാരാളം പേരുണ്ട്. പക്ഷെ, കർശനമായി സക്കാത്ത് കൊടുക്കുന്നവർ വളരെ ചുരുക്കം പേർ മാത്രമാണ്. കേവലം ധന സമ്പാദനം എന്ന ഒരൊററ ലക്ഷ്യവുമായി, ഇഹലോകജീവിതത്തിനു മാത്രമായി ജീവിക്കുന്ന നമുക്ക്, നമ്മുടെ സമ്പാദ്യത്തിൽ നിന്ന് പത്തു പൈസ വെറുതെ കൊടുക്കുക എന്നത് ചിന്തിക്കാൻ പോലും കഴിയാത്ത ഒരു കാര്യമാണല്ലോ. നമ്മുടെ സമുദായത്തിലെ ഭൂരിഭാഗം പേരും ഗൾഫിൽ ജോലി ചെയ്യുന്നവരാണ്. ഇങ്ങനെയുള്ളവരിൽ, 80 ശതമാനം പേരും, വിദ്യാഭ്യാസയോഗ്യതകളൊന്നുമില്ലാതെ തന്നെ ഗൾഫിൽ ജോലി സമ്പാദിച്ചവരാണ്. ഇവർക്കെല്ലാം കിട്ടുന്ന ശമ്പളം, നാട്ടിലെ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് കിട്ടുന്നതിനേക്കാൾ കൂടുതലാണ്. ഉന്നത ബിരുദക്കാരായ അഭ്യസ്തവിദ്യർ പോലും തൊഴിലില്ലാത്ത അലഞ്ഞുനടക്കുന്ന നമ്മുടെ നാട്ടിൽ, ഈ ഗൾഫുകാർക്കെല്ലാം എന്തു ജോലിയാണ് കിട്ടുക? ഗൾഫിൽ ഇത്രമാത്രം തൊഴിലവസരങ്ങൾ ഇല്ലായിരുന്നെങ്കിൽ, വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന മുസ്ലിം സമുദായത്തിന്റെ സ്ഥിതി, പട്ടികജാതിക്കാരുടെ അവസ്ഥയേക്കാൾ കഷ്ടമായേനെ.

യാതൊരു വിധ യോഗ്യതകളും കഴിവുകളുമില്ലാത്ത നമ്മൾ പത്തുകാശ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ, അത് പരമകാരുണികനായ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണെന്ന് നമ്മൾ മനസ്സിലാക്കുന്നുണ്ടോ? അങ്ങനെ, പണം സമ്പാദിക്കുന്ന നമ്മൾ, അൽപന് അർത്ഥം കിട്ടിയപോലെ പെരുമാറുന്നു. ഈ കിട്ടുന്നതൊന്നും നമുക്ക് പോരാ! ഇതിന്റെ നൂറിരട്ടിയെങ്കിലും സ്വന്തമാക്കണം. എന്നിട്ട് പരമാവധി സുഖിക്കണം. എന്നതു മാത്രമാണ് നമ്മുടെ ചിന്ത. കാരണം, മുകളിലേയ്ക്ക് മാത്രമാണ് നമ്മുടെ കണ്ണ്. പിന്നെങ്ങനെയാണ്, അല്ലാഹു തന്ന പണത്തിൽനിന്ന് അല്ലാഹുവിന് വേണ്ടി ചെലവഴിക്കാൻ നമുക്ക് മനസ്സുവരിക! ഒരു നബിവചനം ശ്രദ്ധിക്കുക. 'തീർച്ചയായും ഓരോ സമുദായത്തിനും ഓരോ പരീക്ഷണോപാധിയുണ്ട്. എന്റെസമുദായത്തിന്റെ പരീക്ഷണോപാധി സമ്പത്താകുന്നു'. (തിർമിദി) ഈ നബിവചനത്തിന്റെ അർത്ഥവ്യാപ്തി ഒന്നു പരിശോധിക്കുക. പുല്ലു പോലും ശരിക്ക് കിളിർക്കാത്ത, മണൽക്കാടുകൾ മാത്രമുള്ള, ഗൾഫ് മരുഭൂമിയിൽ അളവററ എണ്ണ സമ്പത്ത് കണ്ടെടുത്തതും, നമ്മൾ അതിന്റെ ഒരംശം നുകർന്ന് നമ്മുടെ ജീവിതം കരുപ്പിടിപ്പിക്കുന്നതും ആരുടെ അനുഗ്രഹം കൊണ്ടാണ്? മാത്രമല്ല, ലോകത്തിലെ കോടീശ്വരൻമാരുടെ ലിസ്റ്റ് ഒന്നു പരിശോധിക്കുക. ഏതാനും വർഷം മുൻപുവരെ ലോകത്തിലെ ഏററവും വലിയ സമ്പന്നരിൽ ഒന്നാം സ്ഥാനം ബ്രൂണെ സുൽത്താനും, രണ്ടാം സ്ഥാനം സൗദി അറേബ്യയിലെ ഫഹദ് രാജാവിനുമായിരുന്നു. നമ്മുടെ നാട്ടിലേയ്ക്ക് തന്നെ നോക്കൂ. മൊത്തം സമ്പന്നരിൽ ഭൂരിഭാഗം പേരും മുസ്ലീങ്ങളാണെന്നു കണ്ടെത്താം. അന്യസമുദായക്കാർ, വിദ്യാഭ്യാസം കൊണ്ട്, ഉയർന്ന ജോലികൾനേടി പണം സമ്പാദിക്കുന്നു. മുസ്ലീങ്ങൾക്ക് വേണ്ടത്ര വിദ്യാഭ്യാസമില്ലാതിരുന്നിട്ടും അല്ലാഹുവിന്റെ അനുഗ്രഹം ഒന്നു കൊണ്ടുമാത്രം സമ്പാദിച്ചുകൂട്ടുന്നു.

എന്നിട്ട്, അല്ലാഹുവിനോട് നന്ദിപറയാതെ ജീവിക്കുന്നു. അല്ലാഹുവിന്റെ ഈ പരീക്ഷണത്തിൽ വിജയിക്കുവാൻ, നമ്മൾ നിർബന്ധദാനമായ സക്കാത്ത് കൊടുക്കേണ്ടതുണ്ട്. 'സക്കാത്ത് കൊടുക്കാത്തവർ പരലോകത്തെ നിഷേധിക്കുന്നവർ തന്നെയാണ്. വിശ്വസിച്ചു നല്ല കാര്യങ്ങൾ ചെയ്യുന്നവർക്ക് തീർച്ചയായും നിലച്ചുപോകാത്ത പ്രതിഫലമുണ്ട്'. (ഖുർആൻ 41:7-8) സക്കാത്ത് എന്ന പദത്തിന് സംസ്കരിക്കുക, ശുദ്ധീകരിക്കുക തുടങ്ങിയ അർത്ഥതലങ്ങളാണുള്ളത്. അതായത്, നമ്മുടെ കൈവശമുള്ള സമ്പത്ത് ശുദ്ധീകരിക്കാനുള്ള ഒരു പ്രക്രിയയാണ് സക്കാത്ത്. സക്കാത്ത് കേവലമൊരു സംഭാവനയല്ല; ധാർമ്മികമായി നിർവ്വഹിക്കപ്പെടുന്ന ഒരു ദാനവുമല്ല. സക്കാത്ത് ഒരു നികുതിയാണ്. ലോകചരിത്രത്തിൽ ആദ്യമായി ചുമത്തപ്പെട്ട ക്രമീകൃതവും ന്യായപൂർണ്ണവുമായ നികുതി. വാർഷിക വരുമാനത്തിൽ, ചെലവുകൾ കഴിഞ്ഞ്

നീക്കിയിരിപ്പുള്ളതിന്റെ രണ്ടര ശതമാനമാണ് സക്കാത്തായി നൽകേണ്ടത്. നനച്ചുണ്ടാക്കിയ കാർഷികവിളകൾക്ക് അഞ്ചുശതമാനം, നനയ്ക്കാതെ ഉണ്ടാക്കിയവയ്ക്ക് പത്തുശതമാനം എന്നിങ്ങനെ വ്യതസ്തമാണ് സക്കാത്തിന്റെ അളവുകൾ. പലരുടെയും ധാരണ, നമുക്ക് നൂറുകൂട്ടം ആവശ്യങ്ങളുള്ളതു കൊണ്ട് സക്കാത്ത് കൊടുക്കേണ്ടതില്ല എന്നാണ്. ഒരു വലിയ ബംഗ്ലാവ് പണിയുക, ആർഭാടത്തോടുകൂടി ജീവിക്കാൻ ആവശ്യമായ വസ്തുക്കൾ സ്വന്തമാക്കുക മുതലായ നമ്മുടെ ആവശ്യങ്ങൾ ഇസ്ലാമിന്റെ ദൃഷ്ടിയിൽ ആവശ്യങ്ങളല്ല. നമ്മുടെ പല ആവശ്യങ്ങളും ഇങ്ങനെയുള്ള ഭൗതിക നേട്ടങ്ങൾക്കായുള്ളതാണ്. അങ്ങനെയുള്ള ആവശ്യങ്ങൾക്കായി സക്കാത്ത് കൊടുക്കാതിരിക്കുക എന്നത് അല്ലാഹുവിന്റെ ശിക്ഷ ചോദിച്ചുവാങ്ങലാണ്. പണം എത്ര കിട്ടിയാലും ആവശ്യമാണെന്നിരിക്കേ, ഇപ്പോൾ ഉള്ളതിൽ നിന്ന് ചെലവഴിക്കുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്.

മററുള്ളവർ സക്കാത്ത് കൊടുക്കുന്നുണ്ടോ, ഇല്ലയോ എന്ന് നമ്മൾ നോക്കേണ്ടതില്ല. ഒരു യഥാർത്ഥ മുസ്ലിമാവുകയും അല്ലാഹുവിന്റെ ഇഷ്ടത്തിനൊത്ത് ജീവിക്കുകയും ചെയ്യുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. കൃത്യമായ ശമ്പളം പററുന്ന ഒരാളെ സംബന്ധിച്ചിടത്തോളം, ഒരു വർഷത്തെ സക്കാത്ത് എന്നത്, അവന്റെ കേവലം ഒരു മാസത്തെ ശമ്പളത്തിന്റെ ഏകദേശം മൂന്നിലൊന്ന് ഭാഗം മാത്രമേ വരൂ. പണം മാത്രമല്ല, എല്ലാ തരത്തിലുമുള്ള സമ്പത്തും സക്കാത്തിന് വിധേയമാണ്. സ്വർണം വാങ്ങി കൂട്ടി വെയ്ക്കുന്നത് അപകടമാണ്. പത്തരപവനിൽ കൂടുതൽസ്വർണം കൈവശമുണ്ടെങ്കിൽ, അതിന്റെ രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ട ബാധ്യത നമുക്കു വരും. 'സ്വർണവും വെള്ളിയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ സൂക്ഷിച്ചു വെയ്ക്കുന്നവർക്കുള്ള വേദനിപ്പിക്കുന്ന ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുക. നരകത്തീയിലിട്ട് അത് ചുട്ടുപഴുപ്പിക്കുകയും (അവരുടെ നെററിത്തടങ്ങളിലും മുതുകുകളിലും ചൂടുവെയ്ക്കുകയും ചെയ്യുന്ന ദിവസം). ഇതാകുന്നു നിങ്ങൾ നിങ്ങൾക്കുവേണ്ടിശേഖരിച്ച നിക്ഷേപം. നിങ്ങൾ സൂക്ഷിച്ചുവെച്ചത് അനുഭവിച്ചുകൊള്ളുക' (ഖുർആൻ 9:34-35).

ഒരു നബിവചനം ശ്രദ്ധിക്കുക. 'ആർക്കെങ്കിലും അല്ലാഹു ധനം നൽകി. എന്നിട്ടവൻ അതിന്റെ സക്കാത്ത് കൊടുത്തു വീട്ടിയില്ല. എങ്കിൽ, ഖിയാമത്തു നാളിൽ അവന്റെ ധനം അവന് ഒരു ഭീകര സർപ്പമായി പ്രത്യക്ഷപ്പെടും. അതവനെ ചുററിവരിഞ്ഞു മുറുക്കും. പിന്നെ, അവന്റെ വായയുടെ ഇരുവശങ്ങളിൽ അത് പിടികൂടും. എന്നിട്ട്, അവന്റെ കണ്ണുകളിലേയ്ക്ക് ചുഴിഞ്ഞു നോക്കി, നാക്ക് ചലിപ്പിച്ചുകൊണ്ട് അത് അവനോട് പറയും 'നിന്റെ ധനമാണു ഞാൻ! നിന്റെ നിക്ഷേപമാണു ഞാൻ''! (ബുഖാരി). സക്കാത്ത് നൽകാൻ വിസമ്മതിക്കുന്നവനെ ഖുർആൻ ഇങ്ങനെ താക്കീത് ചെയ്തു. 'അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് കൊടുത്തിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അത് തങ്ങൾക്ക് നല്ലതാണെന്ന് ഒരിക്കലും ധരിക്കരുത്. അവർ പിശുക്ക് കാണിച്ച വസ്തുകൊണ്ട് അന്ത്യനാളുകളിൽ അവർക്ക് മാലയിടും'.

സക്കാത്ത് എന്നത് സമ്പന്നന്റെ ഔദാര്യമല്ല; പ്രത്യുത പാവപ്പെട്ടവന്റെ അവകാശമാണ് എന്നാണ് ഇസ്ലാമിന്റെ സിദ്ധാന്തം. പാവപ്പെട്ടവർക്ക് അവകാശപ്പെട്ട സക്കാത്തിന്റെ ആ വിഹിതവും ഉപയോഗിച്ച് സുഖിക്കുന്നവനെ അല്ലാഹു വെറുതെ വിടുകയില്ല. അതിനോടുള്ള അനാദരവ് അക്ഷന്തവ്യമാണെന്ന് സൂചിപ്പിക്കുന്ന അധികൃതവചനങ്ങളുണ്ട്. 'മുസ്ലിം ദരിദ്രന്മാരുടെ ആവശ്യത്തിന് മതിയാവുന്ന തുക മുസ്ലിം സമ്പന്നരുടെ ധനത്തിൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ദരിദ്രന്മാർ വിശന്നോ വസ്ത്രങ്ങളില്ലാതെയോ മറേറാ കഷ്ടപ്പെടുന്നുണ്ടെങ്കിൽ അത് തങ്ങളുടെ ധനികന്മാരുടെ ദുഷ്പ്രവൃത്തികൊണ്ട് മാത്രമാണ്. അറിയുക, അല്ലാഹു അവരെ കഠിനമായി ചോദ്യംചെയ്യും. അവർക്ക് കഠിനമായ ശിക്ഷ നൽകുകയും ചെയ്യും'.എല്ലാവിധ സൗകര്യങ്ങളും നൽകി, അല്ലാഹു ഒരുക്കിവെച്ചിരിക്കുന്ന ഈ ഭൂമിയിൽ, അല്ലാഹുവിന്റെ ക്ഷണപ്രകാരം ജീവിക്കുന്നവരാണ് നമ്മൾ. വെറും കൈയോടെ, ഒന്നുമറിയാത്തവരായി, ഒന്നിനും കഴിയാത്തവരായിട്ടാണ് നമ്മൾ ഇവിടെ ജനിച്ചത്. ഒരു വഴിയാത്രക്കാരനെപ്പോലെ, ഏതാനും നാൾ ഇവിടെ തങ്ങി, നാളെ വെറുംമണ്ണിലേക്ക് മടങ്ങാനിരിക്കുന്നവർ. അങ്ങനെയുള്ള, നമ്മുടെ കൈയിൽ, കുറച്ച്ഭൂമിയോ, കുറച്ച് സമ്പത്തോ വന്നുപെട്ടിട്ടുണ്ടെങ്കിൽ അതിൽ അഹങ്കരിക്കേണ്ടതുണ്ടോ? നാളെ, നമ്മുടെ സമ്പത്ത് മറെറാരാളുടെ കൈയിൽ ചെന്നു ചേരും. താൽക്കാലികമായി മാത്രം നമ്മുടെ കൈയിൽ വന്നുപെടുന്ന അല്ലാഹുവിന്റെ സമ്പത്താണതെല്ലാം. അങ്ങനെയുള്ള സമ്പത്തിൽ, ഒരു രണ്ടരശതമാനം ദരിദ്രർക്ക് അവകാശപ്പെട്ടതാണെന്നും, അത് അവർക്കു കൊടുക്കൽ നിർബന്ധമാണെന്നും അല്ലാഹു പറഞ്ഞിട്ടുണ്ടെങ്കിൽ, നമ്മൾ അത് നിർബന്ധമായും ചെയ്യേണ്ടതല്ലേ? പാവപ്പെട്ടവന്റെഅവകാശമായ ആ മുതലും കൂടി അനുഭവിച്ച്, അല്ലാഹുവിന്റെ ശിക്ഷ ചോദിച്ചുവാങ്ങണോ? അർഹരായവർക്ക് ലഭിക്കേണ്ട അവകാശമായതിനാൽ, ആരെങ്കിലും സക്കാത്ത് നൽകാൻ മടിക്കുന്നുവെങ്കിൽ അവരിൽനിന്ന് സക്കാത്ത് ബലംപ്രയോഗിച്ച് പിരിച്ചെടുക്കുവാൻ ഇസ്ലാമിക വ്യവസ്ഥയിൽ അനുവാദമുണ്ട്.

ഇതിന് സംഘടനകളോ, വ്യക്തികളോ, മഹല്ല് ഇമാമോ തയ്യാറാകേണ്ടതുണ്ട്. സക്കാത്ത് നൽകുന്ന സമ്പന്നൻ സക്കാത്ത് അർഹിക്കുന്ന ഒരു പാവപ്പെട്ടവന് നേരിട്ട് സക്കാത്ത് കൊടുക്കുമ്പോൾ, കൊടുക്കുന്നവന്റെ മേലാളത്തം അവിടെ തലയുയർത്തി എന്നു വരാം. വാങ്ങുന്നവൻ കൊടുക്കുന്നവന്റെ മുന്നിൽ വിധേയനാവുന്നതും സ്വാഭാവികം. ആരെങ്കിലും മുൻകൈയെടുത്ത് സക്കാത്ത് ഒരു നിധിയായി സംഭരിച്ച്, അർഹതപ്പെട്ടവർക്ക് വീതിക്കുമ്പോൾ ഇങ്ങനെയുള്ള പ്രശ്നങ്ങളും ഒഴിവാക്കാം. കൊടുക്കുന്നവനും വാങ്ങുന്നവനും അവിടെ മുഖാഭിമുഖം പ്രത്യക്ഷപ്പെടുന്നില്ല. 'സക്കാത്ത് കൊടുക്കാൻ വിസമ്മതിച്ചവൻ ഇസ്ലാമിനോട് സമരം പ്രഖ്യാപിച്ചവനായി കരുതപ്പെടണം' എന്ന് ഖലീഫ അബൂബക്കർ (റ)

പറയുകയുണ്ടായി. അദ്ദേഹം ഭരണാധികാരിയായിരുന്ന സമയത്ത്, കുറച്ചുപേർ സക്കാത്ത് കൊടുക്കുന്നില്ല എന്നറിഞ്ഞപ്പോൾ, അവരോട് യുദ്ധം ചെയ്യാനായി വാളെടുത്ത് പുറപ്പെട്ടു അദ്ദേഹം. അത്രയ്ക്കും ഗുരുതരമായ ഒരു തെററാണ്, സക്കാത്ത് കൊടുക്കാതിരിക്കുക എന്നത്.

സക്കാത്ത് കൊടുക്കേണ്ടത് ആർക്കൊക്കെയാണ്? ദരിദ്രർ, അനാഥർ, അഗതികൾ, കടംകൊണ്ട് വലഞ്ഞവർ, നവമുസ്‌ലിംകൾ, മോചനമാഗ്രഹിക്കുന്ന അടിമകൾ, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി യാത്ര ചെയ്യേണ്ടിവരുന്നവർ മുതലായവരൊക്കെയാണ് സക്കാത്തിനർഹരായവർ. 'ഫിത്ർ സക്കാത്ത്' എന്ന പേരിലുള്ള ദാനവും ഒരു മുസ്‌ലിമിന് നിർബന്ധമാണ്. റംസാൻ മാസത്തിലെ വ്രതാനുഷ്ഠാനത്തിന്റെ സമാപന സന്ദർഭത്തിൽ, ചെറിയപെരുന്നാൾ ( ഈദുൽ ഫിത്ർ) ആഘോഷിക്കാനായി എല്ലാവരും ഒത്തുചേരുന്നു. എല്ലാവരും ആഹ്ളാദത്തിൽ കഴിയാൻ വിധിക്കപ്പെട്ട ഈ ദിവസം, ലോകത്തിലെ ഒരു മുസൽമാനും പട്ടിണി കിടക്കരുത് എന്ന ഉദ്ദേശ്യത്താൽ ഇസ്‌ലാം സംവിധാനിച്ചതാണ് ഫിത്ർ സക്കാത്ത്. അരി മുതലായ ധാന്യവസ്തുക്കൾ, ഒരു കുടുംബത്തിലെ മൊത്തം അംഗങ്ങൾക്കുവേണ്ടി കുടുംബനാഥൻ ആണ് ഫിത്ർ സക്കാത്ത് കൊടുത്തുവീട്ടേണ്ടത്. ഇസ്‌ലാം കർമ്മാനുഷ്ഠാനമനുസരിച്ച് സദഖ: എന്നുപേരുള്ള മററൊരു ദാനം കൂടിയുണ്ട്. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് ആർക്കുവേണമെങ്കിലും ദാനം ചെയ്യാം. അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ച് ചെയ്യുന്ന പുണ്യകർമ്മമാണ് ഇത്. ഇത് നിർബന്ധമല്ല. അനുഷ്ഠിച്ചാൽ പുണ്യമുണ്ടെന്നു മാത്രം.

എന്നാൽ സക്കാത്ത് ഒരു മുസ്‌ലിമിന്നിർബന്ധമാണ്. അനുഷ്ഠിച്ചാൽ പുണ്യമുണ്ടെന്ന് മാത്രമല്ല, ഒഴിവാക്കുന്നത് പാപവുമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പണം ചെലവഴിച്ചാൽ സമ്പത്ത് കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്യുക. സക്കാത്തും സദഖയും കൊടുത്തതിനാൽ ഒരു മനുഷ്യൻ പാപ്പരായ ചരിത്രം ലോകത്തുണ്ടായിട്ടില്ല. അല്ലാഹു അനുഗ്രഹിച്ച് നൽകിയ സമ്പത്തിൽ നിന്നും, അവൻ നിർദ്ദേശിക്കുന്നതു പോലെ ഒരു ഭാഗം അവനുവേണ്ടി ചെലവഴിച്ചാൽ, പരമകാരുണികനായ അല്ലാഹു ഏതെങ്കിലും വഴിയിൽക്കൂടി അത് വർദ്ധിപ്പിച്ചുതരും. ഈ സമ്പത്ത് എങ്ങനെയാണ് വർദ്ധിക്കുകയെന്ന്, അല്ലാഹു ഉദാഹരണ സഹിതം വ്യക്തമാക്കുന്നതു ശ്രദ്ധിക്കൂ. 'ദൈവികമാർഗത്തിൽ സമ്പത്തു ചെലവഴിക്കുന്നവരെ, വിതച്ച ഒരു ധാന്യമണിയോട് ഉപമിക്കാം. അതിൽ നിന്ന് ഏഴ് കതിർ മുളയ്ക്കുകയും ഓരോ കതിരിലുംനൂറു ധാന്യമണിയുണ്ടാവുകയും ചെയ്യും. തനിക്കു ബോധിച്ചവർക്ക് അല്ലാഹു ഈവിധം പെരുപ്പിച്ചു പ്രതിഫലം നൽകും. ഔദാര്യനിധിയും സർവ്വജ്ഞനുമല്ലോ അല്ലാഹു' (ഖുർആൻ 2:261). ചിന്തിക്കുന്നവന് ഇതിൽപരം ഒരു ഉദാഹരണം ആവശ്യമുണ്ടോ? പരമോന്നതനീതിമാനായ അല്ലാഹുവിനെ എന്തിന് അവിശ്വസിക്കണം?

നമ്മുടെ നാട്ടിൽ ആളുകളെ കാണിക്കാനായി മാത്രം പണം ചെലവഴിക്കുന്ന ഒരുപാടു പേരുണ്ട്. ഭൗതികലോകത്തിലെ പേരും പ്രശസ്തിയുമാണ് അവരുടെ ലക്ഷ്യം. അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ചുകൊണ്ട് ചെലവഴിക്കുന്നതു മാത്രമേ സക്കാത്തിലും സദഖയിലുമുൾപ്പെടുകയുള്ളൂ. 'നിയ്യത്ത്' എന്നാൽ എന്താണ്? നമ്മുടെ ഉദ്ദേശ്യംഅഥവാ മനസ്സിന്റെ കരുത്ത് എന്നാണ് നിയ്യത്ത് കൊണ്ട് അർത്ഥമാക്കുന്നത്. ഒരുകാര്യം ചെയ്യുമ്പോൾ അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമാണ് നമ്മുടെ യഥാർത്ഥഉദ്ദേശ്യമെങ്കിൽ നമുക്ക് അത് കിട്ടും. ഇനി ആളുകളെ കാണിക്കലോ, ഭൗതികലോകത്തിലെ പ്രശസ്തിയോ മററോ ആണ് നമ്മുടെ നിയ്യത്തെങ്കിൽ, അത് മാത്രമായിരിക്കും കിട്ടുക. ഖുർആനിലൂടെ അല്ലാഹു പറയുന്നതു ശ്രദ്ധിക്കുക. 'വിശ്വാസികളേ, കൊട്ടിഘോഷിച്ചും പിറകേ നടന്ന് ഉപദ്രവിച്ചും ദാനകർമ്മം നിങ്ങൾ പാഴാക്കാതിരിക്കുവിൻ; അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമില്ലാതെ ആളുകളെ കാണിക്കാനായി മാത്രം ധനം ചെലവഴിക്കുന്നവരെപ്പോലെ ആകാതിരിക്കുവിൻ. അവരുടെ സ്ഥിതി പേമാരിയിൽ മണ്ണൊലിച്ചു പോയ പാറപ്പുറംപോലെ തന്നെയാണ്. തങ്ങൾ നേടിവച്ചത് തങ്ങൾക്കു തന്നെ ഉപകാരപ്പെടാതെ പോയവർ. നിഷേധികൾക്ക് അല്ലാഹു നേർവഴി കാട്ടിക്കൊടുക്കില്ല. ദൈവപ്രീതിയും ആത്മശുദ്ധീകരണവും മാത്രം കൊതിച്ച് ധനം ചെലവഴിക്കുന്നവരാകട്ടെ, ഉയരത്തിലുള്ള ഫലഭൂയിഷ്ടമായ തോട്ടം പോലെയാണ് ; കനത്ത മഴയിലും നേർത്ത മഴയിലും സമൃദ്ധമായ വിളവുതരുന്ന ഒരു തോട്ടം! നിങ്ങളുടെ ചെയ്തികളെല്ലാം സൂക്ഷ്മമായി നോക്കിക്കാണുന്നുണ്ട് അല്ലാഹു' (ഖുർആൻ 2:264-265).

കഴിവിന്റെ പരമാവധി യാചനയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാനാണ് ഇസ്‌ലാം കൽപ്പിക്കുന്നത്. യാചനയുടെ കവാടം തുറക്കുന്നവന്റെ മുമ്പിൽ അല്ലാഹു ദാരിദ്ര്യത്തിന്റെ കവാടം തുറക്കുമെന്ന് നബി(സ) പറഞ്ഞതായി തിർമിദി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ കാണാം. മനുഷ്യൻ എപ്പോഴും പരിശ്രമിക്കേണ്ടത് വാങ്ങുന്നവനാവാനല്ല; കൊടുക്കുന്നവനാവാനാണ്. എല്ലാവരുടേയും മുന്നിൽ കൈ നീട്ടുന്നതിനേക്കാൾ നല്ലത്, കാട്ടിൽ പോയി വിറക് ശേഖരിച്ച് ഉപജീവനം കഴിക്കുകയാണെന്ന് നബി(സ) ഉപദേശിക്കുന്നു. ഒരിക്കൽ, ഒരു കാട്ടറബിയെ വിളിച്ചുവരുത്തി നബി(സ) അദ്ദേത്തിന്റെ കൈപിടിച്ചു ചുംബിച്ചു. ആ കൈകളിൽ അധ്വാനത്തിന്റെ പാടുകളുണ്ടായിരുന്നു. തന്റെ ഉപജീവനത്തിനു വേണ്ടി ദേഹാധ്വാനം ചെയ്യുന്നവനായിരുന്നു അദ്ദേഹം. ഒരു വശത്ത് ഇസ്‌ലാം യാചനയെ നിരുൽസാഹപ്പെടുത്തുന്നു. മറുവശത്ത് സന്തോഷപൂർവ്വം സമ്പത്ത് ദാനം ചെയ്യാൻ കൽപ്പിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങളിൽ വേണ്ടത്ര നന്മയും സന്തുലിതത്വവും നമുക്കിവിടെ ദൃശ്യമാകുന്നു. ലോകത്തിലെ മനുഷ്യരെല്ലാം ഭിന്നിച്ചുപോകാതെ, ദൈവത്തിന്റെ മതമായഇസ്‌ലാം മതം സ്വീകരിക്കുകയും, അവരെല്ലാം നിർബന്ധബാധ്യതയായ സക്കാത്ത്കൊടുക്കുകയും ചെയ്താലുള്ള അവസ്ഥ ഒന്നാലോചിച്ചുനോക്കൂ! ഈ ലോകത്ത് ദാരിദ്ര്യം, പട്ടിണി മുതലായ അവസ്ഥകളുണ്ടാകുമോ? ഉദാഹരണത്തിന്, ഇന്ന് ലോകത്തിലെ ഏററവും സമ്പന്നനായ

വ്യക്തിയായ 'ബിൽഗേററ്സ്' എന്ന ഒരൊററയാളുടെവരുമാനം, രണ്ടോ മൂന്നോ വൻ രാഷ്ട്രങ്ങളുടെ മൊത്തം വാർഷിക വരുമാനത്തേക്കാൾ കൂടുതലാണ്. ഇദ്ദേഹത്തിന്റെ വരുമാനത്തിന്റെ രണ്ടര ശതമാനം, ആഫ്രിക്കയിലെ മൂന്നോ നാലോ ദരിദ്രരാഷ്ട്രങ്ങൾക്ക് സക്കാത്തായി കൊടുത്താൽ അവ സമ്പന്ന രാജ്യങ്ങളായി മാറും.

ലോകത്തിലെ മൊത്തം സമ്പത്തിന്റെ പകുതിയോളവും കൈയാളുന്നത് അമേരിക്ക, ജപ്പാൻ എന്നീ രണ്ട് രാഷ്ട്രങ്ങളാണ്. ബാക്കിപകുതിയാണ് 190 ഓളം രാഷ്ട്രങ്ങൾക്കുള്ളത്. ഈ പകുതിയിൽത്തന്നെ, ഭൂരിഭാഗവും പതിനഞ്ചോളം യൂറോപ്യൻ സമ്പന്ന രാജ്യങ്ങളിലാണ്. ഈ സമ്പന്ന രാജ്യക്കാരെല്ലാം സക്കാത്ത് കൊടുക്കുകയാണെങ്കിൽ, ലോകത്തെവിടെയെങ്കിലും ദാരിദ്ര്യം ഉണ്ടാകുമോ? എന്തിനധികം, നമ്മുടെ രാജ്യത്തുള്ള മുസ്ലീങ്ങൾ തന്നെ യഥാവിധി സക്കാത്ത് കൊടുത്താൽ, നമ്മുടെ നാട്ടിലെ മുസ്ലിങ്ങൾക്കിടയിലെ ദാരിദ്ര്യം തുടച്ചുനീക്കാൻ കഴിയില്ലേ? നബി(സ) യുടെയും ഖലീഫമാരുടെയുമെല്ലാം ഭരണകാലത്ത് അറേബ്യയിൽ സക്കാത്ത് വാങ്ങാൻ ആളില്ലാത്ത ഒരവസ്ഥയുണ്ടായിരുന്നു. ലോകത്തു നിന്നും ദാരിദ്ര്യം തുടച്ചുമാററാൻ, ഇസ്ലാം നടപ്പാക്കിയ ഈ സാമ്പത്തിക വിപ്ലവത്തിനോട് കിടപിടിക്കാവുന്ന എന്തെങ്കിലും നയങ്ങൾ ലോകത്തുണ്ടോ? സാമ്പത്തിക സമത്വം എന്ന ആശയവുമായി കഴിഞ്ഞ നൂററാണ്ടിൽ അവതരിച്ച കമ്യൂണിസം, അതു നടപ്പാക്കാനാവാതെ തകർന്നടിയുന്ന കാഴ്ചയാണ് ലോകം കണ്ടത്. ഇവിടെയാണ് ഇസ്ലാമികാധ്യാപനങ്ങളുടെ പ്രസക്തി. മനുഷ്യരെല്ലാവരും സന്തോഷത്തിലും സമാധാനത്തിലും ജീവിക്കാനാണ് അല്ലാഹു ഇങ്ങനെയുള്ള നിയമനിർദ്ദേശങ്ങളടങ്ങിയ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്.

## 15. സ്ത്രീകളുടെ അവകാശങ്ങൾ

ഇസ്ലാം പുരുഷമേധാവിത്വത്തിന്റെ മതമാണെന്നും സ്ത്രീകൾക്ക് ഇസ്ലാം യാതൊരു അവകാശങ്ങളും കൊടുത്തിട്ടില്ലെന്നും, 'തലാഖ്' പോലെയുള്ള നിയമങ്ങളിലൂടെ സ്ത്രീകളുടെ അവകാശങ്ങൾ ഹനിക്കുകയും അവളെ താഴ്ത്തിക്കെട്ടുകയുംചെയ്യുന്ന മതമാണ് ഇസ്ലാം എന്നും ഇസ്ലാമിനെ വിമർശിക്കുന്നവർ പ്രധാനമായി പറയുന്ന ഒരു കാര്യമാണ്. വിമർശകർ മാത്രമല്ല, ഇസ്ലാമിന്റെ അനുയായികളായ നമ്മുടേയും ധാരണ ഇതൊക്കെത്തന്നെയാണ്. പരിശുദ്ധ ഖുർആനും നബിചര്യയും യഥാർത്ഥരൂപത്തിൽ മനസ്സിലാക്കാതെ, ചില നിയമങ്ങളെ ചിലർ അവരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്തി ഖുർആനിനു വിരുദ്ധമായ ജീവിതംനയിച്ച നമ്മുടെ സമൂഹത്തിനും ഇങ്ങനെയുള്ള വിമർശനങ്ങൾ ക്ഷണിച്ചുവരുത്തിയതിൽ കാര്യമായ പങ്കുണ്ട്. ഉദാഹരണത്തിന്, 'വിവാഹമോചന'ത്തിന്റെ കാര്യം നോക്കുക. മൂന്നു തലാഖ് ഒന്നിച്ചു ചൊല്ലിയാലും, അത് ഒരൊററ പ്രാവശ്യമായതിനാൽ ഒററ തലാഖ് മാത്രമേ ആകുന്നുള്ളൂ എന്ന് നബിവചനം ഉണ്ടായിരിക്കേയാണ് ചിലർ മൂന്ന് തലാഖും ഒന്നിച്ചു ചൊല്ലി വിവാഹബന്ധം എന്നെന്നേയ്ക്കുമായി വേർപ്പെടുത്തുന്നത്. മാത്രമല്ല, അല്ലാഹു അനുവദിച്ചതിൽ അവൻ ഏററവും വെറുക്കുന്ന പ്രവൃത്തിയായ 'തലാഖി'ന് സങ്കീർണമായ നടപടിക്രമങ്ങൾ ഇസ്ലാം വിശദീകരിച്ചിരിക്കേ, തക്കതായ ഒരു കാരണവുമില്ലാതെയാണ് ചിലർ ഇത് ഉപയോഗിച്ച്, അല്ലാഹുവിന്റെ വൻശിക്ഷയ്ക്ക് അർഹരായിത്തീരുന്നത്.

ലോകത്ത് ഇന്ന് ഇസ്ലാമിനെക്കൂടാതെ വ്യത്യസ്ത മതസമൂഹങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ മതസമൂഹങ്ങൾ ഒന്നും കൊടുക്കാത്ത അവകാശങ്ങൾ സ്ത്രീകൾക്ക് വാരിക്കോരിക്കൊടുക്കുകയാണ് സത്യത്തിൽ ഇസ്ലാം ചെയ്തത്. അമേരിക്കയിലും പാശ്ചാത്യരാജ്യങ്ങളിലും മററുമാണ് സ്ത്രീകൾ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നതെന്നാണ് ചിലരുടെ കണ്ടെത്തൽ. തുണിയില്ലാതെ നടക്കുകയും, കുത്തഴിഞ്ഞ ലൈംഗിക ജീവിതം നയിക്കുന്നതുമാണോ യഥാർത്ഥ സ്ത്രീ സ്വാതന്ത്ര്യം? അത്, സ്ത്രീകളേയും കുടുംബത്തേയും തകർക്കുന്ന സ്വാതന്ത്ര്യമാണ്. വാസ്തവത്തിൽ, ഖുർആൻ അവതരിപ്പിക്കുമ്പോഴുള്ള സ്ത്രീകളുടെ അവസ്ഥയെന്തായിരുന്നു? ലോകത്തിൽ ഒരിടത്തും, അന്ന് സ്ത്രീയ്ക്ക് യാതൊരുവിധ സ്വാതന്ത്ര്യങ്ങളുമുണ്ടായിരുന്നില്ല. അക്കാലത്ത് യൂറോപ്പിലെ പല രാജ്യങ്ങളിലും സ്ത്രീയെ വിവേകവും വിശേഷബുദ്ധിയുമില്ലാത്ത ഒരു നികൃഷ്ടജീവിയോ ശപിക്കപ്പെട്ട അതിഹീനമായ ഒരു പിശാചോ ആയിട്ടാണ് ഗണിച്ചു പോന്നത്. പുരുഷമനസ്സുകളെ കുരുക്കിട്ടു പിടിക്കാൻ പിശാച് ബോധപൂർവ്വം സൃഷ്ടിച്ചയച്ച വശീകരണായുധമാണ് സ്ത്രീ എന്നാണവർ വിശ്വസിച്ചത്.

വിശ്വസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ എന്നറിയപ്പെടുന്ന ഗ്രീസിൽ, വെളിച്ചം പ്രസരിച്ചു നിന്ന ആ പഴയ കാലത്തു പോലും സ്ത്രീ വിലകുറഞ്ഞ ഒരു വില്പനച്ചരക്കായി ചന്തകളിൽ മൃഗങ്ങളോടൊപ്പം കൈമാററപ്പെടുകയായിരുന്നു. എ. ഡി. 586-ൽ ഫ്രാൻസിൽ ചേർന്ന മതാധിപന്മാരും ബുദ്ധിജീവികളും ഉൾപ്പെട്ട ഒരു സമുന്നത കാര്യാലോചനായോഗം ചർച്ച ചെയ്ത വിഷയം, സ്ത്രീ മനുഷ്യജീവിയോ, മനുഷ്യേതര ജീവിയോ? എന്നതായിരുന്നു. ചർച്ചയുടെ സമാപനത്തിൽ, പുരുഷന്റെ പരിചരണത്തിനായി മാത്രം സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യജീവിയാണ് സ്ത്രീ എന്ന തീരുമാനത്തിൽ അവരെത്തി. റോമിൽ, സ്ത്രീകൾ സംസാരിക്കാതിരിക്കാൻ, വായ മൂടിക്കെട്ടി മാത്രം പുറത്തിറങ്ങുക എന്ന് നിയമമുണ്ടായിരുന്നു. ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമൻ, സ്ത്രീകൾ വേദപുസ്തകം തൊട്ടുപോകരുതെന്ന് രാജകൽപ്പന യിറക്കിയിരുന്നു.

പത്തൊമ്പതാം നൂററാണ്ടിൽ പോലും, ബ്രിട്ടനിൽ സ്ത്രീക്ക് രാഷ്ട്രപൗരത്വം അവകാശപ്പെട്ടുകൂടാ എന്ന് നിയമമുണ്ടായിരുന്നു. ഇന്ത്യയിൽ ഏതാനും പതിററാണ്ടുകൾ മുമ്പുവരെ, ഭാര്യ ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കണമെന്ന സതി എന്ന സമ്പ്രദായം നിലനിന്നിരുന്നു. അറേബ്യയിൽ, ഒരു പെൺകുഞ്ഞ് ജനിച്ചാൽ അതിനെ ജീവനോടെ തന്നെ കുഴിച്ചുമൂടുന്ന സമ്പ്രദായമായിരുന്നു ഖുർആൻ അവതരിക്കുന്ന കാലത്ത് നിലനിന്നിരുന്നത്. കൂടാതെ, ഓരോരുത്തരും യാതൊരുവിധ നിയന്ത്രണവുമില്ലാതെ, അനേകം ഭാര്യമാരെയും വെപ്പാട്ടികളെയും വെച്ചുകൊണ്ടിരിക്കുകയും, തോന്നിയ പോലെ വിവാഹമോചനം ചെയ്യുകയുംചെയ്യുന്ന ഒരവസ്ഥയായിരുന്നു അന്ന് ലോകത്തു മുഴുവനും നിലനിന്നിരുന്നത്. സ്ത്രീകൾക്ക് അന്ന് യാതൊരു വിധ അഭിപ്രായ സ്വാതന്ത്ര്യമോ, സ്വത്തവകാശമോ, ഒന്നും ഉണ്ടായിരുന്നില്ല. എന്തിന്, ജീവിക്കാൻ തന്നെ അവകാശമില്ലാത്ത ഒരവസ്ഥ. ഇങ്ങനെയൊക്കെയുള്ള ഒരു അവസ്ഥയിലാണ് സ്ത്രീകളും പുരുഷന്മാരും ഒരേ ആത്മാവിൽ നിന്നുണ്ടായവരാണെന്നും, സ്ത്രീകൾക്കും പുരുഷന്മാരുടേതു പോലെ ജനിക്കാനും ജീവിക്കാനും അവകാശമുണ്ടെന്നും ഖുർആൻ പ്രഖ്യാപിച്ചത്. കൂടാതെ, ഖുർആൻ പറഞ്ഞു. 'സ്ത്രീകൾക്ക് ബാധ്യതകളുള്ളതുപോലെ ന്യായമായ അവകാശങ്ങളുമുണ്ട്' (ഖുർആൻ 2:228).

ഇസ്ലാം സ്ത്രീകൾക്ക് നൽകുന്ന അവകാശങ്ങളിൽ ചിലത് നമുക്ക് പരിശോധിക്കാം. പരിഷ്കൃതമെന്ന് അവകാശപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങളിലും മററും ഈ നൂററാണ്ടിൽ മാത്രമാണ് സ്ത്രീകൾക്ക് അനന്തരസ്വത്തവകാശം നൽകിയത്. എന്നാൽ, ഇസ്ലാം പതിനാലു നൂററാണ്ടുകൾക്കു മുമ്പു തന്നെ അവൾക്ക് അനന്തരസ്വത്തിൽ അവകാശം നൽകി. പുരുഷന്മാരെപ്പോലെ സമ്പാദിക്കുവാനുള്ള അവകാശം ഖുർആൻ സ്ത്രീയ്ക്ക് നൽകുന്നു. സ്വന്തമായി ഉണ്ടാക്കിയതോ, അനന്തരമായി ലഭിച്ചതോ ആയ സമ്പാദ്യങ്ങളെല്ലാം അവളുടേത് മാത്രമാണ് എന്നാണ് ഖുർആനിന്റെ കാഴ്ചപ്പാട്. സ്ത്രീയുടെ സമ്പാദ്യത്തിൽ നിന്ന്, അവളുടെ സമ്മതമില്ലാതെ യാതൊന്നും എടുക്കുവാൻ ഭർത്താവിന് പോലും അവകാശമില്ല. 'പുരുഷന്മാർക്ക് അവർ സമ്പാദിച്ചതിന്റെ വിഹിതവും സ്ത്രീകൾക്ക് അവർ സമ്പാദിച്ചതിന്റെ വിഹിതവുമുണ്ട്'. (ഖുർആൻ 4:32) സ്ത്രീകൾക്ക്, ഇണയെ തെരഞ്ഞെടുക്കാനുള്ള അവകാശവും ഇസ്ലാം നൽകുന്നു. വിവാഹാലോചനാവേളയിൽ സ്ത്രീയുടെ ഇഷ്ടാനിഷ്ടങ്ങളും പരിഗണിക്കപ്പെടണമെന്നാണ് ഇസ്ലാമിന്റെ ശാസന. ഒരു സ്ത്രീയെ, അവൾക്കിഷ്ടമില്ലാത്ത ഒരാൾക്ക്വിവാഹം ചെയ്തുകൊടുക്കുവാൻ സ്വന്തം പിതാവിനു പോലും അവകാശമില്ല. നബി(സ) പറഞ്ഞു: 'വിധവയോട് അനുവാദം ചോദിക്കാതെ അവളെ വിവാഹം ചെയ്തുകൊടുക്കരുത്. കന്യകയോട് സമ്മതമാവശ്യപ്പെടാതെ അവളെയും കല്ല്യാണം കഴിച്ചുകൊടുക്കാൻ പാടില്ല. മൗനമാണ് കന്യകയുടെ സമ്മതം' (ബുഖാരി, മുസ്ലിം).

സ്ത്രീകൾക്ക് പഠിക്കുവാനും ചിന്തിക്കുവാനുമുള്ള അവകാശമുണ്ട്. പ്രവാചകന്റെയും പത്നിമാരുടെയും അടുക്കൽ വിജ്ഞാന സമ്പാദനത്തിനായി വനിതകൾ സദാ എത്താറുണ്ടായിരുന്നുവെന്നും, അവരുമായി വിജ്ഞാന വിനിമയം നടത്താനായി പ്രവാചകൻ(സ) ഒരു ദിവസം നീക്കി വെച്ചിരുന്നുവെന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം. കൂടാതെ, അവൾക്ക് വിമർശിക്കുവാനും ചോദ്യം ചെയ്യുവാനുമുള്ള അവകാശമുണ്ട്. പുരുഷൻ സ്ത്രീയ്ക്കു നൽകേണ്ട വിവാഹമൂല്യം ക്രമാതീതമായി ഉയർന്നതു കാരണം പ്രയാസമനുഭവിക്കുന്ന പുരുഷന്മാരെ രക്ഷപ്പെടുത്തുന്നതിനായി മഹർ നിയന്ത്രിക്കാനൊരുങ്ങിയ ഖലീഫാ ഉമറിനെ, ഖുർആൻ സൂക്തം ഉദ്ധരിച്ചുകൊണ്ട് ഒരു വനിത വിമർശിക്കുകയും ഉടൻ തന്നെ സ്വയം തിരുത്തിക്കൊണ്ട് എല്ലാവർക്കും, ഒരു വൃദ്ധയ്ക്കു പോലും ഉമറിനേക്കാൾ നന്നായി അറിയാം എന്ന് ഖലീഫ പ്രസ്താവിക്കുകയും ചെയ്ത ചരിത്രം സുവിദിതമാണ് (മുസ്ലിം). രാഷ്ട്ര സംബന്ധമായ കാര്യങ്ങളിൽ പങ്കുവഹിക്കാനും സ്ത്രീകൾക്ക് ഇസ്ലാം സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. പുരുഷന്മാരോടൊപ്പം യുദ്ധത്തിന് പുറപ്പെടുകയും അവർക്ക് ഭക്ഷണം പാകം ചെയ്യുകയും പാനീയങ്ങൾ വിതരണം നടത്തുകയും മുറിവേററവരെ ശുശ്രൂഷിക്കുകയും ചെയ്തിരുന്ന സ്വഹാബി വനിതകളെക്കുറിച്ച് ചരിത്രം നമുക്ക് വിവരിച്ചു തരുന്നുണ്ട്. സന്നിഗ്ധ ഘട്ടത്തിൽ സമരമുഖത്തിറങ്ങാൻ വരെ സന്നദ്ധത കാണിച്ചിരുന്ന മഹിളാ രത്നങ്ങളുണ്ടായിട്ടുണ്ട്, ഇസ്ലാമിക ചരിത്രത്തിൽ. പ്രവാചക പത്നിയായിരുന്ന ആയിശ(റ)യായിരുന്നു ജമൽ യുദ്ധത്തിന് നേതൃത്വം വഹിച്ചത്. വിവാഹം ചെയ്യപ്പെടുന്ന സ്ത്രീയ്ക്ക് തനിക്ക് ആവശ്യമുള്ള മഹർ ആവശ്യപ്പെടുവാൻ അവകാശമുണ്ട്. ഈ വിവാഹമൂല്യം നൽകേണ്ടത് പുരുഷന്റെ ബാധ്യതയാണ്. നൽകപ്പെടുന്ന വിവാഹ മൂല്യം സ്ത്രീയുടെ സമ്പത്തായാണ് പരിഗണിക്കപ്പെടുന്നത്. അവളുടെ സമ്മതമില്ലാതെ ആർക്കും അതിൽ നിന്ന് ഒന്നും എടുക്കാനാവില്ല. 'സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോടു കൂടി നിങ്ങൾ നൽകുക' (ഖുർആൻ 4:4) എന്നാണ് ഖുർആനിന്റെ കൽപ്പന.

എന്നാൽ, ഇസ്ലാംനിർദ്ദേശിക്കുന്ന ഈ സമ്പ്രദായത്തിനു നേരെ വിരുദ്ധമായ, സ്ത്രീധനം എന്ന ദുരാചാരമാണ് നമ്മുടെ സമൂഹത്തിൽ ഇന്ന് നടമാടുന്നത്. ഭർത്താവിനോടൊപ്പം ജീവിക്കുവാൻ സാധ്യമല്ലാത്ത അവസ്ഥയിൽ വിവാഹമോചനം നേടാനുള്ള അവകാശവും സ്ത്രീയ്ക്കുണ്ട്. ഖുൽഅ്, ഫസ്ഖ് എന്നീ രണ്ട് തരത്തിലുള്ളതാണ് സ്ത്രീകളുടെ വിവാഹമോചനം. വിവാഹമൂല്യം തിരിച്ചു നൽകിക്കൊണ്ടുള്ള വിവാഹമോചനമാണ് ഒന്നാമത്തേത്. തിരിച്ചുനൽകാതെയുള്ളതാണ് രണ്ടാമത്തേത്. ഏതായിരുന്നാലും, താനിഷ്ടപ്പെടാത്ത ഒരു ഭർത്താവിനോടൊപ്പം പൊറുക്കാൻ ഇസ്ലാം സ്ത്രീയെ നിർബന്ധിക്കുന്നില്ല. അവൾക്ക് അനിവാര്യമായ സാഹചര്യത്തിൽ വിവാഹമോചനം നേടാവുന്നതാണ്. ഇസ്ലാം സ്ത്രീകൾക്ക് ആരാധനാ സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. പള്ളിയിൽ പോയി ജുമുഅയിലും, ജമാഅത്ത് നമസ്കാരത്തിലുമൊക്കെ പങ്കെടുക്കാൻ ഒരു സ്ത്രീ ആഗ്രഹിക്കുന്നുവെങ്കിൽ അവളെ തടയരുതെന്ന്

നബി(സ) കൽപ്പിച്ചിരിക്കുന്നു. നബി(സ) യുടെ കാലത്ത്, സുബ്ഹി നമസ്കാരത്തിനായി, വെള്ള കീറുന്നതിനു മുമ്പെ, ഇരുളിൽ പോലും സ്ത്രീകൾ പള്ളിയിൽ പോയിരുന്നു എന്ന് ഹദീസുകൾ വ്യക്തമാക്കുന്നു. നബി(സ) യുടെ അധ്യാപനങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ച് ഊന്നിപ്പറയുന്നുണ്ട്. പ്രസ്തുത അവകാശങ്ങളെക്കുറിച്ച് അശ്രദ്ധമാവരുതെന്നും അവ നീതിപൂർവ്വം നിർവ്വഹിക്കണമെന്നും അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിക്കുകയും ചെയ്തു.

സ്ത്രീകളോടുള്ള പെരുമാററത്തെ സംബന്ധിച്ച് നബി(സ) യുടെ നിർദ്ദേശങ്ങൾ കാണുക. 1. സ്വർഗം മാതാവിന്റെ കാൽക്കീഴിലാണ്. 2. നിങ്ങളിൽ ഏററവും ഉത്തമൻ നിങ്ങളുടെ ഭാര്യമാർക്ക് പ്രിയങ്കരനായവനാകുന്നു. 3. നിങ്ങൾ സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറണമെന്ന് അല്ലാഹുവിന്റെ കൽപ്പനയുണ്ട്; എന്തെന്നാൽ, നിങ്ങളുടെ മാതാക്കളും, സഹോദരിമാരും, പെൺമക്കളുമാണല്ലോ അവർ. 4. ഭാര്യയെ തല്ലുന്നവൻ സൽസ്വഭാവിയല്ല. 5. ഒരു മുസ്ലിമും തന്റെ ഭാര്യയോട് നീരസം കാട്ടരുത്. അവളുടെ ഏതെങ്കിലും സ്വഭാവം ചീത്തയായി അനുഭവപ്പെട്ടാൽ അവളുടെ നല്ല പ്രവൃത്തികളെ നോക്കി സന്തുഷ്ടരാവുക. 6. ഭാര്യയോട് അടിമകളോടെന്ന പോലെ വർത്തിക്കരുത്. അവളെ അടിക്കുകയും അരുത്. 7. ഭാര്യയെ അധിക്ഷേപിക്കരുത്. അവളുടെ രഹസ്യം വെളിപ്പെടുത്തരുത്. 8. നിങ്ങൾ ഭക്ഷിക്കുകയാണെങ്കിൽ അവരെയും ഭക്ഷിപ്പിക്കുക. നിങ്ങൾ ഉടുക്കുകയാണെങ്കിൽ അവരെയും ഉടുപ്പിക്കുക.

ഈ അവകാശങ്ങളെല്ലാം നൽകി ഇസ്ലാം സ്ത്രീയെ വെറുതെ വിടുകയല്ലചെയ്തത്; അവൾക്ക് ചില ബാധ്യതകളും അത് നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. 1. ഭർത്താവിന്റെ മുമ്പിൽ സന്തോഷവതിയായി നിൽക്കുക. അദ്ദേഹത്തിന്റെ കല്പനകൾ അനുസരിക്കുക. ഭർത്താവിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ സ്വത്തും, തന്റെ ചാരിത്ര്യവും കാത്തുസൂക്ഷിക്കുക. 2. നമസ്കാരം മുറക്ക് അനുഷ്ഠിക്കുകയും റമദാനിൽ നോമ്പ് നോൽക്കുകയും ഭർത്താവിനെ അനുസരിക്കുകയും ചാരിത്ര്യം സൂക്ഷിക്കുകയും ചെയ്യുന്ന സ്ത്രീക്ക് ഏത് മാർഗത്തിലൂടെ വേണമെങ്കിലും സ്വർഗത്തിൽ പ്രവേശിക്കാം. 3. മനുഷ്യന്റെ ഏററവും മികച്ച സൗഭാഗ്യമാണ് സദ്വൃത്തയായ സ്ത്രീ. പുരുഷന്മാരേക്കാൾ ഒട്ടും താണതല്ല ഇസ്ലാമിൽ സ്ത്രീകളുടെ സ്ഥാനം. എന്നാൽ പുരുഷന് തുല്യവുമല്ല. ഖുർആൻ പറയുന്നു 'പുരുഷന്മാർക്ക് അവരേക്കാളുപരി ഒരു പദവിയുണ്ട്' (ഖുർആൻ 2:228) എന്താണ് ആ പദവി?

കുടുംബം ഒരു സ്ഥാപനമാണ്. ഏതൊരു സ്ഥാപനത്തിനും അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഉയർച്ചക്കും വളർച്ചക്കും വേണ്ടി യത്നിക്കുന്നതിനും ഒരു മേലധികാരി ഉണ്ടായിരിക്കണമല്ലോ? കുടുംബമെന്ന സ്ഥാപനത്തിന്റെ 'മേലധികാരി' എന്നതാണ് ഇസ്ലാം പുരുഷന് കൊടുക്കുന്ന പദവി. ഇങ്ങനെ, കുടുംബത്തിന്റെ മേലധികാരി ആകുന്നതോടെ, കുടുംബത്തിലെ മുഴുവൻ ഉത്തരവാദിത്തവും അവന്റെ ചുമലിലാവുകയാണ്. സത്യത്തിൽ സ്ത്രീക്ക് ഉത്തരവാദിത്തങ്ങൾ നൽകാത്തതിലൂടെ, അവളെ സംരക്ഷിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. സാമ്പത്തികവും മററുമായ എല്ലാ ഉത്തരവാദിത്വങ്ങളും പുരുഷനാണ് ഇസ്ലാം നൽകുന്നത്. തന്റെ മാതാപിതാക്കളെയും, ഭാര്യയേയും മക്കളെയും എല്ലാം സംരക്ഷിക്കേണ്ട ചുമതല പുരുഷനാണ്. അവരുടെ എല്ലാ കാര്യങ്ങളും നോക്കി നടത്തേണ്ടതും, അവരുടെ ആവശ്യങ്ങൾ നിറവേററേണ്ടതുമെല്ലാം അവന്റെ ബാധ്യതയാണ്. മക്കൾക്ക് വിദ്യഭ്യാസംനൽകുക, അവരെ പരിപാലിക്കുക, അവരെ നല്ലരീതിയിൽ വിവാഹം ചെയ്തയക്കുക തുടങ്ങിയ എല്ലാ കാര്യങ്ങളും അവന്റെ ചുമതലയിലാണ്. കുടുംബത്തിന്റ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ, എന്തെങ്കിലും കുറവോ, വീഴ്ചയോ സംഭവിച്ചാൽ, നാളെ അല്ലാഹുവിനോട് അവൻ സമാധാനം പറയേണ്ടിവരും. ഇങ്ങനെ, പുരുഷന്റെ മേൽ സാമ്പത്തികവും മററുമായ ഭാരിച്ച ഉത്തരവാദിത്വങ്ങൾ വെച്ചുകൊടുക്കുമ്പോൾ, സ്ത്രീകൾക്ക് അത്തരമുള്ള യാതൊന്നും ഇസ്ലാം കൽപ്പിക്കുന്നില്ല. അവൾ അതിനൊന്നും അല്ലാഹുവിനോട് ഉത്തരം പറയേണ്ടതില്ല. മനുഷ്യന്റെ ജീവിതലക്ഷ്യം തന്നെ 'സ്വർഗം'സമ്പാദിക്കുക എന്നതാണല്ലോ. പുരുഷന് സ്വർഗം സമ്പാദിക്കുവാൻ നാനാവിധത്തിലുള്ള വളരെയധികം കാര്യങ്ങൾ യഥാവിധി നിർവ്വഹിക്കേണ്ടതുണ്ട്. എന്നാൽ, സ്ത്രീക്ക് ഇത്തരം കാര്യങ്ങൾ ഒന്നും നിർവ്വഹിക്കാതെ വളരെ എളുപ്പത്തിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാം. ഇസ്ലാം നൽകുന്നതിൽ കൂടുതൽ എന്തവകാശങ്ങളാണ് സ്ത്രീകൾക്കുവേണ്ടത്?

എന്നാൽ, ഒരു കാര്യം ഖുർആൻ സ്ത്രീകളോട് പ്രത്യേകം ആവശ്യപ്പെടുന്നുണ്ട്. പുരുഷന്മാർക്ക് പ്രലോഭനമുണ്ടാക്കാതെ, സ്വന്തം നഗ്നത പൂർണമായും മറയ്ക്കുന്ന രീതിയിലുള്ള വസ്ത്രം ധരിക്കണമെന്നും, അച്ചടക്കത്തോടെ പെരുമാറണമെന്നും. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വേണ്ടവർക്ക് മാത്രം അത് അനുസരിക്കാം. സ്ത്രീകൾക്കു നേരെയുള്ള കൈയേററങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുകയാണ് നമ്മുടെ നാട്ടിൽ. ചിലരുടെ തുളച്ചുകയറുന്ന നോട്ടം മൂലം അവൾക്ക് പുറത്തിറങ്ങിനടക്കാൻ പററാത്ത അവസ്ഥയാണിന്ന്. ധാരാളം 'ഞരമ്പുരോഗി'കളുള്ള നമ്മുടെ സമൂഹത്തിൽ, ബസ് യാത്ര പോലും അവൾക്ക് വളരെ ദുഷ്കരമായിരിക്കുന്നു. എന്തുകൊണ്ടാണിതൊക്കെ സംഭവിക്കുന്നത്? വസ്ത്രധാരണത്തിൽ സ്ത്രീകൾ ഇസ്ലാമിക മൂല്യങ്ങൾ പാലിക്കാത്തതു കൊണ്ടാണിതെന്ന് നിസ്സംശയം പറയാം. നഗ്നത മറയ്ക്കാനാണ് നാം വസ്ത്രം ധരിക്കുന്നത്.

പുരുഷൻമാരെ സംബന്ധിച്ച്, പൊക്കിളിന്റെയും കാൽമുട്ടുകളുടേയും ഇടയിലുള്ള ഭാഗമാണ് അവരുടെ നഗ്നത. ഈ നഗ്നത വെളിവാക്കി ഏതെങ്കിലും പുരുഷൻ റോഡിലൂടെ നടക്കുന്നുണ്ടോ? സ്ത്രീയെ സംബന്ധിച്ച്, മുഖവും മുൻകൈയും ഒഴികെയുള്ള അവളുടെ ശരീരഭാഗങ്ങളെല്ലാം നഗ്നതയാണ്. അവളുടെ മുടി പോലും പുരുഷൻമാരെ ആകർഷിക്കുന്നു. അതുകൊണ്ട്, മുടിയും നഗ്നതയാണ്. പുരുഷന്മാരോടെന്ന പോലെ തന്നെ, സ്ത്രീകളോടും അവരുടെ നഗ്നത വെളിവാകാത്ത രീതിയിൽ മാന്യമായി വസ്ത്രം ധരിക്കണമെന്നാണ് ഇസ്ലാം കൽപ്പിക്കുന്നത്. എങ്ങനെയാണ് ഒരു സ്ത്രീ മാന്യമായി വസ്ത്രം ധരിക്കേണ്ടത്? മുഖവും മുൻകൈയും മാത്രം പുറത്തുകാണിക്കുകയും, ശരീരഭാഗങ്ങൾ വെളിവാകാത്ത രൂപത്തിലുള്ളതുമായ 'അയഞ്ഞ' വസ്ത്രം ധരിക്കനാണ് ഇസ്ലാം അവളോട് നിർദ്ദേശിക്കുന്നത്.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഒരു മനുഷ്യൻ അനുവർത്തിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുന്ന പരിശുദ്ധ ഖുർആൻ, സ്ത്രീകളോട് എങ്ങനെ വസ്ത്രം ധരിക്കണമെന്ന് പറയുന്ന വചനങ്ങൾ ശ്രദ്ധിക്കുക. 'നബിയേ, താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏററവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (ഖുർആൻ 33:59). 'സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറെറാന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ' (ഖുർആൻ 24:31). 'പഴയ അജ്ഞാനകാലത്തെ സൗന്ദര്യ പ്രകടനം പോലെയുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്' (ഖുർആൻ 33:33) സ്ത്രീകൾ ശല്യം ചെയ്യപ്പെടാതിരിക്കാനാണ് മാന്യമായി വസ്ത്രം ധരിക്കാൻ ഖുർആൻ അവളോട് ആവശ്യപ്പെടുന്നത്. ഇസ്ലാമിക വസ്ത്രധാരണ രീതി സ്വീകരിച്ചിരിക്കുന്ന സമൂഹങ്ങളിൽ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും, കൈയേററങ്ങളും വളരെ കുറവാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

## 16. പലിശ, ലോട്ടറി, മദ്യം

പണത്തിനു വേണ്ടി മാത്രം ജീവിക്കുന്ന നമ്മൾ, അധ്വാനിക്കാതെ പണം പെരുപ്പിക്കാനായി കണ്ടുപിടിച്ചിരിക്കുന്ന ഒരു വിദ്യയാണ് 'പലിശ'. അന്യന്റെ പോക്കററിൽ കൈയിട്ടു വാരിയാണെങ്കിലും സമ്പാദിക്കുക എന്നതാണ് പലിശ വാങ്ങുന്നവന്റെ ലക്ഷ്യം. പലിശയ്ക്ക് പണം വാങ്ങി കച്ചവടം ചെയ്യുന്നവനും വീടു പണിയുന്നവനുമൊക്കെ തീരാദുരിതത്തിലകപ്പെടുന്ന കാഴ്ച നമുക്കു ചുററും കാണാം. സമൂഹത്തിന്റെ തീരാശാപവും, സാമ്പത്തിക ഗാത്രത്തിന്റെ കാൻസറുമായ ഈ ഭീകരനെ, വ്യക്തിയെയും സമൂഹത്തെയും നശിപ്പിക്കുന്ന, അത്യന്തം ഗൗരവമേറിയ ഏഴ് കൊടും പാതകങ്ങളുടെ കൂട്ടത്തിലാണ് ഇസ്ലാം എണ്ണിയിരിക്കുന്നത്. പലിശയും ഒരുതരം ബിസിനസ്സാണെന്നു വാദിക്കുന്നവരോടുള്ള ഖുർആന്റെ മറുപടി ശ്രദ്ധിക്കൂ. 'കച്ചവടവും പലിശ തട്ടലും ഒന്നു തന്നെയെന്നാണല്ലോ അവരുടെ വാദം. എന്നാൽ കച്ചവടം അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു അല്ലാഹു. ഈ ദൈവോപദേശം വന്നുകിട്ടിയ ശേഷം പലിശയിടപാടിൽ നിന്നു പിൻതിരിഞ്ഞവർക്ക് കഴിഞ്ഞതെല്ലാം കഴിഞ്ഞു. അവരുടെ കാര്യം അല്ലാഹു തീരുമാനിക്കും. പലിശയിടപാട് തുടരുന്നവരാകട്ടെ നരകത്തിൽ നിത്യവാസികളായിരിക്കും' (ഖുർആൻ 2:275-276).

ഒരു നബിവചനം സാക്ഷീകരിക്കുന്നു. 'ഒരാൾ മനപ്പൂർവ്വം ഭക്ഷിക്കുന്ന പലിശയുടെ ഒരു വെള്ളിനാണയം (ദിർഹം) 36 വ്യഭിചാരത്തേക്കാൾ കഠിനമാണ്' (അഹ്മദ്, ദാറഖുത്നി, ബൈഹഖി). അതായത്, അത്രയ്ക്കും കഠിനമേറിയ ശിക്ഷയായിരിക്കും അല്ലാഹുവിൽ നിന്ന് കിട്ടുക. പലിശയെപ്പററി ഇതിൽ കൂടുതൽ എന്തറിയാനിരിക്കുന്നു? ഏതു തരത്തിലുള്ള പലിശയും കൈപ്പററുന്നതിൽ നിന്ന് നമ്മൾ ഒഴിഞ്ഞു നിൽക്കുകയാണ് വേണ്ടത്. ബാങ്കുകളിലോ, മററു സ്ഥാപനങ്ങളിലോ, പലിശയുമായി ബന്ധപ്പെടാത്ത രീതിയിലായിരിക്കണം നമ്മൾ നിക്ഷേപിക്കേണ്ടതും പിൻവലിക്കേണ്ടതും. അല്ലാഹു നമുക്ക് നൽകിയ സമ്പാദ്യം വർദ്ധിപ്പിക്കാൻ, അല്ലാഹു എന്താണ് നിർദ്ദേശിക്കുന്നത്? നമ്മുടെ സമ്പാദ്യത്തിൽ നിന്നും സക്കാത്ത് കൊടുക്കാനാണ് അല്ലാഹുവിന്റെ നിർദ്ദേശം. 'പലിശയിടപാട് നടത്തി പണം പെരുപ്പിക്കാമെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ അല്ലാഹുവിന്റെയടുത്ത് അത് പെരുകാൻ പോകുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ തൃപ്തിയുദ്ദേശിച്ചുകൊണ്ട് നിങ്ങളിൽ ആരെങ്കിലും സക്കാത്ത് കൊടുത്താൽ, കൊടുക്കുന്നതിന്റെ ഇരട്ടി അവർക്ക് തിരിച്ചുകിട്ടുന്നതാണ്'. (ഖുർആൻ 30:39). ലോട്ടറിയേയും മദ്യത്തേയും പററി ഖുർആന് എന്താണ് പറയുവാനുള്ളത്? 'വിശ്വാസികളേ, മദ്യം, ചൂതാട്ടം, ശിലാപൂജ, പ്രശ്നംവെയ്ക്കൽ ഇവയെല്ലാം പൈശാചിക വൃത്തികളിൽപ്പെട്ട മാലിന്യങ്ങളാകുന്നു. അവയെ വെടിയുക; എങ്കിൽ നിങ്ങൾ വിജയികളായേക്കാം' (ഖുർആൻ 5:90).

നമ്മുടെ സമൂഹത്തിൽ കാണുന്ന ലോട്ടറി ഒരു തരം ചൂതാട്ടമാണ്. പണക്കാരനാകാനുള്ള പാവപ്പെട്ടവന്റെ ആഗ്രഹങ്ങളെ ചൂഷണം ചെയ്യുന്ന ഒന്നാണ് ലോട്ടറി. നമ്മുടെയിടയിലുള്ള ചിലരെ നോക്കൂ. കൂലിപ്പണിക്കാരായ ഇവർക്ക് കിട്ടുന്ന തുച്ഛമായ കൂലിയിൽനിന്ന് ഒരു വിഹിതം ചെലവാക്കി ഇവർ ലോട്ടറി വാങ്ങുന്നു. പിന്നീട്, താൻ ഒരു ലക്ഷപ്രഭു ആയാലത്തെ സ്ഥിതി അവൻ 'പകൽകിനാവ്' കണ്ട്

സന്തോഷിക്കുന്നു. തനിക്ക് 10 ലക്ഷം കിട്ടിയാൽ അതിൽ 9 ലക്ഷം താൻ പള്ളിയ്ക്കും, പാവപ്പെട്ടവർക്കും മററും കൊടുക്കുമെന്ന് ഈ 'വിശാലഹൃദയൻ' പറയുന്നു. ഇങ്ങനെയുള്ളവർ അവരുടെ ആയുസ്സു മുഴുവനുമായി ഏകദേശം 10 ലക്ഷത്തോളം രൂപ ലോട്ടറിയ്ക്ക് വേണ്ടി ചെലവാക്കി നശിപ്പിക്കും. ലക്ഷക്കണക്കിന് പേർ എടുക്കുന്ന ലോട്ടറികളിൽ, കേവലം ഒന്നോ രണ്ടോ പേർക്ക് മാത്രമാണ് വൻതുക കിട്ടുന്നതെന്ന് 'വിഡ്ഢികളുടെ സ്വർഗ്ഗ'ത്തിൽ കഴിയുന്ന ഇവർ മനസ്സിലാക്കുന്നില്ല. ഇനി അഥവാ, കുറച്ച് പൈസ നമുക്ക് ലോട്ടറി കിട്ടിയെന്ന് കരുതുക. ആയിരക്കണക്കിന് പേരുടെ പോക്കററിൽനിന്നുള്ള പൈസയാണ് നമ്മുടെ കൈയിൽ വന്നു ചേരുന്നത്! അല്ലാഹു നിരോധിച്ച, ശാപമെത്തിയ ഇങ്ങനെയുള്ള മുതൽ എന്തെങ്കിലും നല്ല കാര്യങ്ങൾക്ക് ചെലവാക്കിയാൽ അല്ലാഹുവിന് ഇഷ്ടപ്പെടാൻ സാധ്യതയുണ്ടോ?

മദ്യപിക്കുക, പുകവലിക്കുക മുതലായവ ഇന്നൊരു ഫാഷനായിത്തീർന്നിരിക്കുകയാണ്. 'മദ്യപിക്കാത്തവർ ആണുങ്ങളല്ല' എന്നൊരു ധാരണ നമ്മുടെ സമൂഹത്തിൽ പടർന്നിട്ടുണ്ട്.ˇ ഇത് വിഷമാണ്, ആരോഗ്യത്തിന് ഹാനികരമാണ് എന്നുള്ള കാര്യങ്ങൾ അറിഞ്ഞിട്ടു തന്നെയാണ് ചിലർ ഇതെല്ലാം ഉപയോഗിക്കുന്നത്. 'ടെൻഷൻ' മാററാനാണ് മദ്യം കുടിക്കുന്നതെന്ന് പറയുന്നവർ 'സന്തോഷം'വരുമ്പോൾ കുറച്ച് കൂടുതൽ കുടിയ്ക്കും. 'മരിക്കണമെങ്കിൽ മരിക്കട്ടെ' എന്ന മറുപടിയായിരിക്കും മദ്യപിക്കുന്നവരിൽ നിന്നും പുകവലിക്കുന്നവരിൽ നിന്നും കിട്ടുക. ഇതെല്ലാം ഉപയോഗിക്കുന്നവർ പെട്ടെന്നൊരു ദിവസം മരിക്കുകയില്ല. 'കാൻസർ' പോലുള്ള അസുഖങ്ങൾ ബാധിച്ച് ശരീരം കാർന്നുതിന്നുന്ന വേദനകൾ അനുഭവിച്ച്, ഇഞ്ചിഞ്ചായിട്ടുള്ള മരണമായിരിക്കും ഇവർ അനുഭവിക്കുക. കൈയിലെ കാശുചിലവാക്കി, ഭൗതികലോകത്തു തന്നെ 'നരകം' സമ്പാദിക്കുകയാണ് ഇവർ. മാത്രമല്ല, ഒരു മദ്യപാനിയ്ക്ക് യാതൊരു വിധത്തിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ടാവുകയില്ല. അവന്റെ ആരോഗ്യവും സമ്പത്തുമെല്ലാം നശിച്ചു പോകുന്നത് നമുക്ക് കാണാം. 'സന്തോഷം'എന്തെന്ന് അവർക്ക് അറിയാൻ കഴിയില്ല. വല്ലപ്പോഴും ഒരു 'രസ'ത്തിനു വേണ്ടി മദ്യപിക്കുന്നവർ, പതുക്കെ അതിന്റെ അടിമയായി മാറും. സന്തോഷപൂർണമായ ഒരു ജീവിതമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഇങ്ങനെയുള്ള എല്ലാതരം മ്ലേച്ഛ പ്രവൃത്തികളും ഉപേക്ഷിച്ച് ഇസ്‌ലാമിന്റെ അധ്യാപനങ്ങളിലേയ്ക്ക് മടങ്ങുകയാണ് നമ്മൾ ചെയ്യേണ്ടത്.

## 17. സത്യവിശ്വാസികൾ ഭാഗ്യവാൻമാർ

ഏതാനും വർഷങ്ങൾ മാത്രമുള്ള ഒരു മനുഷ്യന്റെ ജീവിതത്തിൽ അവൻ ആഗ്രഹിക്കുന്നതെന്താണ്? സന്തോഷത്തോടും സമാധാനത്തോടും ഉള്ള ഒരു ജീവിതം. ഇത്തരത്തിലുള്ള ഒരു ജീവിതത്തിന് കുറേ പണം ഉണ്ടായാൽ മാത്രം മതിയോ? ഇല്ല. നമുക്കു ചുററുമുള്ള ലക്ഷപ്രഭുക്കളെ ശ്രദ്ധിക്കൂ. പണം ഇരിട്ടിപ്പിക്കാൻ വിശ്രമമില്ലാതെ അവർ ഓടിനടക്കുന്നു. വയസ്സായാൽ പോലും എന്തുമാത്രം ടെൻഷനടിക്കുന്നു? എത്ര കിട്ടിയാലും നമുക്ക് മതിയാവില്ല. അല്ലാഹു നൽകിയതിൽ തൃപ്തിപ്പെട്ടുകൊണ്ട് അവന് നന്ദിപ്രകടിപ്പിച്ചു കൊണ്ട് ജീവിക്കുന്ന ഒരുവനു മാത്രമേ സന്തോഷവും സമാധാനവും ശാന്തിയും കണ്ടെത്താനാകൂ. സത്യ വിശ്വാസം സ്വീകരിച്ചവർ എത്ര ഭാഗ്യവാൻമാരാണ്! ഒരു സത്യവിശ്വാസി ഖുർആനും സുന്നത്തും പഠിക്കുന്നു. തന്റെ ജീവിതത്തിനാവശ്യമായ അറിവുനേടുന്നു.

നബി(സ) പറഞ്ഞു: 'അറിവുതേടൽ എല്ലാ ഓരോ മുസ്‌ലിമിന്നും നിർബ്ബന്ധമാകുന്നു' (ഇബ്നുമാജ) ഭൗതികമായ അറിവ് കൂടുതൽ നേടുമ്പോൾ അവൻ ദൈവത്തെ കൂടുതൽ മനസ്സിലാക്കുന്നു. തന്റെ ചുററുമുള്ള ഓരോന്നും, ഒരു ഉറുമ്പിനെപ്പോലും, അവൻ കൗതുകത്തോടെയും അത്ഭുതത്തോടെയും വീക്ഷിക്കുന്നു. എല്ലാം സൃഷ്ടിച്ച പ്രപഞ്ചനാഥനെ ഓരോ നിമിഷവും അവൻ സ്മരിക്കുന്നു. അവന്റെ കഴിവിൽ അത്ഭുതം കൂറുന്നു. അവനെ സ്തുതിക്കുന്നു. അല്ലാഹു അക്ബർ (അല്ലാഹു മഹാനാണ്). പരമകാരുണികനായ സൃഷ്ടാവിന്റെ കാരുണ്യവും തനിക്ക് ലഭിച്ച അനുഗ്രഹങ്ങളും അവൻ മനസ്സിലാക്കുന്നു. തന്നേക്കാൾ മോശമായ അവസ്ഥയിൽ ജീവിക്കുന്നവരേയും രോഗങ്ങൾ കൊണ്ടും ദുരിതങ്ങൾ കൊണ്ടും മററും ബുദ്ധിമുട്ടുന്നവരെയും പററി മനസ്സിലാക്കുമ്പോൾ തനിക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എത്ര വലുതാണെന്ന് അവൻ മനസ്സിലാക്കുന്നു. നബി(സ) പറഞ്ഞു:'നിങ്ങളേക്കാൾ താഴെയുള്ളവരിലേയ്ക്ക് നിങ്ങൾ നോക്കുക. നിങ്ങളേക്കാൾ മീതെയുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. കാരണം നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ നിസ്സാരമാക്കാതിരിക്കുവാൻ അത് ഏററവുംഉപകരിക്കുന്നതാണ്'. (ബുഖാരി, മുസ്‌ലിം) തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് എപ്പോഴും നന്ദി പറഞ്ഞു കൊണ്ടുള്ളതാണ് സത്യവിശ്വാസിയുടെ ജീവിതം. കൃതജ്ഞതാ നിർഭരമായ ഒരു മനസ്സാണ് അവന്റേത്. ദിവസവും അഞ്ചുനേരത്തേ നമസ്കാരത്തിലൂടെ നന്ദിപ്രകടനം അവന് നിർബന്ധമാണ്. കൂടാതെ, ഐച്ഛികമായ നമസ്കാരങ്ങളും അവൻ നിർവ്വഹിക്കുന്നു. ഭക്ഷണം കഴിക്കുവാൻ തുടങ്ങുമ്പോഴും, വെള്ളം കുടിക്കുവാൻ തുടങ്ങുമ്പോഴും, അങ്ങനെ എന്തൊരു കാര്യവും തന്റെ സൃഷ്ടാവിന്റെ നാമത്തിലാണ് അവൻ തുടങ്ങുക. (ബിസ്മില്ലാഹി റഹ്മാനി റഹീം) ഭക്ഷണം കഴിച്ചുകഴിഞ്ഞാലും അതുപോലെ താനുദ്ദേശിച്ച എന്തൊരു കാര്യം നിറവേററിക്കഴിഞ്ഞാലും അവൻ പരമകാരുണികനോട് വാക്കുകൊണ്ട് നന്ദിപ്രകാശിപ്പിക്കുന്നു. അൽ ഹംദുലില്ലാഹ്. (അല്ലാഹുവിനാണ് സർവ്വസ്തുതിയും)

സൃഷ്ടാവിനോടുള്ള അകൈതവമായ നന്ദിപ്രകടനമാണ് ഒരു സ്ത്യവിശ്വാസിയുടെ ജീവിതത്തിന്റെ പൊരുൾ. അല്ലാഹു നൽകിയ പണം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവാക്കാൻ എന്തൊരു ഉത്സാഹമാണ് ഒരു സത്യവിശ്വാസിക്ക്. സക്കാത്തായും സദഖയായും അവൻ ദരിദ്രരെ അകമഴിഞ്ഞു സഹായിക്കുന്നു.

സൃഷ്ടാവിൽ നിന്നും പരലോകത്തു വൻപ്രതിഫലം കാംക്ഷിച്ചാണ് അവനിതു ചെയ്യുന്നത്. അതോടൊപ്പം താൻ ചെലവാക്കുന്ന ഓരോ പൈസയും അനേകമിരട്ടിയായി ഇഹലോകത്തു തന്നെ അല്ലാഹു തിരിച്ചു നൽകുമെന്ന ഖുർആൻ വാക്യവും അവനെ ഉത്സാഹഭരിതനാക്കുന്നു. എല്ലാ മനുഷ്യരും ഒരുമ്മയുടെയും ബാപ്പയുടെയും സന്താനങ്ങളായിക്കാണുന്ന ഒരു മതമാണവന്റേത്. ഇക്കാരണത്താൽ വലുപ്പചെറുപ്പമില്ലാതെ ഓരോ മനുഷ്യനെയും സ്വന്തം സഹോദരനായിക്കാണാനും സ്നേഹിക്കാനും അവന് കഴിയുന്നു. തന്റെ സഹോദരന് കൊടുക്കുന്ന ഒരു പുഞ്ചിരി പോലും ദാനമാണെന്നാണ് നബി(സ) പഠിപ്പിച്ചിരിക്കുന്നത്. ഇക്കാരണത്താൽ താൻ നൽകുന്ന ഓരോ പുഞ്ചിരിക്കും സ്നേഹത്തോടെയുള്ള ഓരോ വാക്കിനും പടച്ചവന്റെ പ്രതിഫലം തന്നെ കാത്തിരിക്കുന്നുണ്ടെന്ന് അവൻ വിശ്വസിക്കുന്നു. ഭൗതിക നേട്ടങ്ങൾ കാംക്ഷിക്കാതെ, മുൻവിധികളില്ലാതെ സഹജീവികളോട് സ്വതന്ത്രമായി ഇടപെടാൻ ഇതവനെ പര്യാപ്തമാക്കുന്നു. ഒരു അണുമണിത്തൂക്കം നന്മചെയ്താൽ അതിന് പ്രതിഫലമുണ്ടെന്ന് ഖുർആൻ അവനോട് പറയുന്നു.

അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചാണ് അവന്റെ ഓരോ പ്രവൃത്തിയും. നബി(സ) പറഞ്ഞു: 'ഒരു മുസ്‌ലിം ചെടിനടുകയോ കൃഷിയിറക്കുകയോ ചെയ്തു. അതിൽനിന്ന് മനുഷ്യനോ പക്ഷിയോ മൃഗമോ ഭക്ഷിക്കുകയോ ചെയ്യുന്നില്ല, അതവന് ഒരു നന്മയായി മാറിയിട്ടല്ലാതെ. അതിൽനിന്ന് മോഷ്ടിക്കപ്പെട്ടതും അവൻ ചെയ്ത ദാനധർമ്മമായി പരിഗണിക്കും'. (ബുഖാരി, മുസ്‌ലിം) ഓരോ നല്ല വാക്കിനും പ്രവൃത്തിക്കും അവന് പ്രതിഫലമുണ്ട്. സത്യവിശ്വാസി വാക്കുകൾ കൊണ്ട് തന്റെ സഹജീവികളെ മുറിപ്പെടുത്താറില്ല. വാളുകൊണ്ട് മുറിവ് പററിയാലുണങ്ങും. പക്ഷെ, വാക്കു കൊണ്ട് മുറിവ് പററിയാൽ ഉണങ്ങാൻ പ്രയാസമാണ് എന്നവനറിയാം. താൻമൂലം തന്റെ സഹോദരൻ വേദനിച്ചാൽ താൻ അല്ലാഹുവിനോട് സമാധാനം പറയേണ്ടിവരുമെന്ന് അവൻ ഭയക്കുന്നു. ഇത്തരത്തിലുള്ള സൂക്ഷ്മതയും അല്ലാഹുവിനോടുള്ള ഭയഭക്തിയുമാണ് (തഖ്‌വ) ഓരോ തീരുമാനമെടുക്കുമ്പോഴും അവനെ നയിക്കുന്നത്. തഖ്‌വ വർദ്ധിപ്പിക്കാനായി എല്ലാ വർഷവും റംസാൻ മാസത്തിൽ അവൻ വ്രതമനുഷ്ടിക്കുന്നു. കാരുണ്യത്തിന്റെ മതമാണ് അവന്റേത്. അല്ലാഹുവിന്റെ കരുണയാണ് സത്യവിശ്വാസി എപ്പോഴും കാംക്ഷിക്കുന്നത്. നബി(സ) പറഞ്ഞു: 'ആർ ജനങ്ങളോടു കരുണ കാണിക്കുന്നില്ലയോ, അല്ലാഹു അവനോട് കരുണ കാണിക്കുകയില്ല' (ബുഖാരി, മുസ്‌ലിം). ഇക്കാരണത്താൽ തന്റെ സഹജീവികളോട് കാരുണ്യത്തോടെ പെരുമാറാൻ ഉത്സാഹമാണവന്. മൃഗങ്ങളോടു പോലും. അതു പോലും അവനെ സ്വർഗ്ഗാവകാശിയാക്കും എന്നാണ് പ്രവാചകൻ(സ) പറഞ്ഞിട്ടുള്ളത്.

ദാഹിച്ചു വലഞ്ഞ ഒരു നായയ്ക്ക് കിണററിലിറങ്ങി വെള്ളം കോരിക്കൊടുത്ത ഒരാൾ സ്വർഗ്ഗാവകാശിയാണെന്ന് പ്രവാചകൻ(സ) പറഞ്ഞു. വിശന്നു ചാവുന്നതു വരെ ഒരു പൂച്ചയെ കെട്ടിയിട്ട സ്ത്രീ അതു കാരണമായി ശിക്ഷിക്കപ്പെട്ടതായും നബി(സ) പഠിപ്പിച്ചു. ഒരു സത്യവിശ്വാസി തന്റെ സഹജീവികളോട് ദേഷ്യപ്പെടുകയില്ല. ദേഷ്യപ്പെടാതിരിക്കുക എന്നത് ഒരു വലിയ സൽക്കർമ്മമായിട്ടാണ് നബി(സ) അവനെ പഠിപ്പിച്ചിട്ടുള്ളത്. 'മല്ലനെ കീഴ്പ്പെടുത്തുന്നവനല്ല, സ്വന്തം കോപത്തെ വെല്ലുന്നവനാണ് ശക്തൻ' എന്നും പ്രവാചകൻ(സ) ഉണർത്തിയിരിക്കുന്നു. കൂടാതെ പ്രവാചകൻ(സ) പറഞ്ഞു. 'നിങ്ങളിലാർക്കെങ്കിലും നിൽക്കുന്ന അവസ്ഥയിൽ കോപം വന്നാൽ അയാൾ ഇരിക്കട്ടെ. തദ്സമയം കോപം മാറിപ്പോയില്ലെങ്കിൽ അയാൾ കിടക്കട്ടെ (തിർമിദി). കോപം വന്നാൽ അയാൾ വുളു ചെയ്തുകൊള്ളട്ടെ'. (അബുദാവൂദ്) എന്നും നബി(സ) പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ തന്റെ വ്യക്തിത്വത്തെ ബാധിക്കുന്ന മോശമായ ഏതൊരു വികാരത്തെത്തൊട്ടും പ്രവൃത്തികളെത്തൊട്ടും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ഒരു സത്യവിശ്വാസി ഒഴിഞ്ഞുനിൽക്കുന്നു.

കുടുംബബന്ധം ചേർക്കൽ പുണ്യപ്രവൃത്തിയായി പരിഗണിക്കുന്ന സത്യവിശ്വാസി, 'കുടുംബബന്ധം വിച്ഛേദിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല'. എന്ന നബി വചനം ഭയക്കുന്നു. 'അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്' എന്ന ഖുർആൻ വാക്യം അന്വർത്ഥമാക്കും വിധം വിനയം ഒരു സത്യവിശ്വാസിയുടെ മുഖമുദ്രയായിരിക്കും. പരമകാരുണികനായ അല്ലാഹു കനിഞ്ഞു നൽകിയ ഏതെങ്കിലും ഒരു കഴിവിൽ അവൻ അഹങ്കരിക്കാറില്ല. അഹംഭാവം, പൊങ്ങച്ചം മുതലായ തരംതാഴ്ന്ന ദുർഗുണങ്ങളിൽ നിന്നും അവൻ ഒഴിവായിരിക്കും. മറിച്ച്, തനിക്ക് കഴിവും ആരോഗ്യവും നൽകിയ അല്ലാഹുവിനെ അവനെപ്പോഴും സ്തുതിച്ചുകൊണ്ടിരിക്കും. അഹങ്കാരത്തിന്റെ ഒരു കണികയെങ്കിലും മനസ്സിലുണ്ടെങ്കിൽ സ്വർഗ്ഗം അവന് നിഷിദ്ധമാകും എന്ന നബിവചനം അവൻ ഭയപ്പെടുന്നു. തെററുകളിൽപ്പെടാതിരിക്കാൻ അവൻ എപ്പോഴും ശ്രദ്ധിക്കും.

ഏററവും വലിയ പാപമായ ശിർക്കിന് മാപ്പില്ല എന്ന് അവനറിയാം. കൊലപാതകം, പലിശ, മദ്യപാനം, വ്യഭിചാരം, മാരണം, മാതാപിതാക്കളെ ഉപദ്രവിക്കൽ മുതലായവയാണ് മററുള്ള ആറ് വൻപാപങ്ങൾ. കളവ് പറയുക, ഏഷണി, പരദൂഷണം, കള്ളസത്യം ചെയ്യുക, വാക്കുപാലിക്കാതിരിക്കുക, അന്യന്റെ മുതൽ അപഹരിക്കുക മുതലായ 140 ഓളം ചെറുപാപങ്ങളെക്കുറിച്ചും അവൻ ബോധവാനാണ്. തന്നിൽ നിന്ന് അറിഞ്ഞും അറിയാതെയും സംഭവിച്ചുപോയ തെററുകുററങ്ങൾക്ക് അവൻ എപ്പോഴും അല്ലാഹുവിനോട് മാപ്പിരന്നുകൊണ്ടിരിക്കും. ചെയ്തുപോയ ഒരു പ്രത്യേക തെററ് ഇനി ചെയ്യുകയില്ലെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടിയ പശ്ചാത്താപമാണ് അല്ലാഹു സ്വീകരിക്കുക എന്ന നബിവചനം അവന് ബോധ്യമുണ്ട്. തന്റെ സഹോദരൻ തന്നോട് ചെയ്ത ഒരു തെററിന് അവൻ നിരുപാധികം മാപ്പുകൊടുക്കും. അത് മനസ്സിൽ കരുതിവെച്ച് അവനോട് പ്രതികാരം ചെയ്യാനായി ഒരുമുസ്‌ലിം കാത്തിരിക്കില്ല. കാരണം, 'തന്റെ

സഹോദരൻ തന്നോട് ചെയ്ത തെററ് പൊറുത്തുകൊടുക്കാൻ കഴിയില്ലെങ്കിൽ, താൻ അല്ലാഹുവിനോട് ചെയ്ത തെററ് അല്ലാഹു എങ്ങനെയാണ് പൊറുത്തു തരിക' എന്ന നബിവചനം അവന് അറിയാം.

നബി(സ) പറഞ്ഞു: 'ഒരാൾ തന്റെ സഹോദരനുമായി മൂന്നു ദിവസത്തിലധികം പിണങ്ങി നിൽക്കരുത്; തമ്മിൽ കണ്ടുമുട്ടുമ്പോൾ ഒരാൾ ഇങ്ങോട്ടും മററവൻ അങ്ങോട്ടും തിരിഞ്ഞു പോകുന്ന ഒരവസ്ഥയിൽ – ആരാണോ മററവനോട് ആദ്യം സലാം പറഞ്ഞത് അവനാണ് കൂടുതൽ ഉത്തമൻ' (ബുഖാരി, മുസ്‌ലിം) തന്റെ ജീവിതത്തിൽ സംഭവിക്കുന്നത്, ഗുണമായാലും ദോഷമായാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് ഉറച്ചബോധ്യമുള്ള സത്യവിശ്വാസിക്ക് ഭാവിയെക്കുറിച്ച് അമിതമായ ആശങ്കകളോ ഭയമോ ഒന്നുമില്ല. ഏതൊരു കാര്യം ചെയ്യുമ്പോഴും 'തവക്കൽതു അലല്ലാഹ്' (അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുന്നു) എന്ന് ചൊല്ലിയിട്ടാണ് അവൻ ഇറങ്ങുക. എല്ലാ കാര്യങ്ങളും അല്ലാഹുവിങ്കൽ ഭരമേൽപ്പിച്ചുകൊണ്ട് ജീവിക്കുന്ന ഒരു സത്യവിശ്വാസി എത്ര നിർഭയനായിട്ടാണ് ജീവിക്കുന്നത്. 'അല്ലാഹുവിൽ ആരെങ്കിലും ഭരമേൽപ്പിച്ചാൽ അയാൾക്ക് അല്ലാഹു മതി. തീർച്ചയായും അവന്റെ കാര്യം അല്ലാഹു നിർവ്വഹിക്കും. ഓരോ കാര്യത്തിനും അല്ലാഹു ഒരു നിർണ്ണയം വെച്ചിട്ടുണ്ട്'. (ഖുർആൻ 65:3) തന്റെ ജീവിതത്തിലുടനീളം അപാരമായ ക്ഷമ പുലർത്തുന്ന സത്യവിശ്വാസിക്ക് 'ക്ഷമ ഈമാന്റെ പകുതിയാണ്' എന്നതിൽ ഉറച്ച വിശ്വാസമുണ്ട്.

ഓരോ നിമിഷവും അവൻ മരണം പ്രതീക്ഷിച്ചിട്ടാണ് ജീവിക്കുന്നത്. ബാധ്യതകളും പ്രശ്നങ്ങളുമൊന്നു മില്ലാത്ത, സുഖസമ്പൂർണ്ണമായ സ്വർഗ്ഗജീവിതം അവനെപ്പോഴും സ്വപ്നം കാണും. വിചാരണകളൊന്നുമില്ലാതെ സ്വർഗ്ഗം പൂകാൻ, അല്ലാഹുവിന്റെ മാർഗ്ഗത്തിലൂള്ള രക്തസാക്ഷിത്വമാണ് ഒരു സത്യവിശ്വാസിയുടെ ഏററവും വലിയ ആഗ്രഹം. അല്ലാഹുവിനു വേണ്ടിയാണ് അവന്റെ ജീവിതം. നബി(സ) പറഞ്ഞു: 'ആർ അല്ലാഹുവിനു വേണ്ടി കോപിച്ചുവോ, അല്ലാഹുവിന് വേണ്ടി നൽകിയോ, അല്ലാഹുവിന് വേണ്ടി തടഞ്ഞുവോ, അവൻ ഈമാൻ പൂർത്തിയാക്കിക്കഴിഞ്ഞു' (അബൂദാവൂദ്) തഖ്‌വ വർദ്ധിപ്പിച്ച് അല്ലാഹുവിന്റെയടുക്കൽ മററുള്ളവരേക്കാൾ ഉന്നതിയിലെത്താനാണ് അവന്റെ ആഗ്രഹം. 'നിശ്ചയമായും അല്ലാഹുവിന്റെയെടുക്കൽ നിങ്ങളിൽ കൂടുതൽ മാന്യർ, കൂടുതൽ ഭക്തിയുള്ളവനാകുന്നു' (ഖുർആൻ 49:13). ഇക്കാരണത്താൽ, ഓരോ കാര്യത്തിലും അവൻ സൂക്ഷ്മത പുലർത്തുന്നു.

സന്തോഷകരവും സമാധാനപരവുമായ ഒരു ജീവിതമാണ് സത്യവിശ്വാസിയുടേത്. മററുള്ളവർക്കെല്ലാം പ്രചോദനമേകുന്ന ഒരു മാതൃകാ ജീവിതം. ഇസ്‌ലാമിന്റെ അന്തസ്സും ആഭിജാത്യവും സമൂഹത്തിന് മനസ്സിലാക്കിക്കൊടുത്തു കൊണ്ട് അവരെ ഇസ്‌ലാമിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലുള്ള തികച്ചും ലളിതമായ ജീവിതം. അതിനായി, ഒരു മനുഷ്യന്റെ 'സമഗ്രജീവിത വ്യവസ്ഥ' പ്രതിപാദിക്കുന്ന പരിശുദ്ധ ഖുർആൻ അവന്റെ മുമ്പിലുണ്ട്. അതിന്റെ പാരായണവും പഠനവും അവന് എന്തെന്നില്ലാത്ത മനഃശാന്തിയും ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും നൽകുന്നു. ഖുർആനും, അതിന്റെ പ്രയോഗിക ജീവിത മാതൃകയായ തിരുസുന്നത്തും അനുസരിച്ചാണ് അന്തസ്സാർന്ന അവന്റെ ജീവിതം. നബി(സ) പറഞ്ഞു:
'സത്യവിശ്വാസികളുടെ ഉപമ, അവരുടെ പരസ്പര സ്നേഹത്തിലും കരുണയിലും അവർ തമ്മിലുള്ള ദയയിലും, ഒരു ശരീരം പോലെയാണ്. അതിലെ ഒരു അവയവത്തിന് രോഗം ബാധിച്ചാൽ, അതിന് വേണ്ടി ശരീരം മുഴുവനും സഹകരിക്കുന്നു, ഉറക്കമൊഴിച്ചുകൊണ്ടും പനിച്ചുകൊണ്ടും'. (ബുഖാരി, മുസ്‌ലിം)
അല്ലാഹുവിനു വേണ്ടി പരസ്പരം സ്നേഹിച്ചും സഹായിച്ചും ക്ഷമിച്ചും വിട്ടുവീഴ്ച ചെയ്തും ജീവിക്കുന്ന സത്യവിശ്വാസികളുടെ സമൂഹം. അവർ ഭൂമിയെ സ്വർഗ്ഗമാക്കി മാററുന്നു. 'താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളുള്ള' പരലോക ജീവിതത്തിലെ സ്വർഗ്ഗമാണ് അവരുടെ ജീവിതലക്ഷ്യം.